KOTTAYAM PUBLIC LIBRARY

Call No M 200 Acc. No 14086

Author ഹിപ്പോക്രേറ്റസ്

Title [illegible]

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

925

ഈ. മ. യ.

# കത്തോലിക മതപാഠം.

## ഒന്നാംഭാഗം.

സ്കൂൾകുട്ടികൾ മനഃപാഠം പഠിക്കേണ്ട
നമസ്കാരങ്ങൾ, പ്രാൎത്ഥനകൾ, മതസംബന്ധമായ
വിവിധവിഷയങ്ങൾ
ഇവ അടങ്ങിയതു്.

ക. നി. മൂ. സ.
ഹില്ലാര്യോസച്ചനവർകളാൽ
രചിക്കപ്പെട്ടതു്.

CATHOLIC MISSION PRESS,
KOTTAYAM.
1927.

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

# അനുമതി.

---

"കത്തോലിക്കമതപാഠം" എന്ന ഈ ചെറിയ പുസ്തകം കല്പനപ്രകാരം ഞാൻ വായിച്ചു പരിശോധിച്ചതിൽ സത്യവിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരോധമായി യാതൊന്നും ഇതിൽ കാണുന്നില്ല.

പുളിങ്കുന്നുകൊവേന്ത
൧൯൨൬ മെയ് ൭-ാംനു
IMPRIMI POTEST.

എന്നു എളിയ ശുശ്രൂഷി
ക. ദി. മ. സ. അപ്രേംപട്ടക്കാരൻ
(ഒപ്പു്)

Fr. John of Jesus and Mary
T.O.C.D.
Prior General.

Mannanam
11-1-'27.

IMPRIMATUR

✠ Alexander Chulaparanbil
Bishop of Kottayam,

BISHOP'S PALACE,
Kottayam,
Jan: 19-1927.

# പ്രസ്താവന.

ജ്ഞാനത്തിൻെറ പ്രാരംഭം ദൈവഭയമാകുന്നുയെന്നു ബോധജ്ഞാനി പഠിപ്പിക്കുന്നു. വിശ്വാസവും, സന്മാൎഗ്ഗനിഷ്ഠയും, കൃത്യ ബോധവും, നമുക്കുണ്ടാകുന്നതു ദൈവഭയത്തിൽനിന്നാകുന്നു. അതിനാൽ ദൈവഭയത്തെ സകലരിലും ഉളവാക്കുന്ന പാഠത്തെ സൎവ്വപ്രധാനമായി നാം കരുതേണ്ടതാണ്. "വിദ്യാധനം സൎവ്വധനാൽ പ്രധാനം" എന്നു മഹാന്മാർ പറഞ്ഞിട്ടുള്ളതു് ഈ പാഠത്തെ ഉദ്ദേശിച്ചാണ്. മതബോധത്തിൽ ചേരുന്നാത്ത ലൌകിക പാഠങ്ങൾ കൊണ്ടോ, സ്വഭാവശാസ്ത്രങ്ങൾ കൊണ്ടോ, ദൈവഭയത്തേയും വിശ്വാസത്തേയും, സദാചാരത്തേയും പാലിക്കാമെന്നു ഒരുത്തൻ വിചാരിക്കുന്നുയെങ്കിൽ അതു വെറും ഭോഷത്വവും, നിരൎത്ഥകവുമാണെന്നു സംഭവങ്ങൾ വിളിച്ചു പറയുന്നു. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധം ഒഴിച്ചുകൂടാത്തതാണ്. തൻമൂലം ഈ ബന്ധം ബുദ്ധിയുള്ള മനുഷ്യനെ അവൻെറ കാരണഭൂതനായിരിക്കുന്ന ദൈവത്തെ അറിഞ്ഞു അദ്ദേഹത്തിനു വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിനു നിൎബന്ധിക്കുന്നു. ഗൌരവതരമായ ഈ ചുമതലയെ നിറവേററാതിരിക്കുന്നതുതന്നെ വളരെ നന്ദിഹീനവും നിന്ദ്യവുമായ സംഗതിയാണെന്നു സുബോധമുള്ള ഏവനും അറിയാവുന്നതാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ദൃഢമായ ഈ ബന്ധമാണ് മതം. ഇതിനേക്കുറിച്ചാണ് വേദം സിദ്ധാന്തിക്കുന്നതു്. നമ്മുടെ മനസ്സാക്ഷിയെ ദൈവഭയത്തിലേക്കും, വിശ്വാസത്തിലേക്കും, സദാചാരത്തിലേക്കും, സുകൃതത്തിലേക്കും, ആനയിക്കുന്നതും മേൽ പ്രസ്താവിച്ച മതബോധമാണ്. ഇതുതന്നെയാണ് ഭാവിയിൽ നമുക്കുണ്ടാകുവാനിരിക്കുന്ന ഗുണദോഷങ്ങളെക്കുറിച്ചു ആലോചിക്കാൻ നമ്മെ നിൎബന്ധിക്കുന്നതു്. മനുഷ്യൻെറ ദുഷ്ടവിചാരങ്ങളേയും ദുൎച്ചാച്ചിലുകളേയും ഉൻമൂലനം ചെയ്തു് സ്രഷ്ടാവിനെയും സമസൃഷ്ടങ്ങളേയും സ്നേഹിക്കണമെന്നുള്ള വിചാരവും, അതിനെ നിറവേറുന്നതിനുള്ള ആത്മശക്തിയും അവനു നൽകുന്നതും ഈ മതബോധമാണ്. ഇതു മത

ണമില്ലാത്ത മനുഷ്യാത്മാവിനെ സംബന്ധിക്കുന്നതും ഉന്നതമായതും, ലൌകികവും, ശാരീരികവുമായ മറെറല്ലാ സംഗതികളേയും ഉല്ലംഘിക്കുന്നതും, നിത്യായുസ്സിനെ സംബന്ധിക്കുന്നതുമാകുന്നു. ആകയാൽ മതപാഠം, പ്രഥമസ്ഥാനത്തെ അർഹിക്കുന്നുവെന്നു മേൽ പ്രസ്താവിച്ചതുകൊണ്ടു മനസ്സിലാക്കാവുന്നതാണ്. അതിനാൽ ഒരുവൻ അവന്റെ ബാല്യത്തിൽ തന്നെ ആദ്യമായി അറിയേണ്ട വിദ്യ മതസംബന്ധമാണെന്നു തെളിവാണ്. ഹാ! സൂക്ഷിക്ക. തള്ളയുടെ കരങ്ങളിൽ ഇരിക്കുന്ന ആ കുഞ്ഞു പൈതൽ അതിന്റെ സ്രഷ്ടാവു കൊടുത്തിട്ടുള്ള സംഭാഷണശക്തി ഉപയോഗിച്ചുകൊണ്ടു ആദ്യമായി ദൈവനാമം ഉച്ചരിക്കുന്നതു കേൾക്കുന്ന ഏതൊരുത്തനെയാണ് ആകർഷിച്ചു സന്തോഷിപ്പിക്കാത്തതു്. എന്നാൽ ദൈവജ്ഞാനവും സന്മാർഗ്ഗനിഷ്ഠയും മുളപ്പിക്കുന്ന വേദപാഠം അശേഷം ലഭിച്ചിട്ടില്ലാത്ത ബാലന്മാരെ ദുർമ്മര്യാദകളുടെയും ദുഷ്കൃത്യങ്ങളുടെയും വിളനിലമാകുന്നതും, വേദരഹസ്യങ്ങളുടെ അറിവില്ലായ്കയാൽ പ്രായംചെന്നവർ പോലും അജ്ഞാനികളും അന്ധന്മാരും കൃത്യബോധം ഇല്ലാത്തവരും ആയി കാണപ്പെടുന്നതും, സാധാരണമാണല്ലോ. ചെറുപ്പകാലങ്ങളിൽ തന്നെ കത്തോലിക്ക മതപഠനങ്ങൾ അഭ്യസിപ്പിക്കപ്പെടാത്തവർ തക്ക പ്രായം വരുമ്പോൾ അവിശ്വാസികളോ, മത്സരബുദ്ധികളോ, അസന്മാർഗ്ഗികളോ ആയിത്തീരുന്നതിൽ ഒട്ടുംതന്നെ അതിശയിപ്പാനില്ല. അതിനാൽ സത്യവിശ്വാസത്തിന്റെ മൂലതത്വങ്ങളേയും ആവശ്യം വേണ്ട മററു പഠനങ്ങളേയും തങ്ങളുടെ ബാലന്മാരെ പഠിപ്പിക്കുന്നതിനു കാരണവന്മാർ ജാഗ്രതകന്മാരായിരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ആദ്യമായും പ്രധാനമായും ശ്രദ്ധിക്കേണ്ടതു കുട്ടികളുടെ തള്ളമാരാകുന്നു. മക്കളുടെ മതപഠനകാര്യത്തിൽ നിഷ്പക്ഷനിലയെ അവലംബിക്കുന്ന കാരണവന്മാർ കുററക്കാരാണ്. ഈ മാതിരി തെററുകൾ അവർക്കുണ്ടാകരുതെന്നുള്ള മുൻകരുതലോടുകൂടി നമ്മുടെ പൂർവ്വന്മാർ അവരുടെ മക്കൾ കുട്ടിവായിക്കുന്നതിന് ത്രാണിയുള്ളവരായാൽ ആദ്യമായി നമസ്കാരങ്ങൾ, പ്രാർത്ഥനകൾ, മററു വേദപാഠങ്ങൾ ഇ

ത്യാദി അവരെ പഠിപ്പിച്ചിരുന്നു. ഇപ്പോഴാകട്ടെ, വിദ്യാഭ്യാസരീതി പാടെ മാറിയിരിക്കയാണല്ലൊ. പഴയ കുടിപ്പള്ളിക്കൂടങ്ങളിലെ എത്ര സമൎത്ഥന്മാരായ ആശാന്മാർ പോലും കുട്ടികളുടെ രക്ഷകൎത്താക്കന്മാരുടെ ഇഷ്ടവും രുചിയും അനുസരിച്ചുള്ള വിഷയങ്ങളെ അവരുടെ ശിഷ്യരെ പഠിപ്പിക്കുക പതിവാണ്. എന്നാൽ തൽസ്ഥാനത്തു വന്നിരിക്കുന്ന ഇപ്പോഴത്തെ സ്കൂളുകളിലെ വാദ്ധ്യാന്മാർ അവരുടെ ശാസനയിലുള്ള ശിഷ്യഗണത്തെ പഠിപ്പിക്കുന്നവ എന്തായിരുന്നാലും കുട്ടികളുടെ മാതാപിതാക്കന്മാർ ശരിവച്ചുതന്നെ വേണ്ടിയിരിക്കുന്നു. ഗവൎമ്മെന്റു വിദ്യാഭ്യാസചട്ടങ്ങൾ മതപഠനത്തെ തീരെ അവഗണിച്ചു പുറത്തു തള്ളിയിരിക്കുന്നു. ഒഴിവുദിവസങ്ങളിലാകട്ടെ വാസ്തവത്തിൽ കത്തോലിക്കകുട്ടികൾ തന്നെയും മതപഠനത്തെ സാരമായി ശ്രദ്ധിക്കുന്നില്ല. തന്നെയുമല്ല മാതാപിതാക്കന്മാർ പഠിച്ചിട്ടുള്ള പൂൎവ്വിക ഗ്രന്ഥങ്ങൾ മിക്കവാറും ഇപ്പോൾ ഉപയോഗത്തിൽ ഇരിക്കുന്നുമില്ല. പരമ്പരയാ അവർ ഹൃദിസ്ഥമാക്കീട്ടുള്ളവയിൽനിന്നും, മാററവും പരിഷ്ക്കാരവും അടങ്ങിയ വിവിധകൃതികളാണ് ഇപ്പോഴത്തെ പഠനത്തിന് ഉപയോഗിക്കേണ്ടതു്. അതുകൊണ്ടു തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനും അവരുടെ തെററുകളെ തിരുത്തുന്നതിനും അവർക്കു കഴിയാതെയും വരുന്നു. വിവിധതരത്തിൽ കൂട്ടിയും കുറച്ചും യഥേഷ്ടം പരിഷ്ക്കരിച്ചും, വേദോപദേശ പുസ്തകങ്ങളും പ്രാൎത്ഥനകളും മാറുന്നവർ അതിന് പറയുന്ന ഒരു ന്യായം ഭാഷാസാഹിത്യശുദ്ധിയാണ്. വിദ്വാനും വിദ്യാവിഹീനനും എല്ലാ തരക്കാരും സൎവ്വദാ ഉപയോഗിക്കേണ്ട പ്രാൎത്ഥനകളിൽ കൂടെയും മേൽവാക്കുകളും സംസ്കൃതപദങ്ങളും കുത്തിച്ചെലുത്തുന്നതിനുകൂടെ ഇക്കൂട്ടർ മടിക്കുന്നില്ല. പഴയ വേദോപദേശപുസ്തകങ്ങളിലും പൂൎവ്വ പ്രാൎത്ഥനകളിലും അവശബ്ദങ്ങളും തെററുകളും ഉള്ളതിനും പുറമെ, സുറിയാനി, പോർട്ടുഗീസ്, ലത്തീൻ, തമിഴ്, തുടങ്ങിയ അന്യഭാഷാ പദപ്രയോഗങ്ങൾ കൂടെയും ഉണ്ടെന്നുള്ളതാണ് പരിഷ്ക്കരിക്കേണ്ടതിനുള്ള രണ്ടാമത്തെ ന്യായം. ആധുനിക ഭാഷാസാഹിത്യത്തിന്റെ തോതുവെച്ചു നോക്കുന്നതായാൽ ഇ

തര ഭാഷകൾക്കു കൂടെയും മേല്പറഞ്ഞ ന്യൂനതകൾ കാണുന്ന സ്ഥിതിക്കു അനേക ശതവർഷങ്ങളായി കേരളീയ കത്തോലിക്ക കുടുംബങ്ങളിൻ അർത്ഥം വേണ്ടവിധം മനസ്സിലാക്കി ഭക്തിയാദരവോടെ ഉപയോഗിച്ചുവരുന്നവയും പൂർവീകവും, പരിശുദ്ധവുമായ പ്രാർത്ഥനാരീതികളെയും നമസ്കാരങ്ങളേയും ഉടച്ചുവാർക്കേണ്ടതൊ പരിഷ്ക്കരിക്കേണ്ടതോ ആയ ആവശ്യമില്ലെന്നു് സാഗതികളുടെ ഗൌരവത്തെക്കുറിച്ചു സ്വല്പം ചിന്തിക്കുന്ന ഏവരും മനസ്സിലാക്കാവുന്നതാണു്. നമ്മുടെ കേരളത്തിൽ കത്തോലിക്ക മതം പ്രചരിച്ചതും തൽസംബന്ധമായ ആരാധന ക്രമങ്ങളും ജപങ്ങളും മറ്റും ഉണ്ടായതും ഭാരതീയ ഋഷികളിൽ നിന്നോ, തത്വജ്ഞാനികളിൽനിന്നോ അല്ല. അസാധാരണ ഭാഷാവരം ലഭിച്ച നമ്മുടെ പിതാവു മാർ തോമ്മാശ്ലീഹായുടെ പിൻഗാമികളായി വന്ന നമ്മുടെ വൈദിക മേലദ്ധ്യക്ഷന്മാർ വിദേശ്യരായ മിഷ്യനറിമാരായിരുന്നു. അതിനാൽ ഹിന്ദുഭാഷാ സാഹിത്യപ്രയോഗം കുറഞ്ഞും അന്യ ഭാഷകളുടെ ആശയങ്ങളെ യഥാർത്ഥത്തിൽ വെളിപ്പെടുത്തുവാൻ തക്ക പദങ്ങൾ മലയാളത്തിൽ ഇല്ലാതെയും വന്നു. പുരാതനവും പരിശുദ്ധവുമായ വേദപുസ്തകം, കാനോനാ നമസ്കാരം, മറ്റു ദേവാലയ ജപങ്ങൾ കുടുംബപ്രാർത്ഥനകൾ ഇത്യാദി അവയുടെ ഗ്രന്ഥകാരന്മാരുടെ ദൃഢവിശ്വാസം, ഹൃദയശുദ്ധത, നിഷ്കപടത, ഭക്തി മുതലായവയെ വിശദമാക്കുന്നു. തന്നെയുമല്ല പ്രാർത്ഥനകളുടെയും നമസ്കാരങ്ങളുടെയും ഉദ്ദേശം സാഹിത്യപാഠനമല്ലെന്നു നാം അറിയേണ്ടതുണ്ടു്. എങ്കിലും പ്രസ്തുത കൃതികൾ എഴുതിട്ടുള്ള കാലങ്ങളിൽ നടപ്പിലിരുന്ന സാഹിത്യരീതി അനുസരിച്ചു് അവ പിന്നണിയിൽ നിൽക്കുന്നുമില്ല. മഹത്തായ പൂർവികപ്രാർത്ഥനകളും അന്യ ഭാഷകളുമായുള്ള അവയുടെ ബന്ധവും കേരളീയ കത്തോലിക്ക വിശ്വാസത്തിന്റെ പുരാതനത്തെ തെളിയിക്കുന്ന ചരിത്രലക്ഷ്യങ്ങളാണു്. നാം ഇപ്പോൾ ഉപയോഗിക്കുന്ന ജപങ്ങളിൽ വലിയൊരു ഭാഗം അന്യ ഭാഷകളിൽ നിന്നുള്ള തർജ്ജിമകളാണു്. മൂലഗ്രന്ഥങ്ങളുടെ ആശയങ്ങളെ പ്രസ്പഷ്ടമാക്കത്തക്ക മലയാള പദങ്ങൾ ഇല്ലാതെ വന്നതി

ൽ ചില പ്രത്യേക പ്രയോഗങ്ങളും അന്യ ഭാഷാപദങ്ങളും നമ്മുടെ പൂർവ്വന്മാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ പരിഷ്കാരഭാഷയിൽ കാണുന്ന ഇംഗ്ലീഷ് പദപ്രയോഗങ്ങളുടെ ധാരാളത്വം ഈ അപവാദ കുററാരോപണത്തിൻെറ വിലയില്ലായ്കയെ കാണിക്കുന്നുണ്ട്. പരിഷ്കാരികളായ പാശ്ചാത്യരുടെ ഇടയിൽപോലും മതസംബന്ധമായ കൃതികളെ യഥേഷ്ടം പരിഷ്കരിക്കാറില്ല. വി. ഈറാനീമ്മോസ് മല്പാൻെറ വേദപുസ്തകതർജ്ജിമക്കാലത്തുണ്ടായ വിപരീതാഭിപ്രായങ്ങൾ ഇതിനു സാക്ഷ്യങ്ങളാകുന്നു. തന്നെയുമല്ല, ചില പദങ്ങൾ പ്രയോഗം, സന്ദർഭം, നടപ്പ്, സംസാരരീതി ഇത്യാദികളാൽ ഓരോ പ്രത്യേകതയെ അർഹിക്കുന്നതായി വരും. അതുകളെ മാററിയാൽ കാര്യവും പാടെ മാറിപ്പോകും. "റക്കാ" "ലെല്ലാ" "എസ്പത്തഹ്" എന്ന പദങ്ങൾ വേദപുസ്തക തർജ്ജിമകളിൽക്കൂടെയും മാററാതെ യഥാസ്ഥിതിയിൽ കാണപ്പെടുന്നു. ഇപ്രകാരം "ആരാധിക്ക" എന്നതു ദൈവാരാധനയ്ക്കും "വണങ്ങുക" എന്നതു വിശുദ്ധന്മാരുടെ ബഹുമാനത്തിനും ഉപയോഗിക്കുന്നു. "ദൈവം" എന്നതു സത്യ ദൈവത്തെയും, "ദേവൻ" എന്ന പദത്താൽ കള്ളദേവനെന്നും മനസ്സിലാക്കിവന്നു. ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ശ്രീകണ്ഠൻ, ശ്രീമാൻ തൊമ്മൻ ചാക്കൊ, "ശ്രീയേശു" "ശ്രീക്രിസ്തു" "ക്രിസ്തുദേവൻ" എന്നും മററും ഭാഷാസാഹിത്യകാരന്മാരുപയോഗിക്കുന്നുണ്ട്. എന്നാൽ ഈ പൊതുസംജ്ഞ മിശിഹായുടെ നാമത്തോടു ചേർക്കുന്നതു അനുചിതമായിരിക്കുന്നു; ഭക്തിജനകമാകുന്നില്ല. ദൈവത്തെക്കുറിച്ച് "അദ്ദേഹം" എന്നുപയോഗിക്കുന്നതും ശരിയല്ല. മിശിഹായുടെ നാമം അതി പരിശുദ്ധവും പൂജ്യവും ആയിരിക്കുന്നതിനാൽ അങ്ങു മനുഷ്യരോടൊപ്പം ഗണിക്കപ്പെടാൻ വഹിയാ. "ദുഷ്ടന്മാരോടൊപ്പം അവൻ ഗണിക്കപ്പെട്ടു" എശായാ. 53. 12. ദൈവത്തിൻെറ നാമത്തെ സാധാരണന്മാരുടെ കൂട്ടത്തിൽ ഉച്ചരിക്കുന്ന പ്രയോഗം സ്വീകരിക്കാൻ പാടില്ല. നമ്മുടെ പൂർവ്വന്മാർ ഈ സംജ്ഞയോടുകൂടി മിശിഹായുടെ പേർ കേട്ടിരുന്നാൽ വാവിട്ടു കരയുമായിരുന്നു. ഇനിയും ഇപ്പോഴത്തെ ഭാഷാപരി

ഷ്കാരികളുടെ ഹിതമനുസരിച്ചു വേണ്ട മാററങ്ങൾ ചെയ്യാൻ പോലും ദിനംപ്രതി ഉന്നതിയെ പ്രാപിക്കുന്ന ഭാഷാസാഹിത്യത്തേ തൃപ്തിയാക്കുവാൻ സാധിക്കുന്നതല്ല. ഒരേ പ്രാൎത്ഥനതന്നെ രണ്ടു പ്രാവശ്യം എഴുതുകയൊ, അടിപ്പിക്കയൊ ചെയ്യാൽ കുറേ വാക്കുകളെങ്കിലും മാററാതിരിക്കുന്നതു ഇപ്പോൾ നടക്കുന്ന പരിഷ്കാരത്തിനു യോജിക്കുന്നതല്ല. ഈ വിധം മാററിക്കൊണ്ടിരുന്നാൽ ഓരോ പ്രാൎത്ഥനയും മനഃപാഠമായി പഠിച്ചു ചൊല്ലുന്നതു പ്രയാസമായിത്തീരും. തന്നെയുമല്ല, കുടുംബങ്ങളിൽ പ്രാൎത്ഥനകൾ മുടക്കുന്നതിനും ചിലപ്പോൾ ഇതു കാരണമാകും. ഇനി പറയാനുള്ളത് വ്യാകരണതെററുകളെക്കുറിച്ചാണ്. ചില തെററുകളെ പ്രയോഗം ശുദ്ധീകരിക്കാറുണ്ടു്. ഭാഷയാണ് വ്യാകരണത്തെ നിൎമ്മിക്കുന്നതു്. വ്യാകരണം ഭാഷയെ ഉണ്ടാക്കുന്നില്ല. "Our father which art in heaven" "Misarere nobis" ഇത്യാദി പ്രയോഗങ്ങൾ അന്യ ഭാഷകളിലും സ്വീകാൎയ്യമായിരിക്കുന്നുണ്ടു്. അങ്ങിനെയുള്ള അബദ്ധങ്ങൾ ദീൎഘമായ ഉപയോഗംകൊണ്ടു് വാസ്തവത്തിൽ സുബദ്ധങ്ങളായിരിക്കാവുന്നതാണ്. മേൽ പ്രസ്താവിച്ച ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി കഴിയുന്നിടത്തോളം നമ്മുടെ പ്രാർത്ഥനകൾ പൂൎവ്വരീതിയിൽതന്നെ ആക്കണമെന്നു കരുതിയാണ് ഈ ചെറിയ പുസ്തകം രചിച്ചിട്ടുള്ളതു്. 1772-ൽ റോമ്മായിൽ അച്ചടിച്ച മലയാള "വേദാൎത്ഥസംക്ഷേപം" എന്ന പുസ്തകത്തിലെ രീതി അനുസരിച്ച് മലയാളത്തിലെ അഡ്മിനിസ്ത്രദോർ എ. പെ. പെ. ബ. ബർനർദിനോസ് മെത്രാനച്ചൻ തിരുമനസ്സിലെ ആജ്ഞാപ്രകാരം മഹോന്നത ബല്ലൎമ്മീൻ കർദ്ദിനാളിന്റെ വേദോപദേശ പുസ്തകത്തോടു യോജിച്ചും 1859—ൽ തിരുവനന്തപുരം സൎക്കാർ മുദ്രാലയത്തിൽ പതിക്കപ്പെട്ട വേദപാഠപ്പുസ്തകത്തിൽനിന്നാണ് ആദ്യനമസ്കാരങ്ങൾ ചേൎത്തിരിക്കുന്നതു്. മററു പ്രാൎത്ഥനകൾ പെ. ബ.ക. നി. മൂ. സ. കുൎയ്യാക്കോസ് ഏലീശാ അച്ചന്റെ സുപ്രസിദ്ധമായ നിത്യാരാധനയിൽനിന്നും സഭ്യതകളേക്കുറിച്ചുള്ള അറിവുകളും, സുകൃതജപങ്ങളും, ജപങ്ങളും അംഗീകരിക്കപ്പെട്ട മററു

ഗ്രന്ഥങ്ങളിൽനിന്നും ചേൎത്തിട്ടുള്ളതാണ്. നമ്മുടെ പൂൎവ്വകുടുംബങ്ങളിൽ പതിവായി ചൊല്ലിവരുന്ന എല്ലാ ജപങ്ങളും അറിഞ്ഞിരിക്കേണ്ട വിവിധവിഷയങ്ങളും ഈ ഒന്നാം ഭാഗത്തിൽ അടങ്ങീട്ടുണ്ടു്. "കത്തോലിക്ക മതപാഠം" ഒന്നാം ഭാഗം താണതരം സ്കൂൾ കുട്ടികളുടെ ഉപയോഗത്തിനും ഉടനെ പ്രസിദ്ധീകരിക്കാനിരിക്കുന്ന രണ്ടാംഭാഗം ഉയൎന്ന ക്ലാസുകാൎക്കും ഉപകരിക്കുന്നതാണ്. രണ്ടു ഭാഗങ്ങൾ അടങ്ങിയ ഈ കത്തോലിക്ക മതപാഠ" പുസ്തകം കത്തോലിക്ക വിദ്യാൎത്ഥി ലോകത്തിനും മറ്റു വിശ്വാസികൾക്കും ഒരുപോലെ ഉപകാരപ്രദമായിരിക്കണമെന്നുള്ള ആശയോടുകൂടി ബഹുജനസമക്ഷം ഇതിനെ സമൎപ്പിച്ചുകൊള്ളുന്നു.

സൂചനം—പൂൎവ്വപ്രാൎത്ഥനകളെ മാറ്റുന്നതിന്റെ അനൗചിത്യം, അനാവശ്യം ഇത്യാദി സകാരണം അടുത്ത ഭാഗത്തിൽ വിവരിക്കുന്നതാണ്.

മുത്തോലി ആശ്രമം }
൧൯൨൬ ജനുവരി ൧ }

ഗ്രന്ഥകൎത്താ.

14086.

# കത്തോലിക്ക മതപഠനം.

## ഒന്നാം ഭാഗം.

ഒന്നുമുതൽ നാലു ക്ലാസുകൾ ഉൾപ്പടെയുള്ള
കുട്ടികളുടെ ഉപയോഗത്തിന്.

## നമസ്കാരങ്ങൾ.

### ൧. ശുദ്ധമാന സ്ലീവായുടെ അടയാളം.

ശുദ്ധമാനസ്ലീവായുടെ ✠ അടയാളത്താലെ ഞങ്ങളുടെ ശത്രുക്കളിൽനിന്നു ✠ ഞങ്ങളെ രക്ഷിക്ക ഞങ്ങളുടെ തമ്പുരാനെ ✠ ബാവായുടെയും പുത്രൻെറയും റൂഹാദക്കുദിശായുടെയും ✠ നാമത്താലെ ആമ്മേനീശോ.

### ൨. ആകാശങ്ങളിലിരിക്കുന്ന ജപം.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ! നിൻെറ തിരുനാമം ശുദ്ധമാകപ്പെടണം, നിൻെറ രാജ്യം വരണം, നിൻെറ തിരുമനസ്സ് ആകാശത്തിലേപ്പോലെ ഭൂമിയിലുമാകണം. ഞങ്ങളുടെ അന്നന്നെയപ്പം ഇന്നു ഞങ്ങൾക്കു നീ തരിക. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്ക. ഞങ്ങളെ പരിക്ഷയിൽ പൂകിക്കല്ലെ വിശേഷിച്ച തിന്മയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളുന്നമെ. ആമ്മേനീശോ.

൩. നന്മനിറഞ്ഞമറിയം.

നന്മനിറഞ്ഞ മറിയമെ! നിനക്കു സ്വസ്തി. കൎത്താവു നി ന്നോടുകൂടെ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ നീയെ! നിൻെറ വ യററിൽ ഫലമായ ഈശോ വാഴ്ത്തപ്പെട്ടതാകുന്നു. ശുദ്ധമാന മ റിയമെ! തമ്പുരാൻെറ അമ്മേ! ദോഷക്കാരായ ഞങ്ങൾക്കുവേ ണ്ടി ഇപ്പഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടപേക്ഷി ച്ചുകൊള്ളുന്നമെ. ആമ്മേനീശോ.

൪. ശുദ്ധമാന ത്രീത്വസ്തുതി.

തുടങ്ങുമ്പോൾ—ബാവായുടെയും പുത്രൻെറയും റൂഹാദക്കു ദിശായുടെയും നാമത്താലെ—.

അവസാനിക്കുമ്പോൾ—ബാവായിക്കും പുത്രനും റൂഹാദ ക്കുദിശാക്കും സ്തുതിയായിരിക്കട്ടെ.

ഉത്തരം—പൂൎവ്വത്തിങ്കലും, ഇപ്പോഴും എപ്പോഴും അ നാദി സദാകാലം ഉള്ളതുപോലെയാകട്ടെ.

ആമ്മേനീശോ.

൫. വിശ്വാസത്തിൻെറ തലപ്പെട്ട രഹസ്യങ്ങൾ രണ്ട്.

1-ാമതു് ഉടയതമ്പുരാൻെറ ഏകത്വവും ത്രീത്വവും.

2-ാമതു് പുത്രൻതമ്പുരാൻെറ മാനുഷാവതാരവും പങ്ക പ്പാടും കുരിശുമരണവും.

അനുബന്ധം.

1-ാമതു നന്മചെയ്യുന്നവൎക്കു സമ്മാനം കൊടുക്കുന്നവ നും സൎവ്വശക്തനായ ദൈവം ആകുന്നു.

2 ാമതു തിന്മപ്രവൎത്തിക്കുന്നവരെ ശിക്ഷിക്കുന്നവനും നീ തിമാനായ ദൈവംതന്നെയാകുന്നു.

൬. വിശ്വാസപ്രമാണം.

ആകാശവും ഭൂമിയും സൃഷ്ടിച്ച സൎവ്വത്തിനുംകൎത്താവായ, ബാവാ തമ്പുരാനേലും വിശ്വസിക്കുന്നേൻ. തൻെറ ഏക പുത്രൻ ഒരു വൻ നമ്മുടെ കൎത്താവീശോമിശിഹാമേലും വിശ്വസിക്കുന്നേ ൻ. ഈ പുത്രൻ ശുദ്ധമാന റൂഹാദക്കുദിശായാലെ ജനിക്കപ്പെ

ട്ട കന്ന്യാസ്ത്രീമറിയത്തിൽനിന്നു പിറന്ന് പന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ദുഃഖപ്പെട്ടു മരിച്ചു അടക്കപ്പെട്ടു, പാതാളങ്ങളിൽ ഇറങ്ങി മരിച്ചവരുടെ ഇടയിൽനിന്നും മൂന്നാം നാൾ ഉയത്ത് ആകാശങ്ങളിൽ കരേറി സർവ്വത്തും കയ്യാണ്ടു, ബാവാതമ്പുരാന്റെ വലത്തുഭാഗത്തു എഴുന്നള്ളിയിരിക്കുന്നു. അവിടെനിന്നും ഉയിരവരെയും മരിച്ചവരെയും വിധിപ്പാൻ വരുമെന്നും വിശ്വസിക്കുന്നേൻ. ശു. റൂഹാദക്കുദിശാമേലും വിശ്വസിക്കുന്നേൻ. ശുദ്ധമാന കത്തോലിക്കാപ്പള്ളിയും പുണ്യവാളന്മാരുടെ ഒരുമ്പാട്ടും പിഴകളുടെ പൊറുതിയും മരിച്ചവരുടെ ഉയർപ്പും എന്നന്നേക്കുമുള്ള ആയുസ്സും ഉണ്ടെന്നും വിശ്വസിക്കുന്നേൻ. ആമ്മേനീശോ.

൭. വേദപ്രമാണങ്ങൾ പത്ത്.

സർവ്വേശ്വരൻതമ്പുരാൻ നമ്മോട്ട് അരുളിച്ചെയ്തിരിക്കുന്ന വേദപ്രമാണങ്ങൾ പത്ത്.

1-ാമത് നിന്റെ തമ്പുരാൻകർത്താവു ഞാനാകുന്നു. ഞാനല്ലാതെ മറെറാരു തമ്പുരാൻ നിനക്കുണ്ടാകരുത്.

2-ാമത് തമ്പുരാന്റെ തിരുനാമംകൊണ്ടു ബലാൽ സത്യം ചെയ്യാതെ.

3-ാമത് ഞായറാഴ്ചകളും പെരുനാളുകളും ശുദ്ധമെ കൊണ്ടുകൊൾക.

4-ാമത് നല്ല പ്രായത്തോളം ഭൂമിയിങ്കൽ ഇരിപ്പാനായിട്ടു അപ്പനേയും അമ്മയേയും ബഹുമാനിച്ചുകൊൾക.

5-ാമത് കൊല്ലാതെ.

6-ാമത് പെരട്ടടിയാതെ.

7-ാമത് കക്കാതെ.

8-ാമത് പൊളിക്കു സാക്ഷിനിൽക്കാതെ.

9-ാമത് ആരാന്റെ ഭാര്യാവളെ അപേക്ഷിക്കാതെ.

10-ാമത് ആരാന്റെ വസ്തുക്കളെ അപേക്ഷിക്കാതെ.

ഈ പത്തു പ്രമാണങ്ങളും രണ്ടു പ്രമാണങ്ങളിൽ അടങ്ങും. അതായത്;

1-ാമത് എല്ലാ വസ്തുക്കളേക്കാൾ ഉടയതമ്പുരാനെ സ്നേഹിക്കുന്നത്.

2-ാമത് തന്നത്താൻ സ്നേഹിക്കുന്നതുപോലെ മററെല്ലാവരേയും സ്നേഹിക്കുന്നത്. ആമ്മേനീശോ.

വ്വ. ശുദ്ധമാനപള്ളിയുടെ കല്പനകൾ അഞ്ച്.

1-ാമത് ഞായറാഴ്ചകളിലും പെരുനാളുകളിലും മുഴുവൻ കുർബാന കാണുന്നത്

2-ാമത് ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ച ശുദ്ധമാനകുർബാന ഉയർപ്പിൻെറ പെരുനാളിലെങ്കിലും കൈക്കൊള്ളുന്നത്.

3-ാമത് കല്പിക്കപ്പെട്ട ദിവസങ്ങളിൽ നോമ്പുനോല്ക്കുന്നതു വെള്ളി ശനിയാഴ്ചകളിൽ ഇറച്ചിയും തൻെറ ഇടവകയിലെ മര്യാദപ്പോലത്തവണ്ണം വിലക്കിയിരിക്കുന്ന മറു ചില യാവനക്കൂട്ടങ്ങളും തിന്നാതിരിക്കുന്നത്.

4-ാമതു മുടക്കമുള്ള കാലങ്ങളിൽ കല്യാണഘോഷം ചെയ്യാതിരിക്കുന്നത്.

5-ാമതു കടിഞ്ഞൂൽഫലവും പതവാരവും പള്ളിക്കു കൊടുക്കുന്നത്. ആമ്മേനീശോ.

ൻ. ശുദ്ധമാനകൂദാശകൾ ഏഴ്.

1-ാമതു മാമ്മോദീസാ.
2-ാമതു മുമ്പിലത്തെ ഒപ്രിശ്മാ.
3-ാമതു കർബാന.
4-ാമതു കുമ്പസാരം.
5-ാമതു ഒടുക്കത്തെ ഒപ്രിശ്മാ.
6-ാമതു പട്ടം.
7-ാമതു പെൺകെട്ട്.
ആമ്മേനീശോ.

൧൦. നല്ലകുമ്പസാരംചെയ്വാൻ വേണ്ടുന്ന കാര്യങ്ങൾ അഞ്ച്.

1-ാമതു പിഴച്ചതെല്ലാം വഴിയെ ഓർക്കുന്നത്.

2-ാമതു പിഴച്ചതിന്മേൽ വഴിയേ തേറുന്നത്

3-ാമതു ഇനിമേലിൽ പിഴക്കയില്ലെന്നു മനസ്സിൽ ഉറച്ചിരിക്കുന്നത്.

4-ാമതു പിഴച്ചതെല്ലാം പട്ടക്കാരനോടു് അറിയിക്കുന്നതു്.

5-ാമതു പട്ടക്കാരൻ കല്പിക്കുന്ന പ്രായശ്ചിത്തം മുഴുവനും എത്തിക്കുന്നതു്. ആമ്മേനീശോ.

## ൧൧. കുമ്പസാരത്തിന്റെ പ്രകാരം.

ഞാൻപിഴയാളി സൎവ്വത്തുംകയ്യാണ്ടു് ബാവാതമ്പുരാനോടും ഭാഗ്യമുടയ എപ്പോഴും കന്യാസ്ത്രീമറിയത്തിനോടും പ്രധാന മാലാഖയായിരിക്കുന്ന ശുദ്ധമാന മിഖായേലിനോടും ശുദ്ധമാന മാർ യോഹന്നാൻ മാംദാനായോടും ശുദ്ധമാന ശ്ലീഹന്മാർ മാർ പത്രോസിനോടും മാർ പൌലോസിനോടും മാർ തോമ്മായോടും ആകാശത്തിലെ പുണ്യവാളന്മാർ ഒക്കയോടും എന്റെ ഗുരുവായിരിക്കുന്ന പട്ടക്കാരാ തന്നോടും എന്റെ പിഴ ഞാൻ ചൊല്ലുന്നു. അതെന്തെന്നാൽ നിരൂപണംകൊണ്ടും വചനം കൊണ്ടും പ്രവൃത്തികൊണ്ടും ഞാൻ അനേകം പിഴച്ചു. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയപിഴ. എന്നാൽ ഇതിനെക്കൊണ്ടു ഭാഗ്യമുടയ എപ്പോഴും കന്യാസ്ത്രീമറിയത്തിനോടും പ്രധാന മാലാഖയായിരിക്കുന്ന ശുദ്ധമാന മിഖായേലിനോടും ശുദ്ധമാന മാർ യോഹന്നാൻ മാംദാനയോടും ശുദ്ധമാന മാർ പത്രോസിനോടും മാർ പൌലോസിനോടും മാർ തോമ്മായോടും ആകാശത്തിലെ പുണ്യവാളന്മാർ ഒക്കെയോടും എന്റെ ഗുരുവായിരിക്കുന്ന പട്ടക്കാരാ തന്നോടും ഞാൻ പ്രാൎത്ഥിക്കുന്നു. എനിക്കുവേണ്ടി തമ്പുരാനോടു അപേക്ഷിച്ചുകൊള്ളുണമെ. ആമ്മേനീശോ.

## ൧൨. തമ്പുരാന്റെ ലക്ഷണങ്ങളിൽ പ്രധാന ലക്ഷണങ്ങൾ ആറു്:

1-ാമതു് തന്നാൽ താനായിരിക്കുന്നു.

2-ാമതു് അനാദിയായിരിക്കുന്നു.

3-ാമതു് അശരീരിയായിരിക്കുന്നു.

4-ാമതു് അളവില്ലാത്ത സകല നന്മസ്വരൂപി ആയിരിക്കുന്നു.

5-ാമതു് എങ്ങും വ്യാപിച്ചിരിക്കുന്നു.
6-ാമതു എല്ലാററിനും ആദികാരണമായിരിക്കുന്നു.
ആമ്മേനീശോ.

൧൩. തലപ്പെട്ട മോക്ഷങ്ങൾ ഏഴ്.

1—ാമതു നിഗളം.
2—ാമതു ദ്രവ്യാഗ്രഹം.
3—ാമതു മോഹം.
4—ാമതു അരിശം.
5—ാമതു കൊതി.
6—ാമതു പൈശ്രൂന്യം.
7—ാമതു മടി. ആമ്മേനീശോ.

൧൪. "രാജകന്യകയെ" എന്ന നമസ്കാരം.

രാജകന്യകയെ മനഗ്ഗുണത്തിന്റെ അമ്മെ! നിനക്കു സ്വസ്തി. ഞങ്ങളുടെ ആയുസ്സും മനോഗ്ഗുണവും മധുരവും ശരണവും ആശ്രയവും ആകുന്ന നീയെ! നിനക്കു സ്വസ്തി. അവസിഭാഗപ്പെട്ടു നടക്കുന്ന ഹാവായുടെ മക്കൾ ഞങ്ങൾ നിന്നെ വിളിക്കുന്നു, കരയുന്നു, കണ്ണുനീരാകുന്ന ഈ സ്ഥലത്തിൽ നിന്നും ഉഴന്നു കരഞ്ഞുംകൊണ്ടു നിന്റെ പക്കൽ നെടുവിർപ്പിടുന്നു. എന്നാൽ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്ന അമ്മേ, മനോഗ്ഗുണമുള്ള ശുദ്ധമാന നിന്റെ കണ്ണുകൾകൊണ്ടു ഞങ്ങളെ വിരിവിൽതിരിഞ്ഞു നോക്കണമെ; വിശേഷിച്ച് ഈ അവസിഭാഗം കടന്നതിന്റെ ശേഷം ശുദ്ധമാന നിന്റെ വയററിന്റെ വാഴ്ത്തപ്പെട്ട ഫലമായ ഈശോയെ ഞങ്ങൾക്കു നീ കാട്ടേണമെ. അയ്യോ കനിവും മനഗ്ഗുണവും മധുരവും ശരണവും ആശ്രയവുമാകുന്ന നീയെ! എപ്പോഴും കന്യാസ്ത്രീമറിയമെ.
ആമ്മേനീശോ.

൧൫. ദൈവത്തിനടുത്ത ഗുണങ്ങൾ മൂന്ന്.

1—ാമതു് വിശ്വാസം.
2—ാമതു് ശരണം.
3—ാമതു ഉപവി.
ആമ്മേനീശോ.

൧൬. നല്ലവ്യാപാരത്തിനുള്ള പ്രധാന പുണ്യങ്ങൾ നാല്.

1—ാമതു് വിവേകം.
2—ാമതു് നെറിവു്.
3—ാമതു് ആത്മശക്തി.
4—ാമതു് അടക്കം. ആമ്മേനീശോ.

### ൧൩. വിശ്വാസത്തിന്റെ പ്രകാരം.

അററമില്ലാത്ത ബോധജ്ഞാനവും അററമില്ലാത്ത പട്ടാങ്ങയുമാകുന്ന തമ്പുരാൻ ശുദ്ധമാന പള്ളിക്കു പരസ്യമാക്കിയതിനേക്കൊണ്ടും ഈവണ്ണം വിശ്വസിപ്പാൻ ശുദ്ധമാനപള്ളി നമ്മേ പഠിപ്പിക്കുന്നതിനേക്കൊണ്ടും ഒരുവൻതമ്പുരാൻ ഉണ്ടെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഈ തമ്പുരാൻ സൎവ്വഗുണനിധിയും സൎവ്വതും സൃഷ്ടിച്ചുണ്ടാക്കി വാഴുന്ന ഉടയനാഥനുമാകുന്നുവെന്നും ഈ തമ്പുരാനിൽതന്നെ ഏത്രയും ശരിയായിരിക്കുന്ന മൂന്നാളുകൾ വെവ്വേറെയുണ്ടെന്നും അവരുടെ തിരുനാമമായത് ബാവായും പുത്രനും റൂഹാദക്കുദശായും ഈ മൂവരിൽ പുത്രൻ തമ്പുരാൻ മാനുഷനായി പിറന്നു നമ്മുടെ കൎത്താവീശോമിശിഹാ താനാകുന്നുവെന്നും ദോഷത്തിൽനിന്നും നമ്മെ രക്ഷിപ്പാനും നമുക്കു മോക്ഷം തരുവാനും പാടുപെട്ടു കുരിശിന്മേൽ പതിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു മരിച്ചവരുടെ ഇടയിൽനിന്നു ഉയിൎത്തു ആകാശത്തിൽ എഴുന്നെള്ളി അവിടെനിന്നു നല്ലവൎക്കു എന്നന്നേക്കുമുള്ള ആകാശമോക്ഷവും തീയ്യവൎക്കു എന്നന്നേക്കുമുള്ള നരകവും കല്പിപ്പാനായി ഉയിരവരെയും മരിച്ചവരെയും വിധിപ്പാൻ വരുമെന്നും വിശ്വസിക്കുന്നേൻ വിശേഷിച്ചു തമ്പുരാൻ അരുളിച്ചെയ്തതിനാലെ ശുദ്ധമാന കത്തോലിക്കാപ്പള്ളി വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും എല്ലാം ഞാനും കൂടെ വിശ്വസിക്കുന്നു. ഈ ശുദ്ധമാന വിശ്വാസത്തിൽ ജീവിപ്പാനും മരിപ്പാനും വഴിയെ ഉറച്ചിരിക്കുന്നേൻ.

ആമ്മേനീശോ.

### ൧൪. ശരണത്തിന്റെ പ്രകാരം.

എന്റെ തമ്പുരാനെ! അററമില്ലാത്ത മനോഗുണവും സൎവ്വശവും തനിക്കുണ്ടായിരിക്കുന്നതിനെക്കൊണ്ടു ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ യോഗ്യതകളാലെ എന്റെ ദോഷങ്ങളുടെ പൊറുതിയും ആകാശമോക്ഷവും എനിക്കു തരുമെന്നും ശരണമായിരിക്കുന്നു. എന്നാൽ മോക്ഷം നേടുവാൻ താൻ കല്പിച്ച നന്മപ്രവൃത്തികളൊക്കയും തന്റെ ദൈവസഹായത്താലെ ഞാൻ ചെയ്വാൻ ഉറച്ചിരിക്കുന്നേൻ. ആമ്മേനീശോ.

### ൯. ഉപവിയുടെ പ്രകാരം.

എല്ലാ സ്നേഹത്തിനും യോഗ്യനായിരിക്കുന്ന ആദിയും അറുതിയുമില്ലാത്ത നന്മയാകുന്ന എന്റെ തമ്പുരാനെ! എല്ലാ വസ്തുക്കളെക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നോടു മറുത്തു ഒരേററം ഞാൻ ചെയ്യുംമുമ്പെ വസ്തുക്കളൊക്കെയും എന്റെ ആയുസ്സുംകൂടെ ഉപേക്ഷിപ്പാൻ ഞാൻ ആസ്ഥമായിരിക്കുന്നു. വിശേഷിച്ചു എന്നെത്തന്നെ ഞാൻ സ്നേഹിക്കുന്നതുപോലെ നിന്നെപ്രതി ശേഷമുള്ളവരെയും സ്നേഹിപ്പാൻ മനസ്സായിരിക്കുന്നേൻ. ആമ്മേനീശോ.

### ൧൦. മുഴവൻതേററത്തിന്റെ പ്രകാരം.

ഉള്ള വസ്തുക്കൾ ഒക്കെക്കാൾ സ്നേഹിക്കപ്പെടുവാൻ യോഗ്യനായിരിക്കുന്ന എന്റെ തമ്പുരാനെ! എല്ലാററിനേക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നതിനാലെ, അററമില്ലാത്ത ഗുണമാകുന്ന നിന്നോടു മറുത്തു പിഴച്ചിട്ടു എന്റെ മനസ്സൊക്കയോടും കൂടി നൊമ്പരപ്പെട്ടു തേറുന്നേൻ. സങ്കടങ്ങൾ ഒക്കെയും അനുഭവിക്കുന്നതിനേക്കാൾ നിന്നോടു ഉപദ്രവിച്ചിട്ടു ദുഃഖിക്കുന്നേൻ, ഖേദിക്കുന്നേൻ, ആവലാധിപ്പെടുന്നേൻ. എന്നാൽ നിന്റെ ശുദ്ധമാന നന്മയുടെ സഹായത്താലെ ഇനിമേലിൽ പിഴക്കയില്ലെന്നുറച്ചു പിഴപ്പാനുള്ള ഉതപ്പുകളെ ഉപേക്ഷിച്ചു വല്ലോരു ദോഷം ഞാൻ ചെയ്യുംമുമ്പെ മരിപ്പാൻ ആസ്ഥമായിരിക്കുന്നേൻ. ആമ്മേനീശോ.

### ൧൧. എത്രയും ദയയുള്ള മാതാവെ.

എത്രയും ദയയുള്ള മാതാവെ! നിന്റെ സങ്കേതമായി ഓടിവന്നു നിന്റെ ഉപകാരസഹായം അപേക്ഷിച്ചു നിന്റെ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടുവെന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്നു നീ നിനച്ചരുളണമെ. കന്യാവ്രതക്കാരുടെ രാജസ്ത്രീയായ കന്യാസ്ത്രീയെ! ദയയുള്ള മാതാവെ! ഈവണ്ണമുള്ള ശരണത്താൽ ഉറയ്ക്കപ്പെട്ടു നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ അണഞ്ഞുവരുന്നു. നെടുവീർപ്പിട്ടു കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയയുടെ ആഴത്തെ കാത്തുകൊണ്ടു നിന്റെ സമുഖത്തി

ൽ നിൽക്കുന്നോൻ. അവതരിച്ച വചനത്തിൻ മാതാവെ! എ
ന്റെ അപേക്ഷയെ ഉപേക്ഷിക്കാതെ ദയയുള്ളവളായി കേട്ടരു
ളണമെ. ആമ്മേനീശോ

൨൨. റൂഹാദക്കുദിശാതമ്പുരാന്റെ ദാനങ്ങൾ ഏഴ്.

1-ാമത് ബോധജ്ഞാനം.
2-ാമത് ബുദ്ധി.
3-ാമത് വിചാരം.
4-ാമത് ആത്മശക്തി.
5-ാമത് അറിവ്.
6-ാമത് ഭക്തി.
7-ാമത് ദൈവഭീതി.

ആമ്മേനീശോ.

൨൩. റൂഹാദക്കുദിശാതമ്പുരാന്റെ ഫലങ്ങൾ പന്ത്രണ്ട്.

1-ാമത് ഉപവി.
2-ാമത് ആത്മാവിലെ തെളിവ്
3-ാമത് നിരപ്പ്.
4-ാമത് ക്ഷമ.
5-ാമത് ദിഘശാന്തത.
6-ാമത് നന്മ.
7-ാമത് കനിവ്.
8-ാമത് ഇണക്കം.
9-ാമത് വിശ്വാസം.
10-ാമത് അടക്കം.
11-ാമത് ഇന്ദ്രിയടക്കം.
12-ാമത് സന്യാസം.

ആമ്മേനീശോ.

൨൪. റൂഹാദക്കുദിശാതമ്പുരാനോട് മറുത്തുള്ള ദോഷങ്ങൾ ആറ്

1—ാമത് മോക്ഷം തനിക്കു കിട്ടുകയില്ലെന്നുള്ള മനസ്സിലെ ഉറപ്പും പ്രതിജ്ഞയും.

2—ാമത് നന്മ പ്രവൃത്തിക്കാതെ മോക്ഷം തനിക്കു കിട്ടുമെന്നതിന്മേലുള്ള സാദ്ധ്യവും എടുപ്പും.

3—ാമത് ഒരു കാര്യം പട്ടാങ്ങയെന്നറിഞ്ഞാൽ അതിനോടു മറുതലിക്കുന്നത്.

4—ാമത് ഉടയതമ്പുരാൻ മററവർക്കു കൊടുക്കുന്ന നന്മകൾകൊണ്ടു പൈശ്രൂന്യം ഉണ്ടാകുന്നത്.

5—ാമത് പിഴച്ചാൽ തേറാതെ പ്രതിജ്ഞയോടുകൂടെ പാപത്തിൽ ഇരിക്കുന്നത്.

6—ാമത് ഒടുക്കത്തിങ്കലും പിഴകളിന്മേൽ തേറാതെ മരിക്കുന്നത്. ആമ്മേനീശോ.

൨൫. ദൈവതിരുമുമ്പിൽ അന്യായപ്പെടുന്ന ദോഷങ്ങൾ നാല്

1—ാമത് അറിഞ്ഞുംകൊണ്ടു അരുകൊല ചെയ്യുന്നത്.

2—ാമത് വർഗ്ഗസ്വഭാവത്തിനടാത്ത മോഹപാപം ചെയ്യുന്നത്.

3—ാമത് ദാരിദ്രക്കാരേയും വിധവകളേയും മാതാപിതാക്കന്മാരില്ലാത്ത പൈതങ്ങളേയും ഞെരുക്കുന്നത്.

4—ാമത് വേലക്കാർക്കടുത്ത കൂലി കൊടുക്കാതിരിക്കുന്നത്.

ആമ്മേനീശോ.

൨൬. മനോഗുണപ്രവൃത്തികൾ പതിനാല്,

ഇതിൽ ശരീരത്തിന്നടുത്തതു ഏഴ്—ആത്മാവിന്നടുത്തത് ഏഴ്.

1—ാമത് വിശക്കുന്നവർക്കു തിന്മാൻ കൊടുക്കുന്നത്.

2—ാമത് ദാഹിക്കുന്നവർക്കു കുടിപ്പാൻ കൊടുക്കുന്നത്.

3—ാമത് ഉടുപ്പാനില്ലാത്തവർക്കു ഉടുപ്പാൻ കൊടുക്കുന്നത്.

4—ാമത് പരദേശികൾക്കു പാർപ്പാൻ ഇടം കൊടുക്കുന്നത്.

5—ാമത് വ്യാധിക്കാരേയും വിലങ്ങിടത്തിൽ കിടക്കുന്നവരേയും ചെന്നു കണ്ടാശ്വസിപ്പിക്കുന്നത്.

6—ാമത് അടിമപ്പെട്ടവരെ വീണ്ടുകൊള്ളുന്നത്.

7—ാമത് മരിച്ചവരെ അടക്കുന്നത്.

8—ാമത് അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്.

9—ാമത് പകപ്പുള്ളവർക്കു ബുദ്ധിചൊല്ലിക്കൊടുക്കുന്നത്.

10—ാമത് ദുഃഖമുള്ളവരെ തണുപ്പിക്കുന്നത്.

11—ാമത് പിഴയ്ക്കുന്നവരെ കുററപ്പെടുത്തുന്നത്.

12—ാമത് നിന്ദകളെ ക്ഷമിക്കുന്നത്.

13—ാമത് ഏറക്കുറവുകൾ ക്ഷമയോടുകൂടെ പൊറുക്കുന്നത്.

14—ാമത് ഉയിരവരേയും മരിച്ചവരേയും കുറിച്ചു തമ്പുരാനോടു അപേക്ഷിക്കുന്നത്.

ആമ്മേനീശോ,

വൗ. തലപ്പെട്ട നന്മപ്രവൃത്തികൾ മൂന്ന്.

1-ാമത് നോമ്പ്. 3-ാമത് ദാനധമ്മം.
2-ാമതു നമസ്കാരം. ആമ്മേനീശോ.

വവ്യ. എവൻഗേലിക്കടുത്ത വിശേഷ പുണ്യങ്ങൾ മൂന്ന്.

1--ാമത് തമ്പുരാനെപ്രതി തൻെറ മനസ്സാലെനേരുന്ന കീഴവഴക്കം.

2—ാമത് തമ്പുരാനെപ്രതി തൻെറ മനസ്സാലെ നേരുന്ന സന്ന്യാസം.

3—ാമത് നമ്പുരാനെപ്രതി തൻെറ മനസ്സാലെ നേരുന്ന ദാരിദ്ര്യം. ആമ്മേനീശോ.

വൻ. തലപ്പെട്ട ദോഷങ്ങൾക്കെതിരായ പുണ്യങ്ങൾ ഏഴ്.

1-ാമത് നിഗളത്തിന്നു എതിരായ പുണ്യം എളിമ.
2-ാമത് ചരസ ,, ,, ദാനധമ്മം.
3-ാമത് മോഹ ,, ,, അടക്കം.
4—ാമത് അരിശ ,, ,, ക്ഷമ.
5-ാമത് കൊതികേ,, ,, പതം.
6-ാമത് പൈശ്രൂന്ന്യത്തിനു ,, ഉപവി.
7-ാമത് മടിക്കേ ,, ,, ഉത്സാഹം.
ആമ്മേനീശോ

ന്മം. എവൻഗേലിക്കടുത്ത ഭാഗ്യങ്ങൾ എട്ട്.

1—ാമത് തമ്പുരാനെക്കുറിച്ചു മനസ്സിൽ ദാരിദ്ര്യമുള്ളവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ ആകാശരാജിതം അവർക്കുള്ളതാകുന്നു.

2—ാമത് ഇണക്കമുള്ളവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ ഭൂമി അവർക്കുള്ളതാകുന്നു.

3—ാമത് കരയുന്നവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ അവർ തണുപ്പിക്കപ്പെട്ടും.

4—ാമത് നീതിയെപ്രതി പൈദാഹമുള്ളവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ അവർ സമ്പൂർണ്ണപ്പെട്ടും.

5-ാമതു് അനുഗ്രഹമുള്ളവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ അവർക്കു അനുഗ്രഹം കിട്ടും.

6—ാമതു ഹൃദയവെടിപ്പുള്ളവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ അവർ തമ്പുരാനെ കാണും.

7—ാമതു് നിരപ്പുശീലമുള്ളവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ അവർ തമ്പുരാൻെറ മക്കളെന്നു വിളിക്കപ്പെടും.

8—ാമതു് നെറിവിനെപ്രതി പാടുപെടുന്നവർ ഭാഗ്യവാന്മാരാകുന്നു. അതെന്ത്യേ ആകാശരാജ്യം അവർക്കുള്ളതാകുന്നു. ആമ്മേനീശോ.

൯൭. മാനുഷൻെറ മുടുക്കങ്ങൾ നാലു്.

1—ാമതു് മരണം.

2—ാമതു് ഒടുക്കത്തെ ചോദ്യം.

3—ാമതു നരകം.

4—ാമതു് ആകാശമോക്ഷം. ആമ്മേനീശോ.

൯൨. ശുദ്ധമാന കുർബാന യോഗ്യതയോടുകൂടെ കൈക്കൊൾവാൻ വേണ്ടുന്ന കാര്യങ്ങൾ മൂന്നു്.

1-ാമതു് പാതിരാതൊട്ടു ശുദ്ധമാനകുർബാന കൈക്കൊണ്ടു കൂടുവോളം യാതൊന്നും രസിക്കാതിരിക്കുന്നതു്.

2-ാമതു് കുമ്പസാരംകൊണ്ടു ചാവുദോഷങ്ങൾ ഒക്കെയും നിക്കി തമ്പുരാൻെറ തിരുവുള്ളം വാങ്ങിക്കുന്നതു്.

3-ാമതു് ശുദ്ധമാനകുർബാനയുടെ അവസ്ഥയും താല്പര്യവും അറിഞ്ഞു അതിനെ കൈക്കൊള്ളുവാൻ അണഞ്ഞുപോകയും വേണം. ആമ്മേനീശോ.

൯൯. കാലത്തും, ഉച്ചസ്സും; വൈകിട്ടും ചൊല്ലേണ്ടു ത്രികാലജപം

ഏ. കർത്താവിൻെറ മാലാഖാ.

കർത്താവിൻെറ മാലാഖാ, മർത്തമറിയത്തമ്മയോടു വചനിച്ചു, റൂഹാദക്കുദിശായാലെ അമ്മ ഗർഭണിയായി.

നന്മനിറഞ്ഞ മറിയമെ!

കർത്താവിൻെറ അടിയാട്ടി, ഇതാ ഞാൻ നിൻെറ തിരുവചനംപോലെ എന്നിലാകട്ടെ. നന്മനിറഞ്ഞ മറിയമെ!

വചനം മാംസമായി ഞങ്ങളിൽ കുടിയിരുന്നു.

നന്മനിറഞ്ഞമറിയമെ!

ഈശോമിശിഹായുടെ വാഗ്ദത്തങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ സൎവ്വേശ്വരന്റെ പരിശുദ്ധ മാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രാൎത്ഥിക്ക.

സൎവ്വേശ്വരാ കൎത്താവെ! മാലാഖാ വചനിച്ചതിനാലെ നിന്റെ പുത്രൻ ഈശോമിശിഹാ മനുഷ്യനായി എന്നതിനെ അറിഞ്ഞിരിക്കുന്ന ഞങ്ങൾ അയാളുടെ പാടുപാടുകളെക്കുറിച്ചും കുരിശിനെപ്രതിയും ഉയിൎപ്പിന്റെ മഹിമയെ പ്രാപിപ്പാൻ അനുഗ്രഹംചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. വിശേഷിച്ചു മരിച്ച വിശ്വാസകാരുടെ ആത്മാവുകൾക്കു നിന്റെ മനഗുണത്താലെ മോക്ഷത്തിൽ അനുകൂലം ഉണ്ടായിരിക്കട്ടെ; ഈ ഇരപ്പുകളൊക്കെയും ഞങ്ങളുടെകൎത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു ഞങ്ങൾക്കു നീ തരേണമെ.

ആമ്മേനീശോ.

ഒരു ആകാശങ്ങളിലിരിക്കുന്നതും, നമ്രീതാസ്തുതിയും ചൊല്ലുക.

ബി. പെസഹാ കാലത്തിൽ.

പരലോകരാജസ്ത്രീയെ! മനോത്തുഷ്ടിപൂരിക്ക.

ഹല്ലേലൊയ്യാ.

അതെന്തെന്നാൽ ഭാഗ്യവതിയായ നിന്റെ തിരുവുദരത്തിൽ അവതരിച്ചയാൾ ഹല്ലേലൊയ്യാ.

അരുളിച്ചെയ്ത തിരുവചനംപോലെ ഉയൎത്തെഴുന്നള്ളി.

ഹല്ലേലൊയ്യാ.

ഞങ്ങൾക്കുവേണ്ടി സൎവ്വേശ്വരനോടു പ്രാൎത്ഥിക്ക.

ഹല്ലേലൊയ്യാ.

എപ്പോഴും കന്യാസ്ത്രീയായ മറിയമെ! മനംതെളിഞ്ഞു സന്തൂൎണ്ണപ്പെടുക. ഹല്ലേലൊയ്യാ.

അതെന്തെന്നാൽ കൎത്താവു പട്ടാങ്ങയായിട്ടു ഉത്ഥാനംചെയ്തു. ഹല്ലേലൊയ്യാ.

പ്രാൎത്ഥിക്ക.

സൎവ്വേശ്വരാ കൎത്താവെ! നിന്റെ തിരുക്കുമാരനും ഞങ്ങളുടെ കൎത്താവുമായിരിക്കുന്ന ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകം തെളിയപ്പെട്ടുവാൻ തിരുമനസ്സായല്ലൊ. കന്യാസ്ത്രീമറിയമായ അയാളുടെ ദിവ്യ മാതാവാലെ നിത്യജീവിതമായ പരലോകവാഴ്ചയെ ഞങ്ങൾ പ്രാപിപ്പാൻ അനുഗ്രഹം ചെയ്യണമെന്നു ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ആമ്മേനീശോ.

സി. പങ്കപ്പാടിന്റെ ആഴ്ചയിൽ

മിശിഹാ നമ്മെപ്രതി മരണത്തോളം കീഴ്പെട്ടു സ്ലീവാമേൽ താൻ മരിച്ചു. ആയതുകൊണ്ടു സൎവ്വേശ്വരൻ ഇയാളെ ഉയൎത്തി എല്ലാ നാമധേയത്തെക്കാൾ വലുതായ നാമധേയം താൻ കൊടുത്തു. 1. ആകാശങ്ങളിലിരിക്കുന്ന

സൎവ്വേശ്വരാ കൎത്താവെ! ഞങ്ങളുടെ രക്ഷിതാവായ ഈശോമിശിഹാ പാപികളുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ടു സ്ലീവായുടെ ശിക്ഷ സഹിച്ചു രക്ഷിച്ച ഈ കുടുംബത്തെ കൃപാകടാക്ഷത്താൽ തൃക്കൺപാൎക്കേണമെ. ഈ അപേക്ഷ നിന്നോടുകൂടെയും റൂഹാദക്കുദിശായോടുകൂടെയും ഏകദൈവവുമായി സദാകാലം ജീവിച്ചുവാഴുന്നവനും പരിപാലനം ചെയ്യുന്നവനുമായിരിക്കുന്ന ഈശോമിശിഹായെക്കുറിച്ചു ഞങ്ങൾക്കു നീ തന്നരുളേണമെ.

ആമ്മേനീശോ.

നമ. എ. കാലത്തെ എഴുനേല്ക്കുമ്പോൾ ചൊല്ലേണ്ടതു്.

ബാവായുടെയും പുത്രന്റെയും റൂഹാദക്കുദിശായുടേയും നാമത്താലെ ആമ്മേൻ.

ഈശോമറിയം യൌസേപ്പെ! ആകാത്ത കാഴ്ച ഞാൻ കാണാതെയും നിരൂപിക്കാതെയുമിരിപ്പാൻ നിങ്ങളുടെ സങ്കേതയിടത്തുങ്കൽ എന്റെ കണ്ണുകൾ ഞാൻ തുറക്കുന്നു; ഈശോമിശിഹായുടെ തിരുനാമത്തിൽ ഞാൻ എഴുനേല്ക്കുന്നു, ചെയ്ത പാ

പങ്ങളെക്കുറിച്ചു മനസ്താപപ്പെടുന്നതിനും വീണ്ടും പാപത്തിൽ വീഴാതിരിക്കുന്നതിനും എന്നെ കാത്തുരക്ഷിക്കണമെ.

എന്റെ ശരീരം മറപ്പാൻ വസ്ത്രം തന്നതുപോലെ ഇഷ്ടപ്രസാദത്താൽ എന്റെ ആത്മാവിനെ അലങ്കരിപ്പിക്കേണമെ.

ബി. ഉഷഃകാലജപം

ആദിയുമറുതിയുമില്ലാത്ത ത്രീത്വൈക സർവ്വേശ്വരാ! എന്റെ ദൈവവും എന്റെ പിതാവും എന്റെ ഗുരുനാഥനും ആയിട്ടു നിന്നെ ഞാൻ വന്ദിച്ചു കുമ്പിട്ടാരാധിക്കുന്നു; ശുദ്ധമാനപള്ളി വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതുമൊക്കെ ഞാനും വിശ്വസിക്കുന്നു. നീ എന്നെ സൃഷ്ടിച്ചതിനെയും രക്ഷിച്ചതിനെയും കുറിച്ചും കഴിഞ്ഞ രാത്രിയിൽ എനിക്കു ചെയ്ത മനഗുണങ്ങളെയും ഉപകാരങ്ങളെയും കുറിച്ചും നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. എന്റെ ദൈവമെ! എന്റെ മുഴുഹൃദയത്തോടുകൂടി നിന്നെ ഞാൻ സ്നേഹിക്കുന്നു എന്റെ സ്നേഹത്തിന്റെ സാക്ഷിക്കായിട്ടു എന്റെ പാവപ്പെട്ട പ്രവൃത്തികളെയും ഈ ദിവസത്തിലെ നിത്യപ്രണവചനം ഞാൻ ചെയ്‌വാനിരിക്കുന്നവയൊക്കെയും നിന്റെ പ്രവൃത്തികളോടും നിന്റെ പരിശുദ്ധമാതാവിന്റെയും മാർ യൌസേപ്പു പിതാവിന്റെയും സകല മാലാഖമാരുടേയും ആകാശത്തിലും ഭൂമിയിലുമുള്ള പുണ്യവാന്മാരുടേയും പ്രവൃത്തികളോടുകൂടെ ചേർത്തു് നിനക്കു ഞാൻ കാഴ്ചവെക്കുന്നു. നിത്യ പരമപിതാവെ! ഈശോമിശിഹായുടെ യോഗ്യതകളെക്കുറിച്ചു നിന്റെ ദൈവേഷ്ടപ്രസാദവും നിനക്കു ശുശ്രൂഷ ചെയ്‌വാനുള്ള ആഗ്രഹവും നിന്റെ മനസ്സിനുള്ള കീഴ്വഴക്കവും യോജിപ്പും നന്മയിൽ ഒടുക്കത്തോളമുള്ള നിലനിൽപ്പും കന്യാവ്രതവും ലോകവസ്തുക്കളുടെ നിന്ദയും നിന്റെമേലും എന്റെ കൂടപ്പിറപ്പുകളായ മനുഷ്യരുടെമേലുമുള്ള സ്നേഹവും എനിക്കു തരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

സർവേശ്വരാ സ്വാമി! എന്റെ ഹൃദയത്തിന്റെ ഓരോ ഇളക്കവും, എന്റെ നാഡികളുടെ ഓരോ അടിയും, എന്റെ നെഞ്ചിന്റെ ഓരോ നെടുവീർപ്പും അളവില്ലാത്ത നന്മയായിരിക്കു

ന്ന നിന്റെനേരെയുള്ള എരിവേറുന്ന ഓരോ സ്നേഹപ്രകരണമാകേണമെന്ന് എന്റെ മനസ്സും നിയോഗവുമായിരിക്കുന്നു. ഇന്നേദിവസം ഞാൻ ചെയ്വാനിരിക്കുന്ന എല്ലാ പ്രവൃത്തികളേയും നിന്റെ സ്തുതിക്കായിട്ട ഞാൻ കാഴ്ചവെക്കുകയും എന്റെ ദോഷങ്ങൾക്ക പൊറുതി ലഭിക്കുന്നതിനായി ഞാൻ നിയോഗിക്കയും ചെയ്യുന്നു. എന്റെ നിയോഗത്തെ നീ കൈക്കൊണ്ടു ഫലമുള്ളതാക്കേണമെ. മധുരമുള്ള മറിയമെ! എന്റെ ശരണമെ! ആ രാജസ്ത്രീയെ! എന്റെമേൽ കൃപയായിരിക്കണമെ.

ആമ്മേനിശോ.

വിശ്വാസം, ശരണം, ഉപവി, എത്രയും ദയയുള്ളമാതാവെ. 1 ആ. 1 ന. 1 ത്രി. ചൊല്ലുക.

സി. ന. ക. തിരുഹൃദയ സഭക്കാർ ചൊല്ലേണ്ട
പ്രതിദിന പ്രതിഷ്ഠാജപം.

മനുഷ്യരെ അധികമായി സ്നേഹിക്കുന്ന ഈശോമിശിഹായുടെ തിരുഹൃദയമെ! എന്റെ മുഴുഹൃദയത്തോടുകൂടെ നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളെക്കുറിച്ച ഞാൻ മനസ്താപപ്പെടുന്നു. ഇന്നേദിവസം ഞാൻ ചെയ്യുന്ന സകല പ്രവൃത്തികളേയും, നിന്റെ അമ്മയായിരിക്കുന്ന അമലോത്ഭവമറിയത്തിന്റെ യോഗ്യതയോടുകൂടെ നിന്റെ ഏറ്റം വലിയ സ്തുതിക്കായി നിയോഗിക്കയും പ്രത്യേകം ഈ മാസത്തിൽ ശ്രു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കല്പിച്ചിരിക്കുന്ന (ഇന്ന) നിയോഗത്തോടുകൂടെ ചേർത്തുകൊണ്ടു അവകളെ ഞാൻ കാഴ്ചവെക്കയും ചെയ്യുന്നു.

ഡി. ന. ക. പാടുകളിന്മേൽ ജപധ്യാനം.

സർവ്വേശ്വരാ കർത്താവെ! നിന്റെ ദയയാൽ ലോകത്തെ വീണ്ടുരക്ഷിപ്പാനായിട്ട നീ മാനുഷനായി പിറക്കപ്പെട്ടവാനും; ഛേദനാചാരം ചെയ്യപ്പെട്ടവാനും, യൂദന്മാരാൽ നിന്ദിക്കപ്പെട്ടവാനും, ഗുരുദ്രോഹിയായ യൂദാസ് എന്നവൻ നിന്നെ കവിളിൽ മുത്തി കാട്ടിക്കൊടുക്കപ്പെട്ടവാനും, കയറുകളാൽ കെട്ടപ്പെട്ടു കുററമില്ലാത്ത ചെമ്മരിയാട്ടിൻകുട്ടിയേപ്പോലെ ബലിക്കു നിയ

മിക്കപ്പെട്ടവാനും, ഹന്നാൻ, കയ്യാപ്പാ, പീലാത്തോസ്, ഹേറോദേസ് എന്നിവരുടെ പക്കൽ അപമാനത്തോടുകൂടെ കൂട്ടിക്കൊണ്ടുപോകപ്പെട്ടവാനും, കള്ളസാക്ഷികളാൽ കുററം ചുമത്തപ്പെട്ടവാനും, തിരുകന്നത്തിൽ കൈകൾകൊണ്ടും, തിരുമേനിയിൽ ചമ്മട്ടികൾകൊണ്ടും, അടിക്കപ്പെട്ടവാനും, തിരുമുഖത്തിൽ തുപ്പപ്പെട്ടവാനും, ദൂഷണങ്ങളാൽ നിന്ദിക്കപ്പെട്ടവാനും, മുൾമുടി ധരിക്കപ്പെട്ടവാനും, മുളവടികൊണ്ടു അടിക്കപ്പെട്ടവാനും, തിരുമുഖം മൂടപ്പെട്ടവാനും, തിരുത്തോളിന്മേൽ ഭാരപ്പെട്ട സ്ലീവാമരം ചുമപ്പിച്ച ഗാഗുൽത്താമലയോളം കൂട്ടിക്കൊണ്ടുപോകപ്പെട്ടവാനും, ഇരുമ്പാണികളാൽ തറയ്ക്കപ്പെട്ടു രണ്ടു കള്ളന്മാരുടെ ഇടയിൽ സ്ലീവാമേൽ ഉയത്തി നാട്ടപ്പെട്ടവാനും, ദാഹത്തിനു പിച്ച കലന്ന പുളിച്ച മുന്തിരിങ്ങാച്ചാരായം കുടിപ്പാൻ തരപ്പെട്ടവാനും, തിരുവിലാവു് കുന്തത്താൽ കുത്തിത്തുറക്കപ്പെട്ടവാനും കത്താവെ! നി തിരുമനസ്സായല്ലൊ. പാപിയായിരിക്കുന്ന അടിയൻ ഇവയൊക്കെയും ഭക്തിയോടുകൂടെ ധ്യാനിപ്പാൻ അനുഗ്രഹംചെയ്ത നിൻെറ ഈ ശുദ്ധമാന പങ്കപ്പാടിനെയും, സ്ലീവായെയും തിരുമരണത്തെയുംകുറിച്ച നരകവേദനയിൽനിന്നു അകററി അടിയനെ രക്ഷിപ്പാനും നിൻെറ വലത്തുഭാഗത്തു തൂങ്ങി അനുതപിക്കപ്പെട്ട കള്ളനു് നി കൊടുത്തരുളിയ മോക്ഷഭാഗ്യത്തിൽ അടിയനെയും കൂട്ടിക്കൊണ്ടു പോകപ്പെട്ടവാനും കത്താവെ! എന്നോടു അനുഗ്രഹംചെയ്യണമെ. ബാവായോടും, പുത്രനോടും, റൂഹാദക്കുദിശായോടുംകൂടെ സദാകാലം ജീവിച്ച വാഴുന്നവനും, രാജ്യപരിപാലനം ചെയ്യുന്നവനുമായ കത്താവേ! ആമ്മേനീശോ.

പിതാവായിരിക്കുന്ന സവ്വേശ്വരാ കത്താവെ! നിൻെറ ഏകപുത്രനും ഞങ്ങളുടെ കത്താവുമായിരിക്കുന്ന മിശിഹാകത്താവു് ഞങ്ങൾക്കവേണ്ടി ഇതിൻവണ്ണമുള്ള പങ്കപ്പാടുകൾ കയ്യേററുവല്ലൊ അയാളുടെ തിരുമുഖത്തെക്കുറിച്ച കത്താവെ! ഞങ്ങളുടെ ദോഷങ്ങൾ പൊറുക്കണമെ.

(മൂന്നുപ്രാവശ്യം ഇപ്രകാരം ചൊല്ലുക)

1 ആ. 1 ന. 1 ത്രി.

### ഇ. ഭക്ഷണത്തിനു മുമ്പിൽ ജപം.

സൎവ്വേശ്വരാ കൎത്താവെ! എന്നേയും നിന്റെ അതുലാലെ ഞാൻ ഭക്ഷിപ്പാൻ തുടങ്ങുന്ന ഭക്ഷണസാധനങ്ങളേയും ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുമുഖത്തേക്കുറിച്ചു ആശീൎവ്വദിക്കണമെ.

### എഫ്. ഭക്ഷണത്തിന്റെ ശേഷം ഉപകാരസ്മരണ ജപം.

നിത്യനും രാജ്യപരിപാലനം ചെയ്യുന്നവനുമായിരിക്കുന്ന സൎവ്വവല്ലഭമുള്ള സൎവ്വേശ്വരാ! നീ എനിക്കു തന്നരുളിയ ആഹാരങ്ങളെപ്രതിയും മററു സകല ഉപകാരങ്ങൾക്കായിക്കൊണ്ടും നിനക്കു ഞാൻ ഉപകാരസ്മരണ ചെയ്യുന്നു. കൎത്താവെ! ഞങ്ങൾക്കു ഉപകാരം ചെയ്യുന്ന എല്ലാവൎക്കും നിത്യജീവിതമുണ്ടാകുവാൻ അനുഗ്രഹംചെയ്തരുളേണമെ.

### ജി. യാത്രയ്ക്കു മുമ്പു ജപം.

കൎത്താവെ! അടിയൻ യാത്രയ്ക്കു പുറപ്പെടുകയിൽ വരുന്ന ആപത്തുകളിൽനിന്നു എന്നെ കാത്തുരക്ഷിക്കണമെന്നും ഞാൻ വിചാരിക്കുന്ന കാൎയ്യം സഫലമാകുന്നതിനും നിന്റെ കൃപയുണ്ടാകണമെ.

### എച്ച്. യാതൊരു വേലയ്ക്കുമുമ്പു ജപം.

സൎവ്വേശ്വരാ കൎത്താവെ! നിന്റെ തിരുനാമത്തിന്റെ പുകഴ്ചയ്ക്കായിട്ടു തുടങ്ങുന്ന ഈ വേല ഈശോമിശിഹായുടെ പുണ്യങ്ങളോടുകൂടെ നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു.

### ൩൫. രാത്രിജപം.

ബാവായുടെയും പുത്രന്റെയും റൂഹാദക്കുദിശായുടെയും നാമത്താലെ ആമ്മേൻ.

നിത്യപിതാവും നിത്യകുമാരനും നിത്യ റൂഹാദക്കുദിശായുമായിരിക്കുന്ന സൎവ്വേശ്വരാ! എന്റെ ദൈവമായിട്ടും എന്റെ രക്ഷിതാവായിട്ടും എന്റെ ഗുരുനാഥനായിട്ടും നിന്നെ ഞാൻ ആരാധിക്കുന്നു. ശുദ്ധമാന മാതാവായ കത്തോലിക്കാപ്പള്ളി വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും എല്ലാം ഞാൻ വി

വിശ്വസിക്കുന്നു. കൎത്താവെ! എന്റെ വിശ്വാസത്തെ വൎദ്ധിപ്പിക്കണമെ. ഇല്ലാഴ്മയിൽനിന്നും എന്നെ മനുഷ്യനായി സൃഷ്ടിച്ചതിനാലെയും പിശാചിന്റെ അടിമയിൽനിന്നും എന്നെ രക്ഷിച്ചതിനാലെയും സത്യവിശ്വാസക്കാരനാക്കിയതിനെക്കൊണ്ടും ഈ ദിവസത്തിൽ എനിക്കു ചെയ്ത മററനേകം നന്മകളേയും ഉപകാരങ്ങളേയുംകുറിച്ചും നിനക്കു ഞാൻ സ്തുതിസ്തോത്രം ചെയ്യുന്നു. എന്റെ ദയയുള്ള സൎവ്വേശ്വരാ, എന്റെ മുഴു ഹൃദയത്തോടുകൂടി നിന്നെ ഞാൻ സ്നേഹിക്കുന്നു. ഈ രാത്രിയിലും എന്റെ ജീവിതകാലമൊക്കയിലും ഞാൻ ചെയ്യാനിരിക്കുന്നതിനെയും പാടുപെടുവാനിരിക്കുന്നതിനെയും ഈശോമറിയംയൌസേപ്പിന്റെ പ്രവൃത്തികളോടും പാടുകളോടും കൂട്ടിച്ചേൎത്തു നിനക്കു ഞാൻ കാഴ്ചവെയ്ക്കുന്നു.

ഈ രാത്രിയിലെ അനുകൂലത്തെയും വിടുന്ന ഓരോ ശ്വാസത്തേയും നിന്റെ നേരെയുള്ള സ്നേഹത്തിന്റെ ഓരോ പ്രകരണമാകുണമെന്നു ഞാൻ നിയോഗിക്കുന്നു. എത്രയും അനുഗ്രഹമുള്ള സൎവ്വേശ്വരാ! നിന്നിൽമാത്രം ഞാൻ ആശ്രയിക്കുന്നു. എനിക്കു തുണയായിരിക്കേണമെ. എന്നെ കടാക്ഷിക്കേണമെ. പരിശുദ്ധ ദൈവമാതാവെ! മാർ യൌസേപ്പ പുണ്യപിതാവെ! എന്നെ കാൎക്കുന്ന മാലാഖായെ! സകല ശുദ്ധമാകപ്പെട്ടവരെ! എനിക്കുവേണ്ടി ഈശോമിശിഹായോടു പ്രാൎത്ഥിക്കേണമെ. എന്റെ ആയുസ്സിന്റെ അനൎത്ഥങ്ങളിൽനിന്നും പ്രത്യേകം ഈ രാത്രിയിലും ആത്മശുദ്ധിയോടുകൂടിയിരിക്കുന്നതിനും ദൈവത്തോടു പ്രാൎത്ഥിക്കണമെ. ശുദ്ധ. കന്യാസ്ത്രീ ദൈവമാതാവും എന്റെ അമ്മയുമായ മറിയമെ! നിന്റെ പ്രത്യേക അനുഗ്രഹവും ശുദ്ധ. വാഴ്വും എനിക്കു തന്നരുളേണമെന്നു നിന്നോടു ഞാൻ പ്രാൎത്ഥിക്കുന്നു. ആമ്മേനീശോ.

1 ആകാ. 1 നന്മ. 1 ത്രിത്വ.

ഈശോമറിയം യൌസേപ്പെ! എന്റെ ആത്മാവിനെയും എന്റെ ഹൃദയത്തെയും നിങ്ങൾക്കു ഞാൻ തരുന്നു.

ഈശോ മറിയം യൌസേപ്പെ! മരണപ്രമാദത്തിൽ നിങ്ങൾ എനിക്കു തുണയായിരിക്കണമെ.

ഈശോമറിയം യൌസേപ്പെ! എൻെറ ആത്മാവിനെ സമാധാനത്തോടുകൂടി നിങ്ങളുടെ തൃകൈകളിൽ കയ്യാളിപ്പാൻ എനിക്കു മനോഗ്രഹം ചെയ്യണമെ.

എത്രയും ദയയുള്ള മാതാവെ!......ശേഷവും.

ബി. കിടക്കുന്നതിനു മുമ്പായി പ്രാൎത്ഥിക്കേണ്ടതു്.

ആത്മാവുകളുടെമേൽ സ്നേഹമായിരിക്കുന്ന എത്രയും ദയയുള്ള ഈശോയെ! നിൻെറ തിരുഹൃദയത്തിൻെറ മരണാവസ്ഥയെക്കുറിച്ചും നിൻെറ അമ്മയായ അമലോത്ഭവമാതാവിൻെറ വ്യാകുലങ്ങളെക്കുറിച്ചും ലോകമൊക്കയിലുമുള്ള എല്ലാ പാപികളെയും, മരണപ്രമാദത്തിലിരിക്കുന്നവരേയും, ഇന്നു മരിക്കുന്നവരെയും, നിൻെറ തിരുരക്തത്താൽ കഴുകി അവരെ ശുദ്ധികരിച്ചുകൊള്ളേണമെ. കൎത്താവെ! ശുദ്ധമാനപള്ളിയെ നീ ഉയൎത്തണമെ. അതിൻെറ ശത്രുക്കളെ നീ കീഴ്പ്പെടുത്തേണമെ. അജ്ഞാനികളും, ഇടൎത്തുട്ടകാരും, ശീശ്മക്കാരും, പാപികളും മനസ്സുതിരിയുന്നതിനു കൃപചെയ്തരുളേണമെ. നിൻെറ പ്രിയപ്പെട്ട മക്കളായിരിക്കുന്ന ബസ്പ്രുക്കാനായിലെ ആത്മാവുകൾക്കു തണുപ്പും രക്ഷയും നിത്യാനുകൂലവും കൊടുത്തരുളേണമെ. എന്നെ കാൎക്കുന്ന കൎത്താവിൻെറ മാലാഖായെ! ദൈവത്തിൻെറ കൃപയാൽ നിൻെറ പക്കൽ എല്പിച്ചിരിക്കുന്ന എന്നെ ഈ രാത്രിയിൽ കാത്തു പരിപാലിച്ചുകൊണ്ടു് എൻെറ മരണത്തിൻെറ നേരത്തിലും സഹായിച്ചുകൊള്ളേണമെ. എൻെറ പേരിനു കാരണമായിരിക്കുന്ന പുണ്യവാളാ! ശുദ്ധ: മാർ തോമ്മാശ്ലീഹായെ! സകല മോക്ഷവാസികളെ! ദൈവത്തിൽനിന്നു കൃപലഭിപ്പാനായിട്ടു് എന്നെക്കുറിച്ചു പ്രാൎത്ഥിപ്പിൻ. ഈശോ മറിയം യൌസേപ്പെ! നിങ്ങളുടെ സങ്കേതയിടത്തുങ്കൽ എന്നെ ഞാൻ എല്പിച്ചിരിക്കുന്നു.

വ്യാകുലമാതാവെ! എനിക്കുവേണ്ടി തമ്പുരാനോടു അപേക്ഷിക്കേണമെ. 1 ആ. 1 നന്മ. 1. ത്രി.

മാർ യൌസേപ്പുപിതാവെ! എനിക്കുവേണ്ടി അപേക്ഷിക്കണമെ. 1 ആ. 1 നന്മ. 1 ത്രിത്വ.

ശുദ്ധമാന ത്രേസ്യാമ്മയെ! എനിക്കുവേണ്ടി അപേക്ഷിക്കണമെ. 1 ആ 1 ന. 1 ത്രിത്വ.

എന്നെ കാർക്കുന്ന മാലാഖായെ! എനിക്കുവേണ്ടി അപേക്ഷിക്കണമെ. 1 ആ. 1 നന്മ. 1 ത്രിത്വ.

സി. കാഴ്ചവയ്ക്കുന്ന ജപം.

അറുതിയില്ലാത്ത കൃപാസമ്പത്തിയായിരിക്കുന്ന നിത്യ സർവ്വേശ്വരാ! നിന്റെ എത്രയും പ്രിയപ്പെട്ട തിരുക്കുമാരൻ അനുഭവിച്ച മനോവാക്കിലടങ്ങാത്ത കഠിന വേദനകളും അയാളുടെ വേദനകൊണ്ട് തന്റെ പ്രിയപ്പെട്ട മാതാവനുഭവിച്ച വ്യാകുലങ്ങളും ഞങ്ങളുടെ പാപം കാരണത്താൽ ഞങ്ങളുടെ പാപത്തിന്റെ ഘോരം കണ്ടു ഭയന്നു ഞെട്ടുങ്ങി മനസ്താപപ്പെടുന്നതിനും ഇനി ഒരിക്കലും പാപം ചെയ്യാതിരിപ്പാനും ഉറപ്പോടുകൂടെ പ്രതിജ്ഞചെയ്തു കീഴിൽ ചെയ്ത പാപത്തിനു പ്രായശ്ചിത്തമെടുപ്പാനും ഞങ്ങളുടെമേൽ നിനക്കുള്ള അളവററ സ്നേഹത്തെ കണ്ട് ഞങ്ങളാൽ കഴിയുംവണ്ണം ഇഹലോകത്തിൽ നിന്നെ കുറവുകൂടാതെ സ്നേഹിച്ചതിന്റെശേഷം പരലോകത്തിൽ എന്നേക്കും ഇടവിടാതെ നിന്നെ സ്നേഹിച്ചു സ്തുതിച്ചിരിപ്പാനും, നിന്റെ സ്നേഹം സകല മനുഷ്യരുടെ ഹൃദയങ്ങളിൽ പററി എരിവാനും ശുദ്ധ: മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അപേക്ഷിക്കുന്ന ധർമ്മകാര്യങ്ങൾ സാധിപ്പാനും, അജ്ഞാനം കുറഞ്ഞു സത്യവേദം പരക്കപ്പെടുവാനും, സത്യരാജാക്കൾ തമ്മിൽ സമാധാനമായിരുപ്പാനും, ഇടത്തൂട്ടുകാരുടെ ദുർമ്മതങ്ങൾ നശിപ്പാനും, തിരുസ്സഭയെ വിട്ടുപിരിഞ്ഞവർ വീണ്ടും അതിൽ പ്രവേശിപ്പാനും പഞ്ഞം, പട, വസന്ത മുതലായതു നീങ്ങുവാനും ബെസ്പ്രക്കാനായിൽ വേദനപ്പെടുന്ന ആത്മാവുകളുടെ അവധി കുറവാനും പിന്നെയും ഞങ്ങൾ ആരെയെല്ലാം പ്രതി അപേക്ഷിക്കണമെന്നു തിരുമനസ്സായിരിക്കുന്നോ അവരൊക്കെയും നിന്റെ വിശേഷനന്മകളെ കൈക്കൊള്ളുവാനും നിന്റെ സ്നേഹപ്പെട്ട പുത്രൻ ഞങ്ങൾക്കുവേണ്ടി ചിന്തിയ വിലമതിയാത്ത തിരുരക്തത്തെക്കുറിച്ചും അയാളുടെ പ്രിയപ്പെട്ട മാതാവ

നുഭവിച്ച പറഞ്ഞൊപ്പിക്കരുതാത്ത വ്യാകുലങ്ങളെക്കുറിച്ചും സ്ലീവായുടെ ഫലമനുഭവിച്ച ശുദ്ധ്മാകപ്പെട്ടവരുടെ അപേക്ഷക ളെക്കുറിച്ചും ഞങ്ങളുടെ ഇരപ്പുകളിന്മേൽ അലിവുതോന്നി കൃപചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിച്ചുകൊണ്ടു ഈ അപേക്ഷകൾ എല്ലാം നിനക്കു ഞങ്ങൾ കാഴ്ചവെക്കുന്നു.

മരിച്ച വിശ്വാസക്കാരുടെ ആത്മാവുകൾക്ക് തമ്പുരാന്റെ മനോഗുണത്താലെ മോക്ഷത്തിൽ അനുകൂലമുണ്ടായിരിക്കട്ടെ. നിത്യപിതാവെ! ഈശോമിശിഹാകൎത്താവിന്റെ വിലമതിയാത്ത തിരുരക്തത്തേക്കുറിച്ചു അവരുടെമേൽ കൃപയായിരിക്കണമെ. 1 ആ. 1 നന്മ. 1 ത്രി.

ൻ്റ. മുട്ടിന്മേൽ നിന്നുകൊണ്ട്.

യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോയെ! പെട്ടെന്നുള്ള മരണത്തിൽനിന്നും എന്നെ രക്ഷിക്കണമെ. എന്നു ചൊല്ലിക്കൊണ്ടു യൂ-രാ-ന-ഈ. എന്ന നാലക്ഷരങ്ങളെ നെററിയിൽ വരക്കുക. ഇതു മുടക്കാതെ ചെയ്താൽ പെട്ടെന്നുള്ള മരണം സംഭവിക്കയില്ലെന്നു എട്മൂന്ത് പുണ്യവാളനോടു കൎത്താവു അരുളിച്ചെയ്തു എന്നു സൂയ്യോ എന്ന ശാസ്ത്രി സാക്ഷിക്കുന്നു.

നമ. എ. അൻപത്തുമൂന്നുമണി ജപം.

അളവില്ലാത്ത സകല നന്മസ്വരൂപിയായിരിക്കുന്ന സൎവ്വേശ്വരാ കൎത്താവെ! നീച മാനുഷരുമായി നന്ദിയറിയാത്ത പാപികളുമായിരിക്കുന്ന അടിയങ്ങൾ അറുതിയില്ലാത്ത മഹിമപ്രതാപത്തോടുകൂടിയിരിക്കുന്ന നിന്റെ സന്നിധിയിൽനിന്നു ജപം ചെയ്‌വാൻ പാത്രമല്ലാത്തവരായിരിക്കുന്നുയെങ്കിലും നിന്റെ അറുതിയില്ലാത്ത ദയയിന്മേൽ ശരണപ്പെട്ടുകൊണ്ടു ശുദ്ധമാന ദൈവമാതാവിനു സ്തുതിയായിട്ടു അൻപത്തുമൂന്നുമണിജപം ചെയ്‌വാൻ ആശയായിരിക്കുന്നു. ഈ ജപം ഭക്തിയോടുകൂടി ചെയ്തു് പല വിചാരംകൂടാതെ തികപ്പാൻ കൎത്താവെ! നീ സഹായംചെയ്യുക.

വിശ്വസിക്കുന്നേൻ. 1 ആകാ.

ബാവാതമ്പുരാന്നു മകളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവെ! ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യാനായിട്ടു നിന്റെ തിരുക്കുമാരനോടപേക്ഷിക്കണമെ.

1 നന്മ.

പുത്രൻതമ്പുരാന്നു മാതാവായിരിക്കുന്ന പരിശുദ്ധ ദൈവമാതാവെ! ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുവാനായിട്ടു നിന്റെ തിരുക്കുമാരനോടപേക്ഷിക്കണമെ.

1 നന്മ.

റൂഹാദക്കുദിശാതമ്പുരാന്നു എത്രയും പ്രിയമുള്ളവളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവെ! ഞങ്ങളിൽ ദൈവഭക്തിയെന്ന പുണ്യമുണ്ടായി വൎദ്ധിപ്പാനായിട്ടു നിന്റെ തിരുക്കുമാരനോടപേക്ഷിക്കണമെ.

1 നന്മ. 1 ത്രിത്വ. 1 ആ.

## സകല തിങ്കൾ, വ്യാഴം ഈ ദിവസങ്ങളിലും ആഗമനകാലം മുതൽ അമ്പതുനോമ്പു വരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ട സന്തോഷമായ ദൈവ രഹസ്യങ്ങൾ.

### ൧-ാം ദൈവരഹസ്യം.

എത്രയും ശുദ്ധമാകപ്പെട്ട കന്യാസ്ത്രീമറിയമെ! പുത്രൻ തമ്പുരാൻ മനുഷ്യാവതാരത്തിന്നു നിന്റെ വയററിൽ ജനിപ്പാൻ തിരുമനസ്സായ വൃത്താന്തം ദൈവകല്പനയാൽ നിന്റെ പക്കൽ മാലാഖാ വന്നു വചനിച്ചതിനാലെ നീ അളവില്ലാത്ത സന്തോഷത്തെ പ്രാപിച്ചു മഹാ എളിമയോടുകൂടെ ദൈവതിരുമനസ്സിന്നു കീഴ്പ്പെട്ടു സൎവ്വേശ്വരനെ നിന്റെ തിരുവുദരത്തിൽ മകനായിട്ടു ധരിച്ചുവല്ലൊ. ദൈവത്തിന്നു നീ മാതാവായി എന്ന ഈ സന്തോഷത്തെക്കുറിച്ചു ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ഞങ്ങൾ അയാളെ ഭക്തി

യാൽ ഞങ്ങളുടെ ഹൃദയത്തിൽ എപ്പോഴും സംഗ്രഹിച്ചുകൊണ്ടിരിപ്പാൻ മനഗ്ഗുണം ചെയ്യേണമെ.

10 നന്മ. 1 ത്രീത്വ.

മാലാഖാമാർ ഒക്കയിലും പ്രധാനിയായിരിക്കുന്ന ശുദ്ധ. മിഖായേൽ എന്ന മാലാക്കായെ! ഞങ്ങളേററം പാപികളായിരിക്കുന്നുയെങ്കിലും അപേക്ഷിച്ച ഈ പത്തുമണിജപത്തേയും നിങ്ങളുടെ സ്തുതികളോടുകൂടെ ഒന്നായിട്ടുചേർത്തു് ശുദ്ധ: ദൈവമാതാവിൻെറ തൃപ്പാദത്തുങ്കൽ പാദകാണിക്കയായിട്ടു വെപ്പാൻ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1 ആകാ.

൨-ാം രഹസ്യം

പരിശുദ്ധ കന്യാസ്ത്രീയായിരിക്കുന്ന ശുദ്ധ: ദൈവമാതാവെ! നിൻെറ സ്നേഹത്താൽ നിൻെറ ഇളയമ്മയായിരിക്കുന്ന എലിശബാളമ്മായെ കാണ്മാൻ പോയപ്പോൾ സൎവ്വേശ്വരൻ ആ പുണ്യവതിയുടെ വീട്ടിൽ ചെയ്ത കരുണയെക്കണ്ടു് അത്യന്തസന്തോഷത്തെ അനുഭവിച്ചുവല്ലോ. ഈ സന്തോഷത്തെക്കുറിച്ചു ഉപവിയാകപ്പെട്ട നിൻെറ പുത്രനോടു ഞങ്ങൾക്കു വേണ്ടി അപേക്ഷിച്ചു് ലൗകികസന്തോഷത്തെ ഞങ്ങൾ പ്രമാണിക്കാതെ ജ്ഞാനസന്തോഷത്തിൻെറ ഇമ്പമുള്ള രസത്തെ ആഗ്രഹിച്ചുതേടി അനുഭവിപ്പാൻ മനോഗ്ഗുണം ചെയ്യണമെ.

10 നന്മ. 1 ത്രീത്വ.

ശുദ്ധ: ഗെബ്രിയേൽ എന്ന മാലാക്കായെ! ഞങ്ങളേററം പാപികളായിരിക്കുന്നുവെങ്കിലും അപേക്ഷിച്ച ഈ പത്തുമണിജപത്തേയും നിൻെറ സ്തുതികളോടുകൂടെ ഒന്നായിട്ടു ചേൎത്തു ശുദ്ധ: ദേവമാതാവിൻെറ തൃപ്പാദത്തുങ്കൽ പാദകാണിക്കയായിട്ടു വെപ്പാൻ നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1 ആ.

൩-ാം രഹസ്യം

മാലാക്കാമാരുടെ രാജസ്ത്രീയായിരിക്കുന്ന ശുദ്ധ: ദൈവമാതാവെ! നിൻെറ കന്യാവ്രതത്തിനു അന്തരം വരാതെ ലോകര

 14086.

ക്ഷിതാവായിരിക്കുന്ന ഈശോമിശിഹായെ പെററതിനാൽ ഞ ങ്ങളുടെ നിരൂപണവചനത്തിലടങ്ങാത്ത സന്തോഷത്തെ നീ അനുഭവിച്ചുവല്ലൊ ഈ സന്തോഷത്തെക്കുറിച്ചു ഉപവിയാക പ്പെട്ട നിന്റെ പുത്രനോട്ടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു പാപികളായിരിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ താൻ ജ്ഞാന വിധമായിട്ടു എഴുന്നള്ളിവന്നു പിറക്കുന്നതിനു മനോഗുണം ചെയ്യേണമെ. 10 നന്മ. 1 ത്രിത്വ.

ശുദ്ധ: റപ്പായേലെന്ന മാലാകായെ! ഞങ്ങളേററം പാ പികളായിരിക്കുന്നുവെങ്കിലും അപേക്ഷിച്ച ഈ പത്തുമണിജ പത്തേയും നിന്റെ സ്തുതികളോട്ടുകൂടെ ഒന്നായിട്ടു മേത്തു ശുദ്ധ: ദൈവമാതാവിന്റെ തൃപ്പാദത്തുങ്കൽ പാദകാണിക്കയായിട്ടു വെപ്പാൻ നിന്നോട്ടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1 ആ.

## ൪-ാം രഹസ്യം.

സൃഷ്ടിച്ചവന്റെ സിംഹാസനമായിരിക്കുന്ന ശുദ്ധ. ദൈ വമാതാവെ! ദേവാലയത്തിൽ കൎത്താവായിരിക്കുന്ന നിന്റെ ദി വ്യപുത്രനെ പെററു നാല്പതാംദിവസം ദേവാലയത്തിങ്കൽ കൊണ്ടുചെന്നു അനാദിപിതാവിനു കാണിക്കയായിട്ടു കൊടു ത്തു മീണ്ടുകൊള്ളപ്പെട്ടുവല്ലൊ. അപ്പോൾ അവിടെ ഉണ്ടായിരു ന്ന മഹാത്മാക്കൾ അയാളുടെ മഹിമയറിഞ്ഞു അയാളെ അ നേകവിധത്തിൽ സ്തുതി ചെയ്യുന്നതുകണ്ടു എത്രയും നീ സന്തോ ഷിച്ചുവല്ലൊ. ഈ സന്തോഷത്തെക്കുറിച്ചു ഉപവിയാകപ്പെട്ട നിന്റെ പുത്രനോട്ടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ഭക്തി മു തലായ പുണ്യങ്ങളാൽ ഞങ്ങളുടെ ആത്മാവു തനിക്കു യോഗ്യ മായ ദേവാലയമായിരിപ്പാൻ മനോഗുണം ചെയ്യേണമെ.

10 നന്മ. 1 ത്രിത്വ.

ശ്ലീഹന്മാരിൽ പ്രധാന ശ്ലീഹന്മാരായിരിക്കുന്ന ശുദ്ധ. മാ ർ പത്രോസെ, മാർ പൗലോസെ ഞങ്ങളേററം പാപികളാ യിരിക്കുന്നുവെങ്കിലും അപേക്ഷിച്ച ഈ പത്തുമണിജപത്തേയും നിങ്ങളുടെ സ്തുതികളോട്ടുകൂടെ ഒന്നായിട്ടു മേത്തു ശുദ്ധ. ദൈ

വമാതാവിൻെറ തൃപ്പാദത്തുങ്കൽ പാദകാണിക്കയായിട്ട വെപ്പാൻ നിങ്ങളോട്ട ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 ആകാ.

൫-ാം രഹസ്യം.

പരലോകരാജസ്ത്രീയായിരിക്കുന്ന ശുദ്ധ. ദൈവമാതാവേ! നിൻെറ സ്നേഹമുള്ള പുത്രനായിരിക്കുന്ന മിശിഹാകർത്താവ് പന്ത്രണ്ടുവയസ്സിൽ നടക്കുമ്പോൾ മൂന്നു ദിവസം അയാളെ കാണാതെ ദുഃഖത്തോടുകൂടെ അന്വേഷിച്ചു മൂന്നാംനാൾ ശാസ്ത്രികളുടെ സഭനടുവിൽ ദേവാലയത്തിനുള്ളിൽ അയാളെ കണ്ട് പരിപൂർണ്ണസന്തോഷത്തെ അനുഭവിച്ചുവല്ലൊ. ഈ സന്തോഷത്തെക്കുറിച്ചു ഉപവിയാകപ്പെട്ട നിൻെറ പുത്രനോട്ട ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ഞങ്ങളൊരിക്കലും പാപത്താൽ അയാളെ വിട്ടപിരിയാതിരിപ്പാനും യാതൊരു സമയത്തിൽ അജ്ഞാനം ഹേതുവായിട്ട പാപംചെയ്തു അയാളെ വിട്ടപിരിഞ്ഞുപോയാൽ വേഗത്തിൽ പശ്ചാത്താപത്താൽ അയാളെ കണ്ട് അയാളിൽ അടിയങ്ങൾ സ്ഥിരമായിരിപ്പാനും മനോഗുണം ചെയ്യേണമെ. 10 നന്മ. 1 ത്രിതാ.

ശ്ലീഹായായിരിക്കുന്ന ശുദ്ധ. യോഹന്നാനെ! ഞങ്ങളേററം പാപികളായിരിക്കുന്നുവെങ്കിലും അപേക്ഷിച്ചു ഈ പത്തു മണിജപത്തേയും നിൻെറ സ്തുതികളോടുകൂടെ ഒന്നായിട്ട ചേൎത്തു ശുദ്ധ. ദൈവമാതാവിൻെറ തൃപ്പാദത്തുങ്കൽ പാദകാണിക്കയായിട്ട വെപ്പാൻ നിന്നോട്ട ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

## സകല ചൊവ്വാ, വെള്ളി ഈ ദിവസങ്ങളിലും അൻപത്തുനോയമ്പിൻെറ നാളുകളിൽ വരുന്ന ഞായറാഴ്ചകളിലും ചൊല്ലേണ്ട ദുഃഖമായ ദൈവരഹസ്യങ്ങൾ.

മേൽ ചൊല്ലിയിരിക്കുന്നതുപോലെ ഓരൊ ദൈവരഹസ്യത്തിനു മുൻപു ഓരോ ആകാശങ്ങളിലിരിക്കുന്നതും പിൻപു പത്തുനന്മനിറഞ്ഞമറിയവും ഒരുത്രീതാപസ്തുതിയും ചൊല്ലുക.

൧—ാം ദൈവരഹസ്യം.

അത്യന്ത ദയയുള്ള ശുദ്ധ ദൈവമാതാവെ! സ്നേഹമുള്ള നിൻെറ പുത്രനായിരിക്കുന്ന മിശിഹാകത്താവു അടിപെട്ട സ്ലീവാമേൽ തറയ്ക്കപ്പെട്ടതുപോലെ നീ അടിപെട്ട സ്ലീവാമേൽ തറയ്ക്കപ്പെടാതിരുന്നാലും അയാൾ തൻെറ തിരുശരീരത്തിൽ അനുഭവിച്ച പീഡകളൊക്കെയും ഹൃദയത്തിൽ നീ അനുഭവിച്ചുവല്ലൊ. താൻ പൂങ്കാവനത്തിൽവെച്ച ഞങ്ങളുടെ പാപങ്ങളെക്കുറിച്ച എത്രയും ആവലാധിപ്പെട്ടതിനാൽ തൻെറ തിരുശ്ശരീരമൊക്കെയും ചോരവിയത്തു് നിരുപിച്ച നിലിപ്പിച്ച കണ്ണുനീരുകൊണ്ടു നിലം നനഞ്ഞു വാക്കിലടങ്ങാത്ത ദുഃഖസമുദ്രത്തിൽ നീ മുഴുകിയല്ലൊ. ഈ ദുഃഖത്തെക്കുറിച്ച ഉപവിയാകപ്പെട്ട നിൻെറ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച് പാപികളായിരിക്കുന്ന ഞങ്ങൾ ചെയ്ത പാപങ്ങളെക്കുറിച്ചെത്രയും മനസ്താപപ്പെട്ട കരഞ്ഞു ദോഷപൊറുതി ലഭിപ്പാൻ മനോഗുണം ചെയ്യേണമെ.

൨-ാം രഹസ്യം.

എത്രയും കനിവുള്ള ശുദ്ധ ദൈവമാതാവെ! ദൈവസ്വഭാവത്തോടുകൂടി ബന്ധിച്ചിരിക്കുന്ന നിൻെറ തിരുകുമാരൻ മിശിഹാകത്താവു നിഷ്ഠുരന്മാരാൽ തൂണോടുകൂടെ മുറുക്കി കെട്ടപ്പെട്ട കഠിനമായി അടിപെട്ടതിനാലെ അയാളുടെ തിരുശ്ശരീരമൊക്കയും വ്രണവും ചോരയോടുകൂടി മുറിവുമായി നീചസേവകന്മാരുടെ അശുദ്ധ ഉമിനീരാൽ അയാളുടെ തിരുമുഖം അഴുക്കുനിറഞ്ഞതുമായിരിക്കുന്നതു കണ്ടു നീ ദുഃഖസമുദ്രത്തിൽ താണുവല്ലൊ. ഈ ദുഃഖത്തെക്കുറിച്ച ഉപവിയാകപ്പെട്ട നിൻെറ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ച ഞങ്ങളുടെ ദോഷങ്ങളെക്കുറിച്ചുണ്ടാകുന്ന കഠിനശിക്ഷകൾ ഒക്കെയും ഞങ്ങളിൽ നിന്നു സർവേശ്വരൻ നീക്കുവാൻ മനോഗുണം ചെയ്യേണമെ.

൩-ാം രഹസ്യം.

ക്ഷമയുടെ ഒലിയുറവയായിരിക്കുന്ന ശുദ്ധ ദൈവമാതാവെ! പരലോകരാജാവായിരിക്കുന്ന നിൻെറ തിരുകുമാരൻ

ഈശോമിശിഹായെ യൂദന്മാർ പരിഹാസരാജാവായിട്ടു സ്ഥാപിച്ചു തന്റെ തിരുത്തലയിൽ മുൾമുടി വെച്ചടിച്ചതിനാൽ മുള്ളുകൾ തലയ്ക്കുള്ളിൽ കടന്നതുകൊണ്ടു തന്റെ തിരുമുഖത്തിൽ ഒഴുകിയ ചോര നീ കണ്ടപ്പോൾ ആ മുള്ളുകൾ ഒക്കെയും നിന്റെ ഹൃദയത്തിൽ കൊണ്ടതുപോലെ എത്രയും വ്യസനം നീ അനുഭവിച്ചുവല്ലൊ. ഈ ദുഃഖത്തെക്കുറിച്ചു ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ദോഷക്കാരായ ഞങ്ങളുടെ ഹൃദയത്തിലിരിക്കുന്ന പാപമെന്ന മുള്ളുകളെ ഉത്തമമനസ്താപത്താൽ പിഴുതു നീക്കിക്കളവാൻ മനോഗുണം ചെയ്യണമെ.

൪-ാം രഹസ്യം.

ഭൂലോകനാഥയായിരിക്കുന്ന ശുദ്ധ. ദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന മിശിഹാകർത്താവിനെ കൊല്ലുവാൻ യൂദന്മാർ നിശ്ചയിച്ച് തന്റെ തിരുത്തോളിന്മേൽ ഭാരമായ സ്ലീവാമരം ചുമപ്പിച്ചുംകൊണ്ടു ഗാഗുൽത്താമലവരേയും തള്ളി ദുഷ്ടമ്മപ്പെടുത്തിക്കൊണ്ടു പോകുമ്പോൾ നീ കൂടെ ദുഃഖിച്ചു കരഞ്ഞുകൊണ്ടു പോയി നിന്റെ പുത്രനെ കണ്ടപ്പോൾ മഹാ ദുഃഖവും വ്യസനവും നീ അനുഭവിച്ചുവല്ലോ. ഈ ദുഃഖത്തെക്കുറിച്ചു ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു പാപികളായിരിക്കുന്ന ഞങ്ങളും ഞങ്ങൾക്കു വരുന്ന ദുഃഖസന്താപങ്ങളായിരിക്കുന്ന സ്ലീവാ നല്ല മനസ്സോടുകൂടെ ചുമന്നുകൊണ്ടു തന്റെ പിന്നടിയെ നടപ്പാൻ മനോഗുണം ചെയ്യേണമെ.

൫-ാം രഹസ്യം.

ദോഷക്കാരുടെ സങ്കേതയിടമായിരിക്കുന്ന ശുദ്ധ. ദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന മിശിഹാകർത്താവിനെ യൂദന്മാർ സ്ലീവാമരത്തിന്മേൽ ചേർത്തു പറഞ്ഞൊപ്പിക്കരുതാത്ത നിഷ്ഠുരതയോടുകൂടെ അയാളുടെ തൃക്കൈകളും കാലുകളും ഭാരമുള്ള ഇരുമ്പാണികളാൽ തറച്ചു രണ്ടു കള്ളന്മാരു

ടെ നടുവിൽ എടുത്തു നാട്ടിനിറുത്തിയതിൻെറശേഷം അയാൾ മഹാ അപമാനത്തോടുകൂടെ തൂങ്ങിയിരിക്കുന്നതു കണ്ടതിനാൽ നീ എണ്ണമില്ലാത്ത ദുഃഖവ്യാകുലം അനുഭവിച്ചുവല്ലൊ. അപ്പോൾ നിൻെറ ഹൃദയത്തിൽ നീ അനുഭവിച്ച നിൻെറ പുത്രൻെറ പീഡയെയും സ്ലീവായെയും കുറിച്ച ഉപവിയാകപ്പെട്ട നിൻെറ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു പാപികളായിരിക്കുന്ന അടിയങ്ങൾ ഈ ദിവ്യമാതൃകയ്ക്കു തക്കവണ്ണം നേർവഴിയെ നടന്നു ദോഷപൊറുതി ലഭിപ്പാൻ മനോഗുണം ചെയ്യേണമെ.

സകല ബുധൻ, ശനി ഈ ദിവസങ്ങളിലും കർത്താവിൻെറ ഉയിർപ്പു മുതൽ ആഗമനകാലപൎയ്യന്തം വരുന്ന ഞായറാഴ്ചകളിലും ചൊല്ലേണ്ട മഹിമപ്പെടുത്ത ദൈവരഹസ്യം.

൧-ാം രഹസ്യം.

വർഷകാലവും കുളിർകാലവും നിങ്ങി വേനൽ വരുന്നതുപോൽ പ്രസന്നയായിരിക്കുന്ന മോക്ഷത്തിനടുത്ത രാജസ്ത്രീയെ! നിൻെറ തിരുക്കുമാരനായിരിക്കുന്ന മിശിഹാകർത്താവു പാടുപെട്ടു മരിച്ച ദുഃഖകാലത്തിൻെറ ശേഷം മൂന്നാംനാൾ ജയത്തോടും സൂൎയ്യനെക്കാൾ പ്രകാശിക്കുന്ന രൂപസൌന്ദൎയ്യത്തോടും കൂടെ ഉയിർത്തെഴുന്നള്ളിയതിനെ നീ കണ്ടതിനാൽ അളവില്ലാത്ത മഹിമയുള്ള സന്തോഷത്തിൻെറ കാലം നിനക്കു സംഭവിച്ചുവല്ലൊ. ഈ മഹിമയെക്കുറിച്ചു ഉപവിയാകപ്പെട്ട നിൻെറ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു പാപമായ മരണത്തിൽനിന്നു ഞങ്ങൾ ഉയിർത്തെഴുനേല്പാൻ മനോഗുണം ചെയ്യണമെ.

൨-ാം രഹസ്യം.

അക്ഷയവും പരിശുദ്ധയുമായിരിക്കുന്ന ശുദ്ധ: ദൈവമാതാവെ! അററമില്ലാത്ത മഹിമയോടും ഊനമില്ലാത്ത ജയത്തോടും കൂടിയിരിക്കുന്ന നിൻെറ തിരുക്കുമാരൻ മിശിഹാകർത്താവു്

ഉയിൎത്തു നാല്പതാംനാൾ മാലാഖാമാർ ചുറ്റും അണിനിരയായു ബാവാന്മാരോടുകൂടെ എത്രയും പ്രാബല്യമായിട്ട മോക്ഷാരോഹണം ചെയ്യുന്നതു കണ്ടു നീ അത്യന്ത സന്തോഷമഹിമയനുഭവിച്ചുവല്ലൊ. ഈ മഹിമയെക്കുറിച്ചു ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ഇഹലോകത്തിൽ പരദേശികളായിരിക്കുന്ന ഞങ്ങൾ പരലോകവാഴ്ച മാത്രം ആഗ്രഹിച്ചു തേടി മോക്ഷഭാഗ്യം പ്രാപിപ്പാൻ മനോഗുണം ചെയ്യേണമെ.

൩-ാം രഹസ്യം.

ദൈവനന്മകളാൽ പൂരിക്കപ്പെട്ടവളുമായി മാലാഖമാരുടെ രാജസ്ത്രീയുമായിരിക്കുന്ന ശുദ്ധ. ദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന മിശിഹാകൎത്താവിന്റെ ശിഷ്യവൎഗ്ഗങ്ങളോടുകൂടെ നീ ധ്യാനത്തിലിരിക്കുമ്പോൾ തീനാക്കുകളുടെ രൂപത്തിൽ റൂഹാദക്കുദ്ശാ തമ്പുരാൻ ഇറങ്ങി നിന്റെയും ശിഷ്യരുടെയും ഹൃദയങ്ങൾ ദൈവേഷ്ടപ്രസാദങ്ങളാൽ നിറച്ചതിനാൽ നീ അത്യന്തസന്തോഷം അനുഭവിച്ചുവല്ലൊ. ഈ മഹിമയെക്കുറിച്ചു ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടിയപേക്ഷിച്ചു റൂഹാദ്ക്കുദിശായുടെ വരപ്രസാദം ഞങ്ങളിലുണ്ടായി ദൈവതിരുമനസ്സുപോലെ നടപ്പാൻ മനോഗുണം ചെയ്യേണമെ.

൪-ാം രഹസ്യം.

ആരാധനയ്ക്കു യോഗ്യവുമായി പുണ്യവഴിക്കു മാതൃകയുമായിരിക്കുന്ന ശുദ്ധ. ദൈവമാതാവെ! നിന്റെ തിരുവാത്മാവു തിരുശരീരത്തിൽനിന്നു വേർപിരിഞ്ഞു നിന്റെ തിരുക്കുമാരനായിരിക്കുന്ന മിശിഹാകൎത്താവിന്റെ തൃക്കൈകളിൽ ചേൎന്നു മൂന്നാംനാൾ ദിവ്യസുഗന്ധസൌരഭ്യവും മഹാ പ്രകാശവുമുള്ള നിന്റെ തിരുശരീരത്തോടുകൂടി നീ കല്ലറയിൽനിന്നു പുറപ്പെട്ടു ചുറ്റും മാലാഖാമാരുടെ പരിവാരത്തോടുകൂടെയും എത്രയും ഇമ്പമുള്ള ഗാനസംഗീതധ്വനികളോടുകൂടെയും പരലോകത്തെ

ഴുന്നള്ളി അത്യന്ത സന്തോഷമഹിമയനുഭവിച്ചുവല്ലോ. ഈ മഹിമയെക്കുറിച്ച് ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടിയപേക്ഷിച്ച് ഭൂലോകമെന്ന ദുഃഖസമുദ്രത്തിൽ മഹാ യോഗ്യത്തിലിരിക്കുന്ന ഞങ്ങളെ നിന്റെ കൃപാകടാക്ഷത്താൽ തൃക്കൺപാൎത്തു പാപികളായിരിക്കുന്ന ഞങ്ങൾ മോക്ഷാകര ച്ചേരുവാൻ മനോഗ്ഗ്രന്നാ ചെയ്യേണമെ.

൭-ാംരഹസ്യം.

നന്മയുടെ കടലും ശരണപ്പെട്ടുന്നവൎക്കു ആധാരവുമായിരിക്കുന്ന ശുദ്ധ. ദൈവമാതാവേ! സൃഷ്ടിക്കപ്പെട്ട വസ്തുക്കളൊക്കെക്കാൾ നീ സകല സുകൃതങ്ങളാൽ നിറഞ്ഞ് അലങ്കരിക്കപ്പെട്ടവളാകയാൽ നീ പരലോകത്തിൽ എഴുന്നെള്ളിയയുടനെ സകല മോക്ഷവാസികളുടെ സഭയേക്കാൾ അധിക മോക്ഷഭാഗ്യപ്രാപ്തയായി എത്രയും ശുദ്ധ. ത്രീതപത്തിൽനിന്നു സമസ്തമോക്ഷവാസികളുടെയും രാജ്ഞിയായിട്ടു മുടി ധരിക്കപ്പെട്ട് മാലാഖാമാർ ശേഷം മോക്ഷവാസികൾ എല്ലാവരാലും ഉയൎത്തി സ്ഥാപിക്കപ്പെട്ട് നിത്യാനന്ദവാഴ്‌വ നിറഞ്ഞ മഹിമയെ പ്രാപിച്ചുവല്ലോ. ഈ മഹിമയെക്കുറിച്ച് ഉപവിയാകപ്പെട്ട നിന്റെ പുത്രനോടു ഞങ്ങൾക്കുവേണ്ടിയപേക്ഷിച്ചു നീ അനുഭവിക്കുന്ന മോക്ഷാനന്ദഭാഗ്യത്തിൽ ഒരല്പ പങ്കു പാപികളായിരിക്കുന്ന അടിയങ്ങൾക്കു ലഭിപ്പാൻ മനോഗ്ഗ്രഹം ചെയ്യേണമെ.

അൻപത്തുമൂന്നുമണി ജപം കാഴ്ചവെക്കേണ്ടുംപ്രകാരം.

മുഖ്യ ദൂതനായിരിക്കുന്ന ശുദ്ധ. മിഖായേലെ, ദൈവദൂതന്മാരായിരിക്കുന്ന ശുദ്ധ. ഗെവ്റിയേലെ, റപ്പായേലെ, സ്ലീഹന്മാരായിരിക്കുന്ന ശുദ്ധ. മാർ പത്രോസെ, മാർ. പൌലോസെ, മാർ യോഹന്നാനെ, ഞങ്ങളുടെ പിതാവായ മാർ തോമ്മായെ, ഞങ്ങളേറം പാപികളായിരിക്കുന്നുവെങ്കിലും, അപേക്ഷിച്ച ഈ അൻപത്തുമൂന്നുമണിജപത്തേയും നിങ്ങളുടെ സ്തുതികളോടുകൂടെ ഒന്നായിട്ടു ചേൎത്ത് ശുദ്ധ. ദൈവമാതാവിന്റെ തൃപ്പാദത്തുങ്കൽ പാദകാണിക്കയായിട്ടു വെപ്പാൻ നിങ്ങളോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

പരിശുദ്ധ ദൈവമാതാവിൻെറ പ്രാൎത്ഥന.

കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! അനുഗ്രഹിക്കണമെ.
കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കൈക്കൊ-
ള്ളണമെ
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനെ,
ഭൂലോകരക്ഷിതാവായ പുത്രൻതമ്പുരാനെ,
റൂഹാദക്കുദ്ശാതമ്പുരാനെ,
ഏകസ്വഭാവമായിരിക്കുന്ന ശുദ്ധ. ത്രിത്വമെ,
(ഞങ്ങളെ അനുഗ്രഹിക്കണമെ.)
ശുദ്ധ. മറിയമെ,
തമ്പുരാൻെറ പുണ്യ ജനനിയെ,
കന്യാസ്ത്രീകൾക്കു മകുടമാകുന്ന നിൎമ്മല കന്യകയെ,
മിശിഹായുടെ മാതാവെ,
ദൈവപ്രസാദത്തിനുടെ മാതാവെ,
ഏത്രയും നിൎമ്മലയായിരിക്കുന്ന മാതാവെ,
അത്യന്ത വിരക്തിയുള്ള മാതാവെ,
ഈഷലററ കന്യാസ്ത്രീയായിരിക്കുന്ന മാതാവെ,
കന്യാവ്രതത്തിനു അന്തരം വരാത്ത മാതാവെ,
സ്നേഹഗുണത്തിനു പാത്രമായിരിക്കുന്ന മാതാവെ,
അത്ഭുതത്തിനു വിഷയമായിരിക്കുന്ന മാതാവെ,
സൃഷ്ടിക്കുന്നവൻെറ മാതാവെ,
രക്ഷിക്കുന്നവൻെറ മാതാവെ,
വിവേകാശ്ചൎയ്യമുള്ള കന്യകയെ,
വല്ലഭമുള്ള കന്യകയെ,
കനിവുള്ള കന്യകയെ,
വിശ്വാസപതിയായിരിക്കുന്ന കന്യകയെ,
നെറിവിൻെറ ദൎപ്പണമെ,
ബോധജ്ഞാനത്തിൻെറ സിംഹാസനമെ,
ഞങ്ങളുടെ തെളിവിൻെറ കാരണമെ,
(ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.)

ആത്മജ്ഞാനപൂരിത പാത്രമെ,
ബഹുമാനത്തിന്റെ പാത്രമെ.
അത്ഭുതമായ ഭക്തിയുടെ പാത്രമെ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന വരദപുഷ്പമെ,
ദാവീദിന്റെ കോട്ടയെ,
നിർമ്മലദന്താകൊണ്ടുള്ള കോട്ടയെ,
സ്വർണ്ണാലയമെ,
വാഗ്ദത്തത്തിന്റെ പെട്ടകമെ,
ആകാശമോക്ഷത്തിന്റെ വാതിലെ,
ഉഷഃകാലത്തിലെ നക്ഷത്രമെ,
രോഗികളുടെ സ്വസ്ഥാനമെ,
ദോഷക്കാരുടെ സങ്കേതമെ,
വ്യാകുലന്മാരുടെ ആശ്വാസമെ,
ക്രിസ്ത്യാനികളുടെ സഹായമെ,
മാലാഖാമാരുടെ രാജ്ഞിയെ,
ബാവാന്മാരുടെ രാജ്ഞിയെ,
ദീർഘദർശികളുടെ രാജ്ഞിയെ,
ശ്ലീഹന്മാരുടെ രാജ്ഞിയെ,
വേദസാക്ഷികളുടെ രാജ്ഞിയെ,
വന്ദകന്മാരുടെ രാജ്ഞിയെ,
കന്യാസ്ത്രീകളുടെ രാജ്ഞിയെ,
സകല പുണ്യവാളന്മാരുടേയും രാജ്ഞിയെ,
അമലോത്ഭവയായിരിക്കുന്ന രാജ്ഞിയെ,
പരിശുദ്ധ ജപമാലയുടെ രാജ്ഞിയെ,
കർമ്മലസഭയുടെ അലങ്കാരമായിരിക്കുന്ന രാജ്ഞിയെ,
സമാധാനത്തിന്റെ രാജ്ഞിയെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ഭൂലോകദോഷഹിനംചെയ്യുന്ന ദൈവചെമ്മരിയാട്ടിൻകുട്ടിയായിരിക്കുന്ന ഈശോതമ്പുരാനെ! കർത്താവെ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ.

ഭൂലോകദോഷഹിനംചെയ്യുന്ന.........കർത്താവെ! ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കേണമെ.

ഭൂലോകദോഷഹീനാമെവയ്യന്ന.........കത്താവെ! ഞങ്ങളെ അനുഗ്രഹിക്കണമെ.

സവ്വേശ്വരൻെറ പുണ്ണ്യപൂർണ്ണതപ്പെട്ട മാതാവെ! ഇതാ നിൻെറ പക്കൽ ഞങ്ങൾ ആശ്രയപ്പെടുന്നു. ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളുടെ ഇരപ്പുകൾ നി ദൂഷിക്കല്ലെ. ഭാഗ്യവതിയും ആശിവ്വദിക്കപ്പെട്ടവളുമായ അമ്മകന്യകയെ! സകല ആപത്തുകളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.
ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു ഞങ്ങൾ
യോഗ്യരാകുവാൻ

സവ്വേശ്വരൻെറ പരിശുദ്ധ ദൈവമാതാവെ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രാത്ഥിക്ക.

കത്താവെ! മുഴുവൻ മനസ്സോടുക്കൂടെ ദണ്ഡനമസ്കാരം വിണുകിടക്കുന്ന ഈ കുടുംബത്തെ തൃക്കൺപാത്തു എപ്പോഴും പരിശുദ്ധ കന്യകയായിരിക്കുന്ന മത്തമറിയത്തിൻെറ അപേക്ഷയാലെ സകല ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്നും കൃപചെയ്തു രക്ഷിച്ചുകൊള്ളണമെ. ഈ ഇരപ്പുകളൊക്കെയും ഞങ്ങളുടെ കത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു ഞങ്ങൾക്കു നീ തന്നരുളേണമെ. ആമ്മേനീശോ.

രാജകന്യകയെ.........ശേഷവും (പുറം 6. 7)
ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു ഞങ്ങൾ
യോഗ്യരാകുവാൻ

സവ്വേശ്വരൻെറ പരിശുദ്ധ ദൈവമാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രാത്ഥിക്ക.

സവ്വശക്തിയുള്ളവനും, നിത്യനുമായിരിക്കുന്ന സവ്വേശ്വരാ! ഭാഗ്യമതിയായിരിക്കുന്ന മറിയത്തിൻെറ ആത്മാവും ശരീര

വും റൂഹാദക്കുദിശായുടെ അനുഗ്രഹത്താലെ നിന്റെ ദിവ്യപു ത്രനു യോഗ്യമായ പീഠമായിരുപ്പാൻ പൂൎവ്വികമായി നീ നിയമി ച്ചുവല്ലൊ. ആ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞ ങ്ങൾ അവരുടെ അനുഗ്രഹമുള്ള അപേക്ഷയാലെ ഈ ലോ കത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്നു രക്ഷിക്കപ്പെട്ടുവാൻ കൃപയായിരിക്കേണമെ. ഈ ഇരപ്പുകളൊക്ക യും ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറി ച്ചു ഞങ്ങൾക്കു നീ തരിക. ആമ്മേനീശോ.

൩൬. മിശിഹാകൎത്താവിന്റെ അഞ്ചു തിരുമുറിവുകളെക്കുറിച്ചുള്ള

ജപം.

1. എന്റെ കൎത്താവീശോമിശിഹായെ! നിന്റെ ഇട ത്തെ തൃപ്പാദത്തിലുള്ള തിരുമുറിവിനെ ഞാൻ വണങ്ങി നമസ്ക രിക്കുന്നു. എന്റെ ദിവ്യരക്ഷിതാവെ! നിന്റെ ഈ തൃപ്പാദത്തി ൽ നീയനുഭവിച്ച തിരുമുറിവിന്റെ പീഡയെക്കുറിച്ചു് അടിയ ന്റെ അക്രമനടപ്പുകളൊക്കെയും പൊറുത്തു മേലാൽ പുണ്യവ ഴിയിൽ നിന്റെ തൃപ്പാദത്തിന്റെ ചുവട്ടടിയെ നടപ്പാൻ കൃപ ചെയ്യേണമെ. 1 ആ. 1 ന. 1 ത്രിത്വ.

പരിശുദ്ധ ദൈവമാതാവെ! സ്ലീവാമേൽ തറക്കപ്പെട്ട ക ൎത്താവിന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചു റപ്പിക്കേണമെ.

2. എന്റെ കൎത്താവീശോമിശിഹായെ! നിന്റെ വല ത്തെ തൃപ്പാദത്തിലുള്ള തിരുമുറിവിനെ ഞാൻ വണങ്ങി നമസ്ക രിക്കുന്നു. എന്റെ ദിവ്യരക്ഷിതാവെ! നിന്റെ ഈ തൃപ്പാദത്തി ൽ നീയനുഭവിച്ച തിരുമുറിവിന്റെ പീഡയെക്കുറിച്ചു അടിയ നും അടിയന്റെ സംബന്ധക്കാർ, ഉപകാരികൾ, സ്നേഹിത രും തിരുസ്സഭയിലുൾപ്പെട്ട സമസ്തജനങ്ങളും നിന്റെ വേദപ്ര മാണത്തിന്റെ വഴിയിൽ വ്യത്യാസംകൂടാതെ സ്ഥിരമായിരിപ്പാ ൻ കൃപചെയ്യേണമെ, 1 ആ. 1 നന്മ. 1 ത്രിത്വ.

പരിശുദ്ധ ദൈവ: ശേഷവും.

3. എന്റെ കൎത്താവീശോമിശിഹായെ! നിന്റെ ഇടത്തെ തൃക്കൈയിലുള്ള തിരുമുറിവിനെ ഞാൻ വണങ്ങി നമസ്കരിക്കുന്നു. എന്റെ ദിവ്യരക്ഷിതാവെ! നിന്റെ തൃക്കൈയ്യിൽ നീയനുഭവിച്ച തിരുമുറിവിന്റെ പീഡയെക്കുറിച്ച് അടിയന്റെ ദുഷ്ക്രിയകളായ പാപങ്ങളൊക്കെയും നീ പൊറുത്തുകൊള്ളുന്നതുമല്ലാതെ അജ്ഞാനികൾ, പതിതർ മുതലായവരേയും നിന്റെ ജ്ഞാനതൊഴുത്തിൽ ചേൎത്തു അടിയനും ശേഷം സമസ്തജനങ്ങളും സൽക്രിയകളാൽ നിനക്കു ഊഴിയം ചെയ്യാൻ കൃപചെയ്യേണമെ.

1 ആ. 1 ന. 1 ത്രീത്വ.

പരിശുദ്ധ ദൈവ: ശേഷവും.

4. എന്റെ കൎത്താവീശോമിശിഹായെ! നിന്റെ വലത്തെ തൃക്കാല്ക്കലുള്ള തിരുമുറിവിനെ ഞാൻ വണങ്ങി നമസ്കരിക്കുന്നു. എന്റെ ദിവ്യരക്ഷിതാവെ! നിന്റെ ഈ തൃക്കാല്ക്കൽ നീ അനുഭവിച്ച തിരുമുറിവിന്റെ പീഡയെക്കുറിച്ച് നിന്റെ പരിശുദ്ധ പത്നിയായിരിക്കുന്ന തിരുസ്സഭയും ഇതിൽ നിന്റെ സ്ഥാനത്തിൽ ഏല്പെട്ടുത്തിയിരിക്കുന്ന ശുദ്ധമാന മാൎപ്പാപ്പാ, കൎദ്ദിനാളന്മാർ, മെത്രാപ്പോലീത്തന്മാർ, മെത്രാന്മാർ, മുനിശ്രേഷ്ഠന്മാർ, ഗുരുക്കൾ മുതലായിട്ടുള്ള ജ്ഞാനഗോപാലകന്മാരൊക്കെയും നിന്റെ വിശേഷ ഇഷ്ടപ്രസാദത്താൽ അലങ്കരിക്കപ്പെട്ടവരായിരുപ്പാൻ കൃപചെയ്യേണമെ. 1 ആ. 1 ന. 1 ത്രീത്വ.

പരിശുദ്ധ ദൈവ: ശേഷവും.

5. എന്റെ കൎത്താവീശോമിശിഹായെ! നിന്റെ തിരുവിലാവിലുള്ള തിരുമുറിവിനെ ഞാൻ വണങ്ങിനമസ്കരിക്കുന്നു. എന്റെ ദിവ്യരക്ഷിതാവെ! പാപികളും നന്ദികെട്ടവരുമായിരിക്കുന്ന ഞങ്ങൾക്കുവേണ്ടി അങ്ങേ തിരുഹൃദയം കുന്തത്താൽ കുത്തിത്തുറപ്പാൻ തിരുമനസ്സായ നിന്റെ അറുതിയില്ലാത്ത സ്നേഹത്തെയും, തിരുഹൃദയത്തെയുംകുറിച്ച് പാപദുൎഗ്ഗുണങ്ങളാൽ നിറഞ്ഞിരിക്കുന്ന എന്റെ ഹൃദയത്തെ ശുദ്ധമാക്കി അതിലുള്ള

ലൌകികാശകളേയും വേണ്ടാത്ത നിരൂപണകളേയും ക്രമമല്ലാത്ത അഭിപ്രായങ്ങളേയും ദുരാശാപാശങ്ങൾ സകലത്തേയും നീക്കി അടിയൻ നിന്നെമാത്രം സ്നേഹിപ്പാനും നിനക്കമാത്രം പ്രിയപ്പെട്ടവനായിരുപ്പാനും നല്ല മരണത്തെ പ്രാപിച്ച മോക്ഷത്തിൽ വന്ന ചേരുവാനും കൃപചെയ്യരുളേണമെ.

1 ആ. 1 നമ. 1 ത്രിത്വ.

പരിശുദ്ധ ദൈവ: ശേഷവും.

നമ്മുടെ അക്രമങ്ങളേക്കുറിച്ച രക്ഷിതാവ് താൻ മുറിവേല്പിക്കപ്പെട്ടു.

നമ്മുടെ പാപകാഠിന്യത്തേക്കുറിച്ച് അയാൾ നുറുങ്ങപ്പെട്ടു.

പ്രാർത്ഥിക്ക.

കരകാണാത്ത കൃപാസമുദ്രമായിരിക്കുന്ന സർവ്വേശപരാ കർത്താവെ! നിൻെറ ഏകതിരുക്കുമാരൻ പെട്ട പാടുകളിനാലും അയാൾ തൻെറ അഞ്ചു തിരുമുറിവുകൾവഴിയായിട്ട ചിന്തിയ തിരുരക്തത്തിനാലും, പാപത്താൽ നശിച്ച മാനുഷവർഗ്ഗത്തെ വീണ്ടുരക്ഷിച്ച സ്വസ്ഥതവരുത്തിയല്ലൊ. അയാളനുഭവിച്ച തിരുമുറിവുകളെ ഇഹലോകത്തിൽ വണങ്ങി സ്തുതിച്ചുകൊണ്ടാടുന്ന അടിയങ്ങൾ ആ വിലമതിയാത്ത തിരുരക്തത്തിൻെറ ഫലം പരലോകത്തിൽ പ്രാപിപ്പാൻ പാത്രമുള്ളവരാകുവാനും ശുദ്ധീകരണസ്ഥലത്തിൽ വ്യസനപ്പെടുന്ന ആത്മാവുകളുടെ അവധികുറവാനും സദാനന്ദമോക്ഷത്തിൽ വന്ന ചേരുവാനും കൃപചെയ്യരുളണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഈ ഇരപ്പുകളൊക്കെയും നിന്നോടുകൂടെയും റൂഹാദക്കുദിശായോടുകൂടെയും എന്നന്നേക്കും നിത്യം ജീവിച്ച വാണിരിക്കുന്നവനും പരിപാലകനുമായിരിക്കുന്ന ഈശോമിശിഹായുടെ തിരുമുഖത്തേക്കുറിച്ചു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ആർമ്മേനിശോ.

൩൭. ശുദ്ധ. ഉത്തരിയദൈവമാതാവിനെക്കുറിച്ചുള്ള ജപം.

1 ശുദ്ധ. ഉത്തരിയദൈവമാതാവെ! നി ജന്മപാപത്തിന്റെ നിഴൽപോലും തീണ്ടാതെ ഉത്ഭവിച്ചു സകല പുണ്യങ്ങൾക്കും കീഴമന്നിരുന്ന നിന്റെ ശരീരത്തിന്റെ ശുദ്ധതയെക്കുറിച്ചു ഞങ്ങൾക്കവേണ്ടി അപേക്ഷിച്ച്, പാപികളായിരിക്കുന്ന ഞങ്ങളുടെ ശരീരത്തിന്ന മാംസത്തിനടുത്ത ദുശ്ശീലത്താൽ വന്നിരിക്കുന്ന അശുദ്ധതയൊക്കെയും നീക്കി ശരീരവെടിപ്പോടുകൂടെ വ്യാപരിപ്പാൻ കൃപചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു. 1 ആ. 1 നന്മ. 1 ത്രിത്വ.

2. ശുദ്ധ. ഉത്തരിയദൈവമാതാവെ! സകല മാലാഖാമാരിലും, പുണ്യവാന്മാരിലും വർദ്ധിച്ചു പ്രകാശിച്ചിരിക്കുന്ന പുണ്യങ്ങളേക്കാൾ നിന്റെ ആത്മാവിൽ അലങ്കരിച്ചിരിക്കുന്ന സുകൃതപുണ്യങ്ങളുടെ ആധിക്യത്തേക്കുറിച്ചു ഞങ്ങൾക്കവേണ്ടി അപേക്ഷിച്ചു ഞങ്ങളിലുള്ള പാപാശുദ്ധങ്ങളെ നീക്കി ദൈവ ഇഷ്ടപ്രസാദം മുതലായ സുകൃതപുണ്യങ്ങളാൽ ഞങ്ങളുടെ ആത്മാവുകളെ അലങ്കരിപ്പാൻ കൃപചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

3 ശുദ്ധ. ഉത്തരിയദൈവമാതാവെ! സകല പുണ്യങ്ങൾക്കും മാതൃകയായിരിക്കുന്ന നിന്റെ കുററമററ സുകൃതവ്യാപാരങ്ങളെക്കുറിച്ചു ഞങ്ങൾക്കവേണ്ടി അപേക്ഷിച്ചു ഞങ്ങളുടെ ദുന്നടപ്പുകളാൽ ചുമന്നിരിക്കുന്ന ഘോരമായ വിധിയുടെ കടങ്ങളെയും നീക്കി കുററമില്ലാത്ത ആയുസ്സായി വ്യാപരിപ്പാൻ കൃപ ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാത്ഥിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

4. ശുദ്ധ. ഉത്തരിയദൈവമാതാവെ! ഞങ്ങളുടെ രക്ഷിതാവായ പുത്രൻതമ്പുരാന്റെ മാതാവു നി ആയിരിക്കുന്നു എന്ന മഹിമയുള്ള നിന്റെ സ്ഥാനവലിപ്പത്തേക്കുറിച്ചു ഞങ്ങൾക്കവേണ്ടി അപേക്ഷിച്ചു ഞങ്ങൾ കയ്യേററിരിക്കുന്ന സ്ഥാനങ്ങൾ

കളുള്ള ദുഃഖതാപങ്ങളേയും കടങ്ങളേയും കുറവുകൂടാതെ തികപ്പാൻ കൃപചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

5. ശുദ്ധ. ഉത്തരിയ ദൈവമാതാവെ! ദൈവസ്നേഹാഗ്നിയുടെ മുഴുപ്പാൽ ഭാഗ്യപ്പെട്ട നിന്റെ ആത്മാവു ദേഹത്തിൽനിന്നു വേർപിരിഞ്ഞു എന്ന അത്ഭുതമായ നിന്റെ മരണത്തെക്കുറിച്ചു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ഞങ്ങളുടെ മരണസമയത്തിൽ ലോകസംബന്ധമായിരിക്കുന്നതൊക്കെയും ഉപേക്ഷിച്ചു ഭാഗ്യപ്പെട്ട മരണം നേടുവാൻ കൃപചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1 ആ. 1 നന്മ. 1 ത്രിത്വ.

6. ശുദ്ധ. ഉത്തരിയ ദൈവമാതാവെ! നിന്റെ ശുദ്ധ. തിരുവാത്മാവു ദേഹത്തിൽനിന്നു വേർപിരിഞ്ഞു മൂന്നാംനാൾ ശരീരത്തോടുകൂടെ ഉയിൎത്തു് മാലാഖമാരുടെ പരിവാരത്തോടുകൂടെ മോക്ഷത്തിനു രാജസ്ത്രീയായി നീ എഴുന്നെള്ളിപ്പോയതിനെക്കുറിച്ചു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു് ഞങ്ങളുടെ മരണത്തിന്റെശേഷം പാപക്കറകളെ തീൎപ്പാനായി സ്ഥാപിച്ചിരിക്കുന്ന ശുദ്ധീകരണസ്ഥലത്തിൽ ഞങ്ങൾ ഉൾപ്പെട്ടാൽ നിന്റെ വാഗ്ദത്തിൻപ്രകാരം മുമ്പിലത്തെ ശനിയാഴ്ചനാൾ അവിടെനിന്നു രക്ഷപെട്ടു മോക്ഷരാജ്യത്തിൽ ഞങ്ങൾ പ്രവേശിച്ചു സൎവ്വേശ്വരനെ കണ്ടു സ്തുതിച്ചിരിപ്പാൻ കൃപചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

7. ശുദ്ധ. ഉത്തരിയ ദൈവമാതാവെ! നീ പരലോകമോക്ഷത്തിൽ ചെന്നയുടൻ സകല മോക്ഷവാസികളെക്കാൾ സൎവ്വേശ്വരൻ നിന്നെ ഉയൎത്തി സ്ഥാപിച്ചു മോക്ഷരാജസ്ത്രീയായിട്ടു മുടിവെച്ചു വാഴിച്ചതിനാൽ നിനക്കുണ്ടായ മോക്ഷാനന്ദമഹിമയെക്കുറിച്ചു ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചു ലൌകികസന്തോഷങ്ങളെ ഞങ്ങൾ ആഗ്രഹിക്കാതെ ഞങ്ങളുടെ ഹൃദയത്തിൽ മോക്ഷഭാഗ്യത്തിന്മേൽ ആശ വരുത്തി അതിനെ ലഭിപ്പാ

ൻ കൃപചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.
1 ആ. 1 നന്മ. 1 ത്രിത്വ.

### കാണിക്കജപം.

ദൈവഇഷ്ടപ്രസാദങ്ങളാൽ എത്രയും പൂരിക്കപ്പെട്ടവളും സകല മോക്ഷവാസികളുടെ സഭയെക്കാൾ ഉയരപ്പെട്ടവളുമായിരിക്കുന്ന കന്യാസ്ത്രീമറിയമെ! അച്ചശിഷ്ട തമത്രിത്വത്തിൻെറ ആലയമെ! പുണ്യവാന്മാരുടെ മോക്ഷമെ! സങ്കടപ്പെടുന്ന ദോഷക്കാരുടെ ആശ്വാസമെ! കൎമ്മലസഭക്കാരുടെ വിരുതെ! നിനക്കു സ്വസ്തം. നിൻെറ ഉപമയില്ലാത്ത ശരീരത്തിൻെറ വെട്ടിപ്പുകുറിച്ചും എത്രയും ശുദ്ധമുള്ള നിൻെറ ആത്മാവിൽ അലങ്കരിച്ചിരിക്കുന്ന വിശേഷ ദൈവപ്രസാദവരങ്ങളെക്കുറിച്ചും മാലാഖമാൎക്കതിശയവും പുണ്യവാന്മാൎക്കു കണ്ണാടിയും മാതൃകയുമായിരിക്കുന്ന നിൻെറ കുററമററ വ്യാപാരങ്ങളേക്കുറിച്ചും പുത്രൻ തമ്പുരാൻെറ മാതാവു് നീ ആയിരിക്കുന്ന സ്ഥാനമഹിമയെക്കുറിച്ചും എത്രയും ജ്വലിച്ചു വൎദ്ധിച്ചു പ്രകാശിച്ചുള്ള മോക്ഷ സ്നേഹത്താൽ ശരീരത്തിൽനിന്നു ആത്മാവു വേൎപിരിഞ്ഞു നിൻെറ അത്ഭുതമായ ഭാഗ്യമുള്ള മരണത്തേക്കുറിച്ചും പരലോകരാജസ്ത്രീയായിട്ടു സകലാനന്ദത്തോടുകൂടെ മോക്ഷാരോഹണം ചെയ്ത നിൻെറ പ്രതാപമഹിമയെക്കുറിച്ചും സകല മോക്ഷവാസികളുടെ സഭയേക്കാൾ എത്രയും ഉന്നതസ്ഥാനമഹിമയുള്ള മോക്ഷമുടി നീ ചൂടപ്പെട്ടതിനെക്കുറിച്ചും ഞങ്ങൾ പ്രാൎത്ഥിച്ച നന്മകളൊക്കെയും ഞങ്ങൾക്കു തരുവിക്കുന്നതുമല്ലാതെ ഞങ്ങൾ ശരീരവെടിപ്പോടും ആത്മശുദ്ധിയോടും കൂടെ നിൻെറ പുത്രൻെറ കല്പനകളും ചൊൽവിളികളും കാത്തുകൊണ്ടു നടപ്പാനും ഞങ്ങളുടെ സ്ഥാനത്തിനടുത്ത കടങ്ങളൊക്കെയും അയാളുടേയും നിൻെറയും ഇഷ്ടത്തിന്നൊത്തവണ്ണം ഞങ്ങൾ അനുസരിച്ചു നിറവേററുവാനും ഞങ്ങളുടെ മരണസമയത്തിൽ എത്രയും മഹത്വമുള്ള നിൻെറ ആശ്രയവും സഹായവും ഞങ്ങളേക്കുറിച്ചുണ്ടായിരുപ്പാനും ആ സമയത്തിലുണ്ടാകുന്ന വ്യസനങ്ങളിൽ നിന്നു ഞങ്ങൾ രക്ഷപെട്ടു നിൻെറ സഹായത്താൽ ഞങ്ങളുടെ ആത്മ

ശത്രുക്കളുടെ പരിക്ഷകളെ ഒക്കെയും ഞങ്ങൾ ജയിപ്പാനും മരണത്തിൻെറശേഷം മുമ്പിലത്തെ ശനിയാഴ്ച ശുദ്ധികരസ്ഥലത്തിൽ നിന്നും രക്ഷപെട്ടു സദാനന്ദമോക്ഷഭാഗ്യം പ്രാപിപ്പാനും ശേഷം ഞങ്ങൾക്കു വേണ്ടുന്ന നന്മകൾ സമസ്തവും നിൻെറ സ്നേഹമുള്ള പുത്രനോടു അപേക്ഷിച്ചു തരുവിക്കുന്നതിനും നിൻെറ തൃപ്പാദങ്ങൾ മുത്തികൊണ്ടു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

ആമ്മേനീശോ:

നവം. പരിശുദ്ധമാതാവിൻെറ വ്യാകുലജപം.

1. ശുദ്ധ. വ്യാകുലദൈവമാതാവെ! നിൻെറ തിരുക്കുമാരനായ ഞങ്ങളുടെ കൎത്താവീശോമിശിഹാ പാടുപെടുന്നതിനു തലേ രാത്രിയിൽ നിന്നോടു യാത്രചൊല്ലി പിരിയുന്നപ്പോൾ നീ മഹാ ദുഃഖമനുഭവിച്ചു എന്നു വരികിലും കൎത്താവിൻെറ തിരുമനസ്സോടുകൂടെ നിൻെറ മനസ്സിനേയും ചേൎത്തുവല്ലൊ. അടിയങ്ങൾ ഞങ്ങളുടെ മരണസമയത്തിൽ ഇഹലോകത്തെയും ശരീരത്തെയും കൂടപ്പിറപ്പുകൾ, സ്നേഹിതർ മുതലായിട്ടുള്ളവരേയും വിട്ടുപിരിയുമ്പോൾ കൎത്താവിൻെറ തിരുമനസ്സോടുകൂടെ ഞങ്ങളുടെ മനസ്സിനേയും ഒന്നിപ്പിപ്പാനുള്ളതിനു നിൻെറ ഒന്നാം വ്യാകുലത്തേക്കുറിച്ച് അടിയങ്ങൾ അപേക്ഷിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

2 ശുദ്ധ. വ്യാകുല ദൈവമാതാവെ! നിൻെറ തിരുക്കുമാരനായ ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുശരീരത്തിൽ പെട്ട എണ്ണമില്ലാത്ത അടികളേയും അടികളാലുണ്ടായ ഭയങ്കരമായ മുറിവുകളേയും നീ കണ്ടപ്പോൾ പറഞ്ഞൊപ്പിക്കരുതാത്ത ദുഃഖവും വ്യസനവും അനുഭവിച്ചുവല്ലൊ, എന്നുവരികിലും മഹാ എളിമയോടും ക്ഷമയോടും കൂടെ നീ തൃക്കൺപാൎത്തുകൊണ്ടിരുന്നുവല്ലൊ. പാപങ്ങളാൽ ഞങ്ങളുടെ ശരീരത്തിലുണ്ടാകുന്ന ഓരോ സങ്കടങ്ങളെ ഞങ്ങൾ കാണുമ്പോൾ ദുഃഖമനുഭവിച്ചാലും മരണത്തോളം എളിമയോടുകൂടെ അവയെ ക്ഷമിപ്പാനുള്ളതിനു നിൻെറ രണ്ടാം വ്യാകുലത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

3. ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന ഞങ്ങളുടെ കർത്താവീശോമിശിഹാ ഭാരമുള്ള കുരിശുമരവും ചുമന്നുകൊണ്ടു ഗാഗുൽത്താമലയ്ക്കു പോകുന്നനേരത്തിൽ നീ പുത്രനെ കണ്ടു യാത്രചൊല്ലി പിരിയുന്നപ്പോൾ മഹാ ദുഃഖവും സങ്കടവും അനുഭവിച്ചു എന്നുവരികിലും ആ സങ്കടങ്ങളൊക്കെയും എത്രയും ക്ഷമയോടുകൂടെ നീ സഹിച്ചുവല്ലൊ. അടിയങ്ങളും ഞങ്ങളുടെ ദോഷങ്ങളാലെ ഉണ്ടാകുന്ന സങ്കടങ്ങൾ, അപമാനം, വ്യാധി മുതലായ കുരിശിനെ ചുമക്കുന്നപ്പോൾ ക്ഷമകേടുകൂടാതെ മരിപ്പോളം ചുമപ്പാനുള്ളതിനു നിന്റെ മൂന്നാം വ്യാകുലത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു.
1 ആ. 1 നന്മ. 1 ത്രിത്വ.

4. ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന ഞങ്ങളുടെ കർത്താവീശോമിശിഹാ കുരിശിന്മേൽ തറയ്ക്കപ്പെട്ടു കഠിനമായ മരണത്തെ പ്രാപിക്കുന്ന സമയത്തിൽ, അങ്ങേ കുരിശിൻ പക്കൽ നീ തൃക്കൺപാർത്തുകൊണ്ടിരിക്കുമ്പോൾ അടിയങ്ങൾക്കു മാതാവായിട്ട് അവൻ നിന്നെ നിയമിച്ചു തന്നിരിക്കുന്നുവല്ലൊ. അടിയങ്ങൾക്കു നീ എല്ലായിടത്തിലും എല്ലാ സമയത്തും വിശേഷമായി ഞങ്ങളുടെ മരണസമയത്തിലും മാതാവായിരിക്കുന്നു എന്നു കാട്ടുവാൻ നിന്റെ നാലാം വ്യാകുലത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു.
1 ആ. 1 നന്മ. 1 ത്രിത്വ.

5. ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന ഞങ്ങളുടെ കർത്താവീശോമിശിഹാ മരണം പ്രാപിച്ചതിന്റെ ശേഷം ഒരു നിഷ്ഠൂരൻ തന്റെ വിലാവിൽ കുന്തത്താൽ കുത്തി ചങ്കു രണ്ടായി പിളക്കപ്പെട്ടതുകണ്ടു നിന്റെ ഹൃദയവും വ്യാകുലവാളാൽ പിളക്കപ്പെട്ടുവല്ലൊ. അടിയങ്ങളുടെ പാപങ്ങളിന്മേൽ ഉണ്ടാകുന്ന മനസ്താപത്താൽ ഞങ്ങളുടെ ചങ്കു രണ്ടായിട്ടു പിളക്കപ്പെടുവാൻ നിന്റെ അഞ്ചാം വ്യാകുലത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു.
1 ആ. 1 നന്മ. 1 ത്രിത്വ.

6. ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരനായിരിക്കുന്ന ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുശരീരം കുരിശിൽനിന്നിറക്കി നിന്റെ മടിയിൽ വെച്ചാറെ അങ്ങെ ദേഹത്തിന്മേൽ ഉണ്ടായിരുന്ന തിരുമുറിവുകളെ കണ്ണുനീരോടുകൂടെ മുത്തുന്നപ്പോൾ അയാളനുഭവിച്ച പങ്കപ്പാടുകളാൽ പറഞ്ഞൊപ്പിക്കരുതാത്ത ദുഃഖവും വ്യസനവും നീ അനുഭവിച്ചുവല്ലൊ. അടിയങ്ങൾ ഞങ്ങളുടെ കൎത്താവിന്റെ പാടുപെട്ട ശ്രുപത്തിലുള്ള തിരുമുറിവുകളെ കൂടക്കൂടെ കണ്ണുനീരോടുകൂടെ മുത്തുവാനും അയാൾ അനുഭവിച്ച പങ്കപ്പാടുകൾ ധ്യാനിച്ചു ഞങ്ങളുടെ ഹൃദയത്തിലും മനസ്താപവും ഭക്തിയും ഉണ്ടാകുവാനും നിന്റെ ആറാം വ്യാകുലത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 1 നന്മ. 1 ത്രീത്വ.

7. ശുദ്ധ വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരനായ ഞങ്ങളുടെ കൎത്താവീശോമിശിഹാ ഞങ്ങൾക്കുവേണ്ടി തിരുമരണത്തെ പ്രാപിച്ച അന്നു രാത്രിയിൽ സ്നേഹമുള്ള നിന്റെ പുത്രനിൽനിന്നു വേർപിരിഞ്ഞു നീ തനിയെ ആയപ്പോൾ നിരൂപണവചനത്തിലടങ്ങാത്ത മഹാദുഃഖം നീ അനുഭവിച്ചുവല്ലൊ എന്നുവരികിലും എത്രയും ക്ഷമയോടുകൂടെ നീ പാൎത്തുവല്ലോ. അടിയങ്ങളും ഞങ്ങളുടെ ദോഷങ്ങളാൽ ഉണ്ടാകുന്ന വ്യാധി, നാശം, അപമാനം മുതലായ സങ്കടങ്ങൾ അനുഭവിക്കുന്നപ്പോൾ എല്ലാവരാലും കൈവിടപ്പെട്ട ഞങ്ങൾക്കു ഒരു സഹായവും ഇല്ലാതിരുന്നാലും മഹാ എളിമയോടുകൂടെ ദൈവതിരുമനസ്സിനു കീഴ്പ്പെട്ടു പാർപ്പാനുള്ളതിനു നിന്റെ ഏഴാം വ്യാകുലത്തേക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു.

1 ആ. 1 നന്മ. 1 ത്രീത്വ.

ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു
ഞങ്ങൾ യോഗ്യരാകുവാൻ,

എത്രയും വ്യാകുലപ്പെട്ട മറിയമെ!
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രാത്ഥിക്കം.

കരുണയുടെ സമുദ്രമായ ഈശോതമ്പുരാനെ! അങ്ങിന്നു അടിയങ്ങളെക്കുറിച്ചു അനുഭവിച്ച ക്രൂര ദുഃഖവേദനകൾക്കും മോക്ഷരാജ്യത്തിൽ പ്രാപിച്ചിരിക്കുന്ന നിത്യാനന്ദമഹിമ വല്ലഭങ്ങൾക്കും നിന്റെ സ്നേഹമുള്ള മാതാവിനെയും സംബന്ധപ്പെടുത്തുവാൻ നീ തിരുമനസ്സായല്ലൊ. കത്താവെ! നിന്റെ തിരുപങ്കപ്പാടുകളേയും പ്രിയമുള്ള നിന്റെ മാതാവിനുണ്ടായ വ്യാകുലത്തേയുംകുറിച്ചു നിന്റെ മാണിക്കമായ തിരുരക്തത്തിന്റെ വിലതിരാത്ത പൂർണ്ണഫലങ്ങൾക്കും ആ തിരുമാതാവിന്റെ പുണ്യസമ്പത്തുകൾക്കും അടിയങ്ങളേയും അവകാശികളാക്കി നിന്റെ നിത്യാനന്ദരാജ്യത്തിലുള്ള പൂർണ്ണ മഹിമകൾക്കു അടിയങ്ങളേയും യോഗ്യരാക്കേണമെ.

വേദസാക്ഷികളുടെ രാജ്ഞിയെ! ശുദ്ധ. വ്യാകുലമാതാവെ! നിന്റെ സ്നേഹമുള്ള തിരുപുത്രൻ പെട്ട പാടുകളെയും നിന്റെ കഠിനവ്യാകുലങ്ങളെയുംകുറിച്ചു ഞങ്ങളുടെമേലനുഗ്രഹമുണ്ടായി ഞങ്ങൾക്കു വരുവാനിരിക്കുന്ന നരകവേദനയിൽനിന്നു അടിയങ്ങളെ രക്ഷിപ്പാൻവേണ്ടി കത്താവിനോടു ഞങ്ങൾക്കുവേണ്ടി നീ അപേക്ഷിച്ചുകൊള്ളണമെ. അൻപുള്ള മാതാവെ! നിന്റെ ദിവ്യകുമാരൻ തന്റെ തിരുമരണത്തിന്റെ നേരത്തിൽ അരുളിച്ചെയ്തതിൻവണ്ണം നിന്നോടുകൂടെ കുരിശിൻചുവട്ടിൽ നിന്ന പ്രിയമുള്ള ശിഷ്യനെ പുത്രനായിട്ടു നീ കൈക്കൊണ്ടതുപോലെ അടിയങ്ങളെയും അങ്ങേ മക്കളായിട്ടു കയ്യേറ്റുകൊള്ളണമെ. ഈ ലോകത്തിൽ ജീവിക്കുന്ന നാൾവരെയും സർവ്വേശ്വരന്റെ തിരുമനസ്സാൽ അടിയങ്ങൾക്കു നേരിടുന്ന ദുരിതവ്യാകുലസങ്കടങ്ങൾ എല്ലാവറ്റേയും ക്ഷമയോടുകൂടെ സഹിച്ചു ദൈവസ്നേഹത്തിൽ മേല്ക്കുമേൽ വർദ്ധിച്ചു മരണസമയത്തിൽ ഞങ്ങളുടെ സകല പാപങ്ങൾക്കും പൊറുതിയും ദിവ്യകാരുണ്യം, അന്ത്യലേപനം മുതലായ എല്ലാവററിന്റെയും, പരിപൂർണ്ണഫലങ്ങളെയും കൈക്കൊണ്ടു് ആത്മശുദ്ധിയോടുകൂടെ നല്ലമരണത്തേയും പ്രാപിച്ചു മോക്ഷരാജ്യത്തിൽ ചേരുവാ

ൻ വേണ്ടി നിൻെറ തിരുകുമാരൻ ഞങ്ങൾക്കു മനോഗുണം ചെയ്യേണമെന്നും ആയതിന്നു നീതന്നെ ഞങ്ങൾക്കുവേണ്ടി പ്രാൎത്ഥിച്ചുകൊള്ളണമെന്നും നിൻെറ തൃപ്പാദം മുത്തികൊണ്ടു എത്രയും സാദ്ധ്യമായി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

## ൩൯. പരിശുദ്ധ വ്യാകുലമാതാവിൻെറ പ്രാൎത്ഥന.

കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! അനുഗ്രഹിക്കണമെ.
കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കൈക്കൊള്ളണമെ.
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനെ,
ഭൂലോകരക്ഷയുടെ പുത്രൻതമ്പുരാനെ,
റൂഹാദക്കുദിശാതമ്പുരാനെ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ: ത്രീത്വമെ,

ഞങ്ങളുടെമേൽ അനുഗ്രഹിക്കണമെ.

വന്ദിക്കപ്പെട്ടുവാൻ യോഗ്യമുള്ളവളായ ശുദ്ധ. വ്യാകുല ദൈവമാതാവെ,

പാപംനിറഞ്ഞ ഈ പരദേശത്തിൽ വാക്കിലടങ്ങാത്ത വ്യാകുലത്തെയനുഭവിച്ച ശുദ്ധ. മാതാവെ,

നിൻെറ തിരുകുമാരനും ദൈവപുത്രനുമായ ഈശോമിശിഹാ തൊഴുക്കൂട്ടിൽ കാററു, കുളിർ, ദാരിദ്ര്യം മുതലായവററകളാലനുഭവിച്ച ഉപദ്രവങ്ങളെക്കണ്ടു അളവില്ലാത്ത ദുഃഖമനുഭവിച്ച ശുദ്ധ: മാതാവെ,

ഛേദനാചാരത്താൽ ദിവ്യപൈതൽ ചിന്തിയ തിരുരക്തത്തെയും അനുഭവിച്ച നൊമ്പരങ്ങളേയും കണ്ടു കരഞ്ഞു ദുഃഖിച്ച ശുദ്ധ: മാതാവെ,

ഈശോമിശിഹാക്കും നിനക്കും വരുവാനിരിക്കുന്ന കൃച്ഛ്രങ്ങളെ ശുദ്ധ: ശെമെയോൻ പരസ്യമാക്കിയതിനെ കേട്ടു വ്യാകുലവാൾ ഏല്പിക്കപ്പെട്ട ശുദ്ധ. മാതാവെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

നിന്റെ സ്നേഹമുള്ള പുത്രനെ ഹേറോദേശ്രാജാവ് കൊല്ലുവാൻ അന്വേഷിക്കുന്നതിനെകേട്ട മനോവാക്കിലടങ്ങാത്ത വ്യസനമനുഭവിച്ച ശുദ്ധ: മാതാവെ,

ദൈവപിതാവിന്റെ കല്പനപ്രകാരം ദിവ്യപൈതലിനെ എടുത്തുകൊണ്ടു രാത്രികാലത്തിൽ മഹാ ദുഃഖത്തോടുകൂടെ മെസ്രേൻ എന്ന പരദേശത്തിൽ ഒളിച്ചോടിപ്പോയ ശുദ്ധ: മാതാവെ,

ആ അജ്ഞാനരാജ്യത്തിൽ അനേകംനാൾ ദൈവബാലനോടുകൂടെ പരദേശിയായി ഏററവും ഞെരുക്കം അനുഭവിച്ച ശുദ്ധ: മാതാവെ,

പന്ത്രണ്ടുവയസ്സിൽ നിന്റെ ആനന്ദമായ ദിവ്യ ഉണ്ണിമിശിഹാ നിന്നെ പിരിഞ്ഞു കാണാതെപോയതിനാൽ മൂന്നുനാൾ ദുഃഖസാഗരത്തിൽ മുഴുകിയിരുന്ന ശുദ്ധ: മാതാവെ,

ഈശോമിശിഹാ തന്റെ ദിവ്യവേദത്തെ അറിയിപ്പാൻ പ്രദക്ഷിണംചെയ്തു നടക്കുമ്പോൾ അനേകംവട്ടം പാപികളായ യൂദന്മാർ അവനെ നിന്ദിച്ചതിനാൽ അളവററ വ്യാകുലമനുഭവിച്ച ശുദ്ധ: മാതാവെ,

ഈശോമിശിഹാ പാടുപെടുവാൻ തുടങ്ങുമ്പോൾ നിന്റെപക്കൽ വന്നു യാത്രചോദിക്കയാൽ അപ്പോൾ നിന്റെ ആത്മാവു പിരിയുന്നതിന്മണ്ണമുള്ള ദുഃഖവേദനകളിൽ ഉൾപ്പെട്ട ശുദ്ധ: മാതാവെ,

ഈശോമിശിഹായ്ക്കു പൂങ്കാവനത്തിൽവെച്ചുണ്ടായ ദുഃഖാധിക്യത്താൽ രക്തം വിയർത്തൊഴുകി മരണസംഭ്രമമനുഭവിച്ചതിനെ കേട്ടു മനസ്സുരുകി പരിഭവിച്ച ശുദ്ധ: മാതാവെ,

ദിവ്യകർത്താവായ താൻ ഒരു കള്ളനെപ്പോലെ പാപികളാൽ പിടിക്കപ്പെട്ട് കയറുതുടലുകളെക്കൊണ്ടു കെട്ടപ്പെട്ടതിനെയും അറിഞ്ഞു ഏററവും കണ്ണുനീർ ചിന്തിക്കരഞ്ഞ ശുദ്ധ: മാതാവെ,

ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

നിന്റെ നിൎമ്മലനായ തിരുക്കുമാരൻ ഹന്നാൻ, കയ്യേപ്പാ എന്ന പ്രധാനാചാൎയ്യന്മാരുടെ വീട്ടിൽവെച്ചു കള്ളസാക്ഷിക്കാരാൽ കുററം ചുമത്തപ്പെട്ടതിനേയും മരണത്തിനു വിധിക്കപ്പെട്ടതിനേയും കേട്ടു ഭ്രമിച്ചു പരവശയായ ശുദ്ധ: മാതാവെ,

ദിവ്യനാഥനായ താൻ ഒരു നീച ഊഴിയക്കാരനാൽ തിരുക്കവിളത്തിലടിക്കപ്പെട്ടു തിരുമുഖത്തിൽ തുപ്പപ്പെട്ടു ആ രാത്രിമുഴുവൻ സകലവിധ നിഷ്ഠുരങ്ങളാൽ ബോധിക്കപ്പെട്ടിരുന്നതിനേയും അറിഞ്ഞു വ്യാകുലംനിറയപ്പെട്ട ശുദ്ധ: മാതാവെ,

ഉടയവനായ താൻ ഒരു പാതകനെപ്പോലെ പീലാത്തോസെന്ന അധികാരിയുടെപക്കൽ കയ്യാളിക്കപ്പെട്ടു പലക്കുട്ടം ഇല്ലാത്തകുററം ചുമത്തപ്പെടുകയും ഹേറോദേശ്രുരാജാവാലെയും, അവന്റെ സേനകളാലെയും ഭ്രാന്തൻ എന്നു ചൊല്ലപ്പെട്ടു നിന്ദിക്കപ്പെടുകയും ചെയ്തതിനാൽ അളവില്ലാത്ത ദുഃഖമനുഭവിച്ച ശുദ്ധ: മാതാവെ,

പീലാത്തോസെന്നവൻ കുററവും കറയുമില്ലാത്ത ആ നാഥനെ വറഅമ്പാ എന്ന കള്ളനോടുകൂടെ ശരിയാക്കി നിറുത്തി യൂദന്മാരെ കാണിച്ചതിനാലും വറഅമ്പായെ വിട്ടയപ്പാനും നിന്റെ തിരുക്കുമാരനെ കൊല്ലുവാനും ആ ദുഷ്ടന്മാർ കൂപ്പിട്ടു നിലവിളിച്ചതിനാലും കഠിന ദുഃഖത്താൽ മനസ്സു നോകപ്പെട്ട ശുദ്ധ: മാതാവെ,

സ്നേഹമുള്ള നിന്റെ പുത്രൻ കൽത്തൂണിന്മേൽ കെട്ടപ്പെട്ടു ക്രൂരസേവകന്മാരാൽ അടിക്കപ്പെട്ടഅടികളൊക്കെയും നിന്റെ ഹൃദയത്തിൽ കൊണ്ടതുപോലെയുള്ള വേദന അനുഭവിച്ച ശുദ്ധ. മാതാവെ,

നിന്റെ പ്രിയമുള്ള പുത്രന്റെ തിരുമാംസം അടികളാൽ ചിതറപ്പെടുകയും തിരുരക്തം വെള്ളംപോലെ ഒഴുകുന്നതിനെയും തിരുമേനി ഒക്കെയുംഏകവ്രണമായിട്ടു പൊളിയപ്പെട്ടിരിക്കുന്നതിനേയും കണ്ടു നിന്റെ ഹൃദയമൊക്കെയും പിളൎന്നു വിമ്മിഷ്ടമായി പരിതപിച്ച ശുദ്ധ: മാതാവെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

അയാളുടെ തിരുത്തലയിൽ മുൾവെച്ചു തറെക്കയും മുളവടികൊണ്ടു് അടിക്കയും തലയുടെ നാലുവശത്തിലും മുള്ളുകൾ ഉൾപ്രവേശിക്കയും ആ മുള്ളുകൾവഴിയായിട്ടു ചിന്തിയൊഴുകുന്ന രക്തത്താൽ തിരുമുഖവും താടിയും നനയുകയും ചെയ്യുന്നതിനേക്കണ്ടു വ്യാകുലമുള്ളുകളാൽ ഹൃദയം മുറിയപ്പെട്ട ശുദ്ധ: മാതാവെ,

സ്നേഹമുള്ള നിൻെറ ഏകപുത്രനെ കുരിശിന്മേൽ തറെക്കണമെന്നുള്ള അന്ന്യായവിധിയെ കേട്ടു വ്യാകുല ആണിയാൽ തറെക്കപ്പെട്ട ശുദ്ധ: മാതാവെ,

മഹാ അപമാനത്തോടുകൂടെ നിൻെറ ദിവ്യകുമാരൻ ഏറിയ ജനങ്ങളുടെ നടുവെ ഭാരമായ കുരിശിനെ ചുമന്നുകൊണ്ടു് വരുന്നതിനെക്കണ്ടു മനസ്സുരുകി പ്രലാപിച്ച ശുദ്ധ: മാതാവെ,

ചെമ്മരിയാട്ടിൻകുട്ടിയേപ്പോലെ കൊലക്കളത്തിൽ കൂട്ടിക്കൊണ്ടുപോകപ്പെട്ട നിൻെറ സ്നേഹപുത്രനെ പിൻചെന്നു കണ്ടു കഠിനദുഃഖത്താൽ പരവശപ്പെട്ട ശുദ്ധ: മാതാവെ,

ക്രൂരസേവകന്മാർ നിൻെറ ദിവ്യകുമാരൻെറ മുറിവുകളോടുകൂടെ ഒട്ടിയിരുന്ന വസ്ത്രങ്ങളെ തോലുരിയുംവണ്ണം പറിച്ചുരിയുന്നതിനെക്കണ്ടു മഹാ വ്യാകുലമനുഭവിച്ച ശുദ്ധ: മാതാവെ,

അയാളെ കുരിശിന്മേൽ തറെക്കുന്ന ശബ്ദംകേട്ടു വ്യസനാധിക്യത്താൽ മോഹിച്ചു വീണ ശുദ്ധ: മാതാവെ,

നിൻെറ സ്നേഹമുള്ള പുത്രനെ രണ്ടു കള്ളന്മാരുടെ നടുവിൽ ഉയൎന്ന സ്ലീവാമരത്തിന്മേൽ തറച്ചു നാട്ടിയിരിക്കുന്നതിനെയും ഏറിയ ജനസമൂഹം അയാളെ നോക്കി ദുഷിക്കുന്നതിനേയുംകണ്ടു ഹൃദയമുരുകി ഊറെറാഴുക്കുപോലെ കണ്ണുനീർ ചിന്തിയ ശുദ്ധ: മാതാവെ,

നിൻെറ സ്നേഹമുള്ള പുത്രൻ ഒരു യാമം മുഴുവനും കഠിനവേദനയോടുകൂടെ തൂങ്ങിക്കിടക്കുന്നതിനെക്കണ്ടു് വ്യാകുലത്താൽ അയാളോടുകൂടെ കുരിശിന്മേൽ തറെക്കപ്പെട്ട ശുദ്ധ: മാതാവെ,

ഞങ്ങൾക്കവേണ്ടി അപേക്ഷിക്കണമെ.

സൎവ്വേശ്വരനായിരിക്കുന്നയാൾ തനിക്കു പകരമായിട്ടു യോഹന്നാനെ നിനക്കു മകനായിട്ടു തന്നതിനാലും എന്റെ തമ്പുരാനെ! എന്റെ തമ്പുരാനെ! എന്നെ എന്തുകൊണ്ടു നീ ഉപേക്ഷിച്ചു എന്നുള്ള ദുഃഖവാക്യത്തെ കേട്ടതുകൊണ്ടും അനന്തപരിതാപം അനുഭവിച്ച ശുദ്ധ. മാതാവെ,

സ്നേഹമുള്ള നിന്റെ പുത്രൻ തിരുതല ചായിച്ചു മരണംപ്രാപിക്കുന്നതിനെ കണ്ടു നിന്റെ ജീവൻ പിരിയുന്നതിനേക്കാൾ അധികവേദനയിലുൾപ്പെട്ട ശുദ്ധ. മാതാവെ,

ജീവൻപിരിഞ്ഞ ദൈവപുത്രന്റെ തിരുവിലാവിനെ ഒരു സേവകൻ കുന്തത്താൽ കുത്തി തുറക്കുന്നതിനെക്കണ്ടു വ്യാകുല വാളാൽ ഹൃദയം തുറക്കപ്പെട്ട ശുദ്ധ. മാതാവെ,

ശിഷ്യരാലെ സ്ലീവായിൽനിന്നിറക്കപ്പെട്ട നിന്റെ പുത്രന്റെ തിരുശരീരത്തെ നിന്റെ തിരുമടിയിൽ കിടത്തിക്കൊണ്ടു അങ്ങേ തിരുമുറിവുകളെ മുത്തുകയും ഉററു സൂക്ഷിക്കയും ചെയ്യുന്നപ്പോൾ ഏററവും കണ്ണുനീർ ചിന്തിക്കരഞ്ഞ ശുദ്ധ. മാതാവെ,

അയാളെ കവറടക്കംചെയ്തതിന്റെശേഷം നീ തനിയെ ഏകാന്തമായിരുന്നതിനാലും അങ്ങേ തിരുപ്പാടുകളെ ഇടവിടാതെ നിരൂപിച്ചതിനാലും അളവില്ലാത്ത ദുഃഖവ്യാകുലത്തിലകപ്പെട്ട ശുദ്ധ. മാതാവെ,

ഞങ്ങളെക്കുറിച്ച് ഈ ഏറിയ ദുഃഖസങ്കടങ്ങളിൽ ഉൾപ്പെട്ട ശുദ്ധ. മാതാവെ,

വ്യാകുലാധിക്യത്താൽ സകല വേദസാക്ഷികളേക്കാൾ അധിക വേദന അനുഭവിച്ച ശുദ്ധ. മാതാവെ,

സകല ഉപദ്രവങ്ങളിലും വ്യാകുലങ്ങളിലും ഏത്രയും ശരണത്തോടും വണക്കത്തോടുംകൂടെ ദൈവതിരുമനസ്സിനു കീഴ്പ്പെട്ടിരുന്ന ശുദ്ധ. മാതാവെ,

സകല ദുഃഖസന്താപങ്ങളിലും ഇളകാത്ത ഉത്തമ ക്ഷമയുടെ മാതൃകയായ ശുദ്ധ: വ്യാകുലദൈവമാതാവെ,

ദുഃഖസങ്കടങ്ങളിൽ അടിയങ്ങൾക്കു ആശ്വാസവും സന്തോഷവുമായ ശുദ്ധ. വ്യാകുലദൈവമാതാവെ,

ഞങ്ങൾക്കവേണ്ടി അപേക്ഷിക്കണമെ.

ഭൂലോകദോഷഹരിനം ചെയ്യുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോതമ്പുരാനെ,

കൎത്താവെ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ.

ഭൂലോകദോഷ ...........................കൎത്താവെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കേണമെ.

ഭൂലോകദോഷ ...........................കൎത്താവെ! ഞങ്ങളുടെമേൽ നീ അനുഗ്രഹിക്കേണമെ.

കൎത്താവെ! അനുഗ്രഹിക്കണമെ.

മിശിഹായെ! അനുഗ്രഹിക്കണമെ.

കൎത്താവെ! അനുഗ്രഹിക്കണമെ.

പ്രാൎത്ഥിക്ക.

ഈശോമിശിഹാ കൎത്താവെ! അങ്ങുന്നു പാടുപെടുന്ന നേരത്തിൽ വ്യാകുലവാളാൽ ആത്മത്തിൽ മുറിവേൽക്കപ്പെട്ട നിന്റെ മാതാവായ പരിശുദ്ധ കന്യാസ്ത്രീമറിയം നിന്റെ കൃപയുടെ സിംഹാസനത്തിൻപക്കൽ ഞങ്ങൾക്കുവേണ്ടി ഇപ്പഴും ഞങ്ങളുടെ മരണനേരത്തിലും മദ്ധ്യസ്ഥയായി നില്പാൻ കൃപ ചെയ്യേണമെ. ഈ അപേക്ഷകളൊക്കെയും ബാവായോടും റൂഹാദക്കുദിശായോടും കൂടെ നിത്യമായി ജീവിച്ചുവാഴുന്ന ലോകരക്ഷിതാവായ ഈശോമിശിഹായെ! നീ വഴിയായിട്ടു ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ആമ്മേനീശോ.

൧൦. ശുദ്ധ. മാർ യൌസേപ്പു പുണ്യവാളന്റെ

ഏഴ വ്യാകുലങ്ങളെയും സന്തോഷങ്ങളെയും കുറിച്ചുള്ള ജപം.

1 മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പുപുണ്യവാളാ! നിന്റെ ഭാൎയ്യയായ പരിശുദ്ധ കന്യാസ്ത്രീമറിയം ഗൎഭിണിയായിരിക്കുന്നതു കണ്ടു ദൈവപരമരഹസ്യത്തെ അറിയാതെ മഹാ മനോപീഡയും ദുഃഖവും അനുഭവിച്ചുവല്ലൊ. എന്നാൽ

ഈ ദുഃഖത്തെ തീപ്പാൻ ദൈവദൂതൻ സ്വപ്നത്തിൽ നിന ക്ക കാണപ്പെട്ട റൂഹാദക്കുദിശായാലെ ദൈവപുത്രൻ മാതാവി ൻെറ ഉദരത്തിൽ ഉത്ഭവിച്ചതിനെ അറിയിക്കയാൽ മനോവി ഷാദം നീങ്ങി പിന്നെയും സന്തോഷപ്പെട്ടുവല്ലൊ ഇങ്ങനെയു ള്ള നിൻെറ ദുഃഖത്തേയും സന്തോഷത്തേയുംകുറിച്ച എൻെറ മനസ്സിലുണ്ടാകുന്ന സകല ദൈവസന്ദേഹങ്ങളേയും ലോകത്തി ലുള്ള ദുഃഖ മഞ്ചലങ്ങളെല്ലാവറേറയും അകററി ദൈവത്തിൻ പക്കൽ മനസ്സു തെളിഞ്ഞിരിപ്പാൻ കൃപ ചെയ്യണമെ.

1 ആ. 1 നന്മ. 1 ത്രി.

2. മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പു പുണ്യവാ ളാ! ഗർഭണിയായിരുന്ന നിൻെറ എത്രയും ശുദ്ധമാക്കപ്പെട്ട ഭാ ര്യയേയുംകൊണ്ടു ബേത്ലഹേമെന്ന നഗരിയിൽ പോയപ്പോ ൾ പാപ്പാൻ ഒരു വിടുതി കിട്ടാതെകണ്ടു മഹാ ദുഃഖത്തോടുകൂ ടെ തൊഴുത്തിൽ പാത്തുവല്ലൊ എന്നാൽ അവിടെവെച്ച ദൈ വപുത്രനെ പ്രസവിച്ചതിനേയും ദൈവദൂതൻ വന്നു സ്തുതിആ രാധനകൾ ചെയ്തതിനെയും ഇടയന്മാർ കാഴ്ചകളും കൊണ്ടുവന്നു വണങ്ങുന്നതിനെയും കണ്ടു ആ ദുഃഖത്തിലിരുട്ടി സന്തോഷപ്പെ ട്ടുവല്ലൊ. ഇങ്ങനെയുള്ള നിൻെറ ദുഃഖത്തേയും സന്തോഷ ത്തേയും കുറിച്ചു ഞാൻ ഇഹലോകത്തിൽ അനുഭവിക്കുന്ന ഞെ രുക്കങ്ങളേയും, ക്ഷീണങ്ങളേയും നീക്കി ദൈവകുമാരനെ മ നോരൂപികളുടെ സംഗീതത്തോടുകൂടെ സ്തുതിച്ചു കൊണ്ടാടി സ ന്തോഷിച്ചിരിപ്പാൻ കൃപചെയ്യേണമെ.

1 ആ. 1 നന്മ. 1 ത്രി.

3. മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പുപുണ്യവാ ളാ! ദൈവകുമാരൻ പിറന്നു എട്ടാംനാൾ അയാൾക്കു ഛേദ നാചാരം ചെയ്യുമ്പോൾ ആ മൃദുവായ തിരുമേനിയിൽ കുത്തി പ്പെട്ട രക്തം ചിന്തുന്നതിനെ കണ്ടു നീ എത്രയും ദുഃഖപ്പെട്ടുവ ല്ലൊ. എന്നാൽ 13—ാം നാൾ മൂന്നു രാജാക്കൾ വന്നു അയാ ളെ വണങ്ങുന്നതിനേക്കണ്ടു വീണ്ടും വാക്കിലടങ്ങാത്ത സന്തോ ഷത്തെ പ്രാപിച്ചുവല്ലൊ. ഇങ്ങനെയുള്ള നിൻെറ ദുഃഖത്തേയും

സന്തോഷത്തേയും കുറിച്ച ഞാൻ ഇഹലോകത്തിൽ ശരീരപീഡകൊണ്ടു എന്റെ ദുർഗ്ഗുണങ്ങളെ നീക്കി പരലോകത്തിൽ അയാളുടെ തൃപ്പാദദർശനം കണ്ടു സന്തോഷിച്ചിരിപ്പാൻ കൃപ ചെയ്യേണമെ. 1 ആ. 1 നന്മ. 1 ത്രി.

4 മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പുപുണ്യവാളാ! നീ ദൈവമാതാവിനോടുകൂടെ ദൈവപുത്രനെ കാണിക്ക വെപ്പാൻ പോയപ്പോൾ ശെമഹോൻ എന്ന ധർമ്മിഷ്ടൻ ആ കുമാരനെ കണ്ടു വളരെ തെളിഞ്ഞു സ്തുതി ആരാധന ചെയ്തശേഷം ശുദ്ധ. മാതാവിനെ നോക്കിക്കൊണ്ടു പലരുടെ അപേക്ഷനിന്നാലെ പരസ്യപ്പെടുവാൻ നിന്റെ ചങ്കിൽ ചവളം കടക്കുമെന്നു ചൊല്ലിയതിനെ കേട്ടു എത്രയും വ്യസനപ്പെട്ടുവല്ലൊ എന്നാൽ വീണ്ടും ഇയാൾ ഇസ്രായേൽജനങ്ങളെ രക്ഷിപ്പാൻ വന്ന മിശിഹാകർത്താവെന്നു ചൊല്ലി സകലരും അയാളെ സ്തുതിച്ചു കൊണ്ടാടുന്നതിനെ കണ്ടു എത്രയും നീ സന്തോഷപ്പെട്ടുവല്ലൊ. ഇങ്ങനെയുള്ള നിന്റെ ദുഃഖത്തേയും സന്തോഷത്തേയും കുറിച്ചു ഞാൻ ഇഹലോകത്തിൽ അയാൾക്കു വിരോധമായി പാപം ചെയ്യാതെ നടന്നു അയാളാൽ പരഗതിയെ പ്രാപിപ്പാൻ കൃപ ചെയ്യേണമെ. 1 ആ. 1 ന. 1 ത്രി.

5. മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പുപുണ്യവാളാ! നീ എത്രയും സൂക്ഷിച്ചു കാത്തിരുന്ന ദൈവകുമാരനെ കൊല്ലുവാൻ ഹേറോദേശ്‌രാജാവു് അന്വേഷിക്കുന്നതറിഞ്ഞു ദൈവകല്പനയാൽ മെസ്രേൻ എന്ന നാട്ടിൽ കൊണ്ടുപോകുന്നപ്പോൾ മഹാ ദുഃഖവും സങ്കടവും അനുഭവിച്ചുവല്ലൊ. എന്നാൽ ആ ഞെരുക്കമൊഴിഞ്ഞു മെസ്രേൻ എന്ന രാജ്യത്തിൽ ചെന്നതിന്റെ ശേഷം സുഖമായിട്ടു പാർത്തു വീണ്ടും സന്തോഷപ്പെട്ടുവല്ലൊ. ഇങ്ങനെയുള്ള നിന്റെ ദുഃഖത്തേയും സന്തോഷത്തേയും കുറിച്ചു ഞാൻ എന്റെ ആത്മശത്രുക്കളാലുണ്ടാകുന്ന നാശത്തിൽനിന്നൊഴിഞ്ഞു രക്ഷയുടെ വഴിയെ പ്രാപിപ്പാൻ കൃപ ചെയ്യേണമെ. 1 ആ. 1 ന. 1 ത്രി.

6 മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പുപുണ്യവാളാ! മെസ്രേൻ എന്ന രാജ്യത്തിൽവെച്ച നിനക്കു ദൈവദൂതൻ കാണപ്പെട്ടു ഇസ്രായേൽരാജ്യത്തിനു പിരിഞ്ഞുപോരുവാൻ അറിയിച്ചപ്പോൾ ദുഷ്ടു ഹേറോദേശ്‌രാജാവിൻെറ കുമാരനായ അക്കലാവോസ് എന്നവൻ വാഴ്കയാൽ അവൻെറ അന്യായമറിഞ്ഞു ദുഃഖമായിരുന്നുവല്ലൊ. എന്നാൽ ആ രാജ്യത്തിൽനിന്നകന്നു ഗ്ലീലാ എന്ന ദേശത്തിൽ നസറെസ്സ് എന്ന നഗരിയിൽ വരുവാൻ വെളിവുണ്ടായി അവിടെ ചെന്നതിൻെറ ശേഷം സന്തോഷമായിരുന്നുവല്ലൊ. ഇങ്ങിനെയുള്ള നിൻെറ ദുഃഖത്തെയും സന്തോഷത്തെയും കുറിച്ച എനിക്കു വരുന്ന ആപത്തുകൾ അകററി ഒരു ഭയവും പേടിയും ഇല്ലാത്ത മോക്ഷരാജ്യത്തിൽ ആനന്ദമായി വസിച്ചിരിപ്പാൻ കൃപചെയ്യേണമെ

1 ആ. 1 ന. 1 ത്രി.

7. മഹാത്മാവായിരിക്കുന്ന മാർ യൌസേപ്പുപുണ്യവാളാ! നീ ദൈവമാതാവോടും കുമാരനോടും കൂടെ ഓർശ്ലേം നഗരിയിലെ ദൈവാലയത്തിൽ തിരുനാൾക്കു പോയപ്പോൾ കുമാരനെ കാണാതെ മൂന്നുനാൾ വളരെ ദുഃഖസന്താപത്തോടുകൂടെ അന്വേഷിച്ച നടന്നുവല്ലൊ. എന്നാൽ മൂന്നുനാളിൻെറ ശേഷം വേദവിദ്യാപാരഗന്മാരോടുകൂടെ ദേവാലയത്തിൽവെച്ച അയാളെക്കണ്ടു വീണ്ടും മനോതുഷ്ടി പ്രാപിച്ചുവല്ലൊ. ഇങ്ങനെയുള്ള നിൻെറ ദുഃഖത്തേയും സന്തോഷത്തേയും കുറിച്ച ഞാൻ പാപത്താൽ സർവ്വേശ്വരനെ വെടിഞ്ഞുപോയാൽ മനഃസ്താപത്താൽ തേറി മോക്ഷവാസികളോടുകൂടെ അയാളെ മുഖമുഖമായി കണ്ടു സന്തുഷ്ടിയായിരിപ്പാൻ കൃപചെയ്യേണമെ.

1 ആ. 1 നന്മ. 1 ത്രി.

ഈശോമിശിഹായുടെ പറഞ്ഞൊപ്പുകൾക്കു

ഞങ്ങൾ യോഗ്യരാകുവാൻ,

ശുദ്ധ: മാർ യൌസേപ്പു പുണ്യവാളാ!

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

പ്രാൎത്ഥിക്ക.

എത്രയും ശുദ്ധമാകപ്പെട്ട ദൈവജനനിക്ക ഭൎത്താവായിട്ട ഭാഗ്യപ്പെട്ട മാർ യൌസേപ്പിനെ അങ്ങേ അളവററ മുൻ വിചാരണയാൽ തിരിഞ്ഞെടുപ്പാൻ തിരുമനസ്സായ സൎവ്വേശ്വരാ! ഈ ലോകത്തിൽ ഞങ്ങളുടെ പരിപാലകനായിട്ട വണങ്ങുന്ന ഈ ശുദ്ധമാകപ്പെട്ടവൻ ആകാശരാജ്യത്തിൽ ഞങ്ങളുടെ മദ്ധ്യസ്ഥനായിരിപ്പാൻ ഞങ്ങൾ യോഗ്യരാകുന്നതിനു കൃപചെയ്യേണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ആമ്മേനീശോ.

൩൧. മാർ യൌസേപ്പു മുനിന്ദ്രന്റെ മഹിമവന്ദനം.

എത്രയും പരിശുദ്ധ മാമുനിശ്രേഷ്ഠനായിരിക്കുന്ന മാർ യൌസേപ്പെ! സുകൃതത്തിലും ദൈവവരപ്രസാദത്തിലും ഭാഗ്യത്തിലും നിനക്ക സമമുള്ളവനാര്, ബാവാതമ്പുരാന്റെ പള്ളിയറക്കാരൻ നീ, പുത്രൻതമ്പുരാന്റെ രക്ഷിതാവു് നീ, റൂഹാദക്കുദിശാതമ്പുരാന്റെ സ്ഥാനത്തിൽ തന്റെ പത്നിക്കു തുണയായവൻ നീ, ത്രിത്വത്താൽ ദിവ്യ രഹസ്യങ്ങളുടെ നിക്ഷേപക്കാരനായിട്ട തിരിഞ്ഞെടുക്കപ്പെട്ടവൻ നീ, സകലവും സൃഷ്ടിച്ച ആളിന്റെ മാതാവിന്നു് ഭൎത്താവായതും നീ, ഇങ്ങനെയുള്ള നിന്റെ മഹിമകളെ വൎണ്ണിപ്പാൻ മനോരൂപികൾക്കുകൂടെയും പ്രയാസമായിരിക്കയാൽ അടിയനാൽ പ്രാപ്തിയാകുന്നതു് എങ്ങിനെ. എന്നാൽ എന്റെ ആശയും ഭക്തിയും തികപ്പാൻ മാത്രം എന്നാൽ കഴിയുംവണ്ണം നിന്നെ ഞാൻ സ്തുതിക്കുമാറാകണമെ.

തള്ളയുടെ ഉദരത്തിൽ ദൈവവരപ്രസാദത്താൽ അലംകൃതനായി ഭവിച്ചതിനാൽ ഭാഗ്യമുള്ളവൻ നീ വാഴ്ക വാഴ്ക.

പാപലോകത്തിൽ പിറന്നു പാപത്തിന്റെ കറയേതുംകൂടാതെ ജീവിച്ചതിനാൽ ഭാഗ്യമുള്ളവൻ നീ വാഴ്ക വാഴ്ക.

ജലത്തിലുണ്ടാകുന്ന പുഷ്പം ജലത്തോടുകൂടെ കലരാതിരിക്കുമെന്നതുപോലെ നീ സ്ത്രീശരണവാസത്തിൽ വാണു് സ്ത്രീയോടു ചേരാതിരുന്നതിനാൽ ഭാഗ്യമുള്ളവൻ നീ വാഴ്ക വാഴ്ക.

പഴുതറ കന്യാസ്ത്രീയെ വിവാഹംചെയ്തു് ബ്രഹ്മചൎയ്യത്വത്തിന്നന്തരം വരാതെ നീ വിരക്തനായിരുന്നതിന്റെ പുത്രഫലം റൂഹാദക്കുദ്ശായുടെ വരത്താൽ പ്രാപിച്ചതിനാൽ ഭാഗ്യമുള്ളവൻ നീ വാഴ്ക വാഴ്ക.

മോക്ഷരാജ്യത്തിൽ ദൈവമാതാവു കഴിഞ്ഞാൽ മറ്റെല്ലാവരെക്കാൾ അധിക മോക്ഷമഹിമയെ പ്രാപിച്ചിരിക്കുന്നതിനാൽ ഭാഗ്യമുള്ളവൻ നീ വാഴ്ക വാഴ്ക.

ദൈവമാതാവു നിന്നെ പട്ടാങ്ങയായ ഭൎത്താവായി ബഹുമാനിച്ചും ദൈവസുതൻ നിന്നെ രക്ഷദാതാവായി കൈക്കൊണ്ടു നിന്റെ അപേക്ഷകളൊക്കെ സാധിച്ചും വരുന്നതിനാൽ ഭാഗ്യമുള്ളവൻ നീ വാഴ്ക വാഴ്ക.

പഴുതറ സന്യാസ വിരക്തൻ നീ ആകയാൽ വിരക്തന്മാൎക്കു സങ്കേതം, വിവാഹക്കാരനാകയാൽ വിവാഹക്കാൎക്കു സങ്കേതം, ഉണ്ണിമിശിഹായെ കാത്തതിനാൽ മാതാപിതാക്കന്മാരില്ലാത്ത ബാലന്മാൎക്കു സങ്കേതം, ദൈവമാതാവിനേയും കുമാരനേയും കൊണ്ടു അനേക പരദേശവഴി നടന്നതിനാൽ പരദേശികൾക്കു സങ്കേതം, ഇങ്ങനെ എല്ലാവരും നിന്റെ രക്ഷയിലും സങ്കേതത്തിലും ആശ്രയിച്ചിരിക്കയാൽ ഞാനും എന്നെ നിന്റെ സ്വന്ത അടിമയായി പാദകാണിക്ക വെക്കുന്നു. നീയും ഈദശാമറായത്തോടുകൂടെ എന്നെ അടിമയായി കയ്യേറു ദൈവതിരുമനസ്സുപോലെ നടത്തി, നിങ്ങൾ മൂവരുടെ കയ്യിൽ എന്റെ ആത്മാവു ചേരുന്നതിനു കൃപലഭിച്ചു തന്നരുളേണമെ.

൩൨. മാർ യൌസേപ്പു പുണ്യപിതാവിനെക്കുറിച്ചു പരിശുദ്ധ ത്രീത്വത്തോടു ജപം.

സൎവ്വത്തും വശമാകുന്ന ബാവാതമ്പുരാനെ! അങ്ങേ സ്ഥാനക്കാരനായിട്ടു മാർ യൌസേപ്പിനെ തിരിഞ്ഞെടുത്തതിനെക്കുറിച്ചു് അങ്ങേയ്ക്കു സ്തുതിയായിരിക്കട്ടെ. ഈ മഹിമപ്പെട്ട അതിശയത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു.

1 ആ. 1 ന. 1 ത്രി.

ഞങ്ങളുടെ രക്ഷിതാവായ പുത്രൻ തമ്പുരാനെ! അങ്ങെ പിതൃസ്ഥാനക്കാരനായിട്ടു മാർ യൌസേപ്പിനെ തിരിഞ്ഞെടുത്തു ഉയത്തിയതിനെക്കുറിച്ചു അങ്ങേക്കു സ്തുതിയായിരിക്കട്ടെ. ഈ മഹിമപ്പെട്ട അതിശയത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 1 ന. 1 ത്രി.

ഞങ്ങളുടെ ആത്മാവുകളെ ശുദ്ധമാക്കുന്നവനും ആശ്വസിപ്പിക്കുന്നവനുമായ റൂഹാദക്കുദിശാതമ്പുരാനെ! അങ്ങെ മനൊവാട്ടിയായ പരിശുദ്ധ കന്യാസ്ത്രീമറിയത്തിനു ഭത്താവായിട്ടു മാർ യൌസേപ്പിനെ കല്പിച്ചതിനെക്കുറിച്ചു അങ്ങേക്കു സ്തുതിയായിരിക്കട്ടെ. ഈ മഹിമപ്പെട്ട അതിശയത്തെക്കുറിച്ചു അടിയങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 1 ന. 1 ത്രി.

൩൬. മാർ യൌസേപ്പുപിതാവിന്റെ ലുത്തിനിയാ.

കത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! അനുഗ്രഹിക്കണമെ.
കത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ ഞങ്ങളുടെ പ്രാത്ഥന നീ കേൾക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാർത്ഥന നീ കൈക്കൊള്ളണമെ.

ആകാശങ്ങളിലിരിക്കുന്ന ബാവാ തമ്പുരാനെ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനെ,
റൂഹാദക്കുദ്ശാതമ്പുരാനെ,
ഏകസത്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമെ,
ശുദ്ധ മറിയമെ,
തമ്പുരാന്റെ പുണ്യ ജനനിയെ,
കന്യാസ്ത്രീകൾക്കു മകുടമാകുന്ന നിമ്മല കന്യകയെ,

(ഞങ്ങളെ അനുഗ്രഹിക്കണമെ.)

ദാവിദിന്റെ പുത്രനായ മാർ യൌസേപ്പെ,
മഹാത്മാവായ മാർ യൌസേപ്പെ,
അത്യന്ത ഭാഗ്യവതിയായ കന്യാസ്ത്രീയുടെ ഭത്താവായ മാർ യൌസേപ്പെ,

ബാവാതമ്പുരാന്റെ മകളും പുത്രൻതമ്പുരാന്റെ മാതാവും റൂഹാദക്കുദ്ശാതമ്പുരാന്റെ മണവാട്ടിയുമായ കന്യകക്കു തലവനായ മാർ യൌസേപ്പേ,

പിറക്കുന്നതിന്നു മുമ്പിൽ അർപ്പിക്കപ്പെട്ടവനായ മാർ യൌസേപ്പേ,

റൂഹാദക്കുദ്ശായാൽ പൂരിക്കപ്പെട്ട മാർ യൌസേപ്പേ,

പൂർവ്വപിതാക്കന്മാർക്കു കിരീടമായ മാർ യൌസേപ്പേ,

പരിശുദ്ധകന്യകക്കു ഭർത്താവായിട്ട സകല മനുഷ്യരിലുംവെച്ച് മുഖ്യനായി അത്ഭുതമാംവണ്ണം സർവ്വേശ്വരനാൽ തിരിഞ്ഞെടുക്കപ്പെട്ട മാർ യൌസേപ്പേ,

വാക്കിലടങ്ങാത്ത ആശീർവ്വാദങ്ങളാൽ അലങ്കരിക്കപ്പെട്ട മാർ യൌസേപ്പേ,

പരിശുദ്ധ കന്യകയെ വിവാഹം ചെയ്‌വാൻ യോഗ്യനായ മാർ യൌസേപ്പേ,

പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം ദൈവദൂതനാൽ അറിയിക്കപ്പെട്ടവനായ മാർ യൌസേപ്പേ!

ഈശോമിശിഹായുടെ പിതാവെന്നു നാമധേയം ധരിക്കപ്പെട്ട മാർ യൌസേപ്പേ,

ഈ നാമം കാരണത്താൽ സകല മനുഷ്യരേക്കാളും മാലാഖമാരെക്കാളും അധിക ബഹുമാനത്തെ പ്രാപിച്ചിരിക്കുന്ന മാർ യൌസേപ്പേ,

ഈ മഹിമയുള്ള സ്ഥാനത്തിന്നുവേണ്ടി റൂഹാദക്കുദ്ശായുടെ അധിക വരപ്രസാദങ്ങളാൽ അലങ്കരിക്കപ്പെട്ട മാർ യൌസേപ്പേ,

പരിശുദ്ധമാതാവിന്നു ഇടവിടാതെയുള്ള തുണയായ മാർ യൌസേപ്പേ,

ബേതലഹേം എന്ന നാട്ടിൽ പരിശുദ്ധ മാതാവിന്നു തുണയായിട്ട പോയ മാർ യൌസേപ്പേ,

ഈശോമിശിഹായുടെ ശൈശവത്തിനടുത്ത രഹസ്യങ്ങൾക്കു വിശ്വാസമുള്ള സാക്ഷിയായ മാർ യൌസേപ്പേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നതെ.

പരിശുദ്ധമാതാവിന്റെ ശേഷം മുമ്പിനാൽ ഈശോമിശിഹായെ വന്ദിച്ചവനായ മാർ യൗസേപ്പേ,

കർത്താവിനെ സ്തുതിച്ചുകൊണ്ടു മാനുഷമക്കൾക്കു സമാധാനം അറിയിച്ചവനായ മാർ യൗസേപ്പേ,

ഈശോമിശിഹായ്ക്കു തിരുനാമം വിളിച്ച മാർ യൗസേപ്പേ,

പരി: മാതാവോടുകൂടെ ഈശോമിശിഹായെ കാഴ്ചവെച്ച മാർ യൗസേപ്പേ,

ഹേറോദേശിന്റെ കയ്യിൽനിന്ന് ഈശോമിശിഹായെ രക്ഷിച്ച മാർ യൗസേപ്പേ,

നിന്റെ വിയർപ്പിനാൽ പരി: മാതാവിനെയും തിരുകുമാരനേയും വളർത്തിയ മാർ യൗസേപ്പേ,

ഗൃഹപാലനം ചെയ്തു തന്റെ കുടുംബത്തെ രക്ഷിപ്പാൻവേണ്ടി സർവ്വേശ്വരനാൽ കല്പിക്കപ്പെട്ട മാർ യൗസേപ്പേ,

ഭൂലോകത്തിൽ കർത്താവിന്റെ വീട്ടിന്മേൽ മഹാ ജാഗ്രതയുള്ള ഗൃഹസ്ഥനായ മാർ യൗസേപ്പേ,

ഏററം സന്തോഷപൂർത്തിയോടുകൂടെ ഈശോയെ പാലിച്ച മാർ യൗസേപ്പേ,

പരമരഹസ്യമായ മനുഷ്യരക്ഷമേൽ ശരണമുള്ളവനായിരുന്ന മാർ യൗസേപ്പേ,

കാർക്കുന്ന മാലാഖായെപ്പോലെ ഈശോയിക്കു സഹായം ചെയ്തുവന്ന മാർ യൗസേപ്പേ,

മെസ്രേൻരാജ്യത്തിൽ ഉണ്ടായിരുന്ന വിഘ്നങ്ങളെ ഒഴിച്ചു ഈശോമിശിഹായെ വിരക്തനായിട്ടു ചുമന്നുകൊണ്ടുപോയ മാർ യൗസേപ്പേ,

നാഥകൃത്യന്മാരേക്കാളും മുഖ്യവാനായിരിപ്പാനും പരലോകരാജാവാലേയും രാജ്ഞിയാലേയും ഉള്ള ശുശ്രൂഷ കൈക്കൊൾവാനും ഭാഗ്യവാനായ മാർ യൗസേപ്പേ,

ഭദ്രാസനന്മാരെപ്പോലെ കൈകളിലും മടിയിലും കർത്താവിനെ വച്ചുകൊണ്ടിരുന്ന മാർ യൗസേപ്പേ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ജ്ഞാനാധിക്യന്മാരെപ്പോലെ പരിശുദ്ധ കന്യകയെന്ന നിക്ഷേപത്തെ കാത്തുകൊണ്ടിരുന്ന മാർ യൌസേപ്പെ,

ഭക്തിജപാലകന്മാരുടെ വരങ്ങളെ പ്രാപിച്ച മാർ യൌസേപ്പെ,

ലോകവാസികളിൽനിന്നുള്ള വേർപെട്ട വ്യാപാരത്താൽ മോക്ഷവാസിയെപ്പോലെ ജീവിച്ച മാർ യൌസേപ്പെ,

ഭൂലോകത്തിൽ സഞ്ചരിക്കയും വിചാരങ്ങളാൽ പരലോകത്തിൽ വസിക്കയും ചെയ്ത മാർ യൌസേപ്പെ,

ആത്മാവിലും ശരീരത്തിലും ശുദ്ധമുള്ള വിരക്തനായിരുന്ന മാർ യൌസേപ്പെ,

വചനങ്ങളാലും ക്രിയകൾകൊണ്ടും നിത്യവും സുകൃതവൃത്തികളെ പഠിപ്പിച്ച മാർ യൌസേപ്പെ,

ഈശോമിശിഹായുടെ പങ്കപ്പാടുകളിന്മേലും മാതാവിന്റെ വ്യാകുലത്തിന്മേലും മനസ്സലിഞ്ഞു ക്ലേശിച്ചു വ്യസനമനുഭവിച്ചതിനാൽ വേദസാക്ഷിയായ മാർ യൌസേപ്പെ,

ദൈവദൂതന്മാരുടേയും സകല മോക്ഷവാസികളുടേയും പുണ്യങ്ങളൊക്കെയും നിന്നിൽ പൂർണ്ണമായിരിക്കുന്നതിനു തക്കവണ്ണം ഞങ്ങൾ ആചരിച്ചുവന്ന മാർ യൌസേപ്പെ,

ഈശോമിശിഹാക്കും തന്റെ മാതാവിനും ഉത്തമ ഛായലായിരുന്ന മാർ യൌസേപ്പെ,

പരിശുദ്ധ മാതാവു കഴിഞ്ഞാൽ ഈശോമിശിഹായുടെ സ്നേഹത്തെ അധികമായിട്ടു അനുഭവിച്ചിരുന്ന മാർ യൌസേപ്പെ,

വ്യാധിദനാവു ദുഃഖങ്ങളാൽ ഏററവും പരീക്ഷിക്കപ്പെട്ട മാർ യൌസേപ്പെ,

മഹിമയുള്ള സന്തോഷങ്ങളാൽ ആനന്ദപൂർത്തി സിദ്ധിച്ച മാർ യൌസേപ്പെ,

ഈശോമിശിഹായുടെ തൃക്കൈകളിൽ മരണം പ്രാപിച്ച മാർ യൌസേപ്പെ,

ദൈവദൂതന്മാരാൽ അബ്രഹാമിന്റെ മടിയെന്ന സ്ഥലത്തിൽ കൂട്ടിക്കൊണ്ടുപോകപ്പെട്ട മാർ യൌസേപ്പെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

പിതൃപ്പിതാക്കൾക്കു ഈശോമിശിഹായുടെ വൃത്താന്തങ്ങളെ വിശേഷമായിട്ടറിയിച്ച മാർ യൌസേപ്പെ,

ഈശോമിശിഹായോടുകൂടെ യോഗ്യമാംവണ്ണം ഉയരത്തെഴുന്നെള്ളിയ മാർ യൌസേപ്പെ,

മോക്ഷരാജ്യത്തിൽ ആത്മാവിലും ശരീരത്തിലും വിശേഷ വരപ്രസാദങ്ങളെ അനുഭവിക്കുന്ന മാർ യൌസേപ്പെ,

മഹോന്നതമായിരിക്കുന്ന സിംഹാസനത്തിൽ ഈശോമിശിഹായ്ക്കും പരിശുദ്ധ മാതാവിനും അണയപ്പെട്ടവനായിരിക്കുന്ന മാർ യൌസേപ്പെ,

മോക്ഷരാജധാനിയിൽ ഉയർന്ന അധികാരങ്ങൾ പ്രാപിച്ചിരിക്കുന്ന മാർ യൌസേപ്പെ,

ഈശോമിശിഹായുടേയും പരിശുദ്ധമാതാവിൻെറയും മുമ്പിൽ ഞങ്ങളെക്കുറിച്ച പ്രാൎത്ഥനകളെ അണെയ്ക്കുന്ന മാർ യൌസേപ്പെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ഭൂലോകദോഷഹീനം ചെയ്യുന്ന ദൈവചെമ്മരിയാട്ടിൻകുട്ടിയായിരിക്കുന്ന ഈശോതമ്പുരാനെ! കൎത്താവെ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ.

ഭൂലോക............കൎത്താവെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കണമെ.

ഭൂലോക............കൎത്താവെ! ഞങ്ങളെ അനുഗ്രഹിക്കണമെ.

### പ്രാൎത്ഥിക്ക.

മരിക്കുന്നവർക്കു ഉറപ്പുള്ള തുണയായിരിക്കുന്ന മാർ യൌസേപ്പെ! നിൻെറ വലത്തുഭാഗത്തു നീ വളൎത്തിയ ദൈവകുമാരനായ ഈശോമിശിഹായും, നിൻെറ ഇടത്തുഭാഗത്തു നീ വിവാഹംചെയ്ത സ്നേഹഭാൎയ്യ ദൈവമാതാവും നിനക്കു ഉറപ്പുള്ള അമൃത വചനങ്ങളെ ചൊല്ലിക്കൊണ്ടിരിക്കയിൽ സന്തോഷപൂൎവ്വം നീ മരണം പ്രാപിച്ചുവല്ലൊ; ഇതു ഓൎത്തുകൊണ്ടു് നിന്നെ വണങ്ങുന്ന ഞങ്ങളെ ഇപ്പോഴും മരണനേരത്തും പക്ഷത്തോടുകൂടെ ഞങ്ങളുടെ ആത്മാവു് പിരിയുന്ന നേരത്തിൽ, ഈശോ

മിശിഹായും പരിശുദ്ധ മാതാവും നിന്നോടുകൂടെ ഒരുമിച്ചു വന്നു ഞങ്ങളുടെ ആത്മാവുകളെ കൈക്കൊള്ളുവാൻ അനുഗ്രഹം ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

൧൯. തിരുഹൃദയജപമാല.

മിശിഹായുടെ ദിവ്യ ആത്മാവെ! എന്നെ ശുദ്ധികരിച്ചരുളേണമെ.

മിശിഹായുടെ തിരുശ്ശരീരമെ! എന്നെ രക്ഷിക്കേണമെ.

മിശിഹായുടെ തിരുരക്തമെ! എന്നെ ലഹരിപിടിപ്പിക്കേണമെ.

മിശിഹായുടെ തിരുവിലാവിലെ വെള്ളമെ! എന്നെ കഴുകേണമെ

മിശിഹായുടെ കഷ്ടാനുഭവമെ! എന്നെ ധൈൎയ്യപ്പെടുത്തേണമെ.

നല്ല ഈശോയെ! എന്റെ അപേക്ഷയെ കേൾക്കേണമെ.

നിന്റെ തിരുമുറിവുകളുടെ ഇടയിൽ എന്നെ മറച്ചുകൊള്ളേണമെ.

നിന്നിൽനിന്നു പിരിഞ്ഞുപോകുവാൻ എനിക്കു നീ അനുവദിക്കല്ലെ.

ദുഷ്ടശത്രുവിൽനിന്നു എന്നെ കാത്തുകൊള്ളേണമെ.

എന്റെ മരണനേരത്തിൽ എന്നെ നിന്റെ പക്കലേക്കു വിളിക്കേണമെ.

നിന്റെ പരിശുദ്ധന്മാരോടുകൂടെ നിത്യമായി നിന്നെ സ്തുതിച്ചുകൊണ്ടാടുന്നതിനു നിന്റെ അടുക്കൽ വരുവാൻ എന്നോടു നീ കല്പിക്കേണമെ. ആമ്മേനീശോ.

ഓരൊ ഇടക്കുരുവിനു്.

എളിമയും ശാന്തഗുണവുമുള്ള ഈശോതമ്പുരാനെ! എന്റെ ഹൃദയം അങ്ങേ തിരുഹൃദയത്തിനു യോഗ്യമുള്ളതാക്കിയരുളേണമെ.

ഓരോ ചെറിയ മണികൾക്കു.

ഈശോയുടെ മധുരമുള്ള തിരുഹൃദയമെ! എന്റെ സ്നേഹമായിരിക്കണമെ. [10 പ്രാവശ്യം] (300 ദി. ദ. വി.)

ഓരോ ദശകത്തിന്റെ അവസാനം.

മറിയത്തിന്റെ മധുരമുള്ള തിരുഹൃദയമെ! എന്റെ രക്ഷയായിരിക്കേണമെ. ഇപ്രകാരം അൻപതുമണിജപമാല എത്തിച്ചു കഴിഞ്ഞിട്ടു കാഴ്ചവെയ്പ്. (300 ദി. ദ. വി.)

1. ഈശോയുടെ തിരുഹൃദയമെ! ഞങ്ങളുടെ മേൽ അനുഗ്രഹിക്കണമെ.

2. അമലോത്ഭവമറിയത്തിന്റെ കറയില്ലാത്ത തിരുഹൃദയമെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

3. നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തിന്റെ നാഥയെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

4. ഈശോയുടെ തിരുഹൃദയം എല്ലായിടത്തും എല്ലാവരാലും സ്നേഹിക്കപ്പെടട്ടെ.

5. എന്റെ ഈശോയെ! എന്റെ മേൽ അനുഗ്രഹിക്കണമെ! (100 ദി. ദ. വി)

മരണപ്രമാദം അനുഭവിച്ച ഈശോയുടെ തിരുഹൃദയമെ! ഇന്നേദിവസം മരിക്കുന്നവരുടെ മേൽ കൃപയായിരിക്കണമെ! (100 ദി. ദ. വി)

൨൭. ദൈവസ്നേഹക്രിയ.

"ദൈവം സ്നേഹമാകുന്നു, സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു." (യോഹന്നാൻ 1-ാം ലേഖനം 4. 16).

സ്നേഹപ്രകരണം.

(ഉപവിയുടെ പ്രകരണം ചൊല്ലുക)

ഈശോ:—എന്റെ പിതാവു് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ വസിപ്പിൻ" (യോഹന്നാൻ സുവിശേഷം 15 9.)

ആത്മാവു്:-"ഈശോയെ! എന്റെ ദൈവമെ! ഉത്തമം_ എല്ലാ വസ്തുക്കളേയുംകാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു." (50 ദി. ദ. വി.)

ഈശോയുടെ തിരുവാക്യം ഒരുപ്രാവശ്യം ചൊല്ലീട്ടുസുകൃതജപ. പത്തു പ്രാവശ്യം ചൊല്ലി ഒരു ത്രീത്വസ്തുതികൊണ്ടവസാനിപ്പിക്ക. ഇപ്രകാരം ൩ തവണ ചൊല്ലുക. ൩ മണികളുടെ ശേഷം.

ഈശോ:—ഞാൻ മനുഷ്യാവതാരത്തിലും കുരിശുമരണത്തിലും കർബാനയിലും എന്നെ മുഴുവനും നിങ്ങൾക്കു തന്നു, എന്റെ പിതാവു എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു, നിങ്ങൾ എന്റെ സ്നേഹത്തിൽ വസിപ്പിൻ.

ആത്മാവു്:—"എന്റെ ഈശോയുടെ മാധുര്യമേറുന്ന തിരുഹൃദയമെ! നിന്നെ എപ്പോഴും അധികമധികം സ്നേഹിപ്പാൻ എനിക്കു കൃപചെയ്യണമെ." (300 ദി. ദ. വി.)

പ്രാർത്ഥിക്ക.

അനാദിതൊട്ടു് അറുതിയില്ലാത്ത വിധത്തിൽ എന്നെ സ്നേഹിക്കുന്ന എന്റെ നല്ല ഈശോയെ! എന്റെ ദൈവമെ! എന്റെ ഏക സ്നേഹമെ! എന്റെ സമസ്തവുമേ! എന്റെ പൂർണ്ണ ഹൃദയത്തോടുകൂടെ നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ മനസ്സും ബുദ്ധിയും നിനക്കു പൂജയായി ഞാൻ സമർപ്പിക്കുന്നു. നിന്റെ തിരുമനസ്സുപോലെ എന്നെ നടത്തിക്കൊള്ളേണമെ. ആമ്മേൻ.

### ൩൬. അനുഗ്രഹക്കൊന്ത.

അനുഗ്രഹക്കൊന്ത എന്നതു ന കൎത്താവിൻെറ തിരുമുറിവുകളെ ധ്യാനിച്ചുകൊണ്ടു ചൊല്ലുന്ന ഒരു ജപമാലയാകുന്നു. പ്രസ്തുത ജപമാലയുടെ തുടക്കത്തിൽ ഇങ്ങനെ ചൊല്ലാം.

"നിത്യപിതാവെ! എൻെറയും ലോകമൊക്കെയുടെയും പാപങ്ങളുടെ പൊറുതിക്കായിട്ടും തിരുസ്സഭയുടെ സകല ആവശ്യങ്ങൾക്കായിട്ടും അജ്ഞാനികൾ, പതിതർ മുതലായവർ മനസ്സു തിരിഞ്ഞു സത്യസഭയിൽ ചേരുന്നതിനായിട്ടും ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകൾക്കു നിത്യാശ്വാസം കൊടുക്കുന്നതിനായിട്ടും ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു." ഇതു കഴിഞ്ഞു എൻെറ ഈശോയെ! അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെക്കുറിച്ചു ഉത്തരം പൊറുക്കേണമെ അനുഗ്രഹിക്കേണമെ" എന്നു 10 പ്രാവശ്യം ചൊല്ലിയതിനുശേഷം "നിത്യ പിതാവെ! ഞങ്ങളുടെ ആത്മികമുറിവുകൾ സ്വസ്ഥമാക്കുവാനായി ഞങ്ങളുടെ കൎത്താവീശോമിശിഹായുടെ തിരുമുറിവുകളെ അങ്ങേയ്ക്കു ഞാൻ കാഴ്ചവെയ്ക്കുന്നു" എന്നു ഒരു പ്രാവശ്യം ചൊല്ലണം. ഇങ്ങനെ അഞ്ചു തവണ ചൊല്ലുമ്പോൾ അനുഗ്രഹക്കൊന്തയാകും. (ഈ രണ്ടു ജപങ്ങളിൽ ഓരോന്നിനും ഓരോ പ്രാവശ്യവും 300 ദി. ദ. വി.)

പ്രസ്തുത ജപങ്ങൾ ന. കൎത്താവുതന്നെ മേരിമത്ഥാംവെൺ എന്ന കന്യാസ്ത്രീയെ പഠിപ്പിച്ചതാണ്. ഈ ജപങ്ങൾ കൂടക്കൂടെ ചൊല്ലണമെന്നും ഈ ഭക്തി മറ്റുള്ളവരിലും പരത്തണമെന്നും ന കൎത്താവ് അവരോടു കല്പിച്ചരുളി. അങ്ങേ തിരുവചനങ്ങളാവിത്. "എൻെറ മുറിവുകളെക്കുറിച്ചു എന്നോടു അപേക്ഷിക്കുന്നതൊക്കെയും ഞാൻ നൽകും" ഈ ഭക്തി നീ പരത്തണം. "എൻെറ മുറിവുകൾ ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകളുടെ വലിയ ഭണ്ഡാഗാരമാകുന്നു" "നിത്യപിതാവെ! എൻെറ ആത്മാവിൻെറ മുറിവുകൾ സ്വസ്ഥമാക്കുന്നതിനായി ഞങ്ങളുടെ രക്ഷിതാവ് ഈശോമിശിഹായുടെ തിരുമുറിവുകളെ

അങ്ങേയ്ക്കു ഞാൻ കാഴ്ചവെയ്ക്കുന്നു" എന്നു ചൊല്ലുന്ന പാപി മനസ്സുതിരിവിനുള്ള അനുഗ്രഹം പ്രാപിക്കും. "എന്റെ ഈശോയെ! അങ്ങേ തിരുമുറിവുകളുടെ യോഗ്യതകളെക്കുറിച്ച് പൊറുക്കേണമെ. അനുഗ്രഹിക്കേണമെ. എന്നു ചൊല്ലുന്നവർ വലുതായ ഫലം പ്രാപിക്കും. ഈ ജപം ദിനകാർഥ്യം കൂടെക്കൂടെ പറഞ്ഞുകൊടുക്കണം." "അനുഗ്രഹക്കൊന്ത എന്റെ നീതിയെ തൃപ്തിപ്പെടുത്തുകയും പകരംവീട്ടയെ തടയുകയും ചെയ്യുന്നു." "അനുഗ്രഹക്കൊന്തയുടെ ഓരോ വചനത്തിനു എന്റെ രക്തത്തിന്റെ ഓരോ തുള്ളി ഒരു പാപിയുടെ ആത്മാവിന്റെമേൽ ഞാൻ വീഴ്ത്തും."

ഇത്രയധികം ഉപകാരപ്രദമായ പ്രസ്തുത ജപമാല തികഞ്ഞ ഭക്തിയോടുകൂടിയും കുരിശിൽ തൂങ്ങിക്കിടക്കുന്ന ന. കർത്താവിനെ ഓർമ്മയിൽവച്ചു അങ്ങേ തിരുമുറിവുകളേപ്പററി ധ്യാനിച്ചുകൊണ്ടും ഈ തിരുമുറിവുകൾക്കു കാരണം നമ്മുടെ പാപങ്ങളാണല്ലോ എന്നു ഓർത്തു ദുഃഖിച്ചുകൊണ്ടും ചൊല്ലേണ്ടതാണ്. ആർക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കുവാൻ നാം വിചാരിക്കുന്നുവോ ആ ആളെ മനസ്സിൽ ഉദ്ദേശിച്ചുകൊണ്ടു ജപം ചൊല്ലുന്നതു നന്നായിരിക്കും.

൬൭. ഉണ്ണിഈശോയുടെ കൊന്ത.

ബാവായ്ക്കും പുത്രനും റൂഹാദക്കുദിശായ്ക്കും.............ശേഷവും...............

വചനം മാംസമായി 1 ആകാ.
വചനം മാംസമായി 1 ആകാ.
വചനം മാംസമായി 1 ആകാ.
വചനം മാംസമായി ഞങ്ങളിൽ കുടിയിരുന്നു.

12 നന്മ. 1 ത്രി.

൬൮. അമലോത്ഭവകൊന്ത.

1. ആദിയും അറുതിയും ഇല്ലാത്ത ബാവാതമ്പുരാനെ! നിന്റെ സർവ്വശക്തിയാൽ നിന്റെ കുമാരിയായ എത്രയും

ശുദ്ധമാകപ്പെട്ട കന്യാസ്ത്രീമറിയത്തിനെ ജന്മപാപത്തിൽനിന്നു നീ കാത്തുരക്ഷിച്ചതിനാൽ നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു. 1 ആ. 4 നന്മ.

സൂചനം—ഓരോ നന്മനിറഞ്ഞ മറിയത്തിന്റെ മുമ്പ്.

"ദൈവജനനിയായ എത്രയും ഭാഗ്യപ്പെട്ട കന്യാസ്ത്രീമറിയത്തിന്റെ ശുദ്ധമാകപ്പെട്ട അമലോത്ഭവം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു ചൊല്ലണം.

2. ആദിയും അറുതിയും ഇല്ലാത്ത പുത്രൻതമ്പുരാനെ! നിന്റെ ദിവ്യ ബോധജ്ഞാനത്താൽ നിന്റെ മാതാവായ എത്രയും ശുദ്ധമാകപ്പെട്ട കന്യാസ്ത്രീമറിയത്തിനെ ജന്മപാപത്തിൽനിന്നു നി കാത്തുരക്ഷിച്ചതിനാൽ നിനക്കു ഞാൻ സ്തോത്രംചെയ്യുന്നു: 1 ആകാ. 4 നന്മ ശേഷവും

3. ആദിയും അറുതിയുമില്ലാത്ത റൂഹാദക്കുദിശാതമ്പുരാനെ! നിന്റെ സ്നേഹത്താൽ നിന്റെ മണവാട്ടിയായ എത്രയും ശുദ്ധമാകപ്പെട്ട കന്യാസ്ത്രീമറിയത്തിനെ ജന്മപാപത്തിൽനിന്നും നി കാത്തുരക്ഷിച്ചതിനാൽ നിനക്കു ഞാൻ സ്തോത്രം ചെയ്യുന്നു.

1 ആ. 4 നന്മ. ശേഷവും മാർ യൌ. സ്തുതിക്കായി 3 ത്രി. ചൊല്ലണം.

ജപം.

മറിയമെ! നി വലിയ രാജ്ഞിയാകുന്നു; ലോകം മുഴുവനും നിനക്കു കിഴ വണങ്ങുന്നു. നി ഞങ്ങളെ കാത്തുരക്ഷിക്കണമെ. 1 ആ. 1ന. 1 ത്രിത്വ.

൧൯. ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകളുടെ

അനുകൂലത്തിനു പ്രാത്ഥന.

നേർച്ചകാണിക്കജപം.

നിത്യപിതാവായ സർവ്വേശ്വരാ! എന്റെ സമസ്ത പ്രവൃത്തികളേയും മററാരെങ്കിലും എന്റെ ജീവിതകാലത്തിലും മര

ണശേഷവും എനിക്കുവേണ്ടി കാഴ്ചവെക്കുന്ന സകല പരിഹാരക്രിയകളെയും ഈശോമിശിഹായുടെ അന്തമില്ലാത്തയോഗ്യതകളോടും പരിശുദ്ധ കന്യകമറിയത്തിൻെറയും മാർ യൗസേപ്പ പിതാവിൻെറയും പുണ്യഫലങ്ങളോടുമൊന്നിച്ച ദൈവമാതാവു വഴിയായി ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകൾക്കുവേണ്ടി അങ്ങേക്കു ഞാൻ സമർപ്പിക്കുന്നു.

൧-ാം ദശകം.

സുകൃതജപം:—സർവ്വേശ്വരൻ സത്യമായിരിക്കുന്നതിനാൽ അങ്ങേ ഞാൻ വിശ്വസിക്കുന്നു. സർവ്വേശ്വരൻ ദയാവരാത്തവനായിരിക്കുന്നതിനാൽ അങ്ങേ ഞാൻ ശരണപ്പെടുന്നു. സർവേശ്വരൻ സകല നന്മയായിരിക്കുന്നതിനാൽ മുഴുവൻ മനസ്സോടുകൂടെ അങ്ങേ ഞാൻ സ്നേഹിക്കുന്നു. 10 ആകാശങ്ങളിലിരിക്കുന്ന നമസ്കാരം.

ചെറിയ കൊന്തമണികൾക്കു ചൊല്ലേണ്ടുന്നവ.

സുകൃതജപം:—മറിയത്തിൻെറ മധുരമുള്ള തിരുഹൃദയമെ! നീ എൻെറ രക്ഷയായിരിക്കേണമെ. 1 നന്മ. (൩൦൦ ദി. ദ. വി.)

ഓരോ ദശകത്തിൻെറ ശേഷം ചൊല്ലുവാനുള്ളത്.

കർത്താവെ! നിത്യാനുകൂലം അവർക്കു നീ കൊടുത്തരുളേണമെ. നിത്യവെട്ടം അവർക്കു പ്രകാശിക്കട്ടെ. സമാധാനത്തിൽ അവർ അനുകൂലപ്പെടട്ടെ. ആമ്മേൻ.

൨-ാം ദശകം.

സർവ്വേശ്വരൻ സത്യമായിരിക്കുന്നതിനാൽ—ശേഷവും 10 ആകാ.

സുകൃതജപം:—ദൈവജനനിയായ എത്രയും ഭാഗ്യപ്പെട്ട കന്യാസ്ത്രീമറിയത്തിൻെറ ശുദ്ധമാകപ്പെട്ട അമലോത്ഭവം വാഴ്ത്തപ്പെട്ടതാകട്ടെ. 1 നന്മ. (പത്തുപ്രാവശ്യം ചൊല്ലുക)

കർത്താവെ! നിത്യാനുകൂലം അവർക്കു കൊടുത്തരുളുക. ശേഷവും:—

൯-ാം ദശകം

സൎവ്വേശ്വരൻ സത്യമായിരിക്കുന്നതിനാൽ ശേഷവും:—
10 ആകാ.

ഏത്രയും മധുരമുള്ള ഈശോയെ! എനിക്കു നീ ന്യായവിധിക്കാരൻ ആകാതെ രക്ഷകനായിരിക്കേണമെ. 1 നന്മ.

(പത്തുപ്രാവശ്യം ചൊല്ലുക) (50 ദി. ദ. വി) കൎത്താവെ! നിത്യാനുകൂലം ശേഷവും:—

൨-ാം ദശകം.

സൎവ്വേശ്വരൻ സത്യമായിരിക്കുന്നതിനാൽ ശേഷവും:—

സുകൃതജപം.

എന്റെ ദൈവമായ ഈശോയെ! സകലത്തെക്കാളിലും നിന്നെ ഞാൻ സ്നേഹിക്കുന്നു. 1 നന്മ. (പത്തുപ്രാവശ്യം ചൊല്ലുക) (50 ദി. ദ വി.)

കൎത്താവെ! നിത്യാനുകൂലം ശേഷവും:—

കാഴ്ചവെപ്പ്.

നിത്യപിതാവെ! എന്റെ പാപങ്ങളുടെ പൊറുതിക്കായിട്ടും തിരുസ്സഭയുടെ ആവശ്യങ്ങൾക്കായിട്ടും ഈശോമിശിഹായുടെ വിലമതിയാത്ത തിരുരക്തത്തെക്കുറിച്ചു ഈ പ്രാൎത്ഥന നിനക്കു ഞാൻ കാഴ്ചവെക്കുന്നു.

സൂചനം—ഈ ജപം ചൊല്ലുവാൻ പാടില്ലാത്തപ്പോൾ ൧൦ ആകാ. ൧ നന്മ. ൧ ത്രിത്വ. ചൊല്ലി മരിച്ചവൎക്കുവേണ്ടി കാഴ്ചവെക്കുക.

൭. കാക്കുന്ന മാലാഖമാരോടു ജപം.

1. പ്രിയംനിറഞ്ഞ ഞങ്ങളുടെ കാക്കുന്ന മാലാഖമാരെ! ഞങ്ങൾ പിറന്ന നാൾമുതൽ ഇതുവരേയും ഞങ്ങളുടെ ആത്മകാൎയ്യങ്ങളെ നിങ്ങൾ വിചാരിച്ചു നടത്തിവരുന്നു. നിങ്ങളുടെ വിശേഷ താല്പൎയ്യത്തെക്കുറിച്ചു നിങ്ങൾക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ആകാശമോക്ഷത്തിന്റെ ഏകരപ്പെട്ട പ്രജകളായി

രിക്കുന്ന നിങ്ങളുടെ സൂക്ഷത്തിനു ഞങ്ങളെ ഏല്പിപ്പാൻ തിരുമനസ്സായ ദൈവാനുഗ്രഹത്തിനു ഞങ്ങളുടെപേക്കായി സ്തുതിസ്തോത്രം ചെയ്യുന്നമെന്നു നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

2. പ്രിയമുള്ള ഞങ്ങളുടെ കാവൽക്കാരായ മാലാഖമാരെ! നിങ്ങളുടെ നല്ല ഗുണദോഷങ്ങളേയും കുറ്റപ്പാടുകളേയും കൂട്ടാക്കാതെ നിങ്ങളുടെ മുമ്പാകെത്തന്നെ ദൈവത്തിനു വിരോധമായ കുറ്റങ്ങളെ ചെയ്തതിനാൽ നിങ്ങൾക്കു വരുത്തിയ നിന്ദാപമാനങ്ങൾ എല്ലാവറേറക്കുറിച്ചും നിങ്ങളോടു ഞങ്ങൾ പൊറുതി അപേക്ഷിക്കുന്നു. കഴിഞ്ഞ ജീവിതത്തിലെ കുറ്റങ്ങൾക്കുതക്ക പ്രായശ്ചിത്തമെടുപ്പാനും ദൈവശുശ്രൂഷ എത്രയും വലിയ എരിവോടുകൂടെ ചെയ്യാനും നിലനില്പിന്റെ മാതാവിനോടു എപ്പോഴും മഹാ ഭക്തിയായിരിപ്പാനും ദൈവത്തോടു ഞങ്ങൾ പ്രാർത്ഥിച്ചു മനോഗുണം തരുവിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

1 ആ. 1 നന്മ. 1 ത്രിത്വ.

3. പ്രിയംനിറഞ്ഞ ഞങ്ങളുടെ കാവൽമാലാഖമാരെ! പുണ്യവഴിയിൽ ഉണ്ടാകുന്ന വിഘ്നങ്ങൾ എല്ലാം നീക്കി അതിൽ വർദ്ധിക്കുന്നതിനും ഞങ്ങളുടെ ആത്മാവുകളെ ഞെരുക്കുന്ന ഉപദ്രവങ്ങളിൽനിന്നും രക്ഷപെടുവാനും വേണ്ടി ഞങ്ങളുടെ നേരെ നിങ്ങൾക്കുണ്ടായിരിക്കുന്ന താല്പര്യത്തെ ഇരട്ടിക്കുന്നതല്ലാതെ നിങ്ങളുടെ സന്നിധിയിൽ വേണ്ടുന്ന ആചാരം ഒരിക്കലും ഞങ്ങൾ വിടാതെയും നിങ്ങളുടെ കുറ്റപ്പാടുകളെ ഭയപ്പെട്ടുകൊണ്ടും നിങ്ങളുടെ ശുദ്ധ. ഗുണദോഷങ്ങളെ അനുസരിച്ചുകൊണ്ടും നടന്നു ദൈവദ്രോഹികളായ മാലാഖമാർക്കു പൊള്ളായ സിംഹാസനങ്ങളിൽ ഞങ്ങൾ കരേറുന്നതിനും അവിടെവെച്ചു ദൈവാനുഗ്രഹങ്ങളെ എന്നന്നേക്കുമായി പാടുന്നതിനും ദൈവത്തോടു നിങ്ങൾ അപേക്ഷിച്ചു മനോഗുണം തരുവിക്കണമെ.

1 ആ. 1 നന്മ. 1 ത്രി.

### പ്രാൎത്ഥിക്ക.

ഞങ്ങളെ കാർക്കുന്ന കൎത്താവിന്റെ മാലാക്കാമാരെ! ദൈവത്തിന്റെ കൃപയാൽ നിങ്ങളുടെപക്കൽ ഏല്പിച്ചിരിക്കുന്ന ഞങ്ങളെ ഈ ദിവസത്തിലും ഞങ്ങളുടെ മരണനേരത്തിലും സഹായിച്ചുകൊള്ളണമെ. ആമ്മേൻ.

### ൭൧. കാക്കുന്ന മാലാഖായുടെ പ്രാൎത്ഥന.

കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! അനുഗ്രഹിക്കണമെ.
കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കേണമെ.

മിശിഹായെ! ഞങ്ങളുടെ പ്രാർത്ഥന നീ കൈക്കൊള്ളണമെ.

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനെ,
ഭൂലോകരക്ഷയുടെ പുത്രൻതമ്പുരാനെ,
റൂഹാദക്കുദിശാതമ്പുരാനെ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ. ത്രിത്വമെ,
ശുദ്ധ: മിഖായേലെ,
ശുദ്ധ: ഗൌറിയേലെ,
ശുദ്ധ: റപ്പായേലെ,

ഞങ്ങളെ അനുഗ്രഹിക്കണമെ.

ഞങ്ങളെ കാർക്കുന്ന ശുദ്ധ: മാലാക്കായെ,

ഞങ്ങളെ കാർക്കുന്നതിൽ താല്പര്യമായിരിക്കുന്ന ശുദ്ധ: മാലാക്കായെ

ഞങ്ങളെ സഹായിപ്പാൻ എന്നേരവും മഹാ സൂക്ഷമുള്ളവനായ ശുദ്ധ: മാലാക്കായെ,

വല്ലഭ മഹിമപ്രതാപമുള്ള ശുദ്ധ: മാലാക്കായെ,

ഭേദമില്ലാത്ത സാക്ഷിക്കാരനായിരിക്കുന്ന ശുദ്ധ: മാലാക്കായെ,

ഞങ്ങൾക്കു പിരിയാത്തുള്ള തുണയായ ശുദ്ധ: മാലാക്കായെ,

ഈ പരദേശത്തിൽ ആത്മാവിനു തണുപ്പായ ശുദ്ധ. മാലാക്കായെ,

മഹാ ജ്ഞാനവിവേകത്തോടെ നടത്തുന്നവനായ ശുദ്ധ. മാലാക്കായെ,

പരിശുദ്ധ വിരക്തിയുള്ള സ്നേഹിതനായ ശുദ്ധ. മാലാക്കായെ,

ദയനിറഞ്ഞ ഇടയനായ ശുദ്ധ. മാലാക്കായെ,

പരിശുദ്ധതയെ കാത്തുസൂക്ഷിക്കുന്ന ശുദ്ധ. മാലാക്കായെ,

ഉത്തമവിചാരങ്ങളെ തോന്നിക്കുന്നവനായ ശുദ്ധ. മാലാക്കായെ,

സമാധാനത്തോടുകൂടി ബുദ്ധിചൊല്ലുന്ന ശുദ്ധ. മാലാക്കായെ,

ഹൃദയത്തെ പ്രകാശിപ്പിക്കുന്ന ശുദ്ധ. മാലാക്കായെ.

ജ്ഞാനധ്യാനത്തിൽ ജ്ഞാനകതിർ വീശുന്ന ശുദ്ധ. മാലാക്കായെ,

കാണപ്പെടാത്തവനായിരുന്നാലും വഴികാട്ടുന്നവനായ ശുദ്ധ. മാലാക്കായെ,

എല്ലാ കാൎയ്യങ്ങളേയും നല്ല ക്രമത്തോടെ നടത്തുന്ന ശുദ്ധ. മാലാക്കായെ,

ബലഹീനത്തിൽ ഞങ്ങൾക്കു ആശ്രയമായിരിക്കുന്ന ശുദ്ധ. മാലാക്കായെ,

ഞങ്ങളെപ്രതി ദൈവസന്നിധിയിൽ മുട്ടിച്ചപേക്ഷിക്കുന്ന ശുദ്ധ. മാലാക്കായെ,

ദൈവകൃപയുടെ സിംഹാസനത്തിൽ ഞങ്ങളുടെ ജപങ്ങളെ അണെക്കുന്ന ശുദ്ധ. മാലാക്കായെ,

ഞങ്ങളുടെ ശത്രുക്കളുടെ യുദ്ധത്തിൽ ഒരുനാളും തോല്ക്കാത്ത ശുദ്ധ. മാലാക്കായെ,

പിശാചുകൾക്കു ഭയങ്കര ആയുധമായ ശുദ്ധ. മാലാക്കായെ,

കുററംചെയ്യുന്നവരെ ശിക്ഷിക്കുന്നവനായ ശുദ്ധ. മാലാക്കായെ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ഇളകപ്പെടുന്ന സമയത്തിൽ സ്ഥിരപ്പെടുത്തുന്ന ശുദ്ധ. മാലാക്കായെ,

വ്യാധിയിൽ സഹായിക്കുന്നവനായ ശുദ്ധ. മാലാക്കായെ,

ദുഃഖത്തിൽ തണുപ്പിക്കുന്ന ശുദ്ധ. മാലാക്കായെ,

മരണസമയത്തിൽ തുണയായിരിക്കുന്ന ശുദ്ധ. മാലാക്കായെ,

ജ്ഞാനസമുദ്രത്തിൽ ധൈൎയ്യംകൊടുക്കുന്നവനായ ശുദ്ധ. മാലാക്കായെ,

ജയിക്കപ്പെടുന്നവൎക്കു മുടിചൂടുന്നവനായ ശുദ്ധ. മാലാക്കായെ,

പരിശുദ്ധാത്മാവുകളെ കൈക്കൊള്ളുന്ന ശുദ്ധ. മാലാക്കായെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ശുദ്ധസഭയുടെ വെരത്തുണകളായ കാൎക്കുന്ന മാലാക്കാമാരെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പിൻ.

ഒൻപതുവൃന്ദമായ സകല ശുദ്ധ. മാലാക്കാമാരെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിപ്പിൻ.

ഭൂലോകദോഷഹീനംചെയ്യുന്ന ദൈവചെമ്മരയാട്ടിൻകുട്ടിയായിരിക്കുന്ന ഈശോതമ്പുരാനെ.

കൎത്താവേ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ.

ഭൂലോകദോഷ.........കൎത്താവെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കണമെ.

ഭൂലോകദോഷ..........കൎത്താവെ! ഞങ്ങളെ നീ അനുഗ്രഹിക്കണമെ.

മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കേണമെ.

മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കൈക്കൊള്ളണമെ.

നടുനടുക്കത്തിനടുത്ത വിധിയുടെ ദിവസത്തിൽ ഞങ്ങൾ നിത്യശാപത്തിലകപ്പെടായ്‌വാൻ

ഞങ്ങളെ കാൎക്കുന്ന പരിശുദ്ധ മാലാക്കാമാരെ, ജ്ഞാനയുദ്ധത്തിൽ ഞങ്ങളെ കാത്തരുളണമെ.

പ്രാർത്ഥിക്കാം.

സർവ്വേശ്വരാ കർത്താവെ! മനോവാക്കിലടങ്ങാത്ത അങ്ങേ പരിപാലനയാൽ ഞങ്ങളെ കാത്തുകൊള്ളുവാനായി കർത്താവെ, അങ്ങേ പരിശുദ്ധ മാലാഖാമാരെ നിശ്ചയിച്ചു യാത്രയാക്കുവാൻ തിരുമനസ്സായല്ലൊ. അങ്ങേ അപേക്ഷിക്കുന്ന ഞങ്ങൾ എപ്പോഴും അവരുടെ ആശ്രയത്തിൽ കാക്കപ്പെടുവാനും നിത്യമായി അവരുടെ പെരിമ്പ ഒരുമിപ്പിൽ ജീവിച്ചുവാഴുവാനും ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു അനുഗ്രഹം ചെയ്തരുളേണമെ. ആമ്മേൻ.

൫൨. കാവൽമാലാഖായോടു ജപം.

എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖായെ! ദൈവത്തിന്റെ കൃപയാൽ നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന എന്നെ ഈ ദിവസത്തിലും കാത്തുപരിപാലിച്ചു എനിക്കു നല്ല ബുദ്ധി തന്നു പ്രകാശിപ്പിച്ചു രക്ഷിച്ചരുളേണമെ! കർത്താവിനോടു മറുത്തു പിഴയ്ക്കാതിരിപ്പാൻ എന്റെ മനസ്സിനെ ഉറപ്പിക്കേണമെ.

൫൩. അമ്പത്തുമൂന്നുമണിജപം ചെറിയത്.
സന്തോഷമായ ദൈവരഹസ്യങ്ങൾ.

൧-ാം ദൈവരഹസ്യം.

പരിശുദ്ധ കന്യാസ്ത്രീമറിയമെ! ദൈവവചനം നിന്റെ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്നു ഗബ്രിയേൽദൈവദൂതൻ ദൈവകല്പനയാൽ നിന്നോടറിയിച്ചപ്പോൾ നിനക്കുണ്ടായ സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന നിന്റെ മക്കളായ ഞങ്ങൾ ഞങ്ങളുടെ ഹൃദയത്തിൽ എപ്പോഴും അങ്ങേ സംഗ്രഹിച്ചുകൊണ്ടിരിപ്പാൻ കൃപ ലഭിച്ചുതരണമെ. 1 ആ. 10. ന. 1 ത്രി.

൨-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ ഏളയമ്മയായ ഏലിശബാപുണ്യവതിയെ നീ ചെന്നു കണ്ടപ്പോൾ ആ പുണ്യവതിക്കു സർവ്വേശ്വരൻ ചെയ്ത കരുണയെ കണ്ടു നിനക്കുണ്ടായ

അത്യന്ത സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾ ലൗകികസന്തോഷങ്ങളെ ത്യജിച്ച പരലോകസന്തോഷങ്ങളെ ആഗ്രഹിച്ചുതേടുവാൻ കൃപലഭിച്ചുതരേണമെ.

1 ആ. 10 നന്മ. 1 ത്രി.

൩-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ കന്യാത്വത്തിനു അന്തരംവരാതെ ദൈവകുമാരനെ നീ പ്രസവിച്ചതിനാൽ നിനക്കുണ്ടായ സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിലും അങ്ങു ജ്ഞാനവിധമായി പിറപ്പാൻ കൃപലഭിച്ചുതരണമെ.

1 ആ. 10 നന്മ. 1 ത്രി.

൪-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ ദിവ്യപുത്രനെ ദേവാലയത്തിൽ നീ കാഴ്ചവെച്ചപ്പോൾ മഹാത്മാക്കൾ തന്നെ സ്തുതിക്കുന്നതു കണ്ടു നിനക്കുണ്ടായ സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾ അങ്ങേക്കു യോഗ്യമായ ദേവാലയമായിരിപ്പാൻ കൃപലഭിച്ചുതരണമെ.

1 ആ. 10 ന. 1 ത്രി.

൫-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരനായ ഈശോമിശിഹാ പന്ത്രണ്ടു വയസ്സിൽ കാണാതെ പോയപ്പോൾ നീ ദുഃഖത്തോടുകൂടെ അന്വേഷിക്കയിൽ മൂന്നാംനാൾ ദേവാലയത്തിൽ തൎക്കിച്ചുകൊണ്ടിരിക്കുന്നതിനെ നീ കണ്ടപ്പോൾ നിനക്കുണ്ടായ സന്തോഷത്തെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾ അങ്ങേ ഒരിക്കലും പാപത്താൽ വിട്ടുപിരിയാതിരിപ്പാനും വിട്ടുപിരിഞ്ഞുപോയാൽ ഉടനെ മനസ്താപത്താൽ അങ്ങയെ കണ്ടെത്തുവാനും കൃപലഭിച്ചുതരേണമെ.

1 ആ. 10 നന്മ. 1 ത്രി.

## ദുഃഖമായ ദൈവരഹസ്യങ്ങൾ.

### ൧-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ പൂങ്കാവനത്തിൽ നമസ്കരിച്ചിരിക്കുമ്പോൾ ചോര വിയൎത്തു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പാപങ്ങളിന്മേൽ മനസ്താപപ്പെട്ടു ദോഷപൊറുതി ലഭിപ്പാൻ കൃപ ലഭിച്ചുതരണമെ. 1 ആ. 10 നന്മ. 1 ത്രി.

### ൨-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവേ! നിന്റെ തിരുക്കുമാരൻ കൽത്തൂണിന്മേൽ കെട്ടപ്പെട്ടു ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പാപങ്ങളാൽ ഉണ്ടാകുന്ന കഠിനശിക്ഷകളിൽനിന്നു മനസ്താപത്താലും നല്ല വ്യാപാരത്താലും ഒഴിഞ്ഞുമാറുവാൻ കൃപ ലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

### ൩-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരന്റെ തിരുത്തലയിൽ മുൾമുടി ധരിപ്പിച്ചു പരിഹാസരാജാവായിട്ടു സ്ഥാപിച്ചതിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിലുള്ള പാപമുള്ളുകളെ മനസ്താപത്താൽ പിഴുതുകളവാൻ കൃപ ലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

### ൪-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ടു ഭാരമായ സ്ലീബായും ചുമന്നുംകൊണ്ടു ഗാഗുൽത്താമലയിലേക്കു പോകുന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ ദുഃഖസങ്കടമെന്ന സ്ലീബായെ ക്ഷമയോടുകൂടെ ചുമന്നുംകൊണ്ടു തന്നെ പിൻചെല്ലുവാൻ കൃപ ലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

൫-ാം ദൈവരഹസ്യം

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ സ്ലീവാമരത്തിന്മേൽ ഇരുമ്പാണികളാൽ തറയ്ക്കപ്പെട്ടു എന്നതിനെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ അങ്ങേ തിരുപ്പാടുകളും നിന്റെ വ്യാകുലങ്ങളും പതിയുന്നതിനു കൃപലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

മഹിമയ്ക്കടുത്ത ദൈവരഹസ്യങ്ങൾ.

൧-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ പാടുപെട്ടു മരിച്ചു മൂന്നാംനാൾ എന്നന്നേയ്ക്കും ജീവിക്കുന്നവനായി ഉയൎത്തതിനാലുണ്ടായ മഹിമയിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ പാപമായ മരണത്തിൽനിന്നും ഉയൎത്തെഴുന്നേല്പാൻ കൃപലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

൨-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ ഉയൎത്ത നാല്പതാംനാൾ എത്രയും പ്രാബല്യമായി മോക്ഷാരോഹണംചെയ്തതിനാലുണ്ടായ മഹിമയെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾ പരലോകവാഴ്ചയെ മാത്രം ആഗ്രഹിച്ചു തേടി മോക്ഷഭാഗ്യം പ്രാപിപ്പാൻ കൃപലഭിച്ചുതരണമെ.

1 ആ.-10ന. 1 ത്രി.

൩-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ ആകാശത്തെഴുന്നള്ളിയ പത്താംനാൾ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന അങ്ങേ ശിഷ്യരുടെമേലും നിന്റെമേലും റൂഹാദക്കുദിശാതമ്പുരാനെ യാത്രയാക്കിയതിനാൽ ഉണ്ടായ മഹിമയെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങൾ റൂഹാദക്കുദിശായുടെ വരപ്രസാദത്താൽ ദൈവതിരുമനസ്സുപോലെ വ്യാപരിപ്പാൻ കൃപലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

൪-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നിന്റെ തിരുക്കുമാരൻ ഉയിൎത്തെഴുന്നെള്ളി കുറെക്കാലംകഴിഞ്ഞപ്പോൾ നീ ഈ ലോകത്തിൽനിന്നു മാലാഖമാരാൽ ആകാശമോക്ഷത്തിലേക്കു കരേറപ്പെട്ടതിനാലുണ്ടായ മഹിമയെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങളും നിന്റെ സഹായത്താൽ മോക്ഷത്തിൽ വന്നുചേരുവാൻ കൃപ ലഭിച്ചുതരണമെ. 1 ആ. 10 ന. 1 ത്രി.

൫-ാം ദൈവരഹസ്യം.

പരിശുദ്ധ ദൈവമാതാവെ! നീ പരലോകത്തിൽ എഴുന്നെള്ളിയയുടനെ നിന്റെ തിരുക്കുമാരൻ നിന്നെ ത്രിലോകരാജസ്ത്രീയായി മുടിധരിപ്പിച്ചതിനാലുണ്ടായ മഹിമയെ ഓൎത്തു ധ്യാനിക്കുന്ന ഞങ്ങളും മോക്ഷാനന്ദഭാഗ്യത്തിൽ നിന്നോടുകൂടെ സദാ ദൈവത്തെ സ്തുതിച്ചനുഭവിപ്പാൻ കൃപലഭിച്ചുതരണമെ.
1 ആ 10 ന. 1 ത്രി.

ശേഷം മുൻ പ്രാൎത്ഥനപോലെ.

൭. ശുദ്ധ. വ്യാകുലമാതാവിന്റെ ജപമാല.

൧-ാം വ്യാകുലം.

ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ ആത്മത്തിൽ വ്യാകുലവാൾ ഊടുരുവപ്പെടുമെന്നു ശെമഓൻ ചൊല്ലിയ ദീൎഘദൎശനത്തെ കേട്ടു മഹാ വ്യാകുലപ്പെട്ടുവല്ലൊ ആ വ്യാകുലത്തെക്കുറിച്ചു ഞങ്ങൾ ഈ ലോകജീവിതത്തെ പ്രമാണിക്കാതെ പരലോകജീവിതം പ്രാപിപ്പാൻതക്കവണ്ണം നിന്റെ തിരുക്കുമാരനോടു അപേക്ഷിച്ചുകൊള്ളണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 1 ആ. 7 ന. 1 ത്രി.

൨-ാം വ്യാകുലം.

ശുദ്ധ വ്യാകുലമാതാവെ! നീ ഹേറോദേശ്‌രാജാവിനെ ഭയന്നു നിന്റെ തിരുക്കുമാരനെ എടുത്തുകൊണ്ടു മെസ്രേൻദേ

ശത്തിന്ന ഓടിപ്പോകുന്നപ്പോൾ നീ മഹാ വ്യാകുലം അനുഭവിച്ചുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു ഞങ്ങൾ പിശാചിന്റെ തന്ത്രങ്ങളിൽനിന്ന ഒഴിഞ്ഞു പരലോകവഴി തെറ്റാതെ നടപ്പാൻ ദയചെയ്യേണമെന്ന നിന്നോട ഞങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 7 നന്മ. 1 ത്രി.

൩-ാംവ്യാകുലം.

ശുദ്ധ. വ്യാകുലമാതാവെ! നിന്റെ തിരുക്കുമാരനെ പന്ത്രണ്ടു വയസ്സിൽ മൂന്നുദിവസം കാണാതെ പോയതിനാൽ നീ മഹാ വ്യാകുലപ്പെട്ടുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു ഞങ്ങൾ പാപത്താൽ അയാളെ വിട്ടുപിരിഞ്ഞുപോകാതിരിപ്പാൻ ദയ ചെയ്യണമെന്നു നിന്നോട ഞങ്ങൾ അപേക്ഷിക്കുന്നു.

൪-ാംവ്യാകുലം.

ശുദ്ധ. വ്യാകുലമാതാവെ! നിന്റെ തിരുക്കുമാരൻ ഭാരമുള്ള കുരിശു ചുമന്നുകൊണ്ടു പോകുന്നതിനെ കണ്ടു നീ മഹാ വ്യാകുലപ്പെട്ടുവല്ലൊ, ആ വ്യാകുലത്തെക്കുറിച്ചു പാപത്താൽ ഞങ്ങൾക്കു വരുന്ന സങ്കടങ്ങളെ ഈ ലോകത്തിൽ ഞങ്ങൾ ക്ഷമയോടുകൂടെ സഹിപ്പാനും പരലോകത്തിൽ മോക്ഷഭാഗ്യം പ്രാപിപ്പാനും കൃപചെയ്യണമെന്നു നിന്നോട ഞങ്ങൾ പ്രാർത്ഥിക്കുന്നു. 1 ആ. 7 നന്മ. 1 ത്രി.

൫-ാംവ്യാകുലം.

ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരൻ എണ്ണമില്ലാത്ത ദുഃഖവേദനപ്പെട്ടു കുരിശിന്മേൽ മരിച്ചതിനെ കണ്ടു നീ മഹാ വ്യാകുലപ്പെട്ടുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു അയാളുടെ തിരുപ്പാടുകളേയും വേദനകളേയും ഞങ്ങൾ ധ്യാനിച്ചു നല്ല മരണം പ്രാപിപ്പാൻ മനോഗുണം ചെയ്യേണമെന്നു നിന്നോട ഞങ്ങൾ പ്രാത്ഥിക്കുന്നു.

൬-ാംവ്യാകുലം.

ശുദ്ധ. വ്യാകുലദൈവമാതാവെ! നിന്റെ തിരുക്കുമാരന്റെ തിരുശരീരത്തെ നിന്റെ തിരുക്കരങ്ങളിൽ താങ്ങി തഴു

കിമുത്തിയപ്പോൾ നീ മഹാ വ്യാകുലപ്പെട്ടുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു കൎത്താവിന്റെ തിരുമരണത്തിന്റെ ഓൎമ്മ ഞങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞിരിപ്പാനും ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെപ്രതി ഇടവിടാതെ കണ്ണുനീർ ചിന്തി കരവാനും മനോഗുണം ചെയ്യേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 7 നന്മ. 1 ത്രി.

൭-ാം വ്യാകുലം.

ശുദ്ധ: വ്യാകുലദൈവമാതാവ! നിന്റെ തിരുക്കുമാരന്റെ തിരുശരീരത്തെ കല്ലറയിൽ അടക്കിയതിന്റെ ശേഷം നീ മഹാ വ്യാകുലപ്പെട്ടുവല്ലൊ. ആ വ്യാകുലത്തെക്കുറിച്ചു ഞങ്ങൾ ഒരിക്കലും സൎവ്വേശ്വരനെ വിട്ടുപിരിഞ്ഞു തനിയെ ആകാതിരുപ്പാൻ മനഗുണംചെയ്യണാമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. 1 ആ. 7 നന്മ. 1 ത്രി.

തിരുക്കണ്ണുനീർവണക്കം.

എത്രയും വ്യാകുലം നിറഞ്ഞ കന്യാസ്ത്രീയെ! നിന്റെ തിരുക്കുമാരന്റെ ജീവിതത്തിലും മരണത്തിലും നീ ചിന്തിയ കണ്ണുനീരേക്കുറിച്ചും ഞങ്ങൾ ചെയ്ത പാപങ്ങളേക്കുറിച്ചും മനസ്താപപ്പെട്ടു നിനക്കാശ്വാസം വരുന്നതുവരെയ്ക്കും ഞങ്ങൾ പ്രലപിച്ചു കരവാൻ മനഗുണം ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. 3 നന്മ.

പ്രാൎത്ഥിക്കാം.

ഞങ്ങളുടെ ദൈവവും രക്ഷിതാവുമായ ഈശോതമ്പുരാനെ! ശെമഓൻ എന്ന പരിശുദ്ധ വയോധികൻ ദീൎഘദർശനമായി അറിയിച്ചതുപോലെ അങ്ങുന്നു പാടുപെട്ട നേരത്തിൽ അങ്ങേ പ്രിയമുള്ള മാതാവും പരിശുദ്ധ കന്യാസ്ത്രീയുമായ ശു. മറിയത്തിന്റെ തിരുവാത്മം വ്യാകുലമെന്ന വാളാൽ ഊടുരവപ്പെട്ടതിനെ നിനച്ചരുളേണമെ. കൎത്താവെ! ആ തിരുമാതാവിൻ വ്യാകുലങ്ങളേയും പീഡകളേയും ഭക്തിവണക്കത്തോടുകൂടെ

കൊണ്ടാടുന്ന അടിയങ്ങളെല്ലാവരും ആ മാതാവിന്റെ പരമയോഗ്യതകളാലും അങ്ങേ തിരുസ്ലീവായുടെ വഴിയിൽ സൂക്ഷ്മമായി നിലനിന്നു സകല ശുദ്ധമാക്കപ്പെട്ടവരുടെ അപേക്ഷകളാലും, അങ്ങേ കഠിനമായ മരണത്താലുമുണ്ടായ ഭാഗ്യഫലങ്ങളെ ഞങ്ങൾ കൈക്കൊള്ളുവാനും സദാകാലവും അങ്ങേ ദർശിച്ച് ആനന്ദിച്ചിരിപ്പാനും കർത്താവേ! ദയാപരനായി കൃപ ചെയ്തരുളേണമെ. ആമ്മേൻ.

### ൭൭. മാസാദ്യവെള്ളിയാഴ്ചയിലെ പ്രതിഷ്ഠാ ജപം.

ഈശോമിശിഹായുടെ തിരുഹൃദയമെ! ഇതാ ഞങ്ങൾ നിന്റെ തിരുമുമ്പിൽ സാഷ്ടാംഗമായി വീണ് ഞങ്ങൾക്കു നീ ചെയ്ത സകല ഉപകാരങ്ങളെക്കുറിച്ചും, നന്മകളെക്കുറിച്ചും, ഏറ്റം എരിവുള്ള സ്നേഹത്താൽ നിറഞ്ഞ് നിനക്കു സ്തോത്രം ചെയ്യുന്നു ഒ! ഈശോയെ! നീ ഞങ്ങളെ അറിയിച്ച നിന്റെ തിരുമനസ്സിനെ നിറവേറ്റുന്നതിനും ആരാധനയ്ക്കു പാത്രമായ നിന്റെ തിരുഹൃദയത്തിന്റെ രാജ്യം ഞങ്ങളുടെ നാട്ടിൽ വേഗം പരത്തുന്നതിനുംവേണ്ടി കന്യകമറിയത്തിന്റെയും വിശുദ്ധ യൌസേപ്പുപിതാവിന്റെയും മദ്ധ്യസ്ഥത്തിൽ ഞങ്ങളുടെ കുടുംബം മുഴുവനും നിനക്കു ചെയ്തിരിക്കുന്ന പ്രതിഷ്ഠയെ ഇപ്പോൾ ഞങ്ങൾ എത്രയും എരിവുള്ള ഭക്തിയോടുകൂടി പുതുതാക്കുന്നു. ഞങ്ങളുടെ ഭവനം നസ്രസിലെ നിന്റെ കുടുംബംപോലെ ബഹുമാനത്തിന്റെയും അദ്ധ്വാനത്തിന്റെയും ജപധ്യാനങ്ങളുടെയും, ക്രമത്തിന്റെയും, സമാധാനത്തിന്റെയും ലംഘിക്കാൻ വയ്യാത്ത വാസസ്ഥലമാകട്ടെ. നീ തന്നെ ഞങ്ങളുടെ ജീവിതത്തിന്റെ ഉത്തമമാതൃകയും സകല കാര്യങ്ങളിലും ഞങ്ങളുടെ ഉറപ്പുള്ള പരിപാലകനുമാകണമെ. സ്നേഹത്തിനു എത്രയും പാത്രമായിരിക്കുന്ന ഈശോയെ! ഞങ്ങളുടെ കുടുംബജീവിതത്തിലുണ്ടാകുന്ന സുഖദുഃഖങ്ങളെ ഒക്കെയും നിനക്കു ഞങ്ങൾ കാഴ്ചവെക്കുന്നു ഈ കുടുംബത്തിലുള്ളവരുടെമേലും, ഇവിടെനിന്നു അകന്നിരിക്കുന്നവരുടെമേലും, ജീവിച്ചിരിക്കുന്നവരുടെമേലും, മരിച്ചവരുടെമേലും നിന്റെ വിലയേറിയ ആശീർവ്വാദങ്ങ

ളെ ചിന്തിയരുളേണമെന്ന് ഞങ്ങൾ ഹൃദയപൂർവം അപേക്ഷിക്കുന്നു. ഞങ്ങളെ നിൻെറ തിരുഹൃദയത്തിൻസൂക്ഷത്തിനായി എല്ലായ്പോഴത്തേക്കും കയ്യേല്പിക്കുന്നു. ഈ കുടുംബത്തിൽ യാതൊരുത്തൻ നിൻെറ പരിശുദ്ധസ്നേഹത്തെ ദുഃഖിപ്പിക്കുവാനുള്ള നിർഭാഗ്യത്തിൽ ഉൾപ്പെട്ടുവെങ്കിൽ അവൻെറ പാപത്തിനുവേണ്ടിയും ഞങ്ങൾ പരിഹാരം ചെയ്യുന്നു ഈശോയെ! നിൻെറ തിരുഹൃദയത്തിൻെറ നാമത്തിൽ ഞങ്ങളുടെ പാപങ്ങളുടെ പരിഹാരത്തെ കൈക്കൊണ്ടു ലോകമൊക്കയിലുമുള്ള എല്ലാ കുടുംബങ്ങളേയും ആശീർവദിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു അങ്ങേക്കു സ്വന്തമായിരിക്കുന്ന കത്തോലിക്കാകുടുംബങ്ങളിൽ മാത്രമല്ല; നിൻെറ സത്യസഭയിൽനിന്നും പിരിഞ്ഞുപോയിരിക്കുന്ന മതദ്വേഷികളുടേയും നിന്നെ അറിയാത്ത അജ്ഞാനികളുടേയും കുടുംബങ്ങളിലും നിൻെറ ദിവ്യരാജ്യം വേഗത്തിൽ നീ സ്ഥാപിക്കേണമെ. ശിശുക്കളുടെമേൽ നീ കടാക്ഷിക്കണമെ. വിദ്യാൎത്ഥികളുടെ പള്ളിക്കൂടങ്ങളേയും, ബാലികാബാലന്മാരുടെ ദൈവവിളിപ്പിനേയും നീ കാത്തുകൊള്ളണമെ രോഗികൾക്കു ശക്തിയും, വൃദ്ധന്മാർക്കു തുണയും, വിധവകൾക്കു ആശ്രയവും, അനാഥന്മാർക്കു പിതാവും നീയാകണമെ. ഓരോ കുടുംബങ്ങളിൽ ദീനക്കാരുടെയും മരണവേദന അനുഭവിക്കുന്നവരുടേയും തലയ്ക്കൽ നീ തന്നെ കാവലായിരിക്കണമെ. വിശേഷിച്ചു കൃപയുടേയും സ്നേഹത്തിൻെറയും സമുദ്രമായ ഈശോയെ! ഞങ്ങളുടെ മരണനേരത്തു ഞങ്ങളെ നീ സഹായിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. ആ സമയത്തു നിൻെറ ദിവ്യഹൃദയത്തോടും നിൻെറ മാതാവിൻെറ കറയില്ലാത്ത ഹൃദയത്തോടും ഞങ്ങളെ ചേൎത്തു ഒന്നിപ്പിക്കേണമെ. അപ്പോൾ ഞങ്ങളുടെ സങ്കേതവും, ആശ്വാസവും, ആശ്രയവും നീയാകണമെ. ഓ! ഈശോയെ! ഞങ്ങൾ ഓരോരുത്തരും നിൻെറ വാത്സല്യപ്പെട്ട മടിയിൽ നിദ്രചെയ്തതിൻെറ ശേഷം മോക്ഷാനന്ദത്തിൽ ഞങ്ങളുടെ കുടുംബം മുഴുവനും നിൻെറ ദിവ്യഹൃദയത്തിങ്കൽ കാണപ്പെടുവാൻ ഞങ്ങൾക്കു നീ കൃപ ചെയ്തരുളണമെ.

ആമ്മേനീശോ.

## ൬൩. തിരുഹൃദയ ലുത്തിനിയാ.

കത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! അനുഗ്രഹിക്കണമെ,
കത്താവെ! അനുഗ്രഹിക്കണമെ,
മിശിഹായെ! ഞങ്ങളുടെ പ്രാത്ഥന നീ കേൾക്കണമെ,
മിശിഹായെ! ഞങ്ങളുടെ പ്രാത്ഥന നീ കൈക്കൊള്ളണമെ,
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനെ,
ഭൂലോകരക്ഷിതാവായ പുത്രൻതമ്പുരാനെ,
റൂഹാദക്കുദ്ശാതമ്പുരാനെ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ: ത്രീത്വമെ,

നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമെ,

കന്യാസ്ത്രീമാതാവിൻെറ ഉദരത്തിൽ റൂഹാദക്കുദിശായാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമെ,

ദൈവവചനത്തോടു കാതലായവിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമെ,

അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമെ,

ദൈവത്തിൻെറ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമെ,

അത്യുന്നതൻെറ കൂടാരമായ ഈശോയുടെ തിരുഹൃദയമെ,

ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമെ,

ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിചൂളയായ ഈശോയുടെ തിരുഹൃദയമെ,

നീതിയുടേയും സ്നേഹത്തിൻേറയും നിധിയായ ഈശോയുടെ തിരുഹൃദയമെ,

നന്മയും സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമെ,

സകല പുണ്യങ്ങളുടേയും അഗാധമായ ഈശോയുടെ തിരുഹൃദയമെ,

ഞങ്ങളെ അനുഗ്രഹിക്കണമെ.

സകല പുകഴ്ചകൾക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമെ,

സകല ഹൃദയങ്ങൾക്കും അധിപനും കേന്ദ്രവുമായ ഈശോയുടെ തിരുഹൃദയമെ,

ജ്ഞാനത്തിന്റെയും അറിവിന്റെയും നിധിയൊക്കെയും അടങ്ങിയിരിക്കുന്ന ഈശോയുടെ തിരുഹൃദയമെ.

ദൈവത്വത്തിൻ പൂർണ്ണതയൊക്കെയും വസിക്കുന്നതായ ഈശോയുടെ തിരുഹൃദയമെ,

നിത്യപിതാവിനു പ്രസാദിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമെ,

ഞങ്ങൾക്കെല്ലാവർക്കും സിദ്ധിച്ചിരിക്കുന്ന നന്മകളുടെ സമ്പൂർണ്ണനിധിയായ ഈശോയുടെ തിരുഹൃദയമെ,

നിത്യപർവ്വതങ്ങളുടെ ആശയായ ഈശോയുടെ തിരുഹൃദയമെ,

ക്ഷമയുള്ളതും അധിക ദയയുള്ളതുമായ ഈശോയുടെ തിരുഹൃദയമെ,

അങ്ങേ കൃപയെ അപേക്ഷിക്കുന്ന സകലരേയും ഐശ്വര്യപ്പെടുത്തുന്ന ഈശോയുടെ തിരുഹൃദയമെ,

ജീവന്റെയും വിശുദ്ധതയുടെയും ഉറവയായ ഈശോയുടെ തിരുഹൃദയമെ,

ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരമായിരിക്കുന്ന ഈശോയുടെ തിരുഹൃദയമെ,

നിന്ദകളാൽ പൂരിക്കപ്പെട്ട ഈശോയുടെ തിരുഹൃദയമെ,

ഞങ്ങളുടെ അക്രമങ്ങൾ നിമിത്തം തകർന്ന ഈശോയുടെ തിരുഹൃദയമെ,

മരണത്തോളം കീഴ്വഴക്കമുള്ളതായിരുന്ന ഈശോയുടെ തിരുഹൃദയമെ,

കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട ഈശോയുടെ തിരുഹൃദയമെ,

ഞങ്ങളെ അനുഗ്രഹിക്കേണമെ.

സകല ആശ്വാസങ്ങളുടെയും ഉറവയായ ഈശോയുടെ തിരുഹൃദയമെ,

ഞങ്ങളുടെ ജീവനും ഉയർപ്പുമായ ഈശോയുടെ തിരുഹൃദയമെ,

ഞങ്ങളുടെ സമാധാനവും യോജിപ്പുമായ ഈശോയുടെ തിരുഹൃദയമെ,

പാപങ്ങൾക്കു പരിഹാരബലിയായ ഈശോയുടെ തിരുഹൃദയമെ,

നിന്നിൽ ആശ്രയിക്കുന്നവരുടെ രക്ഷയായ ഈശോയുടെ തിരുഹൃദയമെ,

നിന്നിൽ മരിക്കുന്നവരുടെ ശരണമായ ഈശോയുടെ തിരുഹൃദയമെ,

സകല പുണ്യവാന്മാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമെ.

ഞങ്ങളെ അനുഗ്രഹിക്കണമെ.

ഭൂലോകദോഷഹരം ചെയ്യുന്ന ദൈവ ചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോതമ്പുരാനെ,

കർത്താവെ, ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ.

ഭൂലോകദോഷ..........കർത്താവെ! ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കേണമെ.

ഭൂലോകദോഷ...........കർത്താവെ! ഞങ്ങളെ അനുഗ്രഹിക്കേണമെ.

എളിമയും ശാന്തതയുമുള്ള ഹൃദയത്തോടുകൂടിയ ഈശോതമ്പുരാനെ! ഞങ്ങളുടെ ഹൃദയം അങ്ങെ ദിവ്യഹൃദയത്തിനൊത്തതാക്കിയരുളേണമെ.

പ്രാർത്ഥിക്ക.

സർവ്വവല്ലഭനും നിത്യനുമായിരിക്കുന്ന സർവ്വേശ്വരാ! അങ്ങേക്ക് എത്രയും പ്രിയമുള്ള പുത്രൻെറ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി താൻ അങ്ങേക്കു കാഴ്ചവെച്ച സ്തുതികളേയും പാപപരിഹാരങ്ങളേയും തൃക്കൺപാർത്തു അലിവായി അങ്ങെ കൃപയെ പ്രാർത്ഥിക്കുന്ന ഞങ്ങൾക്കു ദയാപരനായി

പൊറുതി തന്നരുളേണമെ. ഈ അപേക്ഷകളൊക്കെയും ഞ ങ്ങളുടെ കൎത്താവിശോമിശിഹായുടെ നാമത്തിൽ ഞങ്ങൾക്കു തന്നരുളേണമെ. ആമ്മേൻ.

൩. ശുദ്ധീകരസ്ഥലത്തിലെ ആത്മാവുകളെക്കുറിച്ചുള്ള പ്രാൎത്ഥന.

കൎത്താവെ! അനുഗ്രഹിക്കണമെ

മിശിഹായെ! അനുഗ്രഹിക്കണമെ

കൎത്താവെ! അനുഗ്രഹിക്കണമെ

മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കേണമെ.

മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കൈക്കൊള്ളേണമെ.

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനെ,

ഭൂലോകരക്ഷയുടെ പുത്രൻതമ്പുരാനെ,

റൂഹാദക്കുദിശാതമ്പുരാനെ,

ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ. ത്രിത്വമെ,

ശുദ്ധ: മറിയമെ,

തമ്പുരാന്റെ പുണ്യജനനിയെ,

കന്യാസ്ത്രീകൾക്കു മകുടമാകുന്ന നിൎമ്മല കന്യകയെ,

ശുദ്ധ: മിഖായേലെ,

ദൈവദൂതന്മാരും മുഖ്യദൈവദൂതന്മാരുമായ സകല മാലാഖമാരെ,

നവവിലാസവൃന്ദങ്ങളായ സകല മാലാഖമാരെ,

ശുദ്ധ: സ്നാപകയോഹന്നാനെ,

ശുദ്ധ: യൌസേപ്പെ,

മുഖ്യ പിതാക്കന്മാരും ദീൎഘദൎശികളുമായ സകല ശുദ്ധമാക്കപ്പെട്ടവരെ,

ശുദ്ധ: പത്രോസെ,

ശുദ്ധ: പൌലോസെ,

ശുദ്ധ: യോഹന്നാനെ,

ശ്ലീഹന്മാരും ഏവൻഗേലിസ്തന്മാരുമായ സകല ശുദ്ധമാക്കപ്പെട്ടവരെ,

ശുദ്ധ: എസ്തപ്പാനോസെ,

ഞങ്ങൾക്കുവെണ്ടി അപെക്ഷിക്കെണമെ.

ശുദ്ധ: ലെയൊന്തിയോസെ,
വേദസാക്ഷികളായ സകല ശുദ്ധമാകപ്പെട്ടവരെ,
ശുദ്ധ: ഗ്രീഗോരിയൊസെ,
ശുദ്ധ: അമ്പ്രോസിസെ,
ശുദ്ധ: ആഗസ്തീനോസെ,
ശുദ്ധ: ഈറോനീമ്മോസെ,
മെത്രാന്മാരും വന്ദകന്മാരുമായ സകല ശുദ്ധമാകപ്പെട്ട
വരെ,
വേദവിദ്യാപാരകന്മാരായ സകല ശുദ്ധമാകപ്പെട്ടവരെ,
ഗുരുക്കന്മാരും ആചാൎയ്യന്മാരുമായ സകല ശുദ്ധമാകപ്പെട്ട
വരെ,
സന്ന്യാസികളും തപോധനന്മാരുമായ സകല ശുദ്ധമാകപ്പെ
ട്ടവരെ,
ശുദ്ധ: മറിയംമഗ്ദലെത്തായെ,
ശുദ്ധ: കത്രീനായെ,
ശുദ്ധ: ബർബരായെ,
കന്യാസ്ത്രീകളും വിധവസ്ത്രീകളുമായ സകല പുണ്യവതി
കളെ,
കൎത്താവിന്റെ തിരുവടിയാരായിരിക്കുന്ന സ്ത്രീപുമാന്മാരായ
സകല ശുദ്ധമാകപ്പെട്ടവരെ,
ദയാപരനായിരുന്നു കൎത്താവേ! അവരുടെ പാപങ്ങൾ
പൊറുത്തരുളേണമെ.
ദയാപരനായിരുന്നു—കൎത്താവെ! അവരുടെ പ്രാൎത്ഥന നി
കേട്ടരുളേണമെ.
സകല തിന്മകളിൽനിന്നു്,
നിന്റെ കോപത്തിൽനിന്നു്,
നിന്റെ നീതിയുടെ ഘോരത്തിൽനിന്നു്,
പിശാചിന്റെ ശക്തിയിൽനിന്നു്,
കഠോരമായ വ്യാകുലത്തിൽനിന്നു്,
കഠിന ശിക്ഷയിൽനിന്നു്,
മരണത്തിൻ ഭയങ്കരമായ ഇരുളിൽനിന്നു്

കൎത്താവെ! അവരെ
നീ രക്ഷിച്ചുകൊള്ളണമെ.

അഗ്നിജ്വാലയിൽനിന്നു,
സങ്കടപ്പെട്ട കരച്ചിലിൽനിന്നു,
ശുദ്ധീകരസ്ഥലമായ പാറാവിൽനിന്നു.
നിന്റെ തിരു മനുഷ്യാവതാരത്തെക്കുറിച്ചു,
നിന്റെ കറയില്ലാത്ത ഉത്ഭവത്തേയും പിറവിയേയും കുറിച്ചു,
നിന്റെ മാധുൎയ്യമായ തിരു നാമധേയത്തെക്കുറിച്ചു,
നിന്റെ ദിവ്യ ബാല്യപ്രായത്തെക്കുറിച്ചു,
നിന്റെ മാമ്മോദീസായേയും നോൻപേയും കുറിച്ചു,
നിന്റെ എത്രയും വലിയ എളിമയെക്കുറിച്ചു,
നിന്റെ എത്രയും വലിയ ജാഗ്രതയുള്ള കീഴ്വഴക്കത്തെക്കുറിച്ചു,
നിന്റെ കൃപയുടെ പെരുപ്പത്തേയും അളവില്ലാത്ത സ്നേഹത്തേയും കുറിച്ചു.
നീയനുഭവിച്ച കഠോര ഉപദ്രവങ്ങളേയും ഞെരുക്കങ്ങളേയും കുറിച്ചു,
നിന്റെ തിരുച്ചോരയുടെ വിയൎപ്പേക്കുറിച്ചു,
കെട്ടപ്പെട്ട നിന്റെ കെട്ടുകളെക്കുറിച്ചു,
നിന്റെ തിരുമേനിയിൽപ്പെട്ട അടികളേക്കുറിച്ചു,
നിന്റെ തിരുമുൾമുടിയേക്കുറിച്ചു,
നിന്റെ തിരുസ്ലീവായേക്കുറിച്ചു,
നിന്റെ ദയനീയമായ തിരുമരണത്തെക്കുറിച്ചു,
നിന്റെ അഞ്ചു തിരുമുറിവുകളേക്കുറിച്ചു,
മരണത്തെ ജയിച്ച അങ്ങേ അപമാനമുള്ള മരണത്തേക്കുറിച്ചു,
നിന്റെ വിലതീരാത്ത തിരുരക്തത്തേക്കുറിച്ചു,
നിന്റെ മഹിമപ്പെട്ട ഉയിൎപ്പേക്കുറിച്ചു,
നിന്റെ ആശ്ചൎയ്യകരമായ ആരോഹണത്തേക്കുറിച്ചു,
തണുപ്പിക്കുന്നവനായ റൂഹാദ്കുദിശായുടെ വരവേക്കുറിച്ചു,
വിധിയുടെ ദിവസത്തിൽ,

കൎത്താവേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

പാപികളായിരിക്കുന്ന ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു.

പാപിയായിരുന്ന മറിയം മഗ്ദലെത്തായോടു പൊറുത്തവനും നല്ല കള്ളന്റെ അപേക്ഷയെ കൈക്കൊണ്ടവനുമായ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

മരണത്തിൻ താക്കോലും നരകത്തിൻ താക്കോലും കൈക്കൊണ്ടിരിക്കുന്ന നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

രക്ഷയ്ക്കു പാത്രവാന്മാരായിരിക്കുന്നവരെ വിശേഷവിധിയായി കാത്തു രക്ഷിക്കുന്ന നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഞങ്ങളുടെ കൂടപ്പിറപ്പുകൾ, ബന്ധുക്കൾ, സ്നേഹിതർ, ഉപകരികൾ മുതലായവരുടെ ആത്മാവുകളെ ശുദ്ധീകരസ്ഥലത്തിൽനിന്നു രക്ഷിച്ചരുളേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഭൂലോകത്തിൽ ആരും നിരൂപിച്ചു സഹായിക്കാത്ത സകല ആത്മാവുകൾക്കും കൃപ ചെയ്തരുളേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

നിന്നിൽ അനുകൂലപ്പെട്ടുന്ന സകലർക്കും തണുപ്പും പ്രകാശവും, സമാധാനവും കല്പിച്ചരുളേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

പാപത്താൽ അവർക്കുണ്ടാകുന്ന ശിക്ഷയെ കുറച്ചരുളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

അവരുടെ ദുഃഖസന്താപത്തെ സന്തോഷമായി പകത്തിയരുളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

അവരുടെ ആശയെ നിവൎത്തിയാക്കുവാൻ ദയചെയ്തരുളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

അവർ നിന്നെ പുകഴ്ത്തി സ്തുതിച്ചു അവർ നിനക്കു ബലി അണയ്ക്കുന്നതിനു കൃപചെയ്തരുളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കൎത്താവേ! ഞങ്ങളുടെ അപേക്ഷ നീ കേൾക്കണമേ.

നിൻെറ ശുദ്ധമാകപ്പെട്ടവരുടെ കൂട്ടത്തിൽ അവരെ കൈക്കൊണ്ടുകൊള്ളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സർവ്വേശ്വരൻെറ പുത്രാ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കൃപയുടെ ഓലിവുമരമായെ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഭൂലോകദോഷഹീനാ ചെയ്യുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായ ഈശോതമ്പുരാനെ!

കർത്താവെ! അവർക്കു നിത്യാനുകൂലം കൊടുത്തരുളണമെ.

ഭൂലോകദോഷ...............കർത്താവെ! അവർക്കു;

ഭൂലോകദോഷ...............കർത്താവെ! അവർക്കു;

കർത്താവേ! അനുഗ്രഹിക്കണമെ.

മിശിഹായേ അനുഗ്രഹിക്കണമെ.

കർത്താവേ! അനുഗ്രഹിക്കണമെ. 1 ആകാ,

ക: { പാതാളവാതിലിൽനിന്ന്,
സ: { അവരുടെ ആത്മാവുകളെ രക്ഷിച്ചരുളണമെ,
ക: { സമാധാനത്തിൽ അവർ അനുകൂലപ്പെടട്ടെ,
സ: { ആമ്മേനീശോ.
ക: { കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന നീ കേട്ടരുളണമെ.
സ: { ഞങ്ങളുടെ അഭയശബ്ദം അങ്ങേ സന്നിധിവരേയും എത്തട്ടെ.

## പ്രാർത്ഥിക്കാം.

സകല വിശ്വാസികളുടെ സൃഷ്ടാവും രക്ഷിതാവുമായ സർവ്വേശ്വരാ! മരിച്ച നിൻെറ അടിയാർക്കുവേണ്ടി ചെയ്യപ്പെടുന്ന ഭക്തിയുള്ള അപേക്ഷകളെ കൈക്കൊണ്ടു അവർ ഒത്രയും താല്പര്യത്തോടുകൂടെ ആഗ്രഹിക്കുന്ന ദോഷപൊറുതിയെ അനുഗ്രഹമായി കൊടുത്തരുളണമെന്നു നിന്നോടു ഞങ്ങൾ അ

പേക്ഷിക്കുന്നു. സദാകാലവും ജീവിച്ചുവാഴുന്ന സൎവ്വേശ്വരാ കൎത്താവെ! ഈ അപേക്ഷയെ ദയയോടുകൂടെ കേട്ടരുളണമെ.

നിത്യപിതാവെ! മാതാപിതാക്കൾ, ബന്ധുക്കൾ, സ്നേഹിതർ, ഉപകാരികൾ മുതലായവരെ തക്കവിധമായി സ്നേഹിച്ചു അവർക്കു വേണ്ട നന്മകളെ ചെയ്‌വാൻ നീ കല്പിച്ചിരിക്കുന്നുവല്ലൊ. ആയതിനാൽ ഞങ്ങളെ ജനിപ്പിച്ചു സ്നേഹത്തോടുകൂടെ വളൎത്തി പരിപാലിച്ചവരും പലപല ഉപകാരസഹായം ഞങ്ങൾക്കു ചെയ്തിട്ടുള്ളവരും ഞങ്ങളുടെ ബന്ധുക്കൾ, സ്നേഹിതർ മുതലായവരും വേദന നീങ്ങി നിത്യകാലം നിന്നെ സന്തോഷമായി ദർശിച്ചുകൊണ്ടിരിക്കുന്നതിന് കൃപ ചെയ്തരുളണമെന്നു വിനയത്തോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ആമ്മേനീശോ.

മ. { മരിച്ച വിശ്വാസികൾക്കുവേണ്ടി നാം പ്രാൎത്ഥിക്ക.

സ. { കൎത്താവെ! നിത്യാനുകൂലം അവർക്കു കൊടുത്തരുളണമെ. അവസാനമില്ലാത്ത പ്രകാശം അവർക്കു പ്രകാശിക്കുമാറാകട്ടെ.

മ. { സമാധാനത്തിലവരനുകൂലപ്പെടട്ടെ

സ. { ആമ്മേൻ.

൨൨. സകല പുണ്യവാന്മാരുടെ പ്രാൎത്ഥന.

കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! അനുഗ്രഹിക്കണമെ.
കൎത്താവെ! അനുഗ്രഹിക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കണമെ.
മിശിഹായെ! ഞങ്ങളുടെ പ്രാൎത്ഥന നീ കൈക്കൊള്ളണമെ.
ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനെ,
ഭൂലോകരക്ഷിതാവായ പുത്രൻതമ്പുരാനെ,
റൂഹാദക്കുദ്ശാതമ്പുരാനെ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ. ത്രീത്വമെ,
ശുദ്ധ. മറിയമെ,
തമ്പുരാന്റെ പുണ്യ ജനനിയെ,

ഞങ്ങളെ അനുഗ്രഹിക്കണമെ.

കന്യാസ്ത്രീകൾക്കു മകുടമാകുന്ന നിൎമ്മലകന്യകയെ,
ശുദ്ധമാന മിഖായേലെ,
ശുദ്ധ. ഗെവറിയേലെ,
ശുദ്ധ. റപ്പായേലെ,
ദൂതന്മാരും മുഖ്യ ദൂതന്മാരുമായ സകല മാലാഖമാരെ,
ശുദ്ധ. സ്നാപക യോഹന്നാനെ,
ശുദ്ധ. മാർ യൌസേപ്പെ,
മുഖ്യപിതാക്കന്മാരും ദീൎഘദൎശികളുമായ സകല ശുദ്ധമാക്കപ്പെട്ടവരെ,
ശുദ്ധ. പത്രോസെ,
ശുദ്ധ. പൌലോസെ,
ശുദ്ധ. അന്ത്രയോസെ,
ശുദ്ധ. യാക്കോബെ,
ശുദ്ധ. യോഹന്നാനെ,
ശുദ്ധ. തോമ്മായെ,
ശുദ്ധ. ചെറിയാക്കോബെ,
ശുദ്ധ. പീലിപ്പോസെ,
ശുദ്ധ. ബൎത്തലൊമ്മായെ,
ശുദ്ധ. മത്തായിയെ,
ശുദ്ധ. ശെമഓനെ,
ശുദ്ധ. മത്തിയായെ,
ശുദ്ധ. ലെംബെവെയെ,
ശുദ്ധ. വൎണ്ണവായെ,
ശുദ്ധ. ലൂക്കായെ,
ശുദ്ധ. മൎക്കോസെ,
ശ്ലീഹന്മാരും എവൻഗേലിസ്താന്മാരുമായ സകല ശുദ്ധമാക്കപ്പെട്ടവരെ,
ഞങ്ങളുടെ കൎത്താവിന്റെ ശിഷ്യരായ സകല ശുദ്ധമാക്കപ്പെട്ടവരെ,
കറയില്ലാത്ത സകല ശുദ്ധമാക്കപ്പെട്ട കുഞ്ഞിപ്പൈതങ്ങളെ,
ശുദ്ധ. എസ്തപ്പാനോസെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ശുദ്ധ. ലൌറന്തിയോസെ,
ശുദ്ധ വിനസന്തിയോസെ,
ശുദ്ധ. ഗീവറുഗീസെ,
പവിയാനോസും സെബസ്ത്യാനോസും എന്ന ശുദ്ധമാകപ്പെട്ട
വരെ,
കസ്മാസും ദമിയാനോസുമെന്ന ശുദ്ധമാകപ്പെട്ടവരെ,
വേദസാക്ഷികളായ സകല ശുദ്ധമാകപ്പെട്ടവരെ,
ഗർവ്വാസീസും പ്രൊത്താസീസുമെന്ന ശുദ്ധമാകപ്പെട്ടവരെ;
ശുദ്ധ. സിൽവസ്ത്രോസെ,
ശുദ്ധ. ഗ്രീഗോറിയോസെ,
ശുദ്ധ അമ്പ്രോസീസെ,
ശുദ്ധ അഗുസ്തീനോസെ,
ശുദ്ധ. ഇറാനീമ്മോസെ,
ശുദ്ധ. മത്തീനോസെ,
ശുദ്ധ. നിക്കൊലാവോസെ,
ശുദ്ധ. അപ്രേമെ,
മെത്രാന്മാരും വന്ദകന്മാരുമായ സകല ശുദ്ധമാകപ്പെട്ടവരെ,
വേദവിദ്യാചാരകന്മാരായ സകല ശുദ്ധമാകപ്പെട്ടവരെ,
ശുദ്ധ: അന്തോനീസെ,
ശുദ്ധ: ബനദിക്തോസെ,
ശുദ്ധ. ശെമഓൻ എസ്തൂനായെ,
ശുദ്ധ. ബെർന്നർദ്ദോസെ,
ശുദ്ധ. ദൊമ്മനിക്കോസെ,
ശുദ്ധ. പ്രാൻസിസ്കോസെ,
ഗുരുക്കന്മാരും ആചാര്യന്മാരുമായ സകല ശുദ്ധമാകപ്പെട്ടവരെ,
സന്ന്യാസികളും തപോധനന്മാരുമായ സകല ശുദ്ധമാകപ്പെട്ട
വരെ,
ശുദ്ധ. മറിയം മഗ്ദലെത്തായെ,
ശുദ്ധ. തെക്ലായെ,
ശുദ്ധ. ലുക്കിയായെ,
ശുദ്ധ. അഗസായെ,

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

ശുദ്ധ. അഗ്നെസ,
ശുദ്ധ. കിക്കിലിയായെ,
ശുദ്ധ. കത്രിനായെ,
ശുദ്ധ. അനസ്താസിയായെ,
കന്യാസ്ത്രീകളും വിധവസ്ത്രീകളുമായ സകല പുണ്യവാളത്തികളെ
കൎത്താവിന്റെ തിരു അടിയാരായിരിക്കുന്ന സ്ത്രീപുമാന്മാരായ സകല ശുദ്ധമാകപ്പെട്ടവരെ, [ഞങ്ങൾക്കു വേണ്ടി പ്രാൎത്ഥിക്കെണമെ.]
ദയാപരനായിരുന്ന്—കൎത്താവെ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കെണമെ.
ദയാപരനായിരുന്ന്—കൎത്താവെ! ഞങ്ങളുടെ പ്രാൎത്ഥന നീ കേൾക്കെണമെ.
സകല പാപങ്ങളിൽനിന്ന്,
ഭൂകമ്പത്തിന്റെ കഠിന ശിക്ഷയിൽനിന്ന്,
യദൃഛയാലെയുള്ള മരണത്തിൽനിന്ന്,
പിശാചിന്റെ സകല തന്ത്രങ്ങളിൽനിന്ന്,
കോപം, ദ്വേഷം മുതലായ സകല ദുശ്ശീലങ്ങളിൽനിന്നു,
മോഹാഗ്നിയിൽനിന്ന്,
ഇടിയിലും പെരുങ്കാററിലുംനിന്ന്,
നിത്യമരണത്തിൽനിന്ന്,
നിന്റെ തിരുമനുഷ്യാവതാരത്തിന്റെ പരമ രഹസ്യത്തെക്കുറിച്ച്
നിന്റെ വരവെക്കുറിച്ച്,
നിന്റെ പിറവിയെക്കുറിച്ച്.
നിന്റെ ദിവ്യ ബാല്യപ്രായത്തെക്കുറിച്ച്,
നിന്റെ മാമ്മോദീസായെയും നോമ്പിനെയും കുറിച്ച്,
നിന്റെ സ്ലീബായെയും പങ്കപ്പാടെയും കുറിച്ച്,
നിന്റെ തിരുമരണത്തെയും അടക്കിപ്പെയും കുറിച്ച്,
തണുപ്പിക്കുന്നവനായ റൂഹാക്കുദിശായുടെ വരവെക്കുറിച്ച്,
വിധിയുടെ ദിവസത്തിൽ, [കൎത്താവെ! ഞങ്ങളെ നീ രക്ഷിക്കെണമെ.]
പാപികളായിരിക്കുന്ന ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.

ഞങ്ങളുടെ പാപങ്ങൾ പോക്കി രക്ഷിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഞങ്ങൾക്കു കരുണചെയ്തു രക്ഷിച്ചുകൊള്ളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

പട്ടാങ്ങയായ തോറ്റത്തിനു ഞങ്ങളെ എത്തിക്കേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

നിന്റെ ശുദ്ധ. സഭയെ നീ ഭരിക്കയും പരിപാലിക്കയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

മാൎപ്പാപ്പാ മുതലായ അതിശ്രേഷ്ഠാചാൎയ്യന്മാരേയും സത്യവേദസഭയിലുൾപ്പെട്ട സകല ഗുരുക്കൾ, സന്യാസികളേയും, വേദമൎയ്യാദകളിൽ കാത്തുരക്ഷിച്ചുകൊള്ളേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സത്യവേദരാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും സമാധാനവും നിരപ്പും ഐകമത്യവും കൊടുക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

നിന്റെ തിരുസ്സഭയുടെ ശത്രുക്കളെ കീഴ്പ്പെടുത്തണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ക്രിസ്ത്യാനികളെക്കെല്ലാം സമാധാനവും ഒരുമ്പാടും കൊടുക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

നിന്റെ ശുശ്രൂഷയിലടിയങ്ങളെ സ്ഥിരപ്പെടുത്തികൊള്ളണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഞങ്ങളുടെ മനസ്സു പരലോക ആഗ്രഹത്തിൽ വൎദ്ധിപ്പിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഞങ്ങളുടെ ഉപകാരികൾക്കു നിത്യനന്മകളെ ഫലമായിട്ടു കല്പിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഞങ്ങളുടെ ആത്മാക്കളെയും ഞങ്ങളുടെ കൂടപ്പിറപ്പുകൾ, ബന്ധുക്കൾ ഉപകാരികളുടെ ആത്മാക്കളേയും എന്നന്നേക്കുമുള്ള നരകശിക്ഷയിൽനിന്നു് രക്ഷിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കൎത്താവെ! ഞങ്ങളുടെ അപേക്ഷ നീ കേൾക്കണമെ.

ഭൂമിയിൽ നല്ല ധാന്യങ്ങളെ വിളയിച്ചു ഞങ്ങളെ കാത്തു പരിപാലിച്ചുകൊള്ളണമെന്നു നിന്നോടു ഞങ്ങളപേക്ഷിക്കുന്നു.

മരണത്തെ പ്രാപിച്ച സമസ്ത വിശ്വാസികൾക്കും എന്നന്നേക്കുമുള്ള അനുകൂലം കൊടുക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സർവേശ്വരൻെറ പുത്രാ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ഭൂലോകദോഷഹരണം ചെയ്യുന്ന ദൈവചെമ്മരിയാട്ടിൻകുട്ടിയായിരിക്കുന്ന ഈശോതമ്പുരാനെ.

കർത്താവെ! ഞങ്ങളുടെ പാപങ്ങൾ നീ പൊറുക്കേണമെ.

ഭൂലോകദോഷ...............കർത്താവെ! ഞങ്ങളുടെ പ്രാർത്ഥന നീ കേൾക്കണമെ.

ഭൂലോകദോഷ...............കർത്താവെ! ഞങ്ങളെ നീ അനുഗ്രഹിക്കേണമെ.

പ്രാർത്ഥന.

സർവ്വവല്ലഭനായിരിക്കുന്ന സർവേശ്വരാ! ഉയിരവരുടെ മേലും മരിച്ചവരുടെമേലും നിൻെറ അധികാരം നടത്തി നീ തിരിഞ്ഞെടുത്തിരിക്കുന്ന സമസ്ത ജനങ്ങളും വിശ്വാസത്താലും നന്മപ്രവൃത്തികൾകൊണ്ടും നിൻെറ പക്കൽ ചേരുവാൻ നീ ദയയായിരിക്കുന്നുവല്ലൊ എന്നാൽ ഞങ്ങളാരെയെല്ലാംപ്രതി അപേക്ഷിച്ചിരിക്കുന്നുവോ അവരൊക്കെയും ശരീര സംബന്ധത്തോടുകൂടെ ഇഹലോകത്തിൽ ജീവിച്ചിരിക്കുന്നവരായാലും ശരീരത്തെ വിട്ട പരലോകത്തെപ്രാപിച്ചവരായാലും സകല ശുദ്ധമാക്കപ്പെട്ടവരുടെ അപേക്ഷകളാലേയും നിൻെറ അധിക നന്മയുള്ള കൃപാകടാക്ഷത്താലും ദോഷപൊറുതി ലഭിപ്പാനായിട്ടു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിന്നോടുകൂടെയും റൂഹാദക്കുദിശായോടുകൂടെയും ഏക സർവ്വേശ്വരനുമായി സദാകാലം ജീവിച്ചിരിക്കുന്നവനും രാജ്യപരിപാലകനുമായിരിക്കുന്ന നിൻെറ

സ്നേഹപ്പെട്ട പുത്രൻ ഈശോമിശിഹായുടെ തിരുമുഖത്തെക്കുറിച്ചു ഈ ഇരപ്പുകളൊക്കെയും കർത്താവെ! ഞങ്ങൾക്കു തന്നരുളേണമെ 1 ആകാ.

൧ർ. ദൈവം.

സർവ്വനന്മസ്വരൂപിയും, സർവ്വഗുണങ്ങളുടെ ഭാജനവും ആദ്യന്തമില്ലാത്ത എത്രയും നിർമ്മലപ്പെട്ട അരൂപിയും ആകാശവും ഭൂമിയും സൃഷ്ടിച്ചു വാണിരിക്കുന്ന ഉടയനാഥനും, സർവ്വവ്യാപിയും, സർവ്വജ്ഞനും സ്വയംഭൂവുമായിരിക്കുന്ന താൻ ദൈവമാകുന്നു "ആകുന്നവൻ ഞാനാകുന്നു" ('യഹോവാ') എന്നു അരുളിച്ചെയ്ത അങ്ങേ നാമം മഹാവലിയ നാമത്തിനു യോഗ്യതയുള്ളതും മററു നാമങ്ങളോടു തുല്യപ്പെടുത്താൻ വഹിയാത്തതുമാകുന്നു.

൨ാം. മാലാഖാമാർ.

സർവ്വശക്തനും, അളവററ ഗുണസ്വരൂപിയുമായ ദൈവം ആകാശമണ്ഡലങ്ങളിൽ ആദ്യമായി സൃഷ്ടിച്ച അശരീരികളായ പരിശുദ്ധാത്മാക്കൾ മാലാഖാമാർ ആകുന്നു ഈ വിശുദ്ധാരൂപികൾ കൂട്ടംകൂട്ടമായി ദൈവസന്നിധിയിൽ നിന്നുകൊണ്ടു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, എന്നു അങ്ങേ സ്തുതിക്കയും, അങ്ങേക്കു സകലവിധ ശുശ്രൂഷകളും ചെയ്യുന്നതിനു സദാ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നു. മാലാഖാമാരുടെ എണ്ണം കണക്കില്ലാത്തവണ്ണമായിരുന്നാലും വി. തോമ്മാമല്പാൻ അവരെ ഒമ്പതു വൃന്ദങ്ങളായി തിരിച്ചു നാമകരണം ചെയ്യുന്നതു വേദപുസ്തകത്തിലെ ചില വാക്യങ്ങൾ അനുസരിച്ചാണ്. 1. ഭക്തിജ്വാലകന്മാർ, 2. ജ്ഞാനാധിക്യന്മാർ, 3. ഭദ്രാസനന്മാർ, 4. നാഥകർതൃന്മാർ, 5. തത്വകന്മാർ, 6. ബലവത്തുക്കൾ, 7. സമാധാനമുഖ്യന്മാർ, 8. മുഖ്യദൈവദൂതന്മാർ, 9. ദൈവദൂതന്മാർ-അഥവാ കാർക്കുന്ന മാലാഖാമാർ.

൩ം. പിശാചുക്കൾ.

അഹങ്കാരം മൂത്തിച്ച്, നിരിസ്വരൂപിയും, പരിശുദ്ധനുമായ ദൈവത്തിന്റെ കല്പനയെ ലംഘിച്ചു കഠിനമായ നിരൂപ

ണദോഷം ചെയ്കതിനാൽ സൎവ്വേശ്വരനാൽ ശിക്ഷിക്കപ്പെട്ട മാലാഖാമാർ പിശാചുക്കൾ ആകുന്നു. ഈ ദുഷ്ടാരൂപികൾക്കു പിശാചുക്കൾ, ചെകുത്താന്മാർ, ചാത്തന്മാർ ഇത്യാദി പേരുകൾ ഉണ്ടു.

൱൨. മനുഷ്യൻ.

"വിവേചനാബുദ്ധിയോടുകൂടിയ മൃഗം, മനുഷ്യനാകുന്നു" എന്നു തത്വജ്ഞാനികൾ പറയുന്നു. യഥാൎത്ഥത്തിൽ അവൻ ബുദ്ധിയുള്ള ആത്മാവോടും മൃഗീയ ശരീരത്തോടുംകൂടിയവനും ദൈവത്താൽ ഉണ്ടാക്കപ്പെട്ട ഇഹലോകസൃഷ്ടികളിൽ പ്രധാനജീവിയും ദൈവത്തെ അറിഞ്ഞു സേവിച്ചു പരലോകഭാഗ്യം ലഭിക്കുന്നതിനു നിയോഗിക്കപ്പെട്ടവനും അതിനു പ്രാണിയുള്ളവനും, മനുഷ്യനാകുന്നു.

൱൩. മനുഷ്യാത്മാവു്.

സൎവ്വശക്തനായ ദൈവം ഇല്ലായ്മയിൽനിന്നും സൃഷ്ടിച്ചു മനുഷ്യശരീരത്തോടു യോജിപ്പിച്ചിരിക്കുന്നതും, തന്മൂലം ശരീരത്തിനു ജീവിക്കുന്നതിനും ചിന്തിക്കുന്നതിനും സ്പൎശിക്കുന്നതിനും ശക്തി നൽകുന്നതും, സ്വശക്തിയാൽ ജീവിക്കുന്നതിനും, പ്രവൎത്തിക്കുന്നതിനും, സഹിക്കുന്നതിനും വശമുള്ളതും മരണമില്ലാത്തതുമായ അരൂപി മനുഷ്യാത്മാവാകുന്നു.

൱൪. മനുഷ്യശരീരം.

സൃഷ്ടിയുടെ വലിപ്പം കാരണം ദൈവദത്തമായിരിക്കുന്ന ഉല്പാദനശക്തിയാൽ ഉരുവാക്കപ്പെടുന്നതും, പഞ്ചഭൂതങ്ങളാൽ രൂപാന്തരപ്പെടുന്നതും സ്വഭാവത്താലെ അഴിവിനും മരണത്തിനും ചാഞ്ഞിരിക്കുന്നതുമായ ഒരു വിഗ്രഹം മനുഷ്യശരീരമാകുന്നു.

൱൫. മതം.

സ്രഷ്ടാവായിരിക്കുന്ന ദൈവവും സൃഷ്ടിയായിരിക്കുന്ന മനുഷ്യനും തമ്മിൽ പ്രകൃതിസിദ്ധമായതും ഒഴിക്കവഹിയാത്തതുമായ ബന്ധത്തെയും അവനു സകല വസ്തുക്കളുടെയും ആദിയുമന്തവുമാകുന്നതിനെയും സ്പഷ്ടമാക്കുന്നതിനുവേണ്ടിയും ന്യായമായി

മനുഷ്യൻ ദൈവത്തിനു ചെയ്യേണ്ട പരമ ആരാധനയെ കാണിക്കുന്നതിനുവേണ്ടിയുള്ള ഒരു സാന്മാൎഗ്ഗിക പൂൎണ്ണ്യം മതമാകുന്നു.

### ൯൯. കത്തോലിക്കമതം.

എല്ലാക്കാലത്തും എല്ലാ ജാതി മനുഷ്യൎക്കും ഏക രക്ഷാമാൎഗ്ഗമായിരിക്കത്തക്കവണ്ണം സകലത്തിന്റെയും കൎത്താവായ ദൈവത്താൽ സ്ഥാപിതമായതും ദീൎഘദൎശനങ്ങളാലും അത്ഭുതങ്ങളാലും ഉറപ്പിക്കപ്പെട്ടതും മാനുഷ്യാവതാരമെടുത്ത ദൈവപുത്രനായ ഈശോമിശിഹാ അവിടുന്ന ഉപദേശങ്ങളാലും ദൃഷ്ടാന്തങ്ങളാലും പരസ്യമായി പഠിപ്പിച്ചതും തന്റെ കുരിശുമരണത്താലും ഉയൎപ്പാലും സ്വീകരിച്ചു പുനഃസ്ഥാപിച്ചതും അവിടുത്തെ മരണശേഷവും ഏകരക്ഷാമാൎഗ്ഗമായിരിക്കത്തക്കവണ്ണം ലോകാവസാനംവരെ അങ്ങേ സ്ഥാനാപത്യം വഹിച്ചുകൊണ്ടു തെററാവരത്തോടുകൂടിയും അങ്ങു സ്ഥാപിച്ച കത്തോലിക്കാതിരുസ്സഭ പഠിപ്പിക്കുന്നതായ മതം കത്തോലിക്കമതമാകുന്നു.

### ൯൰. വേദപുസ്തകം.

ദീൎഘദൎശികളാലും, വിശുദ്ധ ഗ്രന്ഥകാരന്മാരാലും അപ്പോസ്തോലന്മാരാലും, സുവിശേഷകന്മാരാലും, പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൻകീഴ് എഴുതപ്പെട്ടിട്ടുള്ളവയും; വിശ്വാസരഹസ്യങ്ങളേയും, ചരിത്രസംഭവങ്ങളേയും, സന്മാൎഗ്ഗപാഠങ്ങളേയും, മഹദ്വാക്യങ്ങളേയും അടക്കിക്കൊള്ളുന്നവയും കത്തോലിക്ക സത്യതിരുസ്സഭയാൽ വേദപുസ്തകം എന്നും ദൈവനിവേശനത്താൽ (വെളിപാട്) എഴുതപ്പെട്ടവയെന്നു സ്വീകരിച്ചു പ്രഖ്യാപനം ചെയ്തിരിക്കുന്നതുമായ പരിശുദ്ധ പുസ്തകങ്ങളുടെ സഞ്ചയം വേദപുസ്തകമാകുന്നു. ഇതിൽ മിശിഹാക്കാലത്തിനു മുമ്പു എഴുതപ്പെട്ടവയ്ക്കു പഴയനിയമം എന്നും, അതിനു ശേഷം വരുന്നവയ്ക്കു പുതിയനിയമം എന്നും പേരുണ്ടായിരിക്കുന്നു.

## ൧൰. പഴയനിയമ പുസ്തകങ്ങൾ.

1 സൃഷ്ടി.
2 പുറപ്പാട്.
3 ലേവായക്കാർ.
4 സംഖ്യ
5 നിയമാവൎത്തനം
6 ഈശോവെണ്ണ്റാൻ.
7 വിധിയാളന്മാർ.
8 റ്ഓസ്.
9 1 ശ്മുയേൽ.
10 2 ടി
11 1 രാജാക്കന്മാർ.
12 2 ടി
13 ബറിയാമ്മിൻ (ദിനവൃത്താ
14 2 ടി ടി (ന്തം.
15 എസ്രാ.
16 ന്ഹമിയാ.
17 തോബിത്. (അദ്ധ്യാ 14)
18 യൂദീസ്. (ടി 16)
19 എസ്തേർ (ടി 16)
20 ഈയോവ്.
21 ദാവീദ് മസ്മോറകൾ.
22 സുഭാഷിതങ്ങൾ.
23 കുഹലസ്
24 പാട്ടുകാരുടെ പാട്ട്
(ശ്രേഷ്ഠഗീതങ്ങൾ)
25 ഖേവാധജ്ഞാനം.
26 ഈശോവറുസീറ (പ്രസം
(ഗികൻ
27 എശയ്യാ.
28 { എറമ്മിയാ.
{ എറമ്മിയാ(വിലാപം)
29 ബാറോക്ക്. (അദ്ധ്യാ 6)
30 ഹസക്കിയേൽ.
31 ദാനിയേൽ (അദ്ധ്യാ. 14)
32 ഓശാ,
33 യൂവേൽ.
34 അമ്മോസ്.
35 ഒവ്ദിയാ.
36 യൌനാൻ.
37 മീഖാ.
38 നാഹോം.
39 ഹബക്കോക്ക്.
40 സ്പനിയാ.
41 ഹംഗി.
42 സ്കറിയാ.
43 മലാഖി
44 മക്ക്ബായ, 1
45 മക്ക്ബായ, 2

## ൧൧. പുതിയനിയമ പുസ്തകങ്ങൾ.

1 വി. മത്തായി
2 ,, മർക്കോസ്.
3 ,, ലൂക്കാ
4 ,, യോഹന്നാൻ.
5 ,, നടപടി
6 പൌലോസ് റോമ്മാക്കാ
[ർക്കുള്ള കുറി
7 ശ്ലീ 1 കുറന്തായ്ക്കാർക്കു ,,

8 ടി. 2 കൊറന്തായക്കാർക്ക് ,,
9 ടി ഗലാത്തായക്കാർക്ക് ,,
10 ടി. അപ്പസായാക്കാർക്ക് ,,
11 ടി. പിലിപ്പസായാക്കാർക്ക് ,,
12 ടി കൊലസ്സായാക്കാർക്ക് ,,
13 ടി. 1 തെസലോനിക്കായക്കാർക്ക് ,,
14 ടി. 2 ടി
15 ടി. 1 തിമാത്തേദയാസ് ,,
16 ടി. 2 ടി
17 ടി തേത്തോസ് ,,
18 ടി ഫിലിമോൻ ,,
19 ടി എബ്രായക്കാർക്ക് ,,
20 യാക്കോബ് കറി
21 പത്രോസ് കറി 1
22 ടി ടി 2
23 യോഹന്നാൻ കറി 1
24 ടി ടി ടി 2
25 ടി ടി 3
26 യൂദാ കറി
27 യോഹന്നാന്റെ വെളിപാട്

N. B. ൧. വേദപുസ്തകം പഴയനിയമം ആകെ പുസ്തകങ്ങൾ നാല്പത്തഞ്ച്. (൪൫)

൨. വേദപുസ്തകം പുതിയനിയമം ആകെ പുസ്തകങ്ങൾ ഇരുപത്തേഴ്. (൨൭)

൩. രണ്ടിനത്തിലുംകൂടി വേദപുസ്തകങ്ങൾ എഴുപത്തിരണ്ട്.

N. B. a. വേദപുസ്തകം നിയമംസംബന്ധിച്ച പഴയതു—മൂശയുടെ പുസ്തകങ്ങൾ ൫.

ടി പുതിയതു—സുവിശേഷങ്ങൾ ൪.

B. വേദപുസ്തകം-ചരിത്രം സംബന്ധിച്ച പഴയതു-ഈശോവർന്നൂനാൻ മുതൽ മക്കബായ ഉൾപ്പെട പുസ്തകങ്ങൾ ൧൨.

ടി പുതിയതു—നടപടിപുസ്തകം ൧.

C. വേദപുസ്തകം ശാസ്ത്രീയം.

പഴയതു-മസ്മോറാ മുതൽ ഈശോവറുസിറാസ്സ് ഉൾപ്പെടെ പുസ്തകം ൩.

പുതിയതു-ലേഖനങ്ങൾ പുസ്തകം ൨൧.

D. വേദപുസ്തകം ദീർഘദർശനം സംബന്ധിച്ച്-
പഴയതു-നിവ്യന്മാർ പുസ്തകം ൧൭.

## പൂതിയത്-ശെലിയാന പുസ്തകം 1.

### ൧൦. പാരമ്പൎയ്യം-നടപ്പ് മാമൂൽ.

ഒരു സമുദായം മുഴുവന്റെയൊ അഥവാ അതിൽ കൂടുതൽ ഭാഗം അംഗങ്ങളുടെയോ തുടൎച്ചയായ പ്രവൃത്തികളിൽനിന്നുണ്ടായ തഴക്കം അല്ലെങ്കിൽ പഴക്കം പാരമ്പൎയ്യം ആകുന്നു.

### ൧൧. കത്തോലിക്ക തിരുസ്സഭയുടെ പാരമ്പൎയ്യം.

വിശ്വാസവും, സന്മാൎഗ്ഗനടപടിയും പള്ളിയുടെ മറ്റു ക്രമങ്ങളും സംബന്ധിച്ച് എഴുതപ്പെടാത്തവയായിരുന്നാലും നമ്മുടെ കൎത്താവ് ഈശോമിശിഹായാലും, അങ്ങേ ശ്ലീഹന്മാരാലും, വാക്കുമൂലം പഠിപ്പിക്കപ്പെട്ടതും പ്രവൃത്തിയാൽ ദൃഷ്ടാന്തപ്പെടുത്തിയതും തുടൎച്ചയായി സത്യതിരുസ്സഭയ്ക്ക് ഏല്പിക്കപ്പെട്ടതും സൂനഹദോസുകളാലും വി. പിതാക്കന്മാരാലും ആദരിക്കപ്പെട്ടതുമായ ദിവ്യവചനങ്ങൾ ശു: പള്ളിയുടെ പാരമ്പൎയ്യനടപടികൾ അഥവാ തഴക്കമായ പാഠങ്ങൾ എന്നു പറയപ്പെടുന്നു. ഇവ എഴുതപ്പെടാത്ത ദിവ്യവചനങ്ങളാകയാൽ വേദപുസ്തകത്തിന്റെ വിലയുള്ളതുകളാകുന്നു.

### ൧൨. ആരാധന.

ദൈവത്തിന്റെ മഹത്വത്തെയും അതിപരമായിരിക്കുന്ന അങ്ങേ കൎത്തൃത്വത്തെയും കുറിച്ച് അങ്ങേനേർക്കു പ്രദൎശിപ്പിക്കപ്പെടുന്ന ബഹുമാനം സാക്ഷാൽ ദൈവ ആരാധനയാകുന്നു.

### ൧൩. പൂജ.

സൎവ്വശക്തനായ ദൈവം സകലത്തിന്റെയും ഉടയക്കാരനും നാഥനുമാണെന്നുള്ളതിനെ സാക്ഷീകരിക്കുന്നതിനായിട്ട് പുരോഹിതൻ ഗോചരമായ വസ്തുവിന്റെ മാറ്റത്താൽ സൎവ്വേശ്വരനു സമൎപ്പിക്കുന്ന ബലി പൂജയാകുന്നു.

### ൧൪. കുർബാന എന്ന പൂജ.

ഉയിരവർക്കും മരിച്ചവർക്കുംവേണ്ടി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശങ്ങളിൽ പട്ടക്കാരന്റെ വചനങ്ങളാൽ

പീഠത്തിൽ എഴുന്നള്ളിയിരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ തിരുച്ചോരയേയും, തിരുശരീരത്തേയും പട്ടക്കാരൻവഴിയായി ദൈവത്തിനു സമർപ്പിക്കപ്പെടുന്നതു് കുർബാനയെന്ന പൂജ അഥവാ ബലി ആകുന്നു.

അനുബന്ധം.

൧. ദിവ്യപൂജയുടെ ഭാഗങ്ങൾ: (൧) ദൈവാരാധനയ്ക്കായിട്ടു് സമർപ്പിക്കപ്പെടുന്നതിനാൽ ആരാധനബലി (൨) ദൈവം നമുക്കു ചെയ്യുന്ന അനുഗ്രഹങ്ങളുടെ നന്ദിക്കായിട്ടു കാഴ്ചവെക്കപ്പെടുന്നതിനാൽ സ്തോത്രബലി. (൩) പാപപൊറുതിക്കായിട്ടു നിയോഗിക്കപ്പെടുന്നതിനാൽ പരിഹാരബലി അഥവാ സമാധാനബലി. (൪) നമുക്കു ആവശ്യമുള്ള വിവിധനന്മകളെ യാചിക്കുന്നതിനായിട്ടു് സമർപ്പിക്കപ്പെടുന്നതിനാൽ സാദ്ധ്യബലിയെന്നും പറയപ്പെടുന്നു. കുർബാനയുടെ ഫലം തന്നിൽതന്നെ അറുതിയില്ലാത്തതും നമുക്കു ലഭിക്കാവുന്നതു വിവിധങ്ങളുമാകുന്നു. കുർബാന കാണുന്നവൎക്കു ലഭിക്കാവുന്ന അനേക മോക്ഷപൊറുതികളും ഉണ്ടു്.

൨. മുഴുവൻകുർബാന കാണണം. കുർബാനയ്ക്കു വേണ്ട ശ്രദ്ധയുണ്ടാകണം. കുർബാനയ്ക്കു സാന്നിദ്ധ്യം ആവശ്യമാണു്.

൩. കുർബാനയുടെ പ്രധാനഭാഗങ്ങൾ. (൧) എവൻഗേലിയോൻ (൨) കാഴ്ചവെപ്പ്. (൩) കൂദാശവചനങ്ങളുടെ ഭാഗം. പാതിക്കാലം. (൪) കുർബാനയുടെ അടക്കിപ്പു് ഇതുകളാകുന്നു. ശുദ്ധീകരആത്മാക്കൾക്കുവേണ്ടിയും പൂജ ചൊല്ലിക്കയും കണ്ടു കാഴ്ചവെക്കയും ചെയ്യാവുന്നതാകുന്നു.

൭൦. സുകൃതം—പുണ്യം.

ശരിയായ ചട്ടങ്ങൾക്കനുസരണമായി സന്മാൎഗ്ഗജീവിതത്തിൽ നീതിയായിട്ടും, വിവേകത്തോടുകൂടിയും സ്ഥിരമായിട്ടും നല്ലവണ്ണം വൎത്തിക്കുന്നതിനുള്ള ഒരു തഴക്കം സുകൃതം ആകുന്നു.

൭൧. വിശ്വാസം.

സൎവ്വേശ്വരൻതമ്പുരാൻ നമ്മോടു് അരുളിച്ചെയ്തിരിക്കയും അപ്രകാരം വിശ്വസിപ്പാൻ ശുദ്ധമാനപള്ളി നമ്മെ പഠിപ്പിക്കയും ചെയ്യുന്നതെല്ലാം നാം ഉറപ്പായിട്ടു വിശ്വസിക്കുന്നതി

ന്നു ദൈവം നമ്മുടെ ആത്മാവിൽ ചിന്തുന്ന ഒരു ദൈവഗുണം വിശ്വാസമാകുന്നു.

### ൭. ശരണം

ഉടയതമ്പുരാൻ നമ്മോട്ട പറഞ്ഞൊത്തിരിക്കുന്നതിനെക്കൊണ്ടു നമ്മുടെ കൎത്താവിശോമിശിഹായുടെ യോഗ്യതകളാലെ എന്നന്നേക്കുമുള്ള ആയുസ്സും അതു കിട്ടുവാൻ വേണ്ടുന്ന സഹായങ്ങളും ദൈവത്തിൽനിന്നു നാം ശരണമായി പാൎത്തിരിപ്പാൻ നമ്മുടെ ആത്മാവിൽ താൻ ചിന്തുന്ന ഒരു ദൈവഗുണം ശരണമാകുന്നു.

### ൮. ഉപവി.

എല്ലാ വസ്തുക്കളേക്കാൾ ഉടയതമ്പുരാനെയും തമ്പുരാനെ പ്രതി ശേഷമുള്ളവരേയും നാം സ്നേഹിക്കുന്നതിന്നു ദൈവം നമ്മുടെ ആത്മാവിൽ ചിന്തുന്ന ദൈവഗുണം ഉപവി ആകുന്നു.

### ൯. വിവേകം.

ദൈവദൎശനത്തിനു നമ്മെ യോഗ്യരാക്കുന്നതിനു തക്കപോം വഴികളെ കണ്ടുപിടിക്കുന്നതിനും അതുകളെ സ്വീകരിച്ചു പ്രവൃത്തിയിൽ വരുത്തുന്നതിനുമുള്ള ആത്മാവിന്റെ ഒരു സാന്മാൎഗ്ഗികബോധം വിവേകമാകുന്നു.

### ൰ നെറിവ്.

ഓരോരുത്തനും ന്യായമായി ലഭിക്കേണ്ടതിനെ കൊടുക്കണമെന്നും, അവനോട്ട മൎയ്യാദയായി വൎത്തിക്കണമെന്നും സ്വന്ത ചുമതലകൾക്കനുസരണമായി ജീവിക്കണമെന്നും മററുമുള്ള ആത്മികബോധവും സ്വാഭാവിക ആഗ്രഹവും നെറിവ് — അഥവാ നീതി ആകുന്നു.

### അനുബന്ധം.

നീതി എല്ലാ സുകൃതങ്ങളെയും സന്മാൎഗ്ഗനടപടികളെയും സൂചിപ്പിക്കുന്ന പുണ്യമാണ് കാൎയ്യത്തിന്റെ സത്യാവസ്ഥ അറിഞ്ഞു വൎത്തിക്കുന്നതും നീതി തന്നെ.

വ്യ൦. ആത്മശക്തി.

ദൈവശുശ്രൂഷയ്ക്കും, നമ്മുടെ ആത്മരക്ഷയ്ക്കും വിരോധമായിനിൽക്കുന്ന എല്ലാ തടസ്സങ്ങളേയും, മരണത്തെ തന്നെയും ഭയപ്പെടാതെ ജയിച്ചടക്കുന്നതിനും തൻമൂലം ഉണ്ടാകുന്ന സങ്കടങ്ങളെയും ബുദ്ധിമുട്ടുകളെയും നമ്മുടെ കൎത്താവിനെ അനുകരിച്ചുകൊണ്ടു ക്ഷമിക്കുന്നതിനും നമുക്കു ധൈൎയ്യം തരുന്ന ഒരു പുണ്യം ആത്മശക്തി ആകുന്നു.

വ്യ൨ അടക്കം.

തീനിലും കുടിയിലും പതമുള്ളവരാകുന്നതിനും ഇന്ദ്രിയങ്ങൾക്കിമ്പകരമായ ദുരാശകളേയും, ദുർചാപ്പില്യകളേയും നിഗ്രഹിക്കുന്നതിനും ലൌകികവസ്തുക്കളെ മിതമായും ചിതമായും വിനിയോഗിക്കുന്നതിനും നമ്മെ ചായിക്കുന്ന ഒരു സുകൃതം അടക്കമാകുന്നു.

വ്യ൩ എളിമ.

മനുഷ്യൻ അവൻെറ സൃഷ്ടിതാവായ ദൈവത്തെയും അങ്ങേ സൎവ്വശക്തിയേയും, സ്വന്ത ഉത്ഭവത്തേയും ബലഹീനതയേയും കുറിച്ചു വേണ്ടവണ്ണം മനസ്സിലാക്കി തന്നെ നിന്ദിക്കയും അന്യരാൽ നിന്ദിക്കപ്പെടുന്നതിനു നിർവ്യാജമായി ആഗ്രഹിക്കയും ചെയ്യുന്നതിനു അവരെ മനസ്സിലാക്കുന്ന ഒരു പുണ്യം എളിമയാകുന്നു.

വ്യ൪ കീഴ്വഴക്കം—അഥവാ അനുസരണം.

ദൈവകല്പനകൾക്കും വിധികൾക്കും അങ്ങേ സ്ഥാനാപതികളായ ശ്രേഷ്ഠാധിപന്മാർക്കും അവരുടെ നിയമങ്ങൾക്കും അനുസരണയുള്ളവരാകുന്നതിനു നമ്മുടെ സ്വാതന്ത്ര്യമനസ്സിനെ ചായിക്കുന്ന ഒരു പുണ്യം കീഴ്വഴക്കം ആകുന്നു.

വ്യ൫ ദാരിദ്ര്യം—അഥവാ അഗതിത്വം.

ക്ഷണഭംഗുരങ്ങളായ ഈലോകസമ്പത്തുകളെയോ ബഹുമാനങ്ങളെയോ സംഗ്രഹിക്കുന്നതിനും കൈകാൎയ്യം ചെയ്യുന്ന

തിന്നുമുള്ള ആശകളെ പരിത്യജിച്ച് മിശിഹായെപ്പോലെ അഗതിയായി വൎത്തിക്കുന്നതിനുള്ള നല്ല മനസ്സും, ഒരുക്കവും അഗതിത്വം ആകുന്നു.

൮൬ കന്യാവ്രതം (കന്യകത്വം)

ശരീരേച്ഛകളേയും മാംസത്തിന്റെ ദുരാശകളേയും കാമക്രോധാദികളേയും പരിത്യജിച്ച് വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും അടക്കവും വിരക്തിയും കാൎക്കുന്നതിനു നമ്മേ ചായിക്കുന്ന പുണ്യം കന്യാത്വം അഥവാ ബ്രഹ്മചൎയ്യം ആകുന്നു.

൮൭ ദാനധൎമ്മം.

ദരിദ്രന്മാൎക്കും ആവശ്യത്തിലിരിക്കുന്നവൎക്കും വേണ്ടി നന്മനസ്സാലെ നാം ചെയ്യുന്ന ആനുകൂല്യം അതായത് വസ്തുദാനം, പണദാനം, അന്നദാനം, വസ്ത്രദാനം ഇത്യാദി ധൎമ്മസഹായങ്ങൾ ദാനധൎമ്മം എന്ന പുണ്യം ആകുന്നു.

൮൮ വാഗ്ദത്തം-അഥവാ നേൎച്ച.

സുസാദ്ധ്യമോ ഏറ്റം നല്ലതോ ആയിരിക്കുന്ന ഏതൊരു നന്മപ്രവൃത്തിയെ ചെയ്തുകൊള്ളാമെന്നും വല്ല വസ്തു കൊടുക്കാമെന്നും അറിവോടും ആലോചനയോടും, സ്വാതന്ത്ര്യമനസ്സോടുംകൂടി ദൈവത്തോടു ചെയ്യുന്ന ഉടമ്പടി, നേൎച്ച ആകുന്നു.

൮൯ വാഗ്ദാനം.

ഏതൊരു സംഗതി നിശ്ചിതസമയത്തും, വിധത്തിലും നടത്തിക്കൊള്ളാമെന്നു തമ്മിൽ ചെയ്യുന്ന കരാർ വാഗ്ദാനം ആകുന്നു.

൯൦. സത്യം.

നാം പറകയോ, പ്രവൃത്തിക്കയോ ചെയ്യുന്ന ഏതൊരു സംഗതിയുടെയും തെളിവിനും ഉറപ്പിനുംവേണ്ടി ദൈവത്തെ സാക്ഷിയായി വിളിക്കുന്നതു സത്യമാകുന്നു.

### ൯൧ ജപം അഥവാ പ്രാർത്ഥന.

നമ്മുടെ ബോധത്തെ ദൈവത്തിങ്കലേക്കു ഉയൎത്തി ചിത്തമായിരിക്കുന്നതും നമുക്കാവശ്യമായിരിക്കുന്നതുമായ കൂട്ടങ്ങളെ അങ്ങേ പക്കൽനിന്നും യാചിക്കുന്നതു പ്രാർത്ഥന അഥവാ നമസ്കാരം ആകുന്നു.

### ൯൨. പുണ്യവാളന്മാർ—പരിശുദ്ധന്മാർ.

ജീവിതശുദ്ധതയിൽ സ്ഥിരമായി നിന്നു് ദൈവത്തിനും മനുഷ്യർക്കും ഇഷ്ടന്മാരായി ജീവിച്ചശേഷം ഭാഗ്യമരണം പ്രാപിക്കയും പരിശുദ്ധന്മാർ എന്നു പരമ്പരയാ വിശ്വസിക്കപ്പെടുകയും, തിരുസ്സഭ അപ്രകാരം സ്വീകരിക്കയും നാമകരണം ചെയ്കയും ചെയ്തവർ പരിശുദ്ധന്മാർ—അഥവാ പുണ്യവാന്മാർ ആകുന്നു.

### ൯൩. നിവ്യന്മാർ—ദീർഘദർശികൾ.

മനുഷ്യശക്തിയെ കടക്കുന്നതും, ബുദ്ധികൊണ്ടു കണ്ടുപിടിപ്പാൻ പാടില്ലാത്തതും, ഭാവിയിൽ സംഭവിപ്പാനിരിക്കുന്നതുമായ എത്ര നിഗൂഢമായിരിക്കുന്ന സംഗതികളേയും അതുകളുടെ സകല സാഹചര്യങ്ങളോടും ചുററുപാടുകളോടുംകൂടി ചേൎത്തു വർണ്ണിച്ചു മുമ്പുകൂട്ടി അറിയിക്കുന്നതിനു ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവർ നിവ്യന്മാരാകുന്നു.

### ൯൪. സഹദേന്മാർ—വേദസാക്ഷികൾ.

കത്തോലിക്കാമതത്തെയും; സത്യവിശ്വാസത്തെയും, സന്മാൎഗ്ഗനിഷ്ഠയേയും, ഉപേക്ഷിക്കുന്നതിനായിട്ടും, ലംഘിക്കുന്നതിനായിട്ടും ക്രൂരവാഴികളും ദുഷ്ടന്മാരും ചെയ്തിട്ടുള്ള വിവിധപാടുകളേയും ഉപദ്രവങ്ങളേയും സഹിച്ചു് സത്യവേദത്തിനും പാനങ്ങൾക്കുംവേണ്ടി ഇഹലോകജീവനെ നൽമനസ്സോടെ ത്യജിച്ചു് മരണംപ്രാപിച്ചു് ആകാശരാജ്യത്തിൽ പ്രവേശിച്ചിരിക്കുന്ന ന്യതിമാന്മാർ സഹദേന്മാർ ആകുന്നു.

### ൻ൦. തിരുശേഷിപ്പുകൾ.

നമ്മുടെ കർത്താവും അങ്ങേ മാതാവായ പ: കന്യാസ്ത്രീമറിയവും ഉപയോഗിച്ചിരുന്നതുകളും പ്രത്യേകമായി നമ്മുടെ ദിവ്യരക്ഷകൻ തൂങ്ങി മരിച്ച കുരിശും അങ്ങേ പാടുകളുടെ മററു കരുക്കളും, പരിശുദ്ധന്മാരുടെ അസ്ഥികളും അവർ ഉപയോഗിച്ചിരുന്ന വസ്തുക്കളും തിരുശേഷിപ്പുകൾ എന്ന പേരിനാൽ അറിയപ്പെടുന്നു.

### ൻ൧. ഹന്നാൻവെള്ളം—തീർത്ഥജലം.

കത്തോലിക്കാതിരുസഭയുടെ നാമത്തിലും, തൽക്രമങ്ങൾക്കനുസരണമായും പട്ടക്കാരൻ ആശീർവ്വദിക്കയും ശുദ്ധികരണത്തിനായും ദോഷപൊറുതി ലഭിക്കുന്നതിനായിട്ടും, ദുഷ്ടാരൂപികളേയും, മററു ദുഷ്ടജീവികളേയും ദൂരെ അകററുന്നതിനായിട്ടും ഉപയോഗിക്കപ്പെടുന്നവയുമായ പരിശുദ്ധജലം ഹന്നാൻവെള്ളം ആകുന്നു.

### ൻ൨. വെഞ്ചരിപ്പ്—ആശീർവാദം.

ശുദ്ധ: പള്ളിയുടെ പൂർവ്വികമുറയനുസരിച്ചു റോമ്മാ ക്രമപുസ്തകത്തിൽ വിവരിക്കുന്നതുപോലെ അതിനു നിശ്ചിതമായ പ്രാർത്ഥനകൾ ഉപയോഗിച്ചുകൊണ്ടു പള്ളിയുടെ നാമത്തിലും അധികാരത്തിലും ആവശ്യാനുസരണം മെത്രാനോ, പട്ടക്കാരനോ ഹന്നാൻവെള്ളം തളിച്ചുകൊണ്ടും കുന്തുരുക്കം ധൂപിച്ചുകൊണ്ടും മററു വല്ല ജപങ്ങൾ ചൊല്ലി കൈകൾ ഉയർത്തി കുരിശടയാളത്തിൽ റൂശ്മാ ചെയ്തുകൊണ്ടും ആളുകൾ, ദേവാലയങ്ങൾ, പൂജാപാത്രങ്ങൾ, വസ്ത്രങ്ങൾ, മരായാപടങ്ങൾ, കൊത്തുരൂപങ്ങൾ, വീടുകൾ, വിളവുകൾ ഇത്യാദി ആശീർവ്വദിക്കുന്ന മുറയ്ക്കു്, വെഞ്ചെരിപ്പ്—റൂശ്മാ എന്ന നാമങ്ങൾ ഉണ്ടു്. ഈ പരിശുദ്ധ ക്രമങ്ങൾ വഴിയായി അശുദ്ധാരൂപിയുടെ പ്രവേശനം തടയുകയും മേൽ പ്രസ്താവിച്ച കൂട്ടങ്ങൾക്കുള്ള ലൌകികവും സ്വാഭാവികവുമായ മായാദോഷങ്ങൾ നീക്കപ്പെടുകയും അവ ശുദ്ധമായിത്തീരുകയും ചെയ്യുന്നു.

൯൮. പരിശുദ്ധന്മാരോടുള്ള വണക്കം.

ദൈവേഷ്ടന്മാരായ നിവ്യന്മാർ, സഹദേന്മാർ, മററു പുണ്ണ്യവാന്മാർ മുതലായവരോടു നാം കാണിക്കുന്ന ബഹുമാനം അവരുടെ നേരെയുള്ള ഭക്തി അഥവാ വണക്കം ആകുന്നു.

അനുബന്ധം.

ദൈവആരാധനയും പുണ്ണ്യവാന്മാരോടുള്ള വണക്കത്തേയും പരിശുദ്ധ കന്യകയോടുള്ള പ്രത്യേകബഹുമാനത്തേയും പ്രദർശിപ്പിക്കുന്നതിനായി നമ്മുടെ കർത്താവിൻെറയും കന്യകമറിയത്തിൻെറയും മററു പുണ്ണ്യവാന്മാരുടെയും ഛായാപടങ്ങളെയും കൊത്തുരൂപങ്ങളെയും കത്തോലിക്കപള്ളി ഉണ്ടാക്കുകയും വിശ്വാസികൾ അവരുടെബഹുമാനത്തെകാണിക്കയും ചെയ്യുന്നതു ശു. പള്ളിയുടെപാരമ്പര്യമുറയാണ്. പ്രതിമകൾക്കു കാണിച്ചുകൊടുക്കുന്ന ബഹുമാനം അതാതിൻെറ ആളുകളെ ഉദ്ദേശിച്ചാകയാൽ അതു വിഗ്രഹാരാധനയല്ല. ന്യായവും സ്വാഭാവികവും ആകുന്നു. കൊത്തുരൂപങ്ങളെയും മററു പടങ്ങളെയും തൽസ്ഥാനത്തിൽ ദൈവമായിട്ടും ജീവനുള്ളവപോലെയും അജ്ഞാനികളെപ്പോലെ ആരാധിച്ചാൽ പ്രമാണലംഘനവും വിഗ്രഹാരാധനയുമാണ്. അങ്ങനെ കത്തോലിക്കവിശ്വാസികൾ ചെയ്യാറില്ല.

൯൯. പ്രത്യേകവണക്കം.

ദൈവത്തിൻെറ അമ്മയും മാലാഖമാരുടെയും പുണ്ണ്യവാളന്മാരുടെയും രാജ്ഞിയുമായിരിക്കുന്ന കന്യകമറിയത്തിൻെറ നേർക്കുള്ള ഭക്തിബഹുമാനാദികൾക്കു പ്രത്യേകവണക്കം എന്നു പറയപ്പെടുന്നു.

൱. ശുദ്ധമാനപള്ളി.

മാമ്മോദീസാ മുങ്ങി സത്യവിശ്വാസത്തെ അനുസരിച്ചു ഈ ഭൂമിയിങ്കൽ ഈശോമിശിഹായുടെ വികാരിയും തിരുസ്സഭയുടെ കാണപ്പെട്ട തലവനുമായിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പാക്കു കീഴ്പെട്ടിയിരിക്കുന്ന വിശ്വാസികളുടെ കൂട്ടം ശുദ്ധമാന പള്ളിയാകുന്നു.

൧൦൫. ശ്രു. പള്ളി ഏകമായിരിക്കുന്നു.

ശുദ്ധമാന പള്ളിയുടെ അംഗങ്ങളായിരിക്കുന്ന വിശ്വാസികൾ അതിന്റെ ആരംഭം മുതൽ ഏക ദൈവത്തേയും വിശ്വാസത്തേയും അനുസരിക്കയും മിശിഹാ കല്പിച്ച കൂദാശകളെ ഈഷൽഭേദം കൂടാതെ സ്വീകരിക്കയും ഏക തലവനു കീഴ്പ്പെട്ടിരിക്കയും ചെയ്യുന്നതിനാൽ ഈ പള്ളി ഏകം അഥവാ ഒന്നു മാത്രമായിരിക്കുന്നു.

൧൦൬. ശുദ്ധ. പള്ളി പരിശുദ്ധമാകുന്നു.

ശുദ്ധമാന പള്ളിയുടെ സ്ഥാപകനായ മിശിഹാ അതിപരിശുദ്ധനാകുന്നതുകൊണ്ടും, പള്ളിയുടെ വിശ്വാസവും, പ്രമാണങ്ങളും, കർമ്മങ്ങളും, കൂദാശകളും പരിശുദ്ധമുള്ളവയാകുന്നതുകൊണ്ടും, ശ്രു: പള്ളിയിൽ അനേകം പരിശുദ്ധന്മാർ ഉണ്ടായിരിക്കുന്നതുകൊണ്ടും ഈ പള്ളി പരിശുദ്ധമാകുന്നു.

൧൦൭. ശുദ്ധ. പള്ളി കത്തോലിക്കായാകുന്നു.

കത്തോലിക്കാതിരുസഭ ലോകമെങ്ങും പരന്നിരിക്കുന്നതല്ലാതെ എല്ലാകാലത്തും രക്ഷയുടെ മാർഗ്ഗമായി എല്ലാ ജാതികളുടെ ഇടയിലും ലോകാവസാനംവരെ നിലനില്ക്കയും ചെയ്യുന്നതിനാൽ ഈ പള്ളി കത്തോലിക്കാ അഥവാ പൊതുവായ സഭയാകുന്നു. തിരുസ്സഭാംഗങ്ങളുടെ സംഖ്യ അതിശയനീയമാണ്.

അനുബന്ധം.

രക്ഷയുടെ ഏക മാർഗ്ഗമായ ഈ സഭയെ എല്ലാവരും സ്വീകരിക്കണം.

൧൦൮. ശുദ്ധ. പള്ളി അപ്പസ്തോലിക്കാ അഥവാ ശ്ലീഹാന്മാരുടേതാകുന്നു.

നമ്മുടെ കർത്താവീശോമിശിഹാ തിരുസ്സഭയെ അഞ്ചേ ശ്ലീഹന്മാർവഴി സ്ഥാപിക്കയും വിശുദ്ധ പത്രോസ്ശ്ലീഹാക്കു പള്ളിയുടെ മേൽ പ്രത്യേക അധികാരം അരുളി നല്കുകയും ഇതുവരേയും യാതൊരു വ്യത്യാസവുംകൂടാതെ പിൻതുടർച്ചാവകാശ

മായി ശ്രു. മാർപ്പാപ്പാമാർ പള്ളിയെ ഭരിച്ചുവരികയും ഈ നടപടി ലോകാവസാനം വരെ നിലനില്ക്കുകയും ചെയ്യുന്നതിനാൽ ഈ പള്ളി അപ്പസ്തോലിക്കാ ആകുന്നു.

### അനുബന്ധം,

ശുദ്ധമാന കത്തോലിക്കാപ്പള്ളി കഴികെ മററു എല്ലാ ക്രിസ്തീയ സഭകളുടെയും സ്ഥാപകന്മാർ ഓരോ നവീകരണക്കാർ ആകുന്നുവെന്നു ചരിത്രം കാണിക്കും.

### ൧൦൭. ശ്രു. കത്തോലിക്ക റോമ്മാപ്പള്ളി

കത്തോലിക്കാപ്പള്ളിയുടെ കാണപ്പെട്ട ഒന്നാമത്തെ വികാരിയും തലവനുമായ വി. പത്രോസ് അന്നത്തെ ലൌകികാധികാരത്തിൻെറ കേന്ദ്രസ്ഥാനമായ റോമ്മായിൽ തൻെറ സിംഹാസനത്തെ സ്ഥിരമായി സ്ഥാപിക്കയും അവിടെവച്ചു ഈ പുണ്യവാളൻ വേദസാക്ഷിയായി മരിക്കയും ചെയ്കതിനാലും അദ്ദേഹത്തിൻെറ അനന്തിരാവകാശികളായും, പിൻവാഴ്ച്ചക്കാരായും ഇരിക്കുന്ന ശ്രു. മാർപ്പാപ്പാമാർ ഇപ്പോൾ റോമ്മാസിംഹാസനത്തിലിരുന്നു തിരുസഭയെ പൂർവ്വനിലയിൽത്തന്നെ ഭരിക്കുന്നതിനാലും പിന്നീട് ചില നവീകരണക്കാരായ ഇടത്തൂട്ടുകാർ "കത്തോലിക്ക്" എന്ന പദം അക്രമമായിട്ടും അനീതിയായിട്ടും സ്വയമേ ഉപയോഗിച്ചു തുടങ്ങിയതിനാലും കത്തോലിക്ക് "റോമ്മാ" എന്ന സംജ്ഞയെ ചേർത്തുചൊല്ലുന്നു.

### അനുബന്ധം.

൧. റോമ്മാ എന്ന പദം കൂടാതെ ന്യായമായി കത്തോലിക്കാപള്ളിയെന്നു പറഞ്ഞാൽ മതിയാകും.

൨. നവീനമായി നമ്മുടെ നാട്ടിലും 'കത്തോലിക്ക്' എന്ന പദം പ്രയോഗിച്ചു കൂടുതൽ പ്രചാരത്തിനായും കത്തോലിക്കരെ തെററിദ്ധരിപ്പിക്കുന്നതിനായിട്ടും ഒരു മാസിക തിരുവനന്തപുരത്തുനിന്നും ചില ഇടത്തൂട്ടുകാർ പ്രസിദ്ധപ്പെടുത്തിയതായി കാണുന്നു. ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾകൊണ്ടു തങ്ങൾ തട്ടിക്കപ്പെടാതിരിപ്പാൻവേണ്ടി കത്തോലിക്ക മേലദ്ധ്യക്ഷന്മാരുടെ അനുമതികൂടി അടിച്ചിട്ടുണ്ടോയെന്നു പ്രത്യേകം നോക്കേണ്ടതാണ്.

### ൧൦൬. ശുദ്ധ: പള്ളിയുടെ തലവൻ.

കത്തോലിക്കാതിരുസ്സഭയുടെ തലവൻ നമ്മുടെ കൎത്താവീശോമിശിഹാ തന്നെയാകുന്നു. അങ്ങ് ചെറിയ ആസ്യായിലെ പലസ്തീനാപ്രദേശങ്ങളിൽ ക്രിസ്തുമതത്തെക്കുറിച്ച പ്രസംഗിക്കയും, പഠിപ്പിക്കയും, അത്ഭുതങ്ങളാലും, ദൃഷ്ടാന്തങ്ങളാലും അങ്ങേ പഠനങ്ങളെ ഉറപ്പിക്കയും മററും ചെയ്ത അവസരത്തിൽ അനേകംപേർ അങ്ങേ പിൻചെല്ലുകയുണ്ടായി. അവരിൽ പലരേയും അങ്ങു സ്വീകരിക്കയും പ്രത്യേകം അങ്ങേ ശിഷ്യന്മാരായി പന്ത്രണ്ടുപേരെ തിരിഞ്ഞെടുക്കയും ചെയ്തശേഷം ദൈവത്താൽ സ്ഥാപിതവും, ക്രിസ്തുമതസഭയുടെ നിഴലും രൂപകവുമായിരുന്ന യഹൂദസഭയെ തന്നെ, അങ്ങ് തിരിഞ്ഞെടുക്കപ്പെട്ടവരാൽ, പൂൎത്തികരിക്കയും ഉയൎത്തുകയും ചെയ്തുകൊണ്ട് അങ്ങേ ശാശ്വതസഭയായി കത്തോലിക്കസഭയെ സ്ഥാപിച്ച മരണംവരെയും അങ്ങുതന്നെ ടി. സഭയുടെ കാണപ്പെട്ട തലവനായിരിക്കയും പിന്നീട്ട പത്രോസ്ശ്ലീഹായെ തൽസ്ഥാനത്തിൽ വികാരിയായി ഉയൎത്തി സഭയുടെ പ്രഥമാധികാരി ആക്കുകയും ടി അധികാരം സഭയുള്ള കാലത്തോളം അനന്തരാവകാശമായി നില്ക്കത്തക്കവണ്ണം വേണ്ട വരം നൽകുകയും ചെയ്തു. അങ്ങ് മരിച്ചുയൎത്തു ആകാശത്തെഴുന്നള്ളിയശേഷം റൂഹാദക്കുദ്ശായെ യാത്രയാക്കി സഭയെ ഉറപ്പിക്കയും സ്ഥിരപ്പെടുത്തുകയും ചെയ്തു. ഇപ്പോഴും അദൃശ്യമായവിധത്തിൽ സഭയെ അങ്ങ് ഭരിക്കയും ചെയ്യുന്നു.

### ൧൦൭. ശുദ്ധ: മാർപ്പാപ്പ.

ശുദ്ധമാന പള്ളിയുടെ കാണപ്പെട്ട തലവനായിട്ട നമ്മുടെ കൎത്താവീശോമിശിഹായാൽ സ്ഥാപിക്കപ്പെട്ട വി. പത്രോസ്ശ്ലീഹായുടെ പിൻശാമിയായിട്ട റോമ്മാസിംഹാസനത്തിൽ ഇരുന്നു മിശിഹായുടെ വികാരി (സ്ഥാനാപതി) യായും കാണപ്പെടുന്ന തലവനുമായും തിരുസ്സഭയെ ഇപ്പോൾ ഭരിക്കുന്നയാൾ ശു. മാർപ്പാപ്പായാകുന്നു.

### അനുബന്ധം.

ശ്ലീഹ. പള്ളിയുടെ ആദ്യകാലങ്ങളിൽ റോമ്മാ, അലക്സാന്ത്ര്യാ കോൺസ്താന്തിനോപ്പിളി, അന്ത്യോക്യാ എന്ന നാലു പാത്രിയൎക്കീസ്സ്ഥാനങ്ങൾ കത്തോലിക്കസഭയിലുണ്ടായിരുന്നു. റോമ്മായിലെ പാത്രിയൎക്കീസിനു 'റേശ്'പാത്രിയൎക്കീസ് എന്ന സ്ഥാനം കിഴക്കരും പടിഞ്ഞാറുകാരും സമ്മതിച്ചിരുന്നു. 'റേശ്'പാത്രിയൎക്കീസ് എന്നതുതന്നെ മാൎപ്പാപ്പായുടെ പരമാധികാരത്തെ കാണിക്കുന്നു. ൨. കിഴക്കേ സഭ വലിയ ഭാഗം കാലാന്തരത്തിൽ തെററിലകപ്പെട്ടപ്പോൾ റോമാതലസ്ഥാനത്തെ പ്രതിഷേധിക്കുവാനും തുടങ്ങി. (ചരിത്രം നോക്കുക.)

### ൧൦൮. ശ്ലീഹ. പള്ളിയുടെ അംഗങ്ങൾ.

സ്വൎഗ്ഗത്തിൽ ഭാഗ്യം അനുഭവിക്കുന്നവരും ശുദ്ധീകരസ്ഥലത്തിൽ കഷ്ടതയനുഭവിക്കുന്നവരും ഈലോകത്തിൽ ജീവിക്കുന്നവരും ശ്ലീ. പള്ളിയുടെ അംഗങ്ങൾ ആകുന്നു. ജയം ഘോഷിക്കുന്ന സഭ, ശുദ്ധീകരിക്കുന്ന സഭ, പോരാടുന്ന സഭയെന്നു മൂന്നു ഭാഗങ്ങളായി വിചാരിക്കാവുന്നതാണു്.

### അനുബന്ധം.

തിരുസ്സഭയുടെ നിയമപ്രകാരം മാമ്മോദീസാ കൈക്കൊള്ളുന്നവർ ടി സഭയുടെ അംഗങ്ങൾ ആകുവാൻ യോഗ്യതയുള്ളവരാകുന്നു. എന്നാൽ മററു ചുററുപാടുകൾകൊണ്ടും തടസ്സങ്ങൾകൊണ്ടും മാമ്മോദീസാ കൈക്കൊണ്ടാലും വാസ്തവത്തിൽ ചിലർ അംഗങ്ങൾ ആകുന്നില്ല. വിശ്വാസത്തിനടുത്ത പ്രവൃത്തിയില്ലായ്ക, അനുസരണക്കേടു് പ്രധാന കാരണങ്ങൾ ആകുന്നു.

### ൧൦൯. ജയംഘോഷിക്കുന്ന സഭ.

ശ്ലീ. പള്ളിയിൽ ജയംഘോഷിക്കുന്ന സഭയെന്നതു ഈലോകത്തിൽ സുകൃതജീവിതം കഴിച്ചശേഷം ദൈവേഷ്ടന്മാരായി മരിച്ചു സ്വൎഗ്ഗരാജ്യത്തിൽ സൎവ്വേശ്വരനെ മുഖദൎശനമായി കണ്ടാനന്ദിക്കുന്ന പരിശുദ്ധന്മാരുടെ കൂട്ടമാകുന്നു.

### ൧൧൦. ശുദ്ധീകരിക്കപ്പെടുന്ന സഭ.

ജീവിതകാലത്തിൽ ലഘുവായ കുററങ്ങൾ ചെയ്കയാലും ഘനമായ പാപങ്ങളുടെ പരിഹാരകടങ്ങൾ ഇഹത്തിൽവെച്ചു വീട്ടാതെയും പരിഹരിക്കാതെയും മരണം പ്രാപിച്ചതിനാലും ശുദ്ധീകരസ്ഥലത്തിൽ അഥവാ ബസ്‌പ്രൂക്കാനായിൽ കാലത്തിനടുത്ത അഗ്നിശിക്ഷ അനുഭവിക്കുന്നവരുടെ കൂട്ടം ശുദ്ധീകരിക്കുന്ന സഭയാകുന്നു.

### ൧൧൧. പോരാടുന്ന സഭ.

കത്തോലിക്കസഭയുടെ അംഗങ്ങളായി ഈലോകത്തിൽ ജീവിച്ചുകൊണ്ടു മനുഷ്യരക്ഷയുടെ ജന്മശത്രുക്കളായ ലോകം, പിശാച്, ശരീരം ഇത്യാദികളോടു സദാ പോരാടിക്കൊണ്ടും ദൈവശുശ്രൂഷയിൽ മുമ്പോട്ടു കയറിക്കൊണ്ടും പരീക്ഷ അന്തസ്സിൽ സ്ഥിതിചെയ്യുന്ന വിശ്വാസികളുടെ കൂട്ടം പോരാടുന്ന സഭയാകുന്നു.

### ൧൧൨. പഠിപ്പിക്കുന്ന സഭ.

ലോകരക്ഷകനും കത്തോലിക്കസഭാസ്ഥാപകനുമായ മിശിഹായുടെ പഠനത്തിനു യോജിക്കുംവണ്ണവും തിരുസ്സഭയുടെ വിശ്വാസത്തിനും സന്മാർഗ്ഗചട്ടങ്ങൾക്കും ഭരണഘടനകൾക്കും അനുസരണമായും വിശ്വാസികൾ ഓരോരുത്തരേയും പൊതുവായിട്ടും, അന്തസ്സിനടുത്ത വിധത്തിലും പഠിപ്പിക്കയും ഉപദേശിക്കയും ഭരിക്കയും ചെയ്യുന്ന കൂട്ടം പള്ളിയിൽ പഠിപ്പിക്കുന്ന സഭയാകുന്നു.

### ൧൧൩. പഠിക്കുന്ന സഭ.

അദ്ധ്യാപകസംഘത്തിൽ പ്രധാനിയായി മാർപ്പാപ്പാതിരുമനസ്സിലേയും, അങ്ങേ കീഴുള്ള മെത്രാന്മാരുടേയും ആജ്ഞാനുസരണം വിശ്വാസികളെ പഠിപ്പിക്കുന്നതിനും ഉപദേശിക്കുന്നതിനും അയക്കപ്പെടുന്ന ഗുരുക്കന്മാരേയും, ഉപദേഷ്ടാക്കളേയും കേട്ടു അനുസരിച്ചു പ്രമാണങ്ങൾക്കനുസരണമായി നടക്കുന്ന വിശ്വാസികളുടെ കൂട്ടം പഠിക്കുന്ന സഭയാകുന്നു.

൧൧൭. ശു. പള്ളിയുടെ ജീവനുള്ള അംഗങ്ങൾ.

ദൈവപ്രമാണങ്ങളേയും, ശു. പള്ളിയുടെ കല്പനകളേയും മററു സദുപദേശങ്ങളേയും, അനുസരിച്ച ദൈവഇഷ്ട പ്രസാദത്തിലിരിക്കുന്ന നീതിമാന്മാർ മാത്രം പള്ളിയുടെ ജീവനുള്ള അംഗങ്ങൾ ആകുന്നു.

൧൧൮. ശു. പള്ളിയുടെ നിർജ്ജീവ അംഗങ്ങൾ.

സർവ്വേശ്വരന്റെയും ശു. പള്ളിയുടെയും പ്രമാണങ്ങൾക്കും, നടപടികൾക്കും, ഉപദേശങ്ങൾക്കും വിരോധമായി വർത്തിക്കുന്നവരും തൻമൂലം ദൈവപ്രസാദത്തെ നഷ്ടമാക്കി ചാവുദോഷത്തിലിരിക്കുന്നവരും പള്ളിയുടെ നിർജ്ജീവ അഥവാ ചത്ത അംഗങ്ങൾ ആകുന്നു.

൧൧൯. തിരുസ്സഭയുടെ ആത്മാവ്.

സത്യവിശ്വാസികളുടെ ഉള്ളിനടുത്തതും അരൂപിക്കടുത്തതുമായ വിശ്വാസം, ശരണം, ഉപവി എന്നിവയിലും; ദൈവവരപ്രസാദത്തിലും, റൂഹാദക്കുദിശായുടെ ദാനങ്ങളിലും ഈശോമിശിഹായുടെയും പുണ്യവാന്മാരുടെയും യോഗ്യതകളിൽനിന്നുണ്ടാകുന്ന സ്വർഗ്ഗീയനിക്ഷേപത്തിലും, തിരുസ്സഭയുടെ ആത്മാവ് അടങ്ങിയിരിക്കുന്നു.

൧൨൦. തിരുസ്സഭയുടെ ശരീരം.

സഭയുടെ പുറമേയുള്ളതും, ദൃശ്യമായതുമായ വിശ്വാസികളുടെ ഐക്യത, ഐകരൂപ്യജീവിതമുറ, ആരാധന, പ്രാർത്ഥന ഇത്യാദി ഭക്തികൃത്യങ്ങൾ, അദ്ധ്യാപകവേല, ആജ്ഞാനുസരണ ഇവയും മററു പുറമേയുള്ള എല്ലാ ക്രമീകരണത്തിലും, ഭരണത്തിലും തിരുസ്സഭയുടെ ശരീരം അടങ്ങുന്നു.

അനുബന്ധം.

൧. കത്തോലിക്കാസഭയ്ക്കു പുറമെ രക്ഷയില്ലെന്നു സത്യവിശ്വാസം പഠിപ്പിക്കുന്നു. കത്തോലിക്കസഭ ദൃശ്യമായ നോഹിന്റെ പെട്ടകംപോലെയിരിക്കുന്നു. എന്നാൽ ഒരുത്തൻ സ്വന്ത കുററം കൂടാതെ

സുവിശ്വാസത്തിലും നല്ല മനസ്സാക്ഷിയിലും ഇരിക്കയും മാമ്മോദീസാ കൈക്കൊണ്ടിരിക്കയും കഴിയാത്തപക്ഷം അതിനെ കൈക്കൊൾവാൻ ആന്തരമായി ആഗ്രഹിക്കയും പരമാൎത്ഥമായി സത്യത്തെ അന്വേഷിക്കയും, ദൈവതിരുമനസ്സുപോലെ ചെയ്വാൻ ഒരുക്കം ഉണ്ടായിരിക്കയും സ്വഭാവപ്രമാണത്തെയും, പൊതുചട്ടങ്ങളെയും അനുസരിക്കയും ചെയ്യുന്നുവെങ്കിൽ അവനു ദൈവം രക്ഷയുടെ മാൎഗ്ഗം കൊടുക്കയും അവൻ തിരുസ്സഭയുടെ ശരീരത്തിൽനിന്നും അകന്നിരുന്നാലും അതിന്റെ ആത്മാവിനോടു ചേൎന്ന അംഗമായിരിക്കയും ചെയ്യും.

൨. സത്യസഭയെപ്പററിയോ, അതിന്റെ വിശ്വാസനടപടികളെക്കുറിച്ചോ വല്ലൊരു അറിവോ അനുകൂലമായ സംശയമോ ഉണ്ടാകുന്ന ക്ഷണത്തിൽ ദൃശ്യമായ ടി സഭയിൽ പ്രവേശിക്കാൻ ഉത്സാഹിക്കണം. ലൌകികമായ യാതൊരു ലാഭമാകട്ടെ, നഷ്ടമാകട്ടെ, മരണംതന്നെയാകട്ടെ സത്യസഭയിലേക്കുള്ള പ്രവേശനത്തിനു തടസ്ഥമായി കരുതാൻ പാടില്ലാത്തതുമാകുന്നു.

൩. കത്തോലിക്കസഭയ്ക്കു പുറമെ സ്വന്ത കുററത്താൽ തന്നെയും തെററു മനസ്സാക്ഷിയോടുകൂടിയും സത്യത്തോടു മറുതലിച്ചു ശാഠ്യത്തോടുകൂടെയും ഇരിക്കുന്നവൎക്കും കത്തോലിക്കസഭയുടെ നിൎജ്ജീവ അംഗങ്ങളായിക്കൊണ്ടു ഘനമായ പ്രമാണലംഘനങ്ങളാൽ ചാവുദോഷത്തിലിരിക്കുന്ന കത്തോലിക്ക വിശ്വാസികൾക്കുപോലും മാനസാന്തരപ്പെട്ടു തിരുസ്സഭയുടെ ഉപദേശാനുസരണം വൎത്തിക്കാത്ത കാലത്തോളം രക്ഷപെടാൻ വഹിയാ.

### ൧൧൨. ശ്രു. കത്തോലിക്കാപ്പള്ളിയുടെ ഭരണഘടന അഥവാ ഹയരാൎക്കി.

കത്തോലിക്കാസഭയുടെ ഏകതലവനായിരിക്കുന്ന ശ്രു. മാൎപ്പാപ്പായിക്കു വിശ്വാസവും സന്മാൎഗ്ഗനടപടിയും സംബന്ധിച്ചു ഔദ്യോഗികമായ തെററാവരം ഉണ്ടായിരുന്നാലും അദ്ദേഹത്തിന്റെ സഹായക്കാരായിട്ടു കാൎയ്യനടപ്പിന്റെ ക്രമീകരണത്തിനും എളുപ്പമായ നിവൃത്തിക്കുംവേണ്ടി കാനോൻചട്ടപ്രകാരം വൎത്തിക്കാനിൽ അനേകം അത്യുന്നതകൎദ്ദിനാളന്മാരും, കൎദ്ദിനാളസംഘക്കാരും, പാത്രിയൎക്കീസന്മാർ, മെത്രാപ്പോലീത്തന്മാർ, മെത്രാന്മാർ തുടങ്ങിയ വൈദികാധികാരികളും ഓരോ സ്ഥലങ്ങളി

ലേക്ക് അയയ്ക്കപ്പെടുന്ന ദലഗാദ് അപ്പസ്തോലിക്ക, വിസിറൊർ അപ്പസ്തോലിക്കാ എന്ന പേരോടുകൂടിയ സ്ഥാനാപതികളും ഉണ്ടായിരിക്കുന്നതിനും പുറമേ ലോകമൊട്ടുക്കുള്ള എല്ലാ ജാതിക്കാരുടേയും, വിശ്വാസികളുടേയും റീത്തുകളുടേയും, സഭകളുടേയും, സഖ്യതകളുടേയും, പാഠശാലകളുടേയും, ഇടവകകളുടെയും ശരിയായതും ഭംഗിയായതുമായ നടത്തലിനുപയുക്തങ്ങളായി വിവിധ തിരുസംഘങ്ങളും, കച്ചേരികളും ഏർപ്പെടുത്തിട്ടുണ്ട്. ഈ പൊതുവായ ഭരണക്രമം കൂടാതെ വത്തിക്കാനിലും, റോമ്മായിലുംനിന്നു മററു പുറരാജ്യങ്ങളിലെ പ്രത്യേക രൂപതകളുടേയും സഭകളുടേയും ഭരണത്തിനായി മേൽ പ്രസ്താവിച്ചതിൽ പ്രിമാത്തസ്, പാത്രിയർക്കീസ്, മെത്രാപ്പോലീത്തന്മാർ, മെത്രാന്മാർ ആദിയായവരും അവരുടെ കൗൺസിലുകളും, കച്ചേരികളും അവരുടെ പ്രതിനിധികളായി ഓരോ ഇടവകയിലും പാരക്കോസ്മാർ, വികാരിമാർ മുതലായ അടുത്ത ഭരണക്കാരും കോനകന്മാർ, പട്ടക്കാർ, ശെമ്മാശ്ശന്മാർ ആദിയായ സഹായക്കാരും ഉണ്ടായിരിക്കുന്നു. ഈ ഭരണഘടനയാണ് പള്ളിയുടെ ഹിയരാക്കി അഥവാ ഭരണസമ്പ്രദായം കൂടാതെയും ഓരോ പള്ളികളുടേയും ലൌകികഭരണസൌകൎയ്യത്തിനുവേണ്ടി ചില സ്ഥലങ്ങളിൽ വികാരിമാരുടെ സഹായക്കാരുടെ നിലയിൽ ഓരോ ഇടവകയിലെ മുറയനുസരിച്ച യോഗക്കാർ, കൈക്കാരന്മാർ, കണക്കന്മാർ, ഉപദേശികൾ മുതലായ അത്മേനികളും ഉപനടത്തുകാരായിരിക്കുന്ന പാരമ്പൎയ്യവും സഭയിൽ സ്വീകാൎയ്യമായിരിക്കുന്നുണ്ട്.

൧൩൯. പുണ്യവാളന്മാരുടെ ഒരുമ്പാട്.

ശുദ്ധമാനപള്ളിയിൽ ജയംഘോഷിക്കുന്ന പുണ്യവാളന്മാരുടെ സഭയും ബസ്പ്രുക്കാനായിൽ ദുരിതം അനുഭവിക്കുന്നവി. ആത്മാക്കളുടെ കൂട്ടവും ഈ ലോകത്തിൽ യുദ്ധംചെയ്തുകൊണ്ടിരിക്കുന്ന വിശ്വാസികളും ഒന്നുചേൎന്നു തമ്മിൽ ഉണ്ടായിരിക്കുന്ന സഹായവും സഹകരണവും പുണ്യവാന്മാരോടുള്ള പ്രാൎത്ഥനയും അവരുടെ മാദ്ധ്യസ്ഥവും വിശ്വാസികൾതമ്മിലുള്ള ഐക്യതയും പരസ്പരസ്നേഹവും പ്രാൎത്ഥനകളും ജപങ്ങളുംമററും

ആത്മികവും ശാരീരികവുമായുള്ള എല്ലാ ഉപകാരങ്ങളും ഒരു ഉറവിടത്തിൽനിന്നും ഉണ്ടാകുന്നു.

൧൨൦. ശ്രു. മാർപ്പാപ്പായുടെ തെററാവരം (അപ്രമാദിത്വം)

നമ്മുടെ കർത്താവു മനുഷ്യരക്ഷയുടെ ഏകമാർഗ്ഗമായി സ്ഥാപിച്ചിരിക്കുന്ന കത്തോലിക്കാപ്പള്ളിയുടെ തലവനായ മാർപ്പാപ്പാ വിശ്വാസത്തിലും, സന്മാർഗ്ഗനടപടിയിലും ജനങ്ങളെ ഔദ്യോഗികമായി നടത്തുകയും ഉപദേശിക്കുകയും ചെയ്യുമ്പോഴും മിശിഹായുടെ സ്ഥാനാപതിയായി സിംഹാസനത്തിലിരുന്നു പഠിപ്പിക്കുമ്പോഴും ഒരിക്കലും തെററു പഠിപ്പിക്കയില്ലെന്നുള്ള വരം വി. പത്രോസ വഴി സഭക്കു നമ്മുടെ കർത്താവു് കൊടുത്തിരിക്കുന്നു. ഈ പ്രത്യേകവരം തെററാവരമാകുന്നു.

ജ്ഞാപനം.

മാർപ്പാപ്പായുടെ ആളിനടുത്ത സ്വകാര്യകൃത്യങ്ങൾ ഈ തെററാവരത്തിൽ ഉൾപ്പെടുന്നതല്ല.

൧൨൧. പ്രമാണം.

ഒരു സമുദായത്തിന്റെ നേതാവു് ആ സമുദായത്തിന്റെ പൊതുഗുണത്തിനായി സ്വബോധത്തോടുകൂടെ ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്ന നിയമം അഥവാ ക്രമീകരണം പ്രമാണമാകുന്നു.

൧൨൨. സ്വഭാവപ്രമാണം.

ആകാശവും ഭൂമിയും സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്ന സർവ്വശക്തനായ ദൈവം വിവേചനാശക്തിയുള്ള മനുഷ്യന്റെ ആത്മാവിൽ മായിക്കപ്പെടുവാൻ വഹിയാത്തവണ്ണം ഉൽബോധിപ്പിക്കുന്ന സ്വാഭാവികബോധം സ്വഭാവപ്രമാണമെന്നു പറയപ്പെടുന്നു.

൧൨൩. ദൈവപ്രമാണം.

നീതിയായ നടപടിക്കാവശ്യമായവയെ ചെയ്യുന്നതിനും പ്രകൃതിവിരുദ്ധങ്ങളായവയുകളെ മുടക്കുന്നതിനും ദൈവേഷ്ടത്തെ

പാലിക്കുന്നതിനും നമ്മെ ചുമതലപ്പെടുത്തുന്ന ദൈവത്തിന്റെ തിരുമനസ്സ് ദൈവപ്രമാണമാകുന്നു.

ജ്ഞാപനം.

൧. ദൈവപ്രമാണവും സ്വഭാവപ്രമാണവും ഓരോ മനുഷ്യന്റെയും സ്വബോധത്തിൽ സ്ഥിതിചെയ്യുകയും യാതൊരുവിധത്തിലും പുറമെ പ്രസിദ്ധപ്പെടുത്താതെയിരിക്കയും ചെയ്യുന്ന കാലത്തോളം ഒന്നുതന്നെയാണ്; വ്യത്യാസം ഇല്ല.

൨. എന്നാൽ ടി സ്വഭാവപ്രമാണം, പരസ്യമായി പ്രസ്താവിച്ചു നൽകപ്പെടുന്നതു് വേദപ്രമാണമായി പകരപ്പെടുന്നു.

൧൨൩. വേദപ്രമാണം.

മേൽപ്രസ്താവിച്ച ദൈവപ്രമാണം അഥവാ സ്വഭാവപ്രമാണം ദൈവം നേരിട്ടുതന്നെയോ, തന്റെ ഇഷ്ടന്മാരുവഴിയോ, ദീർഘദർശികൾവഴിയോ വെളിവായി പ്രസിദ്ധീകരിക്കുമ്പോൾ ആയതു എല്ലാ മനുഷ്യരും അനുസരിക്കേണ്ട വേദപ്രമാണം ആയിത്തീരുന്നു. സീനാമലയിൽവെച്ചു അത്യാഡംബരത്തോടെ മൂശനിവ്യാഖ്യു നൽകിയ പത്തു പ്രമാണങ്ങൾ ഇപ്രകാരം എല്ലാജാതി മനുഷ്യരെയും ഒന്നുപോലെ കടപ്പെടുത്തുന്നവയാകുന്നു.

൧൨൪ ശ്രു. പള്ളിയുടെ പ്രമാണം.

ശ്രു. പള്ളിയുടെ ശരിയായ നടപ്പിനും ഭരണത്തിനും ആത്മാവുകളുടെ നിത്യരക്ഷയ്ക്കുംവേണ്ടി തിരുസ്സഭ കാലാനുസരണമായി ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തുന്ന നിയമങ്ങൾ പള്ളിയുടെ പ്രമാണങ്ങൾ ആകുന്നു.

൧൨൫. രാജ്യ ചട്ടങ്ങൾ.

സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളുടെ ശരിയായ ഭരണത്തിനുവേണ്ടി ദൈവിക ക്രമീകരണത്തിനനുസരണമായി രാജ്യാധികാരികളാൽ നിർമ്മിതമായിരിക്കുന്ന ചട്ടങ്ങളുടെ സഞ്ചയം രാജചട്ടങ്ങൾ അഥവാ രാജ്യചട്ടങ്ങൾ ആകുന്നു.

## അനുബന്ധം.

൧. എല്ലാ സൃഷ്ടികളുടെ ആദിയന്തമായിരിക്കുന്ന ദൈവത്തിനു മാത്രം സകല വസ്തുക്കളുടെ മേലും പരമാധികാരവും ഭരണശക്തിയും ഉണ്ടായിരിക്കുന്നതിനാൽ എല്ലാ ചട്ടങ്ങളും ക്രമീകരണങ്ങളും ദൈവേഷ്ടം അനുസരിച്ചും സ്വഭാവപ്രമാണത്തോടു യോജിച്ചും ഇരിക്കണം.

൨. അധികാരങ്ങൾ സകലതും ദൈവത്തിൽനിന്നുള്ളതാകയാൽ ന്യായമായ എല്ലാ ചട്ടങ്ങൾക്കും നാം അനുസരണയുള്ളവരായിരിക്കണം.

൩. സത്യമതസ്വീകരണവും ആത്മരക്ഷ ലഭിക്കയെന്നുള്ളതും ദൈവവും ഓരോ മനുഷ്യനും തനിച്ചുള്ള കാര്യമാകുന്നതിനാൽ ഈ മഹൽകാര്യത്തെ തടയുന്ന യാതൊരു പ്രമാണത്തേയും വകവെക്കേണ്ടതുമില്ല.

## ൧൨൭. ഉപവിയുടെ പ്രമാണങ്ങൾ.

1. നിന്റെ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ നിന്റെ മുഴുഹൃദയത്തോടും നിന്റെ മുഴുവാത്മാവോടും നിന്റെ മുഴുവനായ വിചാരത്തോടും നിന്റെ ശക്തിയൊക്കെയോടുംകൂടി നീ സ്നേഹിക്കണം.

2. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ നീ സ്നേഹിക്കണം.

## ൧൨൮. ആഗമനകാലം.

നമ്മുടെ കർത്താവു മനുഷ്യാവതാരം എടുത്തു കന്യാസ്ത്രീമറിയത്തിൽനിന്നും പിറന്നതിന്റെയും ആത്മികമായ വിധത്തിലും ശു. കുർബാന വഴിയായും നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളുന്നതിന്റെയും ലോകാവസാനത്തിൽ ഉയിരവരേയും മരിച്ചവരേയും വിധിപ്പാൻ വരുന്നതിന്റെയും ഓർമ്മയെ കാണിക്കുന്നതും ഇരുപത്തഞ്ചുനോമ്പിന്റെ തപസ്സുകാലത്തെയും നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിന്റെ ഒരുക്കത്തേയും പള്ളിക്കടുത്ത തിരുകർമ്മങ്ങളുടെയും കാനോൻജപങ്ങളുടെയും വത്സരാരംഭത്തെയും സൂചിപ്പിക്കുന്നതുമായ കാലഘട്ടത്തിനു ആഗമ

നകാലം എന്നു പേരുപറയാം. ഡിസംബർമാസം ഒന്നാംതിയ്യതി ഇരുപത്തഞ്ചുനോമ്പു തുടങ്ങുകയും ടി തീയതിക്കടുത്തതായി മുൻപോ പിൻപോ വരുന്ന ഞായർ ആഗമനകാലം ഒന്നാംഞായറാഴ്ചയായിരിക്കയും ചെയ്യും.

൧൨൯. നോമ്പ്, ഉപവാസം, ഒരുനേരം.

ചില ദിവസങ്ങളേയും, ആളുകളേയും; യാവനക്കൂട്ടങ്ങളേയും സംബന്ധിച്ചുള്ള പരിത്യാഗം അഥവാ വർജ്ജനം നോമ്പാകുന്നു. നമ്മുടെ കർത്താവിൻെറ പിറവിത്തിരുനാളിനു മുമ്പുള്ള ഇരുപത്തഞ്ചുനോമ്പ്, ഉയർപ്പിനു മുമ്പുള്ള അമ്പതുനോമ്പ്, മൂന്നുനോമ്പ്, ചില തിരുനാളുകളുടെ തലേദിവസങ്ങൾ ഇത്യാദി സുറിയാനിക്കാർ മാംസവർജ്ജനം അനുസരിക്കണം. പിറവിയുടെ തലേദിവസവും, അമ്പതുനോമ്പിൻെറ വെള്ളിയാഴ്ചകളും, കടശി ശനിയാഴ്ചയും ഒരുനേരം നോല്ക്കണം. ഒരുനേരദിവസം മീൻ, മോര്, പാൽ, മൊട്ട, നെയ്യ് ഇത്യാദി ഉപയോഗിച്ചുകൂടാ. ഒരുനേരം കാർക്കാത്തവരും; ഈ യാനക്കൂട്ടങ്ങൾ വർജ്ജിക്കണം. ഇരുപത്തൊന്നു വയസ്സു തികഞ്ഞവരും, അൻപത്തൊൻപതു വയസ്സു തികയാത്തവരും ഒരുനേരത്തിനു കടപ്പെട്ടവരാണ്.

സൂചനം.

ഒരുനേരം നോക്കുന്നവർക്കു കാലത്തു് ആഴക്കരിയിൽ കൂടാത്ത വിധം സ്വല്പം കഞ്ഞി കുടിക്കാം. വൈകിട്ടു ടി അളവ് സ്വല്പം കൂട്ടാമെങ്കിലും ഉഴക്കരിയിൽ കൂടുകയും അരുതു്. പാനീയങ്ങൾ ഒരുനേരത്തിനു വിഘ്നമാകുന്നില്ല. ലഹരിസാധനങ്ങൾ അന്നേദിവസം വർജ്ജിക്കുന്നതു നാട്ടിൽ പൂർവ്വീകമായ ഒരു നല്ല മുറയാണ്.

൧൩൦. പെസഹാ കാലം.

അമ്പതുനോമ്പു വീടുമ്പോൾ തുടങ്ങി പരിശുദ്ധ തമഃ ത്രിത്വത്തിൻെറ തിരുനാൾവരെയുള്ള ഇടദിവസങ്ങൾ പെസഹാകാലം എന്നു വിളിക്കപ്പെടുന്നു. അമ്പതുനോമ്പുമുതൽ പുതുഞായറാഴ്ചവരെയാണ് ആണ്ടുകമ്പസാരത്തിൻെറ സാധാരണ അ

വധി നമ്മുടെ നാട്ടിൽ ശ്രു: ത്രിത്വത്തിന്റെ തിരുനാൾവരെ ആണ്ടുകുമ്പസാരം കഴിക്കാവുന്നതാണ്. ഈ അവധിക്കല്ലാതെ ആണ്ടിന്റെ ഏതവസരത്തിലും കുമ്പസാരിച്ചുവെന്നു വരുത്തിയാൽ ആണ്ടുകുമ്പസാരത്തിന്റെയും ശ്രു: കുർബാനകൈക്കൊള്ളപ്പാടിന്റെയും കടം തീരുകയില്ല.

### സൂചനം.

ആണ്ടിൽ ഒരിക്കൽ കുമ്പസാരിച്ചു ശ്രു: കുർബാന കൈക്കൊള്ളുന്നം എന്നതു പെസഹാകാലത്തിൽ തന്നെയായിരിക്കണമെന്നതും നിർബന്ധമാണ്.

### ൧൩൮. മനസ്സാക്ഷി.

ഓരോ സമയത്തും ഓരോരുത്തൻ ചെയ്യേണ്ട പ്രവൃത്തികളുടെ ഗുണാഗുണങ്ങളെക്കുറിച്ചും മനുഷ്യപ്രവൃത്തിയുടെ സാന്മാർഗ്ഗികതത്വത്തെക്കുറിച്ചുമുള്ള ബുദ്ധിയുടെ പ്രായോഗികവിധി മനസ്സാക്ഷി ആകുന്നു.

### ജ്ഞാപനം.

യാതൊരുത്തൻ വല്ലതു പറവാനൊ, ചെയ്‌വാനൊ ഭാവിക്കുമ്പോഴും ചെയ്തുപോയതിനെക്കുറിച്ചു വിചിന്തനം ചെയ്യുമ്പോഴും അവയ്ക്കു നല്ലതായി അഥവാ ചീത്തയായി എന്നു വിധിക്കുന്നതു് അല്ലെങ്കിൽ സാക്ഷിക്കുന്നതു മനസ്സാക്ഷിയുടെ ജോലിയാണ്. നന്മയെ ചെയ്യണമെന്നും തിന്മയെ ത്യജിക്കണമെന്നും ഉൽബോധിപ്പിക്കുന്നതും മനസ്സാക്ഷി ആകുന്നു.

### ൧൩൯. സ്വാതന്ത്ര്യം.

വല്ലതും പ്രവർത്തിക്കുന്നതിനും പ്രവർത്തിക്കാതിരിക്കുന്നതിനും, ഒന്നിനെ വിട്ടു മറ്റൊന്നിനെ തിരിഞ്ഞെടുക്കുതിനൊ, ചെയ്യുന്നതിനൊ ഉള്ള വശം സ്വാതന്ത്ര്യമാകുന്നു.

### ജ്ഞാപനം.

൧. നന്മ ചെയ്യുന്നതിനും തിന്മയെ വർജ്ജിക്കുന്നതിനും ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നതിനും പ്രമാണങ്ങളെ കാക്കുന്നതിനും മ

ഷിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് ദാനമായി തന്നുകൊണ്ടു മററു ഹീനംഹീനങ്ങളായ സൃഷ്ടികളിൽനിന്നും അങ്ങു നമ്മെ ഉയർത്തിയിരിക്കുന്നു.

൯. സ്വാതന്ത്ര്യമായ സുകൃതത്തിനൊ ദുഷ്ക്രിയക്കൊ ഞങ്ങൾ യോഗ്യതയും അയോഗ്യതയും ഉണ്ടാകുന്നതും, സമ്മാനവും ശിക്ഷയും ലഭിക്കുന്നതും.

൧൩൩. മനുഷ്യശത്രുക്കൾ.

1. ലോകം—ഈ പ്രപഞ്ചത്തിലുള്ള ദുർതത്വങ്ങളും ദുഷ്ടപാനങ്ങളും, ലോകമായങ്ങളും, സമ്പത്തും, ബഹുമാനവും, സുഖഭോഗാദികളും, അനുഭവിക്കുന്നതിന് മനുഷ്യനെ ആകർഷിച്ചുകൊണ്ട് ലോകം അതിന്റെ ശത്രുത കാണിക്കുന്നു.

2. പിശാച്—അവന്റെ കൂട്ടുകാരായ ദുഷ്ടാരൂപികളോടുകൂടി ലോകമായത്തിലും മാംസേച്ഛയിലും അകപ്പെടുത്തി നിത്യനാശത്തിൽ വീഴിക്കുന്നതിനു പരീക്ഷിച്ചുകൊണ്ടു പിശാചു ശത്രുത കാണിക്കുന്നു.

3. ശരീരം—ആത്മാവിനോടു സദാ എതിർത്തുകൊണ്ട് സുഖപ്രിയം, ദീർഘായുസ്സ്, ദുരാശ, ദുർചാച്ചില്യകൾ മുതലായവകൊണ്ടു എപ്പോഴും എവിടെയും ആത്മനടപടികളെ ദുർബലപ്പെടുത്തുകയും പാപങ്ങളാൽ ആത്മാവിനെ മുറിപ്പെടുത്തുകയും ചെയ്യുന്ന മഹാ ശത്രുശരീരമാകുന്നു.

൧൩൪. പാപം—ദോഷം.

ദൈവപ്രമാണങ്ങളുടെ സ്വതന്ത്രമായ ലംഘനം പാപമാകുന്നു.

൧൩൫. ഉത്ഭവദോഷം.

ആദമെന്ന നമ്മുടെ ആദികാരണവന്റെ വഴക്കക്കേടുകൊണ്ടു നാം എല്ലാവരും ജനിക്കുമ്പോൾതന്നെ അവകാശമായി അനുഭവിച്ചിരിക്കുന്ന ദോഷം ഉത്ഭവദോഷമാകുന്നു. ഈ പാപം മനുഷ്യപ്രവൃത്തിയെ ആശ്രയിക്കുന്നതല്ല.

൧൩൬. കർമ്മദോഷം.

ദൈവപ്രമാണത്തിന് വിരോധമായ നിരൂപണയെങ്കിലും, വചനമെങ്കിലും, പ്രവൃത്തിയെങ്കിലും കല്പിക്കപ്പെട്ടതിന്റെ

ഉപേക്ഷയെങ്കിലും കൎമ്മദോഷമാകുന്നു. കൎമ്മദോഷം ഓരോരുത്ത
ന്റെ പ്രവൃത്തിയെ ആശ്രയിക്കുന്നു.

൧൩൭. ചാവുദോഷം.

പ്രമാണങ്ങളെ ഗൗരവമായവിധത്തിൽ ലംഘിക്കുന്നതി
നാൽ നമ്മുടെ ആത്മാവിലെ ദൈവഇഷ്ടപ്രസാദത്തെ നഷ്ടമാ
ക്കുകയും ദൈവത്തിന്റെ ശത്രുക്കളും പിശാചിന്റെ അടിമക
ളും നരകത്തിനു യോഗ്യരും നമ്മെ ആക്കിത്തീർക്കുകയും ചെയ്യു
ന്ന ദോഷം ചാവുദോഷമാകുന്നു.

൧൩൮. പാപദോഷം.

പ്രമാണങ്ങളെ ലഘുതരമായി ലംഘിക്കുന്നതിലും, അല്പ
മായ വീഴ്ചകളിലും പാപദോഷം ഉണ്ടാകുന്നു. പ്രമാണങ്ങൾ
ക്കു വിരോധമായ ഈ കുററം ആത്മാവിനെ കൊല്ലുന്നില്ലെങ്കി
ലും ദൈവേഷ്ടത്തെ കുറയ്ക്കുകയും ചാവുദോഷത്തിനു വഴി തുറ
ക്കയും ചെയ്യുന്നു. ചാവുദോഷത്തേക്കാൾ എളുപ്പത്തിൽ ഇതിനു
പൊറുതി ലഭിക്കാവുന്നതുമാകുന്നു.

൧൩൯. അവിശ്വാസം, അജ്ഞാനത്വം, അജ്ഞാനി.

സകലത്തിന്റെയും സ്രഷ്ടാവും, പരിപാലകനും, നന്മതി
ന്മയ്ക്കൊത്ത സമ്മാനവും, ശിക്ഷയും യഥാക്രമം നൽകുന്നവനും
നീതിസ്വരൂപിയും സൽഗുണസമ്പൂർണ്ണനുമായിരിക്കുന്ന സത്യ
ദൈവത്തെ അന്വേഷിച്ചറിയാതെയും അറിഞ്ഞശേഷം ന്യായ
മായ ശുശ്രൂഷ അങ്ങേയ്ക്കു ചെയ്യാതെയും ഇരിക്കുന്നതു് അവി
ശ്വാസം, അജ്ഞത്വം എന്നു പറയപ്പെടുന്നു. ഏക സത്യത്തെ
പ്പററിയും അങ്ങേ കല്പനകളെപ്പററിയും അറിവില്ലാതിരിക്കു
ന്ന അന്ധന്മാർ ലോകമറിയുന്ന മഹാ ശാസ്ത്രജ്ഞന്മാരും, കേൾ
വിപ്പെട്ടവരും ധനവാന്മാരും ആയിരുന്നാൽപോലും അജ്ഞാ
നികൾ എന്നു വിളിക്കപ്പെടുന്നു.

൧൪൦. വിഗ്രഹാരാധന.

സത്യദൈവത്തിനു ചെയ്യേണ്ടതായ പരമത്തമമായ ആരാ
ധന അങ്ങേ സൃഷ്ടികളായ അശുദ്ധാത്മാക്കൾക്കാകട്ടെ വിഗ്ര

ഹങ്ങൾക്കാകട്ടെ, പഞ്ചഭൂതങ്ങൾക്കാകട്ടെ, ഗ്രഹങ്ങൾക്കാകട്ടെ, ലോകപരാക്രമികളായ രാജാക്കന്മാർ, യുദ്ധവീരന്മാർ, ശാസ്ത്രജ്ഞന്മാർ എന്നിവർക്കാകട്ടെ, സകലത്തിന്റെയും ഉടയക്കാരൻ എന്ന നിലയിൽ അനുഷ്ഠിക്കുമ്പോൾ ആയതു വിഗ്രഹാരാധനയാകുന്നു.

൧൭൭. ശീശ്മ-ഇടത്തൂട്ട്-മതത്യാഗം.

മാമ്മോദീസാ കൈക്കൊണ്ടു കത്തോലിക്കസത്യവിശ്വാസത്തെ അനുസരിച്ച തിരുസ്സഭയുടെ അംഗമായതിന്റെ ശേഷം ആ സത്യവിശ്വാസത്തിൽനിന്നും തെററിമാറി നടക്കുകയും കത്തോലിക്കവിശ്വാസപരമായ യാതൊരു കർമ്മങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നതും പൂർവ്വമതത്തിലേക്കു പിന്തിരിയുന്നതും മതത്യാഗമാകുന്നു.

൧൭൮. കാവ്യപ്രവൃത്തി-മന്ത്രവാദം.

ദൈവത്തിൽ വിശ്വസിച്ചും അങ്ങേ ആശ്രയിച്ചും അങ്ങേയോടു പ്രാർത്ഥിച്ചും മാത്രം സാധിക്കേണ്ട കാര്യങ്ങൾ അങ്ങേ സൃഷ്ടിയും ശത്രുവുമായിരിക്കുന്ന പിശാചിന്റെ സഹായത്താൽ നടത്തുവാൻ ശ്രമിക്കുന്നതും, മനസ്സാകുന്നതും, നടത്തുന്നതും, അതിനു സഹായിക്കുന്നതും സഹകരിക്കുന്നതും സമ്മതിക്കുന്നതും കാവ്യപ്രവൃത്തി ആകുന്നു.

൧൭൯. ശകുനം.

മനുഷ്യർക്കുണ്ടാകുവാനിരിക്കുന്നതൊ സംഭവിപ്പാനിരിക്കുന്നതൊ ആയ സംഗതികളെ നിർണ്ണയിക്കുന്നതിനും ചെയ്യുന്നതിനും പക്ഷികളുടെ സഞ്ചാരമോ, മൃഗങ്ങളുടെ ചലനമോ, മററുവല്ല ഗ്രഹങ്ങളുടെ നിലയൊ, മനുഷ്യകാഴ്ചയോ, ആസ്പദമാക്കി വിശ്വസിക്കയും, ബുദ്ധിപൂർവ്വമായ ഗുണദോഷവിവേചനം കൂടാതെ വർത്തിക്കയും ചെയ്യുന്നതു് ശകുനം അഥവാ മൃഗപരീക്ഷ എന്ന പാപമാകുന്നു.

൧൩൪. മഷിനോട്ടം.

മരിച്ചവരെ വിളിച്ചുവരുത്തുന്നതിനും വല്ല കളവു തെളിക്കുന്നതിനും, നിക്ഷേപങ്ങൾ കണ്ടു എടുക്കുന്നതിനും എന്ന ദ്ദേശ്യത്തിൽ പിശാചിന്റെ സഹായം തേടുന്ന ഒരു നവീനസമ്പ്രദായം മഷിനോട്ടം എന്ന പാപമാകുന്നു.

൧൩൫. മായവിദ്യ-മജിയാ.

ആത്മശക്തിയില്ലാത്ത അബലന്മാരേയും അബലകളേയും ഒരുത്തന്റെ സ്വാധീനശക്തിക്കു കീഴ്പ്പെടുത്തി ആഗ്രഹിക്കുന്നതിനെയും പറയുന്നതിനെയും പറയിപ്പിക്കയും ചെയ്യിപ്പിക്കയും ചെയ്യുന്ന ഒരു മയക്കവിദ്യ-മായവിദ്യ (ഒരുവക ഹിപ്നോട്ടിസം) എന്ന പാപമാകുന്നു.

൧൩൬. വശീകരണം

കൺകെട്ടുവിദ്യ, മന്ത്രവാദം ഇത്യാദി പൈശാചികപ്രവൃത്തികൾ ചെയ്തുകൊണ്ടോ ചെയ്യിപ്പിച്ചുകൊണ്ടോ വല്ലവരെയും പാപത്തിന്, പ്രത്യേകം മാംസത്തിനടുത്ത ദുഷ്ടപാപങ്ങൾക്കു ആഗ്രഹിപ്പിക്കുന്നതും ആകർഷിപ്പിക്കുന്നതുമായ സാഹസപ്രവൃത്തി വശീകരണം എന്ന മഹാപാപം ആകുന്നു.

൧൩൭. കപടഭക്തി, ദുർവിശ്വാസം, അവഭക്തി.

സത്യദൈവത്തിന് ചെയ്യേണ്ട ആരാധനയെ ദൈവമല്ലാത്ത വസ്തുക്കൾക്കു ചെയ്കയോ, ദൈവമഹത്വത്തിനു ചേരാത്തവിധത്തിൽ അവനെ ആരാധിക്കയൊ ചെയ്യുന്നതും യാതൊരു കാര്യം സാധിപ്പാൻവേണ്ടി വ്യർത്ഥമായതും പ്രയോജനമററതും സ്വഭാവത്തിനു ചേരാത്തതുമായ പോംവഴികളെ പ്രയോഗിക്കുന്നതും കപടഭക്തി, ദുർവിശ്വാസം, ശൂന്യാചാരം എന്ന പാപങ്ങൾ ആകുന്നു

൧൩൮. ദൈവദൂഷണം.

ദൈവത്തേയും അവന്റെ പ്രത്യേക ഗുണലക്ഷണങ്ങളേയും, അവന്റെ സൃഷ്ടികളേയും പരിപാലനയേയും, അവന്റെ ഇഷ്ട

ന്മാരായ പുണ്യവാന്മാരേയും കുറിച്ചു അങ്ങേ റാമം ചൊല്ലി
ക്കൊണ്ടോ, അല്ലാതെയോ, ദൂഷ്യമായിട്ടും ശാപവാക്കുകളായി
ട്ടും പറകയും അതിനടുത്തവിധം പ്രവൎത്തിക്കയും ചെയ്യുന്നതു
ദൈവദൂഷണമെന്ന മഹാ പാപമാകുന്നു.

൧൧൯. ദൈവദോഷം.

പരിശുദ്ധമായ സാധനത്തേയോ, സ്ഥലത്തേയോ, ആള
കളേയോ ലംഘിച്ചു ചെയ്യുന്ന പാപം ദൈവദോഷമാകുന്നു.
തിരുവസ്തുക്കളെ ധിക്കരിക്കുന്നതും ഇതിൽപ്പെട്ടതാകുന്നു.

൧൨൦. ദൈവപരീക്ഷ.

ദൈവത്തിൻെറ ഉള്ളാഴ്മയേയോ, ലക്ഷണങ്ങളെയോ കു
റിച്ചു അവിശ്വസിക്കുന്നതും, അവയുടെ തെളിവിനായി ശ്രമി
ക്കുന്നതും, ദൈവത്തിൽനിന്നു അസാമാന്യകാൎയ്യം സാധിക്കുന്ന
തിനായി അങ്ങേ വല്ലഭത്വത്തേയും സൎവ്വജ്ഞാനത്തേയും പരി
ശോധിക്കുന്നതിനു വല്ലതും പറകയും പ്രവൎത്തിക്കയും ചെയ്യുന്ന
തും ദൈവപരീക്ഷയാകുന്ന പാപമാകുന്നു.

൧൨൧. കള്ളസത്യം.

യാതൊരു കാൎയ്യത്തിൻെറ പട്ടാങ്ങയേയോ വാഗ്ദാനത്തി
ൻെറ സ്ഥിരതയേയോ ഉറപ്പിച്ചു ബോധപ്പെടുത്തുന്നതിനുവേ
ണ്ടി സത്യത്തിനും, നീതിക്കും വിവേകത്തിനും വിരോധമായി
ദൈവതിരുനാമത്തെ സാക്ഷിയായി വിളിച്ചുകൊണ്ടു പരസ്യമാ
യും പരസ്യസ്ഥലങ്ങളിലും ശുദ്ധ. സ്ഥലങ്ങളിലും ചെയ്യുന്ന സ
ത്യം കള്ളസത്യമെന്ന മഹാ പാപമാകുന്നു.

൧൨൨. കള്ളസ്സാക്ഷി.

യാതൊരു കാൎയ്യത്തിനൊ, സംഭവത്തിനൊ വിപരീതമാ
യിട്ടും മനസ്സാക്ഷിക്കു വിരോധമായിട്ടും യാവനൊരുത്തൻെറ
ഗുണത്തിനൊ, ദോഷത്തിനോ വേണ്ടി പള്ളിക്കച്ചേരികളിലൊ;
സൎക്കാർകച്ചേരികളിലൊ വച്ചു പറയുന്ന സാക്ഷി കള്ളസ്സാ
ക്ഷിയെന്ന പാപമാകുന്നു.

൧൫൩. നിഗളം, അഹംഭാവം.

സ്വന്ത സ്തുതിയിന്മേലും, ബഹുമാനത്തിന്മേലും ഒരുത്തനുള്ള അമിതമായ മതിപ്പും ആഗ്രഹവും നിമിത്തം അന്യരെ നിന്ദിക്കയും, ചിലപ്പോൾ ഉപദ്രവിക്കയും തന്നെത്താൻ ഉയൎത്തുകയും, അധികാരത്തിനു കിഴ്പ്പെടാതിരിക്കയും ചെയ്യുന്നതു നിഗളം എന്ന പാപമാകുന്നു.

൧൫൪. മോഹം.

ആറും ഒമ്പതും പേദപ്രമാണങ്ങളെ ലംഘിച്ചുള്ള പ്രവൃത്തിദോഷങ്ങളും മാംസദുരാശയിലും വിഷയസുഖത്തിലുമുള്ള അതിരുകടന്ന ആഗ്രഹവും, സന്തോഷവും കാമം അഥവാ മോഹപാപമാകുന്നു.

൧൫൫. ദ്രവ്യലുബ്ധ്.

ലോകവസ്തുക്കളുടെമേലും പണത്തിന്മേലുമുള്ള അമിതമായ ആഗ്രഹവും, അൎത്ഥാഗ്രഹവും പണം 'ദേവനെന്ന'പോലെ വിചാരിച്ചു അതിൽ ഭാഗ്യങ്ങൾ അന്വേഷിക്ക, തനിക്കുവേണ്ടിയും അന്യനുവേണ്ടിയും ആവശ്യത്തിൽ ചെലവിടാതിരിക്കുക ഇത്യാദി ദ്രവ്യലക്ഷണങ്ങൾ ആകുന്നു.

൧൫൬. കൊലപാതകം.

ഒരുത്തൻ അവൻെറ സഹോദരനായ മനുഷ്യന് ജീവഹാനിവരത്തക്ക ഏതൊരു പ്രവൃത്തി ചെയ്യുന്നോ അതു കൊലപാതകമെന്ന മഹാ പാപമാണ്. വെട്ടുക, കുത്തുക, വെടിവെക്ക, വിഷംകൊടുക്ക, കെട്ടിത്തൂക്കുക, ഭയപ്പെടുത്തുക, കൈവിഷം ഇത്യാദി ക്രൂരകൃത്യങ്ങൾ ഇതിൽപ്പെട്ടതാണ്.

൧൫൭. ആത്മഹത്യ.

വസ്തുനാശം, പണനാശം, മാനനാശം, അതികാമം ഇത്യാദികളാൽ മതിമറന്ന് സ്വന്ത ജീവനെ ഹനിക്കുന്ന യാതൊരു സാഹസപ്രവൃത്തി ചെയ്യുന്നതു് ആത്മഹത്യ എന്ന പാപമാണ്. വിഷംകുടിക്ക, തൂങ്ങിച്ചാകുക ഇവ ഇതിൽപ്പെട്ടതാണ്.

൱൮. ഉതപ്പ്.

ഒരുത്തൻ അവൻെറ മോശമായതും, പാപകരമായതുമായ വചനത്താലൊ പ്രവൃത്തിയാലൊ അവൻെറ സഹോദരൻ പാപത്തിൽ വീഴുന്നതിനുള്ള കാരണം കൊടുക്കുന്നതു ഉതപ്പ് എന്ന പാപമാകുന്നു. ഇതു് ആത്മികകൊലപാതകമെന്നും പറയാം.

൱൯. മദ്യപാനലഹരി.

മനുഷ്യനു ദൈവദത്തമായി ലഭിച്ചിരിക്കുന്ന വിശേഷബുദ്ധിയെ കെടുത്തത്തക്കവണ്ണം അമിതമായതും മനസ്സാലുള്ളതുമായ ലഹരിസാധനങ്ങളുടെ ഉപയോഗം മദ്യപാനലഹരി ഈവിധം സദാ കുടിച്ചു വെളിവില്ലാതെ നടക്കുന്നവനെ മദ്യപാനി എന്നു വിളിക്കുക പതിവാണ്. ഈ അർത്ഥത്തിൽ മദ്യപാനം ചാവുദോഷമാകുന്നു. കുടുംബത്തിനും, സമുദായത്തിനും നാശകാരണവുമാകുന്നു.

൱൰. പ്രാക്ക്-ശാപവാക്ക്.

വയസ്സു ചെന്നവരുടെയും ചെറുപ്പക്കാരുടെയും ഇടയിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമ്പോൾ തങ്ങളേത്തന്നെയും, അന്യരെയും, മററു സൃഷ്ടികളെയും ശപിച്ചുപറയുന്ന ഒരു തഴക്കം പ്രാക്ക് എന്ന പാപമാണു്. മുടിഞ്ഞുപോകും, പാമ്പുകടിക്കും, തലതട്ടിപ്പോകും ഇത്യാദി പദങ്ങൾ ഉപയോഗിക്കുകയാണു ഈ കൂട്ടരുടെ പതിവ്.

൱൰൧. നുണ.

ഒരുത്തൻ തനതു ബോധത്തിൽ തോന്നുന്നതിനു വിപരീതമായി പറകയൊ അടയാളം കാണിക്കയോ ചെയ്യുന്നതു് നുണ എന്ന പാപമാകുന്നു. നുണ മറെറാരുത്തനു നാശകാരണമാകുമ്പോൾ ഉത്തരിപ്പുകടംകൂടി ഉണ്ടായിരിക്കുന്നു.

൱൰൨. കളവ്.

അന്യവസ്തുവിനെ ഉടമസ്ഥൻെറ അറിവും സമ്മതവും കൂടാതെ അന്യായമായിട്ടും രഹസ്യമായിട്ടും എടുത്തു സൂക്ഷിക്കയും ഉപയോഗിക്കയും ചെയ്യുന്നതു കളവ് എന്ന പാപമാകുന്നു.

### ൧൱൩. കവർച്ച.

അന്ന്യന്റെ വസ്തുക്കളെയൊ, ധനത്തെയൊ തനിച്ചോ, കൂട്ടംചേൎന്നോ, അക്രമമായിട്ടും, അന്ന്യായമായിട്ടും, ബലംപ്രയോഗിച്ചും ചിലപ്പോൾ അപായപ്പെടുത്തിയും കൈക്കലാക്കുന്നതു കവർച്ച എന്ന മഹാ പാപവുമാണ്. തീവെട്ടിക്കൊള്ള ഇതിൽപ്പെടുന്നു.

### ൧൱൪. അപകീൎത്തി-ദൂഷ്യവാക്ക്.

അകന്നിരിക്കുന്നവനെക്കുറിച്ച് അവന് മാനഹാനിവരത്തക്കവണ്ണം ദൂഷ്യം, ഏഷണി, ഇത്ത്യാദി പറയുന്നതു ദൂഷ്യവാക്കു എന്ന പാപമാകുന്നു. അടുത്തിരിക്കുന്നവനെക്കുറിച്ചു പറയുന്ന പരിഹാസവാക്കുകളും അപകീൎത്തി എന്ന പാപത്തിൽപ്പെടുന്നു.

### ൧൱൫. ദൂഷണം.

അടുത്തു നില്ക്കുന്ന സഹോദരനെ അപമാനിക്കണമെന്നുള്ള കരുതലോടുകൂടി രഹസ്യമായൊ പരസ്യമായൊ കടുത്തതും ആഭാസതരവുമായ ദൂഷ്യവാക്കുകളെ ഉപയോഗിച്ചു അപമാനിക്കുന്നതു ദൂഷണമെന്ന പാപമാകുന്നു. ചീത്തപറച്ചിൽ ഇതിൽപ്പെടുന്നു.

### ൧൱൬. ഏഷണിപറച്ചിൽ.

ഇല്ലാത്തതും, രഹസ്യമായതുമായ വല്ലൊരു കുററത്തെ ചൂണ്ടിക്കാണിച്ചു യാതൊരുത്തനെക്കുറിച്ചു അന്ന്യമിത്ത്വം സ്വാൎത്ഥ്യവേണ്ടിയും ചിലപ്പോൾ അധികാരസ്ഥാനങ്ങളിലും പറഞ്ഞു നടന്നു തെററിധാരണയും മതിപ്പുകേടും വരുത്തുന്ന പാപം ഏഷണി ആകുന്നു.

### ൧൱൭. തണ്യവിധി.

യാതൊരുത്തൻ തന്റെ അയൽക്കാരൻ ഏന്തോ ഘനമായ കുററം ചെയ്യുവെന്നോ അഥവാ ചെയ്തതായി സംശയിച്ചുകൊണ്ടോ തക്ക കാരണം കൂടാതെയും അവിവേകമായും തിന്മയായും വിധിച്ച് മനസ്സിൽ വച്ചുകൊണ്ടിരിക്കയും ചിലപ്പോൾ

ആ തെററിദ്ധാരണയിൽ പ്രവൎത്തിക്കയും പറകയും ചെയ്യുന്നതു തന്ത്ര്യവിധിയെന്ന പാപമാകുന്നു.

൧൨൮. അനീതി-ഉപദ്രവം.

ന്യായമായി യാതൊരുത്തനു ലഭിക്കേണ്ട അവകാശത്തെ തടയുന്നതും അവന്റെ ശരീരത്തെയൊ സ്വത്തുക്കളെയോ മാനത്തേയോ ന്യായരഹിതമായി കയ്യേററംചെയ്യുന്നതും മററു ഏതുവിധ അക്രമങ്ങൾ അവനോടു ചെയ്യുന്നതും അനീതി അഥവാ ഉപദ്രവം എന്ന പാപമാകുന്നു.

൧൨൯. പാപത്തിനു സഹകരണം.

മറെറാരുത്തൻ ചെയ്യുന്ന ഏതോ പാപകൃത്യത്തിനു പങ്കെടുത്തുകൊണ്ടും കല്പനയാലും ആലോചന കൊടുത്തുകൊണ്ടും സമ്മതിച്ചുകൊണ്ടും, സ്തുതിച്ചുകൊണ്ടും, ആദരിച്ചുകൊണ്ടും മിണ്ടടങ്ങിക്കൊണ്ടും, കൂട്ടത്തിൽ ചേൎന്നു പ്രവൎത്തിച്ചുകൊണ്ടും സഹായിക്കയും സഹകരിക്കയും ചെയ്യുന്നതു പാപത്തിനുള്ള സഹകരണമാകുന്നു.

൧൩൦. പാപകരമായ ആഭാസനാടകങ്ങൾ, കാഴ്ചകൾ, പ്രദൎശനങ്ങൾ.

സത്യവിശ്വാസത്തിനും, സന്മാൎഗ്ഗനടപടിക്കും വിരോധമായതൊ, അധികാരികളാൽ മുടക്കപ്പെട്ടതൊ, ദുൎമ്മോഹങ്ങളെയും ഇഷ്ടങ്ങളേയും ഉളവാക്കുന്നതൊ, ഉതപ്പിനു കാരണംകൊടുക്കുന്നതൊ ആയ ആട്ട്, കൂത്തുകൾ, നാടകങ്ങൾ, വിനോദകാഴ്ചകൾ, ഛായാപടങ്ങൾ, കൊത്തുരൂപങ്ങൾ, സിനിമാപ്രദൎശനങ്ങൾ ഇത്യാദി ഇവയിൽപ്പെടുന്നു. ശൃംഗാരമായതും കാമവികാരങ്ങളെ ജനിപ്പിക്കുന്നതുമായ പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, എഴുത്തുകൾ മുതലായവയും ഇതിലുൾപ്പെടുന്നതാണ്.

൧൩൧. കന്യാത്വത്തിനു വിരോധമായതു്.

മാംസേച്ഛകളേയും, ദുൎമ്മോഹങ്ങളേയും കാമവികാരങ്ങളേയും വിഷയസുഖങ്ങളേയും അനുഭവിക്കുന്നതിനുള്ള അമിത

മായതും അക്രമമായതുമായ ആഗ്രഹം, സന്തോഷം, സമ്മതം, പ്രവൃത്തികൾ ഇത്യാദി വിരക്തിയെ ഹനിക്കുന്നതും കന്യാത്വത്തിനു വിരോധമായതുമായ മഹാപാപമാകുന്നു. ഇതിനോടുത്ത നോട്ടങ്ങൾ സ്പർശനങ്ങൾ, ചുംബനങ്ങൾ, സംഭാഷണങ്ങൾ മുതലായതുകളും പാപകാരണങ്ങളാകയാൽ വർജ്ജനീയങ്ങളാണ.

൱൭൨. ശീശ്മ.

കത്തോലിക്ക സത്യമതത്തിന്റെ പ്രവേശനമുദ്രയായ മാമ്മോദീസാ മുങ്ങി സത്യവിശ്വാസിയാകയും ശുദ്ധമാനപള്ളിയുടെ വിശ്വാസത്തിനടുത്തതും സദാചാരകർമ്മങ്ങൾക്കടുത്തതുമായ ക്രമങ്ങളെ നിറവേറ്റുകയും ചെയ്യുന്നുയെങ്കിലും തിരുസ്സഭയുടെ അധികാരത്തെയും മാർപ്പാപ്പായുടെ ഭരണത്തെയും എതിർത്തുകൊണ്ടുള്ള ജീവിതമുറ ശീശ്മയെന്ന പാപമാകുന്നു. ഈവിധ ജീവിതാനുഷ്ഠാനികളെ ശീശ്മക്കാർ എന്നു വിളിക്കുന്നു.

൱൭൩. ഇടത്തൂട്.

കത്തോലിക്കസഭയുടെ അവകാശമാകുന്ന മാമ്മോദീസാ കൈക്കൊണ്ടു ക്രിസ്ത്യാനിയായശേഷം സ്വമനസ്സാലെ കത്തോലിക്കസഭയോട് ആദ്യമായി എതിർക്കയും പിന്നീടു ശു. പള്ളിയുടെ വിശ്വാസത്തിൽനിന്നും സന്മാർഗ്ഗചട്ടങ്ങളിൽനിന്നും പാഠനങ്ങളിൽനിന്നും വിട്ടുമാറി തെറ്റിൽ അകപ്പെട്ട് പ്രസ്തുത തെറ്റുകളെ തിരുത്താതെ ശാഠ്യമായി വാശിപിടിച്ചു നിലക്കുകയും ചെയ്യുന്നതു് ഇടത്തൂട് എന്ന പാപമാകുന്നു.

൱൭൪. ശു. പള്ളിയുടെ ശിക്ഷകൾ.

മാമ്മോദീസാ കൈക്കൊണ്ടു കത്തോലിക്കാപ്പള്ളിയുടെ അംഗമായിരിക്കുന്നവൻ തിരുസ്സഭയുടെ നിയമങ്ങളെ ലംഘിക്കുമ്പോൾ ആത്മികമായും പരിഹാരവിധമായും ചില വരങ്ങളെ പ്രതിഷേധിച്ചുകൊണ്ടു പള്ളി അധികാരത്തിൽനിന്നു നടത്തുന്ന ശിക്ഷാവിധികൾ പള്ളിയുടെ ശിക്ഷകൾ ആകുന്നു.

### ൱൭൫. പള്ളിമുടക്ക്.

ശുദ്ധമാനപള്ളിയുടെ യോജ്യതയിൽ നിൽക്കുന്ന വിശ്വാസികളിൽ ഏതൊരുത്തൻ അഥവാ പലയാളുകൾ നിയമലംഘനം ചെയ്യുമ്പോൾ അവരെ ചില കൂദാശപ്രവൃത്തികളിൽ സ്വീകരിച്ചുകൂടായെന്നു അധികാരികൾ വിലക്കുന്നതു പള്ളിമുടക്കാകുന്നു. ഈ മുടക്കു സ്ഥലത്തിനടുത്തതും ആളിന്നടുത്തതുമാകാവുന്നതാണ്.

### ൱൭൬. മഹറോൻ.

ദൈവപ്രമാണങ്ങളെയും തിരുസ്സഭയുടെ ചട്ടങ്ങളെയും കഠിനമായും, പരസ്യമായും, ശാഠ്യമായും, ലംഘിക്കുന്നവരേയും പരസ്യമായ അസന്മാർഗ്ഗികനടപടിക്കാരെയും അവരുടെ തെറ്റിനെ തിരുത്തി മാനസാന്തരപ്പെടാതെ പിടിവാതമായി നിൽക്കുകയും ഉപദേശങ്ങൾക്കു അനുസരണയില്ലാത്തവരെന്നു ബോദ്ധ്യപ്പെടുകയും ചെയ്യുന്നവരെയും ശപിക്കപ്പെട്ടവർ എന്നുള്ള മാർപ്പാപ്പായോ സ്ഥലത്തെ മെത്രാനോ നേരിട്ടോ, പ്രതിനിധികൾവഴിയോ നാമകരണം ചെയ്യുന്ന പള്ളിനടപടിക്കു മഹറോൻശിക്ഷ എന്നു പറയപ്പെടുന്നു.

സൂചനം

൧. ഇങ്ങനെ ശിക്ഷിക്കപ്പെടുന്നവർ പള്ളിയുടെ ഛേദിക്കപ്പെട്ട അംഗങ്ങൾ ആകയാൽ യാതൊരു ആത്മികാനുഗ്രഹത്തിന്നും അർഹതയുള്ളവരല്ല.

൨. നാമം തിരിച്ചുള്ള വർജ്ജ്യ മഹറോൻശിക്ഷയേറ്റവരോടു കത്തോലിക്കർ യാതൊരു ഇടപാടും ചെയ്യരുതാത്തതാകുന്നു. സംസാരംപോലും മുടക്കപ്പെടുന്നു.

### ൱൭൭. മരണം.

വിശേഷബുദ്ധിയോടുകൂടിയ മനുഷ്യന്റെ ജീവാത്മാവു ശരീരത്തിൽനിന്നും വേർപിരിയുന്നതു മരണമാകുന്നു. ആത്മാവ് ശരീരത്തിൽ ഇല്ലാതാകുമ്പോൾ അതു ജീവനില്ലാത്ത ശവമായിത്തീരുകയും താമസമെന്യേ ക്ഷയിച്ചുപോകയും ചെയ്യുന്നു.

൱൭. തനതുവിധി.

സ്വാതന്ത്ര്യബുദ്ധിയോടുകൂടിയതും മരണമില്ലാത്തതുമായ മനുഷ്യാത്മാവു് ശരീരത്തിൽനിന്നും പിരിയുന്ന മാത്രയിൽ തന്നെ അതിന്റെ സ്രഷ്ടാവും രക്ഷകനും കൎത്താവുമായിരിക്കുന്ന മിശിഹായുടെ ന്യായാസനത്തിങ്കലേക്കു അതു ഗമിക്കുന്നു. സകലത്തേയും വെളിവായിക്കണ്ടിരിക്കുന്ന അങ്ങു് അവന്റെ ജീവിതകാലത്തിലെ പാപപുണ്യങ്ങൾക്കു ചേരുന്നതായ പ്രതിഫലം അവൻമാത്രം അറിയത്തക്ക രഹസ്യത്തിൽ നിശ്ചയിക്കും. ഈ നിശ്ചയമാണ് തനതുവിധി എന്നു പറയപ്പെടുന്നതു്.

൱൮. പൊതുവിധി.

ലോകാവസാനത്തുങ്കൽ ന. കൎത്താവു് ഈശോമിശിഹായുടെ സ്തുതിയുടെ മഹിമ പ്രകാശിക്കയും, ദൈവനീതി വെളിവാക്കപ്പെടുകയും പുണ്യവാന്മാരുടെ സന്തോഷം വൎദ്ധിക്കയും ചെയ്യുന്നയവസരത്തിൽ ലോകത്തിൽ മരിച്ചിട്ടുള്ള നല്ലവരും ദുഷ്ടന്മാരും... ണ്യവരും ദൈവകല്പനയാൽ വീണ്ടും ആത്മശരീരത്തോടുകൂടെ യോജിച്ചു ഉത്ഥാനംചെയ്യും. അങ്ങു് നിശ്ചയിക്കുന്ന ദിവസം യോശാപ്പാത്തിന്റെ മൈതാനത്തിൽ കൂടുകയും നല്ലവരും തണ്യവരും വേർതിരിക്കപ്പെടുകയും ആ മഹാവലിയ ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ മാലാഖമാരുടെ പരിവാരത്തോടെ നമ്മുടെ കൎത്താവു ഈശോമിശിഹാ മേഘങ്ങളിൽ എഴുന്നള്ളിയിരുന്നു അവൎക്കു ലഭിച്ച ഭാഗ്യാഭാഗ്യത്തിനു തക്കവണ്ണം പരസ്യമായി പരിപൂൎണ്ണമായതും തെളിവായതുമായ വിധി പ്രസ്താവിച്ചു നല്ലവരെ മോക്ഷഭാഗ്യത്തിനു ക്ഷണിക്കയും തണ്യവരെ നരകത്തിലേക്കു തള്ളുകയും ചെയ്യുന്ന ഈ പരസ്യപ്രസ്താവന പൊതുവിധിയാകുന്നു.

൱൯. നരകം.

പ്രമാണങ്ങൾ ലംഘിച്ചതിനാലെ നിത്യശിക്ഷയ്ക്കു വിധിക്കപ്പെട്ടവരായും പിശാചുക്കളെയും പാപികളെയും ശിക്ഷിക്കുന്നതിനായി ദൈവം സൃഷ്ടിച്ചുണ്ടാക്കിയതും എന്നേക്കും നിലനി

ന്ന തീയുടെ ഉഗ്രത ജ്വലിക്കുന്നതും, എല്ലാ പീഡകളും ദുഷ്ക്കങ്ങളും നിറഞ്ഞതുമായ ദുരിതസ്ഥലം നരകമാകുന്നു.

൧൮൭. ആകാശമോക്ഷം അഥവാ സ്വർഗ്ഗരാജ്യം.

ദൈവപ്രമാണങ്ങളെയും, ഉപദേശങ്ങളേയും, ജീവിതകാലത്തിൽ ശരിയായി അനുസരിക്കയും ദൈവത്തിനു വേണ്ടിയതായ ശുശ്രൂഷകൾ അവന്റെ കല്പനപ്രകാരം ചെയ്കയും ചെയ്തശേഷം ഇഹലോകം പിരിഞ്ഞുപോയവരും സമ്മാനത്തിനർഹന്മാരുമായ പുണ്യവാന്മാർക്കു ദൈവം വിധിച്ചിരിക്കുന്ന എന്നന്നേക്കുമുള്ള സന്തോഷവും, ആനന്ദവും, ദൈവദർശനവും അനുഭവിക്കുന്നതിനുള്ള സ്വർഗ്ഗീയസ്ഥലം ആകാശമോക്ഷമാകുന്നു.

൧൮൮. ബസ്പ്രുക്കാന്താ അഥവാ ശുദ്ധീകരസ്ഥലം.

മനുഷ്യർ ചെയ്തിട്ടുള്ള പാപദോഷങ്ങൾക്കും, ലഘുതരമായ കുറവുകൾക്കും പൊറുതി ലഭിക്കാതെയും അവർ ചെയ്തിട്ടുള്ള പാപദോഷത്തിന്റെ പരിഹാരകടം വീട്ടാതെയും ഇഹലോകം വെടിയുന്നവരുടെ ആത്മാവുകൾക്കു നിശ്ചയിച്ചിരിക്കുന്ന അനിത്യ ശിക്ഷസ്ഥലമാണ് ബസ്പ്രുക്കാന്താ അഥവാ ശുദ്ധീകരസ്ഥലം.

൧൮൯. പാതാളം അഥവാ ഇരുട്ടുകുഴി.

മാമ്മോദീസാ മുങ്ങാതെ ഉത്ഭവ പാപത്തോടുകൂടി മരിക്കുന്ന പൈതങ്ങളുടെ ആത്മാവുകൾ സ്ഥിതിചെയ്യുന്ന സ്ഥലം ഇരുട്ടുകുഴിയാകുന്നു.

ജ്ഞാപനം.

അവിടെ യാതൊരു ശിക്ഷയും ദുഃഖവുമില്ല. ശുദ്ധീകരസ്ഥലത്തിൽ തീയുടെ വേദനയുണ്ട്. കാലത്തിനടുത്ത ശിക്ഷ മാത്രമേയുള്ളൂ. അവധി കഴിഞ്ഞാൽ ദൈവത്തെ കാണാവുന്നതാണ്. എന്നാൽ ഇരുട്ടുകുഴിയിൽ കിടക്കുന്നവർ ദൈവത്തെ കാണാൻ വഹിയാ.

സൂചനം.

അബ്രഹാമിന്റെ മടി എന്നു പറയപ്പെടുന്ന പാതാളത്തിൽ നമ്മുടെ കർത്താവീശോമിശിഹാ പഴയനിയമത്തിലെ പരിശുദ്ധന്മാരുടെ

സ്വാപ്നം ഈ പാതാളമായിരുന്നു. നമ്മുടെ കർത്താവ് ഉയർത്ത് സ്വർഗ്ഗത്തിലേക്ക അവർക്ക പ്രവേശനം കൊടുത്തപ്പോൾ പ്രസ്തുത പാതാളം ഇല്ലാതാകപ്പെടുകയും ചെയ്തു.

### ൧൨൭ മരിച്ചവരുടെ ഉയർപ്പ്.

നല്ലവരും ദുഷ്ടരുമായ കത്തോലിക്കപള്ളിയുടെ അംഗങ്ങളായും അല്ലാതെയും ജീവിക്കുന്ന എല്ലാ മനുഷ്യരും മരിച്ചിട്ട ലോകാവസാനത്തിൽ പൊതുവിധിക്കായിട്ടും ആത്മശരീരത്തോടെ ശിക്ഷ അല്ലെങ്കിൽ രക്ഷ അനുഭവിക്കുന്നതിനായിട്ടും ദൈവശക്തിയാൽ അവനവൻെറ ആത്മശരീരങ്ങൾ ഒന്നിച്ചുചേർന്നു കല്ലറകളിൽനിന്നും ഉത്ഥാനംചെയ്യുകയും പിന്നീട്ട മരണമില്ലാത്തവരായി എന്നേക്കും ജീവിക്കുകയും ചെയ്യുന്നതാണ് മരിച്ചവരുടെ ഉയർപ്പ് എന്നു പറയപ്പെടുന്നത്.

#### അനുബന്ധം.

മരണവും, ശരീരക്ഷയവും പലവിധമായിരുന്നാലും സാധാരണയായി മരിച്ചവരെ അടക്കുന്നത് കല്ലറകളിലാകയാൽ അവിടെനിന്നും ഉയരത്തെഴുന്നേൽക്കുമെന്നു പറയപ്പെടുന്നു.

### ൧൨൮ നിരാശ, ശരണക്കേട്.

ഒരുത്തൻ അവൻെറ പാപങ്ങളുടെ എണ്ണവും കഠിനതയും നിമിത്തം ദയാപരനായ ദൈവത്തിൽനിന്നു യാതൊരു പൊറുതിയും മാപ്പും ലഭിക്കയില്ലെന്നു ശാഠ്യംപിടിക്കയും മനസ്താപപ്പെടുന്നതിനു ശ്രമിക്കാതിരിക്കയും ചെയ്തുകൊണ്ട് നിരാശപ്പെടുന്നതു ശരണക്കേടെന്ന വലിയ പാപമാകുന്നു.

### ൧൨൯ പ്രാർത്ഥന അഥവാ ജപം.

നമ്മുടെ ബോധത്തെ ദൈവത്തിൻപക്കലേക്കു ഉയർത്തികൊണ്ട്, ഉചിതമായതുകളെ വിശ്വാസത്തോടും, എളിമയോടും, ഭക്തിയോടും, ശ്രദ്ധയോടും, സ്ഥിരതയോടുംകൂടെ അങ്ങേയോടു ചോദിക്കുന്നത് പ്രാർത്ഥനയാകുന്നു. ഉള്ളിനടുത്ത പ്രാർത്ഥനയാകുന്ന ധ്യാനം പ്രഥമസ്ഥാനത്തെ അർഹിക്കുന്നതും മഹത്തായതുമാകുന്നു.

൧൱൭. ധ്യാനം അഥവാ മനസ്സുകൊണ്ടുള്ളജപം.

ഓരോരുത്തൻ ചെയ്തിട്ടുള്ള വിവിധതരപാപങ്ങളെക്കുറിച്ചു നിരാശരാകാതെ അവൻെറ ജീവിതത്തെ നവീകരിക്കുന്നതിനും പാപത്തേയും അതിൻെറ ഹേതുക്കളേയും ഉപേക്ഷിക്കുന്നതിനും ദുരാശകളെ ജയിക്കുന്നതിനും സാംഗോപാംഗജീവിതം കഴിക്കുന്നതിനും വേണ്ടി ദൈവാനുഗ്രഹങ്ങളേയും അങ്ങേ ദിവ്യവചനങ്ങളേയും മററു മഹദ്വാക്യങ്ങളേയും നിത്യ സത്യങ്ങളെയും മനുഷ്യൻെറ ഒടുക്കങ്ങളെയും സൃഷ്ടിയുടെ അന്ത്യങ്ങളെയും കുറിച്ച് ഓത്തുകൊണ്ടും വിചിന്തനംചെയ്തുകൊണ്ടും ആത്മവശങ്ങളെ ഉപയോഗിച്ചുകൊണ്ടും ദൈവസന്നിധിയിൽചെയ്യുന്ന ആത്മിക ശ്രമങ്ങളും പ്രാത്ഥനകളും ധ്യാനമാകുന്നു.

൧൱൮. ഉച്ചാരണപ്രാത്ഥന, അഥവാ നാവാലുള്ളജപം.

നമുക്കാവശ്യമായിരിക്കുന്ന എല്ലാ സംഗതികൾക്കും വേണ്ടി പൊതുവായിട്ടും, ആത്മികകാൎയ്യങ്ങൾക്കുവേണ്ടി പ്രത്യേകിച്ചും സൎവ്വശക്തനായ ദൈവത്തിൻെറ തിരുമനസ്സിനോടു യോജിച്ചും, താൻ നമുക്കു തന്നിരിക്കുന്ന സംഭാഷണശക്തിയെ ഉപയോഗിച്ചുകൊണ്ടും, നാം ചെയ്യുന്ന യാചന ഉച്ചാരണപ്രാൎത്ഥനയാകുന്നു. ആകാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞ മറിയം ജപങ്ങൾ ഇതിൽപ്പെട്ടതാകുന്നു.

ജ്ഞാപനം.

പ്രാത്ഥന ദൈവപ്രസാദത്തിൽ, ചെയ്താൽ കൂടുതൽ ഫലമുള്ളതാണ്.

൧൱൯. അന്ത്യം, ഉദ്ദേശംഅഥവാ ലാക്ക്.

ഒരു വസ്തു ഉണ്ടായിരിക്കുന്നതിൻേറയോ, സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിൻെറയോ, യാവനൊരുത്തൻ ചെയ്യുന്നതിൻെറയോ, കാരണം, അല്ലെങ്കിൽ ആന്തരം അന്ത്യമാകുന്നു.

ജ്ഞാപനം.

൧. മനുഷ്യൻ ഇല്ലായ്മയിൽനിന്നും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവനാകയാൽ അങ്ങ് അവൻെറ മൂലികാരണവും, അവൻ മരി

ച്ചശേഷം ദൈവസന്നിധിയിൽ ഹാജരായി നിൽക്കേണ്ടതിനാൽ അങ്ങ് അപ്പന്റെ അവസാന അന്ത്യവുമാകുന്നു. "ഞാൻ ആദിയും, താവും ആകുന്നു." എന്നുള്ള ദൈവവാക്യം ഇതിനെ വിശദമാക്കുന്നു.

൨. ലോകത്തിലുള്ള മറ്റെല്ലാ സൃഷ്ടികളും മനുഷ്യന്റെ തല്ക്കാല ഉപയോഗത്തിനായി ദൈവം സൃഷ്ടിച്ചു ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ, അങ്ങേ നിശ്ചയത്തിനും, വിധിക്കുമനുസരണമായിട്ടല്ലാതെ അവയെ മനുഷ്യനുപയോഗിപ്പാൻ പാടില്ല. അമിതവും അതിരുകടന്നതും ആവശ്യം കഴിഞ്ഞുമുള്ള അവയുടെ ഉപയോഗം പാപകരമായിരിക്കും.

൩. മനുഷ്യന്റെ ഈ ലോകജീവിതകാലത്തിലെ അന്ത്യം അഥവാ ചുമതല അവനെ ഇല്ലായ്മയിൽ നിന്നും സൃഷ്ടിച്ച ദൈവത്തെയും അങ്ങ് സ്ഥാപിച്ച കത്തോലിക്കാസഭയെയും, അതിന്റെ സത്യമതപഠനങ്ങളേയും കുറിച്ചു വേണ്ട അറിവുകൾ സമ്പാദിക്കയെന്നതും, അങ്ങേ തിരുമനസ്സിനെ അറിയിക്കുന്ന പ്രമാണങ്ങളെ അനുസരിച്ചുകൊണ്ടു അങ്ങേക്കു ശുശ്രൂഷ ചെയ്കയെന്നതുമാകുന്നു. അതിനാൽ യാതൊരുത്തന്റെ സ്വേച്ഛാനുസരണമുള്ള മതവിശ്വാസവും, അതിനു യോജിക്കുന്ന വല്ല ശുശ്രൂഷയും, ആത്മരക്ഷയ്ക്കും സമ്മാനത്തിനും യോഗ്യതയുള്ളതല്ലെന്നു മാത്രമല്ല ശിക്ഷയ്ക്കു പാത്രീഭവിക്കുന്നതുമായിരിക്കും.

൧൯൦ നിയോഗം

സുബോധമുള്ള മനുഷ്യൻ വല്ലതും ആഗ്രഹിക്കയോ പ്രവൎത്തിക്കയോ ചെയ്യുമ്പോഴും അതിനു വേണ്ടതായ മാൎഗ്ഗങ്ങളെ അന്വേഷിക്കുമ്പോഴും അതുകൾ ഫലപ്രദമായി ഭവിക്കത്തക്കവണ്ണം മനസ്സിന്റെ മുൻകരുതലോടുകൂടി ചെയ്യുന്ന ഉള്ളിനടുത്ത പ്രവൃത്തി നിയോഗം ആകുന്നു.

ജ്ഞാപനം.

൧. പുറമേയുള്ള പ്രവൃത്തികളുടെ ഗുണദോഷങ്ങൾ സാധാരണമായി നിയോഗശുദ്ധതയെ ആശ്രയിച്ചിരിക്കുന്നതാണ്. നിയോഗം ചീത്തയായിരുന്നാൽ സാധാരണ നല്ലപ്രവൃത്തികൾ കൂടെയും മോശമായി പകൎന്നുപോകാറുണ്ട്.

൨. ദൈവേഷ്ടപ്രസാദത്തിലും പരിശുദ്ധ ജീവിതത്തിലുമിരിക്കുന്നവന്റെ എല്ലാ സൽകൃത്യങ്ങൾക്കും, പ്രാൎത്ഥനകൾക്കും യോഗ്യത

സിദ്ധിക്കാവുന്നതാകയാൽ അവന്റെ സകല പ്രവൃത്തികളേയും ദൈവസ്തുതിക്കായി കാഴ്ചവെച്ച് നിയോഗിക്കേണ്ടതും, ഈ നിയോഗം പലപ്പോഴും നവീകരിക്കേണ്ടതുമാകുന്നു.

## ൧൱൧ യോഗ്യത അഥവാ പ്രതിഫലാർഹത.

യാവനൊരുത്തൻ നല്ല മനസ്സാക്ഷിയോടും, ദൈവപ്രസാദത്തോടും, നല്ല നിയോഗത്തോടുംകൂടെ ചെയ്യുന്ന എല്ലാ സൽപ്രവൃത്തികൾക്കും ലഭിക്കാവുന്ന അർഹത യോഗ്യതയാകുന്നു.

## ജ്ഞാപനം.

൧. ചാവുദോഷത്തിലിരിക്കാത്ത ദൈവവരപ്രസാദത്തോടുകൂടെ ഒരു കത്തോലികവിശ്വാസി ചെയ്യുന്ന നല്ല കൃത്യങ്ങൾക്കൊക്കെയും ന്യായമായതും നിത്യഭാഗ്യത്തിനുതകുന്നതുമായ യോഗ്യത അഥവാ പ്രതിഫലം ലഭിക്കാവുന്നതാണ്.

൨. അവിശ്വാസത്തിലോ അസന്മാർഗ്ഗജീവിതത്തിലോ മററു ഏതൊരു ഘനമായ പാപത്തിലൊ ഇരിക്കുന്നവർ ചെയ്യുന്ന സൽകൃത്യങ്ങൾക്കുപോലും നിത്യരക്ഷയ്ക്കു വേണ്ടതായ യോഗ്യത ലഭിക്കുന്നതല്ല. എങ്കിലും അവർ ചെയ്യുന്ന സ്വാഭാവികഗുണങ്ങൾക്കായിട്ട് ചില ലൌകിക ഐശ്വര്യങ്ങളേയും അവർ മാനസാന്തരപ്പെട്ടു സത്യമതത്തിനനുസരണമായി നടക്കുന്നതിനുള്ള വരപ്രസാദങ്ങളേയും, ദയാപരനായ ദൈവം ചില അസാധാരണയവസരങ്ങളിൽ കൊടുക്കാറുണ്ട്. അതിനാൽ പാപികൾ നിരാശയരാകാതെ അങ്ങേ അതിരററ അനുഗ്രഹത്തെ അപേക്ഷിക്കണം.

## ൧൱൨ ആത്മശോധന

ദൈവം നമുക്കു ചെയ്യുന്ന അനുഗ്രഹങ്ങൾക്കുപകാരംപറയുന്നതിനും നമ്മുടെ ഓർമ്മ, ബുദ്ധി, മനസ്സ് തുടങ്ങിയ ഉൾ ഇന്ദ്രിയങ്ങൾകൊണ്ടും കണ്ണ്, ചെവി, നാവ്, സ്പർശനം ഇത്യാദി പഞ്ചേന്ദ്രിയങ്ങൾകൊണ്ടും നിരൂപണ, വചനം, പ്രവൃത്തി ഇതുകൾവഴിയും നാം ചെയ്തിട്ടുള്ള പാപങ്ങളേയും തെററുകളേയും കണ്ടുപിടിച്ചു ഉന്മൂലനം ചെയ്യുന്നതിനു വേണ്ട ദൈവസഹായം അപേക്ഷിക്കുന്നതിനും പാപങ്ങളേയും പാപഹേതുക്കളെയും ഉപേക്ഷിച്ചു ജീവിതനവീകരണവും പുണ്യാഭിവൃദ്ധി

യും പ്രാപിക്കുന്നതിനും വേണ്ടി നാം ചെയ്യുന്ന ഒരു ആത്മിക പരിശോധന ആത്മശോധനയാണ്.

ജ്ഞാപനം.

നമ്മുടെ ജീവിതക്രമത്തിലുള്ള എല്ലാ തെററുകളേയും കുറിച്ചുള്ള പരിശോധനയ്ക്കു പൊതു ആത്മശോധനയെന്നും ഒരു പ്രത്യേക പാപത്തെയോ ദുർന്നടക്കത്തെയോ സംബന്ധിച്ചാകുമ്പോൾ പ്രത്യേകാത്മശോധന എന്നും പറയപ്പെടുന്നു.

൫൱൨. മനസ്താപം അഥവാ തെററം.

ഒരുത്തൻ ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ചും വിവിധകുററങ്ങളെക്കുറിച്ചും മേലിൽ പിഴക്കയില്ലെന്നുള്ള പ്രതിജ്ഞയോടുകൂടിയ വെറുപ്പും മനോവേദനയും മനസ്താപം ആകുന്നു.

൫൱൩. ഉത്തമമനസ്താപം—മുഴവൻതെററം.

ആദിയും അറുതിയുമില്ലാത്തവനും അളവില്ലാത്തനന്മസ്വരൂപിയും സകലവിധ സ്നേഹത്തിനു യോഗ്യനും സർവ്വദയാനിധിയുമായിരിക്കുന്ന ദൈവത്തെ ഉപദ്രവിച്ചതിനാൽ മാത്രമുള്ള ദുഃഖം, സ്നേഹത്തെ മാത്രം ഓർത്തിട്ടുള്ള താപം, പാപത്തെ ദ്വേഷിക്കത്തക്കതു് ഉത്തമമായിട്ടുള്ള മനസ്താപം ആകുന്നു.

൫൱൪. അടിമമനസ്താപം—മുഴവനല്ലാത്ത തെററം.

പാപത്തിന്റെ വഷളത്വത്തേയും തൻമൂലം ആത്മാവിനു സംഭവിച്ച ഹീനത്വത്തേയും കുറിച്ചും ദൈവത്താൽ നരകവേദനകൾക്കു ശിക്ഷിക്കപ്പെടുമെന്നോ സ്വർഗ്ഗരാജ്യം നഷ്ടീഭവിക്കുമെന്നോ വിചാരിച്ചുംകൊണ്ടുള്ള ദുഃഖം അടിമമനഃസ്താപം ആകുന്നു.

൫൱൫. പ്രതിജ്ഞ.

ഒരുത്തൻ ചെയ്തിട്ടുള്ള പാപങ്ങളെ ഓരോന്നിനേയും പൊതുവായും വിചിന്തനം ചെയ്തു മേലാൽ യാതൊരു പാപങ്ങളേയും ചെയ്കയില്ലെന്നും പാപാവകാശങ്ങളെ തള്ളിക്കളയുന്നുണ്ടെന്നുമുള്ള ഉറപ്പായ മനസ്സു പ്രതിജ്ഞയാകുന്നു.

൯൭. കുമ്പസാരം.

ഒരുത്തന്റെ പാപങ്ങൾ വിമോചിക്കപ്പെടുന്നതിനായി പട്ടക്കാരന്റെ പക്കൽ ക്രമപ്രകാരം അവററയ ഗൌരവത്തിനും എണ്ണത്തിനും, തരഭേദത്തിനും യോജിക്കുംപ്രകാരം എളിമയോടും പരമാർത്ഥത്തോടും തെളിവായും രഹസ്യത്തിൽ വെളിപ്പെടുത്തുകയും അനുസരിച്ചറിയിക്കയും ചെയ്യുന്നതു കുമ്പസാരമാകുന്നു.

ജ്ഞാപനം

തിരുസഭയുടെ ചട്ടപ്രകാരം പെസഹാകാലത്തിൽ കഴിക്കുന്നതു ആണ്ടുകുമ്പസാരമാകും. പ്രത്യേക നിയോഗം വേണമെന്നില്ല.

൯൮. മുഴുവൻ കുമ്പസാരം.

ബുദ്ധിവെച്ച നാൾമുതൽ കുമ്പസാരിക്കുന്ന സമയംവരെയുള്ള എല്ലാ കുററങ്ങളെയും ചാവുദോഷങ്ങളെയും ഓർത്തു് കുമ്പസാരിക്കുന്നതു മുഴുവൻ കുമ്പസാരമാകുന്നു. ചില പ്രത്യേക കാലങ്ങളെയും ജീവിതക്രമീകരണത്തേയും ഉദ്ദേശിച്ചും മുഴുവൻ കുമ്പസാരം നടത്താം.

൯൯. കൂദാശ.

ദൃശ്യമായവിധത്തിൽ അദൃശ്യ വരപ്രസാദത്തെ നമുക്കു പ്രദാനംചെയ്യുന്നതിനായിട്ടു നമ്മുടെ കർത്താവീശോമിശിഹാ സ്ഥാപിച്ച പരിശുദ്ധമായതും സ്പർശിക്കത്തക്കതുമായ ഒരടയാളം കൂദാശയാകുന്നു.

൧൦൦. മാമ്മോദീസാ എന്ന കൂദാശ.

ഉത്ഭവദോഷവും പ്രവൃത്തിദോഷവും നീക്കി ദൈവത്തിനും തന്റെ ശ്ലീ. പള്ളിക്കും മക്കളാക്കുന്ന ഒരു കൂദാശ മാമ്മോദീസായാകുന്നു.

൧൦൧. മുമ്പിലത്തെ ഒപ്രുശ്മാ എന്ന കൂദാശ.

റൂഹാദക്കുദിശാതമ്പുരാനെ നമുക്കു തന്നു തികഞ്ഞ ക്രിസ്ത്യാനികൾ നമ്മെയാക്കുന്ന ഒരു കൂദാശ മുമ്പിലത്തെ ഒപ്രുശ്മായാകുന്നു.

൨൦൨. കുർബ്ബാനയെന്ന കൂദാശ.

നമ്മുടെ ആത്മാവിൻെറ യാവനഌായിട്ട് അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശങ്ങളിൽ നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരവും ചോരയും ആത്മാവും ദൈവസ്വഭാവവും അടക്കിക്കൊള്ളുന്ന ഒരു കൂദാശ കുർബ്ബാനയാകുന്നു.

അനുബന്ധം.

അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ ശ്രു. കുർബ്ബാന ഉൾക്കൊള്ളുന്ന മുറ ചില കിഴക്കൻസഭകളിൽ നടപ്പുണ്ടെങ്കിലും വി. കുർബ്ബാനയിൽ എഴുന്നള്ളിയിരിക്കുന്ന ന. കർത്താവിൻെറ തിരുശരീരം ഉയിരുള്ളതാകയാലും, മററുചില കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയും; വിശ്വാസികൾ അപ്പത്തിൻെറ സാദൃശ്യത്തിൽമാത്രം ഉൾക്കൊണ്ടാൽ മതിയെന്നു കത്തോലിക്കാസഭ നിശ്ചയിച്ചിരിക്കുന്നു.

൨൦൩. കുമ്പസാരം എന്ന കൂദാശ.

മാമ്മോദീസാ മുങ്ങിയതിൽപ്പിന്നെ ചെയ്ത ദോഷങ്ങളുടെ പൊറുതി നമുക്കുണ്ടാകുവാൻ വേണ്ടി ഈശോമിശിഹാ കല്പിച്ച ഒരു കൂദാശ കുമ്പസാരമാകുന്നു.

൨൦൪. ഒടുക്കത്തെ ഒപ്രുശ്മാ എന്ന കൂദാശ.

രോഗികളുടെ ആത്മത്തിനും ശരീരത്തിനും അടുത്ത പൊറുതിക്കു കല്പിച്ചിരിക്കുന്ന ഒരു കൂദാശ ഒടുക്കത്തെ ഒപ്രുശ്മയാകുന്നു.

൨൦൫ പട്ടമന്ന കൂദാശ.

മാഞ്ഞുപോകരുതാത്ത ഒരടയാളം ആത്മാവിൽ പതിച്ച തമ്പുരാൻെറ സ്തുതിക്കും മേനിക്കും ആത്മാവുകളുടെ രക്ഷക്കും അടുത്ത ശുദ്ധമാന കർമ്മങ്ങളെ പ്രവർത്തിപ്പാൻ മുഷ്കരത്വം കൊടുക്കുന്ന ഒരു കൂദാശ പട്ടമാകുന്നു.

൨൦൬ പെൺകെട്ട് എന്ന കൂദാശ.

പുരുഷനും സ്ത്രീയും തമ്മിൽ വേർപിരിഞ്ഞുകൂടാത്ത ഐകമത്യവും പൊറുതിയുമായി ഒരുമിച്ചുകൂടി തങ്ങളുടെ മക്കളെ സ

ത്ര്യമാൎഗ്ഗത്തിനൊത്തവണ്ണം വളൎത്തുവാൻ നന്മകൊടുക്കുന്ന ഒരു കൂദാശ പെൺകെട്ടു് അഥവാ വിവാഹം ആകുന്നു.

### ൨൦൭. പൂജ അഥവാ ബലി.

സൎവ്വശക്തനായ ദൈവം സകലത്തിന്റെയും ഉടയക്കാരനും നാഥനുമാണെന്നുള്ളതിനെ സാക്ഷീകരിക്കുന്നതിനായിട്ടു ഒരു പുരോഹിതൻ ഗോചരമായ വസ്തുവിൻമാററത്താൽ ദൈവത്തിനു സമൎപ്പിക്കുന്ന ഒരു കാഴ്ച പൂജയാകുന്നു.

### ൨൦൮. കുർബാനയെന്ന പൂജ.

അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശങ്ങളിൽ സാധനമാററം വരുത്തിക്കൊണ്ടു നമ്മുടെ കൎത്താവീശോമിശിഹായുടെ തിരുച്ചോരയേയും തിരുശരീരത്തേയും പട്ടക്കാരൻ ഉയിരവർക്കും മരിച്ചവർക്കുംവേണ്ടി ദൈവത്തിനു സമൎപ്പിക്കുന്ന ബലി പരിശുദ്ധ കുർബാനയെന്ന കൂദാശയാകുന്നു.

### സൂചനം.

൧. ആരാധനബലി, സ്തോത്രബലി, സമാധാനബലി, സാദ്ധ്യബലി ഇങ്ങനെ നാലായി ഭാഗിക്കാം.

൨. പ്രധാനഭാഗങ്ങൾ, എവൻഗേലിയോൻ, കാഴ്ച സമൎപ്പിക്കൽ, കൂദാശചെയ്യൽ, (പാതികാലം) കുർബാനഉൾക്കൊള്ളൽ ഇവകളാകുന്നു.

### ൨൦൯. മോക്ഷപൊരുതി—ബന്ധവിമോചനം.

പാവുദോഷത്തിനുള്ള നിത്യശിക്ഷയുടെ കടത്തിൽനിന്നും മോചിക്കപ്പെട്ടതിൽ പിന്നീടു് ശേഷിച്ചിരിക്കുന്ന പ്രാശ്ചിത്തകടത്തേയും മററു ലഘുതരമായ കുററങ്ങളേയും പരിഹരിക്കുന്നതിനായിട്ടു നമ്മുടെ കൎത്താവിന്റെ പാടുകളുടേയും അ ങ്ങേ തിരുച്ചോരയുടേയും, സഹദേന്മാരുടേയും, പുണ്യവാന്മാരുടേയും യോഗ്യതയുടെ ധാരാളമായ ഫലങ്ങൾ ശു. പള്ളിയുടെ അധികാരഭണ്ഡാരത്തിൽ അതിന്റെ ദിവ്യമണവാളനായിരിക്കുന്ന മിശിഹായാൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവിടെനിന്നും

സത്യതിരുസ്സഭ കൊടുക്കുന്ന പാപവിമോചനം ദോഷപൊറുതി എന്നു വിളിക്കപ്പെടുന്നു.

൨൧൦. മുഴുവൻദോഷപൊറുതി—പൂർണ്ണദണ്ഡവിമോചനം.

കാലത്തിനടുത്ത സകല ശിക്ഷകളേയും കടങ്ങളേയും വിമോചിക്കപ്പെടത്തക്കവിധത്തിൽ ലഭിക്കുന്ന പാപമോചനത്തിനു മുഴുവൻദോഷപൊറുതി ലഭിക്കയെന്നു പറയുന്നു.

ജ്ഞാപനം.

ലോകജീവിതത്തിൽ മനുഷ്യർതമ്മിലുള്ള കൊടുക്കവാങ്ങലിൻെറയും അന്യനു കൊടുക്കേണ്ട ഉത്തരിപ്പുകടത്തിൻെറയും കഴിവു ഇതിൽ അടങ്ങുന്നില്ല. ഉത്തരിപ്പുകടം യഥാശക്തി കൊടുത്തു വീട്ടാതെ യാതൊരു പൊറുതിയും ഇല്ല.

൨൧൧. അപൂർണ്ണദണ്ഡവിമോചനം.

കാലത്തിനടുത്ത ശിക്ഷകളുടെ പരിഹാരത്തിൻെറ ചിലഭാഗങ്ങളെ ദിവസങ്ങളായിട്ടും മണ്ഡലങ്ങളായിട്ടും വർഷങ്ങളായിട്ടും അവധി വച്ചു കൊടുക്കുന്നതിനു മുഴുവനല്ലാത്ത അഥവാ അപൂർണ്ണദണ്ഡവിമോചനം എന്നു പറയപ്പെടുന്നു.

ജ്ഞാപനം.

ഇത്ര ദിവസം,മാസം,മണ്ഡലം, വർഷമിത്യാദി അവധികൾ പൂർവകാലങ്ങളിൽ പാപികൾക്കു നിശ്ചയിക്കപ്പെട്ടിരുന്ന പ്രായശ്ചിത്തപ്രവൃത്തികളുടെ യോഗ്യത കാലത്തിൻെറ ദീർഘതയനുസരിച്ചു എത്രയെന്നു ഗണിക്കപ്പെട്ടിരുന്നോ അത്രയും യോഗ്യതയുടെ പരിമാണം അനുസരിച്ചു തിരുസ്സഭയുടെഅധികാരത്തിൽനിന്നും പൊറുതി കൊടുക്കുന്നതിനെ സൂചിപ്പിക്കുന്നു. ഒരുമണ്ഡലം നാല്പതു ദിവസം കൂടുന്നതാണ്.

൨൧൨. ജൂബിലിദണ്ഡവിമോചനം.

യഹൂദജനങ്ങളുടെ ഇടയിൽ നടപ്പിലിരുന്നതും പിന്നീടു തിരുസ്സഭയിൽ സ്വീകരിക്കപ്പെട്ടതും പൂർവകാലങ്ങളിൽ 100 വർഷത്തിൽ ഒന്നും, പിന്നീടുഅമ്പതാംവർഷം തോറും, ഇപ്പോൾ

25 വർഷം കൂടുമ്പോഴും, ശുദ്ധമാന പള്ളി കൊടുത്തുവരുന്നൊരു അസാധാരണമായതും അതാതുകാലങ്ങളിലെ പ്രത്യേക നിബന്ധനയോടുകൂടിയതുമായ അസാധാരണ പൂർണ്ണദണ്ഡവിമോചനത്തിനാണ് ജൂബിലിദോഷപൊറുതിയെന്നു പറയുന്നത്.

ജ്ഞാപനം.

ജൂബിലിയവസരത്തിൽ അനേകതരം ദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതുകൂടാതെ, സകല പാപങ്ങളെയും യാതൊരു പരസ്യശിക്ഷകൂടാതെയും പൊറുക്കുന്നതിനും, നേർച്ചകൾ, വാക്ദാനങ്ങൾ മുതലായതിനു വിട്ടുവീഴ്ചയും ഒഴിവും കൊടുക്കുന്നതിനും എല്ലാ പട്ടക്കാർക്കും അനുവദിക്ക പതിവുണ്ട്.

ഫന്ത. തോസിയസ് ക്യോസിയസ്

ദണ്ഡവിമോചനം.

പാപങ്ങളെ മോചിക്കുന്നതിനും ദോഷപൊറുതികൾ നൽകുന്നതിനും പരമാധികാരമുള്ള ശ്രു. മാർപ്പാപ്പാ തിരുമനസ്സിലെ പ്രത്യേകനിശ്ചയപ്രകാരം യാതൊരു പള്ളിയേയൊ, കപ്പേളയേയൊ, വല്ല പ്രത്യേകജപസ്ഥലങ്ങളേയൊ സന്ദർശിക്കയും മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കയും, ശ്രു മാർപ്പാപ്പായുടെ നിയോഗപ്രകാരം അപേക്ഷിക്കയും, എത്ര പ്രാവശ്യം ചെയ്യുമോ അത്രയും പ്രാവശ്യം ലഭിക്കാവുന്ന ഒരു അസാധാരണ ദോഷപൊറുതിയാണ് തോസിയസ് ക്യോസിയസ് ദണ്ഡവിമോചനം. ഈ ദോഷപൊറുതി ലഭിക്കുന്നതിനു ദൈവഇഷ്ടപ്രസാദം വേണം. അഥവാ കുമ്പസാരിച്ച ശ്രു. കർബാന കൈക്കൊണ്ടിരിക്കണം. തൽക്കാലം ഒക്കാത്തപക്ഷം ഉടനെ ഇഷ്ടപ്രസാദത്തിനുള്ള മാർഗ്ഗങ്ങൾ ചെയ്യാമെന്നുള്ള പ്രതിജ്ഞ ആവശ്യമാണ്. അതിന്റെ പ്രത്യേക നിബന്ധനകളെ നോക്കി ചെയ്തുകൊള്ളണം.

ജ്ഞാപനം.

ശ്രു. അഞ്ചാംകായം ഫ്രാൻസിസ്കോസ് പുണ്യവാൻ അസിസി പട്ടണത്തിനടുത്തുള്ള ഒരു ചെറിയ ഭാഗം സ്ഥലത്തു ഒരു കപ്പേള സ്ഥാ

പീക്കയും, പൊർസിങ്കുളാ എന്നു നാമകരണം ചെയ്യപ്പെട്ട പ്രസ്തുത സ്ഥാപനത്തിൽ അദ്ദേഹം അധികനാൾ താമസിക്കയും, അവിടെവെച്ചു ചില കാഴ്ചകളും പ്രത്യക്ഷദർശനങ്ങളും ഈ പുണ്യവാനു ലഭിക്കയും ചെയ്തു. ഈ കപ്പേളയിൽ പ്രാർത്ഥിക്കുന്നവർ മുഴുവൻമോക്ഷപൊറുതി അപേക്ഷിച്ചു വാങ്ങിക്കണമെന്നുള്ള നിശ്ചയവും നമ്മുടെ കർത്താവിൽനിന്നുണ്ടായ അരുളപ്പാടാണ്. ഈ വിശുദ്ധൻ അങ്ങേ നിശ്ചയമനുസരിച്ചു അന്നു തിരുസ്സഭയെ ഭരിച്ചിരുന്ന മൂന്നാമത്തെ ഹൊനോരേയ്യൂസ് മാർപ്പാപ്പായിൽനിന്നും ആദ്യം വാക്കാലെയുള്ള അനുവാദവും പിന്നീടു ഏഴു മെത്രാന്മാരുടെ സമാനസന്ദർശത്തോടെ മേൽ പ്രസ്താവിച്ച അനുവാദത്തെ രേഖ മൂലവും ഔഗസ്റ്റ് മാസം ൨-ാംനു-തോറും ലഭിക്കത്തക്ക തോസിയസ് ക്യാസിയസ് ദണ്ഡവിമോചനം പൊർസിങ്കുളാകപ്പേളയ്ക്കു നൽകുകയും ചെയ്തു. പിന്നീടു മറ്റു പള്ളികൾക്കും കപ്പേളകൾക്കും ഈ വിധ ദണ്ഡവിമോചനം ഔഗസ്റ്റ് മാസം രണ്ടാംതീയതി വിശ്വാസികൾക്കു ലഭിക്കത്തക്കവണ്ണം അനുവദിച്ചു. പിന്നീടു മറ്റു പല ദിവസങ്ങളിലും അവസരങ്ങളിലും ഓരോ ദേവാലയങ്ങളിൽ പ്രാർത്ഥിക്കുന്നവർക്കു പൊർസിങ്കുളാദണ്ഡവിമോചനം ലഭിക്കാവുന്നതായി ഭവിച്ചു. ഈ കാരണങ്ങളാൽ ഈ വിധപ്രത്യേകദണ്ഡവിമോചനത്തിനു പൊർസിങ്കുളാദണ്ഡവിമോചനമെന്നും അതിൻെറ ആദിമചരിത്രത്തെ അടിസ്ഥാനപ്പെടുത്തിപറയുന്ന പതിവും നടപ്പായിട്ടുണ്ട്. ശ്രീ. പ്രാൻസിസ്ക്കോസ് അസ്സീസി പുണ്യവാളൻ മരിച്ചതും ഈ പോർസിങ്കുളാ കൊവേന്തയിൽ വെച്ചാണ്.

൩൪൨. വിസീത്താ

ശ്രു. കുർബാന പരസ്യമായിട്ടോ രഹസ്യമായിട്ടോ എഴുന്നള്ളിച്ചുവച്ചിരിക്കുന്ന ദേവാലയത്തിൽ ഏതെങ്കിലും സമയത്തു പ്രവേശിച്ചു സന്ദർശനംകഴിക്കയും ആവശ്യപ്പെട്ട പ്രാർത്ഥനകളും സുകൃതജപങ്ങളും ചൊല്ലി ദൈവത്തെ സ്തുതിക്കയുംഅങ്ങേ മാതാവായ കന്യകമറിയത്തിൻെറയും, വളർത്തുപിതാവായ മാർ യൌസേപ്പിൻെറയും മദ്ധ്യസ്ഥം അപേക്ഷിക്കയും ചെയ്യുന്നതു വിസീത്താ അഥവാ സന്ദർശനം എന്നു പറയപ്പെടുന്നു.

### ൨൧൫. ശു. കുർബാനയ്ക്കു ആരാധന.

ശു. കുർബാനയിൽ നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതിനാൽ സക്രാരിയിൽ അടയ്ക്കപ്പെട്ടിരിക്കുമ്പോഴും, അതു തുറന്നിരിക്കുമ്പോഴും, ദേവാലയത്തിൽ പ്രവേശിച്ചു അങ്ങേ സന്നിധിയിൽ മുട്ടിന്മേൽ നിന്നുകൊണ്ടു ഒരു മണിക്കൂറോ അതിൽ കൂടുതലായിട്ടോ ആരാധന കഴിക്കുന്നതും അതിനായി കുറിക്കപ്പെട്ടിട്ടുള്ള ജപങ്ങൾ ചൊല്ലുന്നതും വിശുദ്ധ കുർബാനയുടെ നേരെയുള്ള നമ്മുടെ ഭക്തിയാദരവുകളെ കാണിക്കയും അനേക ദൈവാനുഗ്രഹങ്ങളെയും ദോഷപ്പൊറുതികളേയും ലഭിക്കയും ചെയ്യുന്ന വിവിധഭക്തികൃത്യങ്ങൾ ശു. കുർബാനയുടെ ആരാധനമുറയാകുന്നു.

#### ജ്ഞാപനം.

൧. ഈ ആരാധനക്രമം ശു. കുർബാന പരസ്യമായി സിംഹാസനത്തിന്മേൽ എഴുന്നള്ളിച്ചു സ്ഥാപിച്ചുകൊണ്ടും ആൾത്താരകളിൽ അനേകം മെഴുകുതിരികൾ കത്തിച്ചുകൊണ്ടും ദേവാലയങ്ങൾ പുഷ്പങ്ങളാലും മാലകളാലും ഭംഗിയായി അലങ്കരിച്ചുകൊണ്ടും കഴിക്കുന്ന പതിവും ഉണ്ടായിരിക്കുന്നു.

൨. ശു. കുർബാന പരസ്യമായി സ്ഥാപിച്ചിരിക്കുന്ന മദ്ബഹായിൽ ഉടുപ്പു ധരിക്കാത്തവർ കയറിക്കൂടാ.

൩. നിങ്ങൾക്കു ഒരു മണിക്കൂർനേരം എന്നോടുകൂടെ ഉണർന്നിരിപ്പാൻ കഴികയില്ലയോ? എന്നുള്ള ദിവ്യരക്ഷകന്റെ വാക്യം അനുസരിച്ചു ഒരുമണിയാരാധനയും, കർത്താവു യൂദന്മാരാൽ പിടിക്കപ്പെട്ടു അനുഭവിച്ച പാടുകളുടെ സമയത്തെ കുറിക്കുന്ന പതിമൂന്നുമണിയാരാധനയും കാറണേവാരേ എന്നു പറയപ്പെടുന്ന പാശ്ചാത്യസഭയിലെ മൂന്നുദിവസത്തെ ആഘോഷാവസരങ്ങളിൽ ചിലർ വരുത്തിക്കൂട്ടുന്ന വിനോദങ്ങൾക്കും ദൈവനിരാസങ്ങൾക്കും പരിഹാരമായി നാല്പതുമണിയാരാധനയും ശു. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന നമ്മുടെകർത്താവീശോമിശിഹായുടെ തിരുഹൃദയത്തിനു പരിഹാരവും സ്തുതിയും ആശ്വാസവുമായിരിക്കത്തക്കവണ്ണം കഴിച്ചുവരുന്നതു ശു. പള്ളിയുടെ പൂർവികമുറയാകുന്നു.

൧൮൬. വിയാസാക്രാ അഥവാ സ്ലീവാപാത.

നമ്മുടെ കൎത്താവീശോമിശിഹായുടെ പാടുകളിൽ പ്രധാനമായ ഭാഗങ്ങളെ തിരിച്ചു പതിനാലു സ്ലേഷനുകളായി അഥവാ സ്ഥലങ്ങളിലായി പടങ്ങളോ കുരിശുകളോ സ്ഥാപിച്ചു ആത്മികമായ വിധത്തിൽ അരൂപിയാലെ അങ്ങേ പാടുകളുടെ സ്ഥലങ്ങളിൽ ചെന്നു തന്റെ പാടുകളെ ധ്യാനിച്ചു പ്രാൎത്ഥിക്കുന്ന ഒരു ഭക്തമുറയാണു കുരിശിന്റെ വഴി. ഈ കൃത്യം ചെയ്യുന്നതിൽ വളരെ ഫലങ്ങളും ദണ്ഡവിമോചനങ്ങളും ഉണ്ടു്. നമ്മുടെ പള്ളികളിലോ കപ്പേളകളിലോ ക്രമപ്രകാരം സ്ഥാപിച്ചിട്ടുള്ള പതിനാലു സ്ഥലങ്ങളിൽപോയി പ്രാൎത്ഥിക്കാൻ പാടില്ലാത്തപ്പോൾ അനുവാദമുള്ള പട്ടക്കാരൻ ഇതിനായി ആശീർവദിച്ച തൂങ്ങപ്പെട്ട രൂപം കൈയ്യിൽ പിടിച്ചുകൊണ്ടു മനസ്താപപ്പെട്ടു 14 ആകാ. 14 നന്മ. 14 ത്രീത്വ. ചൊല്ലിയശേഷം 5 ആകാ. 5 നന്മ. 5ത്രീത്വ. യും പിന്നീടു് ശ്രു. മാർപ്പാപ്പായുടെ നിയോഗപ്രകാരം 1 ആകാ. 1നന്മ. 1ത്രീത്വ. ചൊല്ലിയാൽ ദണ്ഡവിമോചനങ്ങൾ പ്രാപിക്കാം. മരണാവസ്ഥയിൽ കിടക്കുന്നവൎക്കു പാടുകളിന്മേൽ ധ്യാനിച്ചു "ആകയാൽ (കൎത്താവെ!) നിന്റെ മാണിക്കമായ തിരുച്ചോരയാൽ വീണ്ടുകൊള്ളപ്പെട്ട നിന്റെ ദാസന്മാരെ സഹായിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു." എന്ന വാക്യം ചൊല്ലിക്കൊണ്ടോ പാടില്ലാത്തപക്ഷം മറെറാരുത്തൻ ചൊല്ലുന്നതു കേട്ടു മനസ്സിൽ ചൊല്ലിക്കൊണ്ടോ മനസ്താപപ്പെട്ടന്നെങ്കിൽ സ്ലീവാപാതയുടെ ദോഷപൊറുതികൾ ലഭിക്കാവുന്നതാണു്. 3 ആകാ. 3നന്മ. 3ത്രീത്വ.കൂടെ ചൊല്ലണം.

൧൮൭. ഭക്തസഭകൾ.

ദൈവപ്രമാണങ്ങൾക്കും ശ്രു. പള്ളിയുടെ കല്പനകൾക്കും അനുസരണമുള്ളവരായി ലോകത്തിൽ സാധാരണജീവിതം കഴിക്കുന്ന കത്തോലിക്കവിശ്വാസികൾ കൂടാതെ കത്തോലിക്കാതിരുസ്സഭയിൽ എവൻശേലിക്കടുത്ത ഉപദേശങ്ങൾ അനുസരിച്ചു സാംഗോപാംഗജീവിതത്തിനായി താല്പൎയ്യപ്പെട്ടു പൂർവകാ

ലത്തിൽതന്നെ വനാന്തങ്ങളിലും ഗുഹകളിലും പോയി താമസിച്ച വനവാസികൾ, ഋഷികൾ ആദിയായവരെപ്പോലെ ലോകആഡംബരങ്ങളെ ത്യജിച്ച സന്യാസജീവിതം അനുഷ്ഠിക്കുന്നവരുടെ ഓരോ കൂട്ടങ്ങളാണ ഭക്തസഭകൾ. പുരാതനമായ സഭകൾ, കർമ്മലീത്താസഭ, ബനദിക്തോസ്‌സഭ, പ്രാൻസിസ്കോസുസഭ, ദൊമ്നിക്കോസുസഭ ഇത്യാദികളാകുന്നു.

### ൧൫൭. സഖ്യതകൾ.

മേൽ പ്രസ്താവിച്ച സഭകളിൽ ചേൎന്നു കൂട്ടമായ സന്യാസജീവിതം അനുസരിക്കാൻ പാടില്ലാത്ത എല്ലാഅന്തസ്സുകാൎക്കും ചേരത്തക്കതും, ദോഷപൊറുതികൾ കൈക്കൊള്ളാവുന്നതുമായ വിവിധസംഘങ്ങൾ സഖ്യതകൾ എന്നുപറയപ്പെടുന്നു. അൽമേനികളായ എല്ലാ കത്തോലിക്കവിശ്വാസികൾക്കും കൂടെ സഖ്യതകളിൽ ചേൎന്നു വേണ്ട ഫലങ്ങൾ സമ്പാദിക്കാൻ പാടുണ്ട്. തിരുഹൃദയസഖ്യത, കൊന്തസഖ്യത, മൂന്നാംസഭകൾ ഇത്യാദി ഈ ഗണത്തിൽപെട്ടവയാണ്.

### ൧൫൮. സന്യാസികൾ.

ലൗകികാഡംബരങ്ങളെയും സന്തോഷങ്ങളെയും പരിത്യജിച്ച സാംഗോപാംഗമായി ദൈവത്തിനു ശുശ്രൂഷചെയ്യുന്നതിനും എളുപ്പത്തിൽ ആത്മരക്ഷ ലഭിക്കണമെന്നുള്ള ലാക്കോടുകൂടെ കീഴ്വഴക്കം, കന്യാവ്രതം, അഗതിത്വം എന്ന നേൎച്ചകളെ ദൈവത്തിനു സമൎപ്പിച്ചുകൊണ്ടും എവൻഗേലിക്കടുത്ത വിശേഷ ഉദ്ദേശങ്ങളെ യഥാശക്തി അനുസരിച്ചുകൊണ്ടും തിരുസഭ അംഗീകരിച്ചുറപ്പിച്ചിട്ടുള്ള സഭകളിൽ ചേൎന്നു സാമുദായികമായോ, ഏകാന്തമായോ നിവസിക്കുന്നവർ സന്യാസികൾ അഥവാ ഋഷികൾ എന്നു പറയപ്പെടുന്നു.

### ജ്ഞാപനം.

ഓരോ സന്യാസസഭകളുടേയും ചട്ടങ്ങളും നടപടികളും വസ്ത്രരീതികളും സ്വല്പമായ വ്യത്യാസം ഉള്ളതായിരിക്കും,

## ൧൨൦. തിരുഹൃദയസഖ്യം.

ഈ സഖ്യത്തിന്റെ ഉദ്ദേശം ന. ക. ഈശോയുടെ തിരുഹൃദയം നമുക്കു ചെയ്തിട്ടുള്ള എണ്ണമില്ലാത്ത അനുഗ്രഹങ്ങളെ വകവെക്കാതെ അനേകം ദുഷ്ടന്മാർ അങ്ങേ ഓരോ പ്രകാരത്തിൽ ഉപദ്രവിക്കുന്നു. ഈ ഉപദ്രവങ്ങൾക്കു പരിഹാരം ചെയ്യേണ്ടതും അങ്ങു ചെയ്തിട്ടുള്ള എല്ലാ ഉപകാരങ്ങൾക്കും വേണ്ടി കൃതജ്ഞത പ്രദർശിപ്പിക്കേണ്ടതും ടി സഭക്കാരുടെ ചുമതലയാണ്. കടങ്ങൾ:—സഭയിൽ ചേർന്നു പേരെഴുതിക്കണം. 1 ആ. 1 ന. 1 ത്രി. 1 വിശ്വാസപ്രമാണവും. ഈശോയുടെ പരിശുദ്ധ ഹൃദയമെ! നിന്നെ എപ്പോഴും അധികമധികം സ്നേഹിപ്പാൻ എനിക്കു നീ മനഗുണംചെയ്യേണമെ. എന്ന സുകൃതജപവും ചൊല്ലണം. കൂടാതെയും ന. കർത്താവിന്റെ ഉപദേശം പോലെ എളിമ, ക്ഷമ, വിനയം ആദിയായ സുകൃതങ്ങളിൽ അഭ്യസിക്കുന്നതിനു ഉത്സാഹിക്കണം. മാസാദ്യവെള്ളിയാഴ്ചയോ ഞായറാഴ്ചയോ കുമ്പസാരിച്ചു ശ്രു കുർബാന ഉൾക്കൊള്ളണം. ഈ ഭക്തികൃത്യങ്ങൾ ദോഷത്തിൻകിഴ് കടപ്പെടുത്തുന്നില്ല.

## ൧൨൧. ജപ അപ്പോസ്തോലാത്തുസ് സഖ്യം.

ഉദ്ദേശം—കത്തോലിക്കസഭയുടെ അഭിവൃദ്ധി, ആത്മാവുകളുടെ രക്ഷ, തിരുഹൃദയഭക്തി എല്ലാവരിലും ഉണ്ടാകണം എന്നിവയാകുന്നു. കടമകൾ—പേരെഴുതിക്കണം. ഒന്നാംപദവി—ദിനംപ്രതി കാലത്തു കാഴ്ചവെപ്പുജപം ചൊല്ലണം. രണ്ടാംപദവി—ജപമാലയുടെ ഒരു രഹസ്യം തനിച്ച് അഥവാ 15 പേർകൂടി എത്തിക്കണം. മൂന്നാംപദവി ആഴ്ചയിൽ, അല്ലെങ്കിൽ, മാസത്തിൽ ഒരിക്കൽ പരിഹാരകുർബാന കൈക്കൊള്ളുന്നത്.

### ജ്ഞാപനം.

തിരുഹൃദയഭക്തന്മാർ അങ്ങേ പന്ത്രണ്ടു വാഗ്ദാനങ്ങൾക്കു അർഹന്മാരാകുന്നു. നമ്മുടെ കർത്താവിന്റെ തിരുഹൃദയച്ഛായാപടമോ കൊത്തുരൂപമോ വീടുകളിൽ പ്രധാനസ്ഥലത്തു വേണ്ട അലങ്കാരങ്ങ

ളോടുകൂടി സ്ഥാപിച്ച് കുടുംബപ്രതിഷ്ഠ കഴിക്കുന്നതു പ്രത്യേക ഭക്തിമുറയാണ്.

സൂചനം

ചുവന്ന ഉത്തരിയം. പങ്കപ്പാടിന്റെ ഈ വെന്തീങ്ങ് ചുവന്ന നിറത്തിലും രോമംകൊണ്ടുണ്ടാക്കിയതുമായിരിക്കണം. പീത്ത ചുവന്ന രോമം ആയിരിക്കണം. അധികാരമുള്ള പട്ടക്കാരൻ ഏല്പിക്കണം, സദാ കഴുത്തിൽ ധരിക്കണം, അഞ്ചു തിരുമുറിവു ജപം, തിരുഹൃദയ ജപമാല, തിരുഹൃദയഭക്തി, ആദ്യവെള്ളിയാഴ്ച കുമ്പസാരം ഇത്യാദി ഉപദേശിക്കപ്പെടുന്നു.

൨൨. ആരാധനസഖ്യത.

ശു. കുർബാനയുടെ സന്നിധിയിൽ ഒരു മണിക്കൂർനേരം ആരാധനകഴിക്കണം. മാസത്തിൽ കുറഞ്ഞപക്ഷം ഒന്നു കുമ്പസാരിക്കണം. പേരെഴുതിക്കണം. മാസത്തിൽ ഒരു ആരാധന വരത്തക്കവണ്ണം അധികംപേർ ചേർന്നു ദിവസം നിശ്ചയിക്കാവുന്നതാണ്.

൨൩. അമലോത്ഭവമാതാവിന്റെ സഖ്യത.

ഇതു് പ്രത്യേകം സെമ്മനാരി, കോളജ്, സ്കൂൾ ഈ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതു ഉത്തമം. അമലോത്ഭവമാതാവിന്റെ സൊഡാലിററികൾ ഇടവകകളിലും ജനങ്ങളുടെ ഇടയിലും വളരെ ഉപകാരപ്രദമായി നടത്താവുന്നതാണ്. പ്രത്യേക ചട്ടങ്ങൾ വായിച്ചുകൊൾക.

സൂചനം.

നീല ഉത്തരിയം. നീലനിറത്തിലുള്ള രോമനൂൽകൊണ്ടു നെയ്യുതായിരിക്കണം. പീത്തയോടുകൂടി കഴുത്തിൽ ധരിക്കണം. ഈ ഉത്തരിയം ധരിക്കുന്നവർ ൩ ആ. ൩ നന്മ. ൩ ത്രീത്വ. ചൊല്ലിയാൽ അനേകം ദണ്ഡവിമോചനങ്ങൾ ഉണ്ടു്. അമലോത്ഭവകൊന്ത എത്തിക്കുന്നതു നല്ലതാണ്.

൨൪. വ്യാകുലസഖ്യത.

വി. വ്യാകുലമാതാവിന്റെ പ്രത്യേക ഭക്തിക്കായുള്ള സഖ്യമാണ്. മാതാവിന്റെ സഖ്യത്തയിൽ കൂടുന്നവർ പേരെഴുതി

ക്കണം. വ്യാകുലഉത്തരിയം കറുത്തനിറം രോമംകൊണ്ടു നെയ്തതായിരിക്കണം. വ്യാകുലഭക്തന്മാർക്കുള്ള കടം വ്യാകുലമാതാവിന്റെ ഭക്തിക്കാരായിരിക്കണം. വ്യാകുലക്കൊന്ത അഥവാ ജപമാല എത്തിക്കുന്നതു് നല്ലതാണ്. വ്യാകുലഭക്തന്മാർക്കുള്ള നാലു പ്രത്യേക വരങ്ങൾ 1. മരണസമയത്തു അവരുടെ പാപങ്ങളിന്മേൽ ഉത്തമ മനസ്താപം. 2. അവരുടെ അന്ത്യസമയത്തു പ്രത്യേക ദൈവസഹായം. 3. നമ്മുടെ കർത്താവിന്റെ പാടുകളുടെ രഹസ്യങ്ങൾ ആഴമായി അവരുടെ ഹൃദയങ്ങളിൽ പതിച്ചരുളും. 4. അവർക്കുവേണ്ടിയുള്ള പരിശുദ്ധ കന്യകയുടെ മദ്ധ്യസ്ഥത്തിനു അസാമാന്യ ശക്തി തന്റെ കുമാരനായ ഈശോമിശിഹാ നൾകുന്നതായിരിക്കും. ഈ വിശേഷ വരങ്ങൾ ദൈവജനനിയും അങ്ങേ തിരുക്കുമാരനും ഒന്നിച്ചു വി. യോഹന്നാൻ ഏവൻഗേലിസ്താക്കു വെളിപ്പെടുത്തിയതാണ്.

വ.൨൯. വി. യൌസേപ്പുപുണ്യവാന്റെ നൽമരണസഖ്യത.

മരണാവസ്ഥയിൽ ഇരിക്കുന്നവരെ സഹായിക്കുന്നതിനായി ഈ ഭക്തസംഖ്യം ഏർപ്പെടുത്തിട്ടുള്ളതാണ്. 1. ഓരോരുത്തൻ പേരെഴുതി സഖ്യതയിൽ കൂടണം. 2. തങ്ങളുടെ പുണ്യയോഗ്യതകൾ, പ്രാർത്ഥനകൾ ഇത്യാദി സൽകൃത്യങ്ങൾ മരിക്കുന്നവർക്കുവേണ്ടി കാഴ്ചവെക്കണം. 3. താഴെ കാണുന്ന സുകൃതജപം ചൊല്ലണം. "ഈശോമിശിഹായുടെ വളർത്തുപിതാവും കന്യകമറിയത്തിന്റെ പരിശുദ്ധ ഭർത്താവുമായ മാർ യൌസേപ്പെ! ഞങ്ങൾക്കും ഇന്നേദിവസം മരണപ്രമാദത്തിലിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കണമെ." 4. മരണാവസ്ഥയിൽ ഇരിക്കുന്നവർക്കുവേണ്ടി എല്ലാ സൽകൃത്യങ്ങളിലും പ്രാർത്ഥിക്കണം. 5. റോമ്മായിലെ വി. യൌസേപ്പിന്റെ ദേവാലയപണിക്കായി ഒരു ചക്രം ദാനം കൊടുക്കണം.

വ.൩൩. കൊന്തസഭ.

ശ്ലീ. ദൊമനിക്കോസ് പുണ്യവാളനു പരിശുദ്ധ കന്യക കാണപ്പെട്ടു് കൊന്ത കൊടുത്തു. ദൈവമാതാവിന്റെ കല്പനപ്രകാ

രം കൊന്തയുടെ ഉപയോഗംകൊണ്ടു വളരെപ്പേർ മാനസാന്തരപ്പെടുകയുണ്ടായി. കൊന്ത എത്തിക്കുമ്പോൾ നാം ചൊല്ലുന്ന നമസ്കാരങ്ങൾ നമ്മുടെ കർത്താവു് ചൊല്ലിത്തന്നു പഠിപ്പിച്ച ആകാശങ്ങളിൽ ഇരിക്കുന്ന നസ്കാരം, മാലാഖാ പരിശുദ്ധ കന്യാസ്ത്രീയോടു മംഗലവാർത്ത ചൊല്ലിയ നന്മനിറഞ്ഞമറിയം, ശ്ലൂ. ത്രീത്വസ്തുതി മുതലായവയാണ്. പ്രാർത്ഥനയുടെ രഹസ്യങ്ങൾ 15-ം ന. കർത്താവിന്റെ പിറവി, കഷ്ടാനുഭവങ്ങൾ, ഉയർപ്പ്, കരേററം തുടങ്ങിയ വി. പുസ്തകങ്ങളുടെ വാക്യങ്ങളായ ധ്യാനവിഷയങ്ങൾതന്നെ. അതിനാൽ ജപമാല മഹത്തായ ഒരു പ്രാർത്ഥനക്രമമാണ്. ജപമാല ചട്ടങ്ങൾ 1. സഭയിൽ ചേന്നു പേരെഴുതിക്കണം, കൊന്ത വെഞ്ചരിപ്പിക്കണം. 2 ആഴ്ചതോറും ഒരു മുഴുവൻ കൊന്ത എത്തിക്കണം. (ദിനംപ്രതി അമ്പത്തുമൂന്നുമണിജപം ചൊല്ലുന്നതു മതിയാകും) 3. മാസത്തിൽ ആദ്യത്തെഞായറാഴ്ച അഥവാ സൌകര്യമുള്ള വേറൊരു ദിവസം കുമ്പസാരിച്ച ശ്ലൂ. കുർബാന ഉൾക്കൊള്ളണം. 4. കൊന്തസഭയിൽ മരിക്കുന്നവർക്കുവേണ്ടി ഒരു കൊന്ത എത്തിക്കണം.

### ൨൨൭. കർമ്മല ഉത്തരിയസഭ.

വി. ശെമോൻദസ്റ്റോക്ക് എന്ന പുണ്യവാന് ദൈവമാതാവ് കാണപ്പെട്ടു നൽകിയതാണ് കർമ്മല ഉത്തരിയം. ഈ ഉത്തരിയം അഥവാ വെന്തിങ്ങ് ധരിച്ചു പ്രത്യേക നിയമാനുസരണം ജീവിക്കുന്ന കത്തോലിക്കർ കർമ്മല ഉത്തരിയ സഭക്കാരാകുന്നു.

ഈ സഭയുടെ ചട്ടങ്ങൾ.

1. തവിട്ടുനിറമുള്ള രോമത്തുണികൊണ്ടുള്ള ഉത്തരിയം എപ്പോഴും ധരിച്ചിരിക്കണം.

2 സഭയിൽ പേരെഴുതിച്ചു അനുവാദമുള്ള പട്ടക്കാരൻ വെന്തിങ്ങ ആശീർവ്വദിച്ചു ഏല്പിക്കണം.

3. ബുധനാഴ്ചയും, ശനിയാഴ്ചയും മാംസം വർജ്ജിക്കണം. കാനോൻനമസ്കാരം അഥവാ മാതാവിന്റെ ചെറിയ ഒപ്പീസ് എത്തിച്ചാൽ മാംസവർജ്ജന അനുസരിക്കണമെന്നില്ല.

4. പള്ളിയുടെ പൊതുനോമ്പും ഉപവാസവും അനുഷ്ഠിക്കണം.

5. മാതാവിന്റെ ശുദ്ധതയെ അനുകരിച്ചു ക്രമമായി ജീവിതം കഴിക്കുന്നതിനു ശ്രമിക്കണം.

### ൨൨൯. മൂന്നു 'നന്മനിറഞ്ഞമറിയം' സഖ്യം.

ഉദ്ദേശം—മഹാ പരിശുദ്ധ കന്യകമറിയത്തിന്റെ അനുഗ്രഹത്തിന്റെയും ബോധജ്ഞാനത്തിന്റെയും ശക്തിയുടെയും ബഹുമാനമാണ് ഇതിൽ ഉദ്ദേശിക്കുന്നത്. കടമകൾ 1. പേരെഴുതിച്ചു സഭയിൽ ചേരണം. 2. ദിനംപ്രതി കാലത്തും വൈകിട്ടും പരിശുദ്ധ ദൈവമാതാവിന്റെ മൂന്നു പ്രത്യേക വരങ്ങളുടെ ഓർമ്മയ്ക്കായിട്ടു മൂന്നു 'നന്മനിറഞ്ഞമറിയം' എന്ന നമസ്കാരവും അതിന്റെ അവസാനത്തിൽ 'മറിയമെ! എന്റെ നല്ല മാതാവെ! ഈ ദിവസത്തിൽ ചാവുദോഷത്തിൽനിന്നും എന്നെ കാത്തു രക്ഷിക്കണമെ' എന്നും വൈകിട്ടായാൽ 'ഈ രാത്രിയിൽ' എന്നും ചൊല്ലണം. (200 ദി. ദ. വി.)

### ജ്ഞാപനം.

൧. ഈ ജപം ദിനംപ്രതി ചൊല്ലിവന്നാൽ നല്ലമരണത്തിനിടയാകും എന്നു പതിമൂന്നാം നൂററാണ്ടിൽ മെൽതീയഡ് എന്ന പുണ്യവതിക്കു അറിയിക്കപ്പെട്ടതാണ്.

൨. ജെർത്രൂദ് പുണ്യവതിയുടെ വെളിപാടുകളിൽ ഇതു സംബന്ധിച്ചു താഴെക്കാണുംപ്രകാരം വായിക്കാവുന്നതാണ്.—'വചനിച്ച തിരുനാളിന്റെ കാനോൻജപം പാടുകയിൽ ഈ വിശുദ്ധയ്ക്കു ഒരു കാഴ്ചയുണ്ടായി. "ബാവായുടെയും പുത്രന്റെയും റൂഹാദക്കുദിശായുടെയും തിരുഹൃദത്തിൽനിന്നും ജ്വലിക്കുന്ന മൂന്നു കതിരുകൾ പുറപ്പെട്ടു പരിശുദ്ധ കന്യകയുടെ ഹൃദയത്തിൽ പതിഞ്ഞു. 'പിതാവിന്റെ ശക്തിയും പുത്രന്റെ ബോധജ്ഞാനവും പരിശുദ്ധാത്മാവിന്റെ കൃപാവാത്സല്യവും കഴിഞ്ഞാൽ മറിയത്തിന്റെ ശക്തിയും ബോധജ്ഞാനവും അനുഗ്രഹവാത്സല്യവും ജയിക്കത്തക്കതു യാതൊന്നുമില്ല' എന്ന വചനങ്ങൾ ഈ പുണ്യവതി കേട്ടു."

### ൨൨൯. വി. ഫ്രംസീസ്കോസിൻെറ മൂന്നാം സഭ.

കുടുംബജീവിതത്തെ ക്രമപ്പെടുത്തുന്നതിനും, എളിമയുള്ളതും, ഉപവിക്കടുത്തതുമായ സൽകൃത്യങ്ങളെ ചെയ്യുന്നതിനും, ദീനക്കാരെയും മറ്റും അന്വേഷിക്കുക, വേദപ്രചാരത്തിനു പ്രത്യേകം ഉത്സാഹിക്ക മുതലായ അനേക നല്ല പ്രവൃത്തികളെ ചെയ്തുകൊണ്ടും, ലോകജിവിതത്തിൽ ഇരുന്നുകൊണ്ടും, അനേക നന്മകളെ പ്രാപിക്കാനായി വി. ഫ്രംസീസ്സ്കോസു പുണ്യവാൻ സ്ഥാപിച്ചതാണ് ഈ സഭ.

#### ചട്ടങ്ങൾ.

ഉത്തരീയവും ചരടും ആശിർവ്വദിച്ചു ധരിക്കയും അധികാരമുള്ള പട്ടക്കാരൻ സഭയിൽ ചേർത്തു പേരെഴുതുകയും വേണം. നോമ്പും, ഉപവാസവും, മാസക്കൂട്ടവും അനുസരിക്കണം. ദിനംപ്രതി 12 ആ. 12 നന്മ. 12 ത്രീ. ചൊല്ലണം. പ്രത്യേക ക്രമപുസ്തകം നോക്കുക.

### ൨൩൦. ഗൃഹസ്ഥരായ കർമ്മലീത്തരുടെ മൂന്നാംസഭ.

വിവാഹഅന്തസ്സ് അനുസരിച്ചു കുടുംബജീവിതം കഴിക്കുന്നവർക്കും കൂട്ടമായ സന്ന്യാസജീവിതം സാധിക്കാത്തവർക്കും വേണ്ടി അനേക ഫലങ്ങൾ സിദ്ധിക്കാവുന്ന സഭയാണ് ഈ മൂന്നാംസഭ. ഈ സഭയുടെ ദിരക്തോരന്മാർ കർമ്മലീത്താ ആശ്രമങ്ങളുടെ ശ്രേഷ്ഠന്മാരൊ അവരാൽ നിയമിക്കപ്പെടുന്ന അച്ചന്മാരൊ ആയിരിക്കും. 'ഈ സഭയിൽ കൂടുന്നതിനാഗ്രഹിക്കുന്നവർ മലയാളത്തിലെ ആശ്രമശ്രേഷ്ഠന്മാരോടു ആവശ്യപ്പെടണം. പ്രത്യേ ചട്ടങ്ങൾ അടങ്ങിയ പുസ്തകങ്ങളും അവരുടെ പക്കലുണ്ടാകും.

### ൨൩൧. വേദപ്രചാരസഹായസംഘം.

"നിങ്ങൾ ലോകമെല്ലായിടത്തും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിച്ചു സ്നാനപ്പെടുന്നവൻ രക്ഷിക്കപ്പെടും. എന്നാൽ വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും." വി. മർക്കോസ് അദ്ധ്യായം 16 വാ. 15, 16.

നിയമങ്ങൾ.

1. ഈ സംഘത്തിൻെറ ഉദ്ദേശ്യം അന്യമതസ്ഥരായ വിവിധജാതികളെ സത്യവേദത്തിൽ ചേർക്കുന്നതിനും പുതുക്രിസ്ത്യാനികളെ ശരിയായി നടത്തുന്നതിനും വേണ്ട ധനസഹായം ഉണ്ടാക്കണമെന്നുള്ളതാണ്.

2. കത്തോലിക്കവിശ്വാസികളേവർക്കും ഈ സംഘത്തിൻെറ അംഗങ്ങളാകാം.

3. ഇതിലെ അംഗങ്ങൾ വേദപ്രചാരത്തിനായി യഥാശക്തി ധനസഹായം ചെയ്യണം. പ്രതിമാസം ഒരു ചക്രമായാലും മതി.

വേദപ്രചാരസഹായധനം മാസംമുറയ്ക്കോ ആണ്ടടക്കമോ കൊടുത്തുതീക്കാവുന്നതാണ്.

വേദപ്രചാരസംഗതിക്കായി 15 രൂപായിൽ കൂടുതൽ കൊടുക്കുന്നവർ സംഘത്തിൻെറ ഉപകാരികൾ എന്ന സ്ഥാനത്തിനു അർഹന്മാരായിരിക്കുന്നതാണ്.

4. സഭാംഗങ്ങൾ എല്ലാവരും താഴെ വരുന്ന ജപം ദിവസംപ്രതി ചൊല്ലണം.

അവിശ്വാസികളുടെ മനസ്സുതിരിവിനായി വി. ഫ്രാൻസിസ്സ്കോസ് ശവേയ്യാർ ജപിച്ചിരുന്ന പ്രാർത്ഥന.

സകലത്തിൻെറയും സ്രഷ്ടാവായ നിത്യസർവ്വേശ്വരാ! അവിശ്വാസികളുടെ ആത്മാക്കളെ അങ്ങേ ഛായയിലും സാദൃശത്തിലും സൃഷ്ടിച്ചതു അങ്ങുന്നുതന്നെയാകുന്നുവെന്നു ഓക്കേണമേ. കത്താവെ! അങ്ങേക്കു അപമാനം വരത്തക്കവണ്ണം ഈ ആത്മാക്കളെക്കൊണ്ടു നരകം നിറയുന്നതിനെ ദർശിക്ക. ഇവരുടെ രക്ഷയ്ക്കുവേണ്ടി അങ്ങേ ദിവ്യപുത്രൻ ഈശോമിശിഹാ ഏറ്റവും ക്രൂരതരമായ മരണമനുഭവിച്ചുയെന്നു ദയാപൂർവ്വം ഓക്കണമെ. കത്താവെ! അങ്ങേപുത്രൻ അവിശ്വാസികളാൽ ഇനിയും അപമാനിക്കപ്പെടുന്നതിന്നനുവദിക്കല്ലെ. പരിശുദ്ധന്മാരുടെയും അങ്ങേ തിരുക്കുമാരൻെറ മണവാട്ടിയായ തിരുസ്സഭയുടെയും പ്രാത്ഥനകളാൽ അങ്ങേ കോപത്തെ അടക്കി അങ്ങേ കൃപയെ ഓക്കേണമെ ഇവരുടെവിഗ്രഹാരാധനയെയും അവിശ്വാ

സത്തേയും വിസ്മരിച്ചുഞങ്ങളുടെ രക്ഷയും ജീവനും ഉത്ഥാനവും ആകുന്ന അങ്ങേ പുത്രൻ ഈശോമിശിഹായെ ഒരിക്കൽ അവർ കൂടെയും അറിയുന്നതിനു അങ്ങു ഇടവരുത്തിയരുളണമെ. താൻവഴിയായി ഞങ്ങൾ രക്ഷിക്കപ്പെടുകയും സ്വതന്ത്രരാക്കപ്പെടുകയും ചെയ്തു. അനവരതകാലം അങ്ങേക്കു സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

1 ആ. 1 നന്മ. 1 ത്രിത്വ. 300 ദി. ദണ്ഡവി.

ഈ സംഘം ശ്രേഷ്ഠാനുവാദപ്രകാരം 1919-ൽ ക. നി. മൃ. സ. കുന്നംകുളം കൊവേന്തയിൽ സ്ഥാപിക്കപ്പെട്ടു.

പൊതുസൂചനം.

മേൽ പ്രസ്താവിച്ച എല്ലാ സഭക്കാൎക്കും സഖ്യൎക്കാൎക്കും അനേകം പൂൎണ്ണദണ്ഡവിമോചനങ്ങളും അപൂൎണ്ണദണ്ഡവിമോചനങ്ങളും പ്രാപിക്കാവുന്നതാണ്. അതാതു സഭകളുടെ പ്രത്യേകകുറിപ്പുകൾ നോക്കണം. സഖ്യതയിൽ കൂടുന്ന ദിവസവും മരണസമയത്തുമുള്ള പൂൎണ്ണമോക്ഷപൊരുതി എല്ലാവൎക്കും പൊതുവെ ലഭിക്കാവുന്നതാണ്. ന: കൎത്താവിന്റെയും പ. കന്യകയുടെയും മാർ യൗസേപ്പുപിതാവിന്റെയും പല തിരുനാളുകളിലും മുഴുവൻ മോക്ഷപൊരുതിയുണ്ടായിരിക്കും. കൂടാതെയും ടി സഖ്യൎക്കാർ ചെയ്യുന്ന എല്ലാ സൽകൃത്യങ്ങൾക്കും ഓരോ വിധത്തിൽ ദണ്ഡവിമോചനം ലഭിക്കാവുന്നതാണ്. അതിനാൽ പ്രത്യേകതിരുനാൾദിവസങ്ങളിൽ ശു. കുൎബാന ഉൾക്കൊള്ളുകയും ദൈവേഷ്ടപ്രസാദത്തിലിരിക്കയും കാലത്തുള്ള പ്രതിജ്ഞാജപങ്ങളും ശു. മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായിട്ടുള്ള പ്രാൎത്ഥനകളും മുടക്കം കൂടാതെ ദിനംപ്രതി ചൊല്ലിവരികയും വേണം.

൩൩. നൊവേന അഥവാ നവനാൾ.

നമ്മുടെ കൎത്താവിന്റെയോ വിശുദ്ധന്മാരുടെയോ എത്രയും ഭാഗ്യപ്പെട്ട കന്യകമറിയത്തിന്റെയോ തിരുനാളുകൾക്കു മുൻപായി വരുന്ന ഒൻപതുദിവസങ്ങളിൽ തിരുനാൾ ആസ്ഥപ്പാടായി ചില പ്രത്യേക ജപങ്ങൾ ചൊല്ലി ഒരുക്കങ്ങൾ ചെയ്ക ശു. പള്ളിയുടെ പൂൎവപാരമ്പൎയ്യമാണ്. ഈവിധ പ്രാൎത്ഥനകൾ ആഘോഷമായിട്ടും രഹസ്യമായിട്ടും നടത്താറുണ്ട്. ഈ

ആസ്ഥപ്പാട്ടജപങ്ങൾക്ക് നൊവേനയെന്നു പേരുണ്ട്. ചില പുണ്യവാന്മാർവഴി വല്ല പ്രത്യേക അനുഗ്രഹവും മാദ്ധ്യസ്ഥവും ലഭിക്കുന്നതിനു വേണ്ടിയും നൊവേന കഴിക്കാവുന്നതാണ്. മേൽപ്രസ്താവിച്ച പ്രാൎത്ഥനകൾ മൂന്നുദിവസത്തേക്കായി കഴിക്കുമ്പോൾ അതിനു ത്രിദിനജപം അഥവാ "ത്രിദ്ദുളം" എന്നു പേരുണ്ട്.

൨൩൩. ജീവിതകാലങ്ങളിലും മീനക്കിടക്കയിലും പ്രത്യേകം മരണസമയത്തും ചൊല്ലാവുന്ന സുകൃതജപങ്ങൾ.

1. എത്രയും നിതിയുള്ളതും, മഹതപമേറിയതും, യോഗ്യതയുള്ളതുമായ ദൈവതിരുമനസ്സ് എന്നേക്കും നിറവേറട്ടെ.

2 ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ. ഉത്തരം എല്ലാപ്പോഴും സ്തുതിയായിരിക്കട്ടെ ആമ്മേൻ.

സൂചനം.

പട്ടക്കാരേയും, പ്രായംചെന്നവരേയും, മാതാപിതാക്കന്മാരേയും കാണുമ്പോൾ ഈവിധം സ്വാതം ചൊല്ലണം.

3. ഞങ്ങളെ രക്ഷിക്കുന്നതിനായി മനുഷ്യാവതാരംചെയ്ത ദൈവകുമാരനായ ദിവ്യഈശോയെ! അങ്ങേ മരണനേരത്തിൽ പിതാവെ! ഇവരോടു പൊറുക്കണമെ എന്നും നിന്റെ പ്രിയംനിറഞ്ഞ മാതാവിനോടു "ഇതാ നിന്റെ മകൻ" എന്നും കൂടെ തൂങ്ങിയ കള്ളനോടു എന്നോടുകൂടെ നീ ഇന്നു പറുദീസായിലാകുമെന്നും അരുളിച്ചെയ്തതുപോലെ എന്റെ ആത്മാവിനോടും അരുളിച്ചെയ്യേണമെ. എന്റെ ദൈവമെ! എന്റെ മരണനാഴികയിൽ എന്നെ ഉപേക്ഷിക്കല്ലെ. എന്റെ ആത്മം ഉയിരുള്ള ഉറവയായിരിക്കുന്ന അങ്ങേ ദാഹിക്കുന്നു. എന്റെ ജീവിതം നിഴൽപോലെ കടന്നുപോകുന്നു. ഈ ക്ഷണംമുതൽ എന്നേക്കും എന്റെ ആത്മപിയെ അങ്ങേക്കു ഞാൻ കാഴ്ചവെക്കുന്നു. എന്റെ ആത്മാവിനെ അങ്ങ് കൈക്കൊള്ളണമെ.

4. എന്റെ ദൈവമായ ഈശോയെ! എല്ലാ വസ്തുക്കളേക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു.

5. എന്റെ ഈശോയെ! എന്റെ മേലനുഗ്രഹിക്കേണമെ.

6. ദാവീദിന്റെ പുത്രനായ ഈശോയെ! എന്റെമേൽ അനുഗ്രഹിക്കണമെ.

7. ഈശോമറിയം യൌസേപ്പെ! എന്റെ ഹൃദയത്തെയും എന്റെ ആത്മാവിനെയും നിങ്ങൾക്ക ഞാൻ കാഴ്ച വെയ്ക്കുന്നു.

8. ഈശോമറിയം യൌസേപ്പെ! എന്റെ മരണപ്രമാദത്തിൽ എനിക്ക നിങ്ങൾ തുണയായിരിക്കണമെ.

9 ഈശോമറിയം യൌസേപ്പെ! സമാധാനത്തോടുകൂടെ എന്റെ ആത്മാവിനെ നിങ്ങളുടെ തൃക്കരങ്ങളിൽ കൈയ്യേല്പിപ്പാൻ എനിക്ക മനോഗുണം ചെയ്യേണമെ.

10. ഈശോയുടെ എത്രയും പരിശുദ്ധഹൃദയമെ! ഞങ്ങളുടെമേൽ കൃപയായിരിക്കണമെ.

11. എന്റെ ദൈവമെ! എന്റെ സമസ്തവുമെ!

12. ഈശോമറിയം യൌസേപ്പെ!

13. എന്റെ കാവൽക്കാരനായ ദൈവത്തിന്റെ മാലാഖായെ! എന്നെ പ്രകാശിപ്പിച്ചു കാത്തുഭരിച്ചു നടത്തണമെ.

14 മറിയമെ! ദൈവമാതാവെ! കൃപയുള്ള അമ്മെ! ഞങ്ങൾക്കുവേണ്ടിയും മരിച്ചവർക്കവേണ്ടിയും പ്രാർത്ഥിക്കണമെ.

15 ദൈവജനനിയായ് എത്രയും ഭാഗ്യപ്പെട്ട കന്യാസ്ത്രീ മറിയത്തിന്റെ അമലോത്ഭവം വാഴ്ത്തപ്പെട്ടതാകട്ടെ.

16. കുരിശ് എനിക്ക നിശ്ചയമുള്ള രക്ഷ, കുരിശിനെ എല്ലാപ്പോഴും ഞാൻ ആരാധിക്കുന്നു. കർത്താവിന്റെ കുരിശു എന്നോടുകൂടെ, കുരിശ് എനിക്ക സങ്കേതമാകുന്നു:

17. മറിയമെ! എന്റെ അമ്മേ! എന്റെ ആശ്രയമെ.

18. മറിയമെ! എന്റെ നല്ല അമ്മേ! ഈ രാത്രിയിൽ ചാവുദോഷത്തിൽനിന്ന എന്നെ കാത്തുരക്ഷിച്ചുകൊള്ളണമെ.

19. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന എന്നേരവും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

20. ദൈവമേ! പാപിയായ എന്നോടു കൃപയുണ്ടാകണമെ.

21 കൎത്താവെ! അങ്ങുന്നു എന്റെ പാപങ്ങൾ കാരണത്താൽ സ്ലീവാമേൽ തൂങ്ങി മരിച്ചതിനെക്കുറിച്ചു അങ്ങേക്കു ഞാൻ സ്തോത്രം ചെയ്യുന്നു.

22. ഈശോയെ! ഞാൻ അങ്ങേക്കായി ജീവിക്കുന്നു. ഈശോയെ! അങ്ങേക്കായി ഞാൻ മരിക്കുന്നു. ആയുസ്സിലും മരണത്തിലും ഞാൻ അങ്ങേക്കുള്ളവനാകുന്നു.

23. എത്രയും മധുരമുള്ള ഈശോയുടെ തിരുഹൃദയമെ! നിന്നെ അധികമധികം സ്നേഹിപ്പാൻ മനോഗുണം ചെയ്യണമെ. 300 ദി.

24. നിത്യപിതാവെ! എന്റെ പാപപരിഹാരത്തിനായിട്ടു ഈശോമിശിഹായുടെ വിലയേറിയ രക്തത്തെ അങ്ങേക്കു ഞാൻ കാഴ്ചവയ്ക്കുന്നു. 300 ദി.

25. ഓ! കൎത്താവെ! വിശ്വാസത്തെ ഞങ്ങളിൽ കാക്കണമെ. 100 ദി.

26. എന്റെ കൎത്താവും എന്റെ ദൈവവും (ഏഴു വൎഷ. ഏഴു മണ്ഡ.) തിരുഓസ്തി പൊക്കുമ്പോൾ അഥവാ രഹസ്യസ്ഥാപനത്തുങ്കൽ ചൊല്ലണം.

27. എന്റെ ദൈവമെ! എല്ലാ ബോധങ്ങളേയും സത്യത്തിലും എല്ലാ ഹൃദയങ്ങളെയും സ്നേഹത്തിലും യോജിപ്പിക്കേണമെ. 300 ദി.

28. ഞങ്ങളുടെ തിരുഹൃദയനാഥയെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ 100 ദി.

29. മറിയത്തിന്റെ മധുരമുള്ള തിരുഹൃദയമെ! ഞങ്ങളുടെ രക്ഷയായിരിക്കണമെ. 300 ദി.

30. ഞങ്ങളുടെ ശരണമായ മറിയമെ! ഞങ്ങളുടെമേൽ ദയയായിരിക്കണമെ.

31. ദൈവജനനിയായിരിക്കുന്ന എത്രയും ഭാഗ്യപ്പെട്ട കന്യാസ്ത്രീമറിയത്തിന്റെ പരിശുദ്ധമായ അമലോത്ഭവം വാഴ്ത്തപ്പെട്ടതാകട്ടെ. 300 ദി.

32. ദുഃഖിതയായ മറിയമെ! സകല ക്രിസ്ത്യാനികളുടെയും മാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.
300 ദി.

33. ഞങ്ങളുടെ ഏത്രയും പരിശുദ്ധ കാരുണ്യനാഥയെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. 300 ദി.

34. ഞങ്ങളുടെ ലൂർദ്ദ്നാഥയെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. 300 ദി.

35. പ്രിയ ഈശോ കർത്താവേ! അവർക്ക് (അവന്) നിത്യ ആശ്വാസത്തെ കൊടുക്കണമെ. 300 ദി.

36. മിശിഹായുടെ ദിവ്യഹൃദയമെ! നിന്നിൽ ഞാൻ ശരണപ്പെടുന്നു.
300 ദി.

37. "ബാവായുടെയും പുത്രൻെറയും റൂഹാദക്കുദിശായുടേയും നാമത്താലെ" ചൊല്ലി കുരിശുവരക്കുമ്പോൾ 50 ദി. ഹന്നാൻവെള്ളം തൊട്ടു വരച്ചാൽ 100 ദി.

38. റൂഹാദക്കുദിശാതമ്പുരാനെ! അങ്ങ് എഴുന്നള്ളിവരിക, അങ്ങേ വിശ്വാസികളുടെ ഹൃദയങ്ങളെ നിറക്കുക, അങ്ങേ സ്നേഹാഗ്നിയെ അവരിൽ കത്തിക്കുക. 300 ദി.

39. ഈശോയുടെ ദിവ്യഹൃദയമെ! അങ്ങേ രാജ്യം വരട്ടെ.
300 ദി.

40. ഓ! സ്നേഹത്തിൻെറ ഹൃദയമെ! എൻെറ ശരണം മുഴുവനും നിന്നിൽ ഞാൻ വെക്കുന്നു. എൻെറ ബലക്ഷയത്തിൽനിന്നുള്ള എല്ലാം വസ്തുക്കളെയും ഞാൻ ഭയപ്പെടുന്നു നിൻെറ അനുഗ്രഹത്തിൽനിന്നുള്ള എല്ലാവറെറയും ഞാൻ ശരണപ്പെടുന്നു. 300 ദി.

41. ഹൃദയഎളിമയും ശാന്തതയുമുള്ള ഈശോയെ! എൻെറ ഹൃദയത്തെ അങ്ങേ ഹൃദയത്തിനു ഒത്തതാക്കിയരുളണമെ. 300 ദി.

42. നാഥനായ ഈശോയെ! അങ്ങേ ദിവ്യഹൃദയത്തിൽ ഞങ്ങളുടെ പരിശുദ്ധ പിതാവു് പാപ്പായെ സംരക്ഷിക്കണമെ. 300 ദി.

43. ദിവ്യകാരുണ്യഹൃദയമെ! ഞങ്ങളുടെമേൽ അനുഗ്രഹിക്കണമെ. 300 ദി.

44. ഈശോയുടെ ദിവ്യഹൃദയമെ! പാപികളെ മാനസാന്തരപ്പെടുത്തണമെ. മരിക്കുന്നവരെ രക്ഷിക്കണമെ. ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളെ സ്വതന്ത്രരാക്കണമെ.
300 ദി.

45. ഈശോമറിയമെ! 300 ദി.

46. ഈശോമറിയമെ യൌസേപ്പെ!—ഏഴു വത്സരം ഏഴു മണ്ഡലം.

47. എന്റെ ഈശോയെ! എന്റെ അനുഗ്രഹമെ.
300 ദി.

48. എന്റെ ദൈവമായ ഈശോയെ! എല്ലാ വസ്തുക്കളേക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു. 50 ദി.

### വലിയ ദീനക്കാൎക്ക് അന്ത്യകൂദാശകൾ കൊടുക്കുമ്പോൾ ചെയ്യേണ്ടവ.

1. ദീനം അപകടമാണെന്നും സുഖപ്പെടുന്നതു് അസാദ്ധ്യമാണെന്നും അറിഞ്ഞശേഷം അവസരംപോലെയും സൌകൎയ്യംപോലെയും വിവരം ദീനക്കാരെ അറിക്കണം. ദീനക്കാരൻ സ്വയമേ ചോദിക്കുന്നില്ലാത്തപക്ഷം അന്ത്യകൂദാശകൾ യോഗ്യതയോടുകൂടെ കൈക്കൊള്ളുന്നതിനു ഒരുങ്ങണമെന്നു അവനെ അറിക്കണം. വീട്ടുകാൎയ്യങ്ങളും എഴുത്തുകുത്തുകളും എല്ലാം ശരിപ്പെടുത്തണം. വി. കൂദാശകൾ കൊടുക്കുന്നതിനു ബ. വികാരിഅച്ചനോടപേക്ഷിക്കണം. അദ്ദേഹത്തിന്റെ ഉപദേശംപോലെ മുഴുവനായതോ അല്ലാത്തതോ ആയ കുമ്പസാരം കഴിക്കണം. അതിന്റെശേഷം യാത്രസ്ഥായി ശു. കുർബാന ഉൾക്കൊള്ളണം. പിന്നീട് ഒടുക്കത്തെ ഒപ്പ്ശ്മാ (അന്ത്യലേപനം) കൈക്കൊള്ളണം. ദോഷപൊരുതികളും ക്രമപ്രകാരവും അവസരംപോലെയും കൈക്കൊള്ളണം.

2. ശ്രു. കുർബാന എഴുന്നള്ളിച്ചുകൊണ്ടു വരുന്നതിനു മുൻപായി പാർക്കുന്ന ഭവനവും ദീനക്കാരൻ കിടക്കുന്ന മുറിയും മുററവും, വഴിയും മററും അടിച്ചു വെടിപ്പാക്കണം. കിടക്കമുറി വെള്ളത്തുണികൊണ്ടും പൂക്കൾകൊണ്ടും അലങ്കരിക്കണം. തുണി വിരിച്ച ഒരു മേശ, അഥവാ പെട്ടി ഇല്ലാത്തപക്ഷം വല്ല പലക തയ്യാറാക്കണം. തിരികളും വിളക്കുകളും തക്ക സമയത്തു കത്തിക്കണം. വഴികളിലും മുററത്തും ഈന്തലിൻെറ ഇലകൾ, പൂക്കൾ, പരമ്പ് ഇത്യാദി വിരിക്കണം. വീട്ടിലെ അംഗങ്ങൾ എല്ലാവരും ശ്രു. കുർബാന എഴുന്നള്ളിച്ചുവന്നാലുടൻ കൂട്ടമായി ദീനമുറിയിലും പുറത്തുമായി കൂടി മുട്ടിന്മേൽ നിന്നു കത്താവിനെ സ്വീകരിച്ചാരാധിക്കണം. കുട്ടികൾ തിരികൾ കത്തിച്ചു പിടിക്കുന്നതു നല്ലതാണ്. തക്ക സ്ഥലത്തു ശ്രു കുർബാന സ്ഥാപിച്ചശേഷം പട്ടക്കാരൻ കുമ്പസാരിപ്പിക്കാൻ തുടങ്ങുമ്പോൾ എല്ലാവരും അകന്നുപോകണം. കുമ്പസാരം കഴിഞ്ഞു വീണ്ടും ഒന്നിച്ചുകൂടി മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കണം. രോഗിക്കു ശ്രു. കുർബാന കൊടുത്താലുടനെ നമ്മുടെ കത്താവിൻെറ തിരുഹൃദയജപമാല കൂട്ടമായി ചൊല്ലണം. അതിൻെറശേഷം ഒടുക്കത്തെ ഒപ്രുശ്മാ കൊടുക്കുമ്പോഴും എല്ലാവരും ദീനമുറിയിൽ ഉണ്ടായിരിക്കണം. മനസ്താപത്തിൻെറ മസ്മോറാ അഥവാ മററു വല്ല ജപങ്ങൾ പൂശുന്ന സമയം എല്ലാവരും ചൊല്ലണം. നൽമരണപ്രാത്ഥന ഏററം യോജിക്കുന്ന ജപമാണ്. ഈ സമയത്താണ് ദീനക്കാരൻെറ പക്കൽ പൊറുതി ചോദിക്കുന്നതും വാഴ്വ് അപേക്ഷിക്കുന്നതും. പരസ്പരസ്നേഹത്തോടുകൂടി തമ്മിൽ യാത്ര ചൊല്ലി പിരിയുന്നതു എത്രയോ ആശ്വാസജനകമായിരിക്കുന്നു.

3. ശ്രു. കുർബാന ദീനക്കാർക്കു എഴുന്നള്ളിച്ചുകൊണ്ടു പോകുന്നതു കാണുമ്പോൾ ഉടനെ മുട്ടുകുത്തി അച്ചൻ കടന്നു പോകുന്നതുവരെ അവിടെ നിൽക്കണം. “എൻെറ ദൈവം— എൻെറ കത്താവു്” എന്നു ചൊല്ലണം. “പരിശുദ്ധ പ’രമ ദിവ്യകാരുണ്യത്തിനു എന്നേരവും സ്തുതിയുണ്ടായിരിക്കട്ടെ” എന്നും ചൊല്ലാം.

൧൩൭. ദീനക്കാരെ കണ്ടാശ്വസിപ്പിക്കണം.

"ഞാൻ ദീനക്കാരനായി നിങ്ങൾ എന്നെ വന്നുകണ്ടു" മത്തായി 25. 36. നമ്മുടെ സഹോദരങ്ങളെ ദീനാവസ്ഥയിൽ ചെന്നുകണ്ടു് ആശ്വസിപ്പിക്കുന്നതു ദൈവത്തിനു വളരെ ഇഷ്ടമുള്ള ഉപവിപ്രവൃത്തിയാണു്. അതിനാൽ അവസരംപോലെയും അടുപ്പംപോലെയും ഉപവിയെക്കുറിച്ചും ദീനക്കാരെ കാണുന്നതിനു ഉത്സാഹിക്കണം. അവരുടെ ആത്മകാൎയ്യത്തെക്കുറിച്ചു ആദ്യമായിട്ടും ലോകകാൎയ്യം, വീട്ടുകാൎയ്യം ഇത്യാദി രണ്ടാമതായിട്ടും അന്വേഷിക്കണം. വൈദ്യനെ വരുത്തുന്നതിനും മരുന്നുകൾ കൊടുക്കുന്നതിനും വശംപോലെയും സാഹചൎയ്യം അനുസരിച്ചും സഹായിക്കണം. മരണഅപകടം ഉണ്ടെന്നു കണ്ടാൽ അന്ത്യകൂദാശകൾ കൈക്കൊള്ളുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്യണം. ദീനക്കാരൻ അവന്റെ അയൽക്കാരനുമായി ഐകമത്യത്തിൽ ഇരിക്കുന്നില്ലെന്നറിഞ്ഞാൽ എല്ലാവരെയും കൂട്ടി സമാധാനപ്പെടുത്തണം. ഏറക്കുറവുകൾ, തീൎക്കാൻപാടില്ലാത്ത കടങ്ങൾ മുതലായതുകൾ പറഞ്ഞുകൊടുത്തു ഇളവുചെയ്തും ചെയ്യിച്ചും തീൎക്കണം. മരണശാസനം എഴുതിക്കണം. മക്കൾ മാതാപിതാക്കന്മാരുടെ ആശീൎവ്വാദം വാങ്ങിക്കണം. മരണാവസ്ഥയിലിരിക്കുന്നവൎക്കു നല്ല സുകൃതജപങ്ങൾ ചൊല്ലിക്കൊടുക്കണം. ജ്ഞാനവായന, നൽമരണസഹായജപങ്ങൾ ഇത്യാദി കഴിക്കണം. കൂട്ടമായി ജപമാലയും മററും ദീനമുറിയിൽ ചൊല്ലണം. അപകടം അടുക്കുമ്പോൾ നല്ല തെളിവോടുകൂടി താഴെവരുന്നവ ചൊല്ലിക്കൊടുക്കണം.

ഈശോ മറിയം യൌസേപ്പേ! എന്റെ ആത്മാവിനു കൂട്ടായിരിക്കണമെ; ഈശോ മറിയം യൌസേപ്പ് എന്റെ ആത്മാവിനു കൂട്ടായിരിക്കും എന്നു ഓൎക്കണം.

2. ഈശോ, ഈശോ, ഈശോ എന്നു നിറുത്തി ചൊല്ലിക്കൊടുക്കണം.

3. നമ്മുടെ ആശയുടെ കാരണം ദൈവമാകുന്നു. ദൈവം ദയയുള്ളവനാകുന്നു. അങ്ങുന്നു അനുഗ്രഹങ്ങളുടെ പിതാ

വാകുന്നു അങ്ങുന്നു പാപികളുടെ നിർഭാഗ്യമരണത്തെ ഇഛരിക്കുന്നില്ല.

4. മനസ്താപം എല്ലാ പാപങ്ങളെയും മായിച്ചുകളയും.

5. ദൈവമെ! പാപിയായ എന്നോടു കൃപയുണ്ടാകണമെ. ചുങ്കക്കാരൻെറ പ്രാർത്ഥന കേട്ട് അവനോടു നീ ക്ഷമിച്ചു. അനുതപിച്ചുവന്ന മുടിയനായ മകനെ പിതാവ് ഉടനെ സ്വീകരിച്ചു.

6 "ഞാൻ പിഴച്ചുപോയി" എന്നു ദാവീദ് ദീർഘദർശി അനുസരിച്ചപ്പോൾ "കർത്താവ് നിൻെറ പാപങ്ങളെ ക്ഷമിച്ചിരിക്കുന്നു" എന്നു കല്പിക്കയുണ്ടായി.

7 നമ്മുടെ പാപങ്ങളുടെ പൊറുതിക്കു നമ്മുടെ കർത്താവ് പാടുകൾ അനുഭവിച്ചു: "ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രെ വിളിക്കാൻ വന്നതു്" എന്നു താൻ അരുളിച്ചെയ്തു.

8. "എൻെറ അടുക്കൽ വരുന്നവനെ ഞാൻ തള്ളിക്കളകയില്ല" ഞാൻ നശിച്ചുപോയ ആടുകളെ അന്വേഷിച്ചു വന്ന നല്ലയിടയനാകുന്നു, എന്നു് അങ്ങുന്നു് അരുളിച്ചെയ്യുന്നു.

9. നാം നിത്യരക്ഷയ്ക്കുവേണ്ടി പ്രയത്നിക്കുന്നുവെങ്കിൽ താൻ നമ്മെ ശിക്ഷയ്ക്കു വിധിക്കുമെന്നു വിചാരിക്കാൻ പാടില്ല. കർത്താവെ! നിൻെറ തിരുശരീരത്തെ ഭക്ഷിച്ച അടിയൻെറമേൽ കഠിനമായി വിധിയുണ്ടാകരുതേ.

10. നിങ്ങൾ എൻെറനാമത്തിൽ പിതാവിനോടു ചോദിക്കുന്നവ എല്ലാം അങ്ങുന്നു നിങ്ങൾക്കു തരും" എന്നു് കർത്താവ് അരുളിച്ചെയ്യുന്നു. "ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും മുട്ടുവിൻ നിങ്ങൾക്കു തുറക്കപ്പെടും" ഇത്യാദി.

11. കർത്താവെ! നിൻെറ മാണിക്കമായ ചോരയാൽ വീണ്ടുകൊള്ളപ്പെട്ട നിൻെറ ദാസന്മാരെ നീ സഹായിക്കണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

സൂചനം

മരണനേരത്തു ഈ സ്തുതജപം ചൊല്ലുക. പാടില്ലാത്തപ്പോൾ ചൊല്ലുന്നതു കേട്ടു ധ്യാനിക്ക. വിയാസാക്രായുടെ ഫലം ലഭിക്കാം.

12. നീതിമാന്മാർക്കും, അനുതപിക്കുന്ന പാപികൾക്കും, കർത്താവിൽ ശരണപ്പെടുന്നവർക്കും തന്നെ അന്വേഷിക്കുന്നവർക്കും അങ്ങ് നല്ലവനാകുന്നു.

13. പരിശുദ്ധ വ്യാകുലമാതാവെ! ഞങ്ങളുടെ ജീവനെ! ഞങ്ങളുടെ ആശ്രയമെ, രക്ഷയെ, മാധുര്യമെ, ശരണമെ, പാപികളുടെ സങ്കേതമെ, ഞങ്ങൾക്കുവേണ്ടി നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമെ.

14. മാർ യൌസേപ്പുപിതാവെ! മരണവേദനയിൽ ഇരിക്കുന്നവരുടെ സഹായമെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. എന്നെ കാർക്കുന്ന മാലാക്കായെ എന്നെ സഹായിക്കണമെ. പിശാചിന്റെ പരീക്ഷകളിൽനിന്നും കാക്കണമെ.

15 കർത്താവെ! നിന്നിൽ ഞാൻ വിശ്വസിക്കുന്നു. നിന്നിൽ ശരണപ്പെടുന്നു. എല്ലാ വസ്തുക്കളെക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു. ശു: പള്ളി വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഞാൻ വിശ്വസിക്കയും പഠിക്കയും ചെയ്യുന്നു. ശു. പള്ളി വെറുത്തുപേക്ഷിക്കുന്നതു ഞാനും വെറുത്തുപേക്ഷിക്കുന്നു.

16. ദീനമുറിയിൽ ഇടയ്ക്കിടെ ഹന്നാൻവെള്ളം തളിക്കണം. ക്രൂശിക്കപ്പെട്ട രൂപം ദീനക്കാരൻ മുത്തുന്നതിനായിട്ടു കൊടുക്കണം. ആവശ്യംപോലെ മുത്തിക്കയുംവേണം. ക്രൂശിക്കപ്പെട്ട രൂപം കാണിച്ചു "ഇതാ ക്രൂശിക്കപ്പെട്ട നമ്മുടെ രക്ഷിതാവിന്റെ രൂപം മുത്തിക്കൊൾക" എന്നു പറയണം ദൈവമെ! നിന്റെ വിശ്വാസത്തിൽ ജീവിക്കുന്നപോലെ മരിപ്പാൻ മനോഗുണം ചെയ്യേണമെ.

17. എന്റെ ഈശോയെ! നിന്റെ കഠിനമരണത്താൽ എന്റെ ആത്മാവിനെ നീ രക്ഷിച്ചതിനു ഞാൻ നന്ദിയില്ലാത്തവനായിട്ടു ജീവിച്ചതിനാൽ ഞാൻ വളരെ ദുഃഖിക്കുന്നു.

18. എത്രയും ദയയുള്ള മാതാവെ! എൻെറ അമ്മേ! മറിയമെ! എൻെറ രക്ഷിതാവിൻെറ പാട്ടുകളിലും മരണത്തിലും നീയനുഭവിച്ച വ്യാകുലങ്ങളേക്കുറിച്ചു എനിക്കു തുണയായിരിക്കണമെ.

19. ഈശോമറിയത്തിൻെറ തൃക്കരങ്ങളിൽ ആത്മാവിനെ കയ്യാളിപ്പാൻ ഭാഗ്യംലഭിച്ച മാർ യൗസേപ്പെ! എനിക്കും ആ ഭാഗ്യം ലഭിച്ചുതരണമെ.

20. രക്ഷിതാവായ ഈശോമിശിഹായുടെ പരിശുദ്ധ അമ്മേ! എന്നെയും നിൻെറ മകനായി കൈക്കൊണ്ടു നിൻെറ വാഴ്വു എനിക്കു തരണമെ.

നല്ല മരണത്തിൻെറ മദ്ധ്യസ്ഥനായ മാർ യൗസേപ്പുപിതാവെ! എനിക്കുവേണ്ടി അപേക്ഷിക്കണമെ. എൻെറ പേരിനു കാരണമായ പുണ്യവാനെ! എനിക്കുവേണ്ടി അപേക്ഷിക്കണമെ. എന്നെ കാർക്കുന്ന മാലാക്കായെ! പിശാചിൻെറ പരിക്ഷകളിൽനിന്നും എന്നെ രക്ഷിച്ചു ആകാശമോക്ഷത്തിൽ പ്രവേശിക്കുന്നതിനു സഹായിക്കണമെ. 1 ആ. 1 ന. 1 ത്രീ.

വന്നു. മരണവീട്ടിൽ പ്രവർത്തിക്കേണ്ടതു്.

ഒരു ദീനക്കാരൻെറ വീട്ടിൽ നാം ചെല്ലുകയിൽ അവൻ മരണവേദനയിൽ ഇരിക്കുന്നുയെന്നറിഞ്ഞാൽ അവിടെ നിന്നുകൊണ്ടു് അവൻെറ ആത്മാവു് ദൈവപ്രസാദത്തിൽ പിരിഞ്ഞു ദൈവസന്നിധിയിൽ എത്തുന്നതിനു കഴിയുന്ന സഹായങ്ങൾ ചെയ്ക. മേൽ പ്രസ്താവിച്ച സുകൃതജപങ്ങൾ തെളിവുള്ള സ്വരത്തിൽ ചൊല്ലിക്കൊടുക്ക. ആത്മാവു് ശരീരത്തിൽനിന്നും വേർപിരിയുന്നുവെന്നു കാണുമ്പോൾ ഹനാൻവെള്ളം ഇടയ്ക്കിടെ തളിക്കണം. പട്ടക്കാരൻ അടുത്തുണ്ടായിരുന്നാൽ അടച്ചുരൂശ്മാ ചെയ്യേണ്ടതിനു ഓർപ്പിക്കണം. മരിച്ചാൽ വീട്ടിലുള്ള സംബന്ധികളും മററും നിലവിളിക്കയും, ലഹളയുണ്ടാക്കയും ചെയ്യാ

തെ സമാധാനം പറഞ്ഞുകൊടുക്കണം. ദൈവതിരുമനസ്സിനു എല്ലാവരും കീഴ്വഴങ്ങി മരിച്ചയാളിന്റെ ആത്മാനുകൂലത്തിനായി എല്ലാവരും മുട്ടുകുത്തി അമ്പത്തുമൂന്നുമണിജപം ചൊല്ലണം.

മരിച്ചശേഷം ജപം.

സകല മനുഷ്യരുടേയും സൃഷ്ടിതാവും രക്ഷിതാവുമായ സർവ്വേശ്വരാ! ഈ മരിച്ച ആളിന്റെ ആത്മാവ് ശുദ്ധീകരണസ്ഥലത്തിൽനിന്നും രക്ഷപ്പെട്ടു അതിന്റെ അന്ത്യവും ശക്തിയുമായിരിക്കുന്ന അങ്ങേ എന്നേക്കും ദർശിപ്പാനും, സ്നേഹിച്ചു സ്തുതിച്ചനുഭവിപ്പാനും വശമാകുന്നതിനുവേണ്ടി എല്ലാ ദോഷങ്ങളുടേയും പരിഹാരകടങ്ങളുടെയും പൂർണ്ണമായ പൊറുതി ഈ ആത്മാവിനു കൊടുക്കണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. 5 ആ. 5 ന. 5 ത്രി.

സൂചനം.

ഒരാൾ മരിച്ചു എന്നു കേട്ടാൽ എല്ലാ വിശ്വാസികളും ഈ പ്രാർത്ഥനയെ ചൊല്ലണം.

മരിച്ച ക്ഷണത്തിൽ കണ്ണുകൾ ഭംഗിയായി അടയ്ക്കണം. കൈകൾ നെഞ്ചത്തു കൂട്ടിവെച്ചു ഒരു തൂങ്ങപ്പെട്ട രൂപം കയ്യിൽ പിടിപ്പിക്കണം. കാലുകൾ നേരെ നീട്ടി പാദങ്ങൾ തമ്മിൽ അടുത്തിരിക്കത്തക്കവണ്ണം വെക്കണം. തക്ക സമയത്തു ശവത്തെ സൌകര്യംപോലെ കുളിപ്പിക്കയൊ, വെള്ളം കൂട്ടി തുടച്ചു ഭംഗിയാക്കുകയൊ ചെയ്യണം. ദീനമുറിയിലുള്ള മരുന്നുകൾ, പാത്രങ്ങൾ ഇത്യാദികളെ മാററി വെടിപ്പാക്കിയിടണം. അലക്കിയ നല്ല വസ്ത്രങ്ങളെ ധരിപ്പിച്ച ശേഷം ഒരു വലിയ തുണികൊണ്ടു മൂടുകയും തല മാത്രം തുറന്നിരിക്കയും വേണം. സംബന്ധക്കാർ, ബന്ധുക്കൾ മുതലായവർ അലക്കിയ തുണികൾ ശവത്തിന്മേൽ ഇടുക പൂർവ്വമര്യാദയാണ്. മരിക്കുമ്പോൾ "കുറെ പഴന്തുണി മാത്രം ലഭിക്കും" എന്നതിന്റെ ഓർമ്മയ്ക്കു ഈ സുകൃതമുറയെ അനുസരിക്കുന്നു. കോടികച്ചകൾ, വില പിടിച്ച ശീല

ത്തരങ്ങൾ ഇടുക പരിഷ്കാരരീതിയാണ്. ശവം രാത്രി വീട്ടിൽ സൂക്ഷിക്കേണ്ടിവന്നാൽ അയൽവാസികൾ, സഭക്കാർ മുതലായവർ ചെന്നു വ്യാകുലപ്രസംഗം, പാന ഇത്യാദി ഭക്തികരുടുത്ത പുസ്തകങ്ങൾ വായിക്കണം. ശവം പള്ളിയിൽ കൊണ്ടുപോകുന്നതുവരെ മരിച്ച വീട്ടിലെ ദുഃഖിതരായ അംഗങ്ങളെ അയൽവാസികൾ ആശ്വസിപ്പിക്കയും പാലിക്കയും വേണം. ശവം പള്ളിയിലേക്കു കൊണ്ടുംപോകുംവഴി കൊന്തനമസ്കാരം ചൊല്ലുന്നതു നല്ലതാണ്. മരിച്ചവരെ അടക്കുന്നതു വലിയ മനോഗുണപ്രവൃത്തിയായിരിക്കുന്നതിനാൽ പാടുപോലെ എല്ലാവരും കൂടണം. ശവം കുഴിയിൽ വച്ചാൽ മൂന്നുപ്രാവശ്യം മണ്ണു നുള്ളിയിടണം. സംബന്ധക്കാരായവർ അടന്നദിനം മരിച്ചയാളിൻെറ ആത്മാനുകൂലത്തിനായി കുർബാന ചൊല്ലിക്ക, കാണുക, ശുദ്ധമാന കുർബാന ഉൾക്കൊള്ളുക, ഭിക്ഷക്കാർക്കു ധമ്മംകൊടുക്കു മുതലായ സൽകൃത്യങ്ങളെ വശംപോലെ ചെയ്യണം. മരിച്ചടക്കം കഴിഞ്ഞു അതിനു കൂടിയവർ എല്ലാവരും, ബ. പട്ടക്കാരൻെറ ഉപദേശപ്രകാരം സിമിത്തേരിയിൽവച്ചു പിടിച്ചുതഴുകുന്നതും പൂവ്വ മുറയാണ്.

### ൨൩൭. പൂവ്വമര്യാദപ്രകാരമുള്ള ആവശ്യഅടിയന്തിരങ്ങൾ.

### ൧. പഷ്ണികഞ്ഞി

മരിച്ചവീട്ടിൽ വെപ്പും വിളമ്പും കൂടാതെ ദുഃഖവും ഉപവാസവുമായിരിക്കുമ്പോൾ ബന്ധുക്കൾ, ചാർച്ചക്കാർ മുതലായവർ ചേന്നു ശവമടക്കത്തിനു കൂടിയവരെയും വീട്ടുകാരെയും വിളിച്ചു ഭക്ഷണം തയ്യാറാക്കിക്കൊടുക്കുന്നു. മരിച്ച ആളിനെ സംബന്ധിച്ച ഈ ആദ്യശേഷക്രിയയ്ക്കു ഒരു പട്ടക്കാരനെയും ക്ഷണിക്കുകയും അദ്ദേഹവും വീട്ടിൽ വന്നു ഈ അടിയന്തിരം കഴിച്ചു പ്രാർത്ഥിക്കയും ദക്ഷിണ, നാണയമായിട്ടിടാതെ തളികയിൽ കുറെ ജീരകം വെക്കയും അച്ചൻെറ പക്കൽനിന്നും കൈകസ്തൂരി വാങ്ങി ജീരകം എടുത്തുപോകയും ചെയ്യുന്നു.

൮. പുലകുളി.

മരിച്ചയാളിൻെറ ഓൎമ്മയ്ക്കായി സാധാരണയായി മരിച്ചിട്ട ഒമ്പതു്, പതിനൊന്നു്, പതിമൂന്നു് എന്നീ ദിവസങ്ങൾ തികയുമ്പോൾ ഓരോരുത്തൻെറയും ധനസ്ഥിതിയനുസരിച്ചു പുലയടിയന്തിരം പല വൈദികരേയും അനേകം അല്മേനികളെയും ക്ഷണിച്ചുവരുത്തി കഴിക്കുന്ന ഒരു കൎമ്മമാണു്. ഈയവസരത്തിൽ വൈദികർ (മദ്ബഹാ) മന്ത്രാ പാടുകയും ജനങ്ങൾ ദക്ഷിണയിടുകയും മരിച്ചവർക്കുവേണ്ടി പ്രാൎത്ഥിക്കുകയും ചെയ്യുന്നു. ദക്ഷണയ്ക്കായി പിരിഞ്ഞുവരുന്ന പണം കുർബാനയ്ക്കായി നിയോഗിക്കുന്നതിനും പുറമെ പട്ടക്കാർക്കും മററു ശുശ്രൂഷികൾക്കും കച്ച, പണം, ഇത്യാദി ദാനങ്ങളും കൊടുക്കുന്നു. പഷ്ണിക്കഞ്ഞിയ്ക്കും പുലകുളിസദ്യയ്ക്കും മാംസമത്സ്യാദികൾ ഉപയോഗിക്കാറില്ല.

൯. പതിനേഴ്, ഇരുപത്തെട്ട്,
നാല്പത്തൊന്ന്, ആണ്ടുചാത്തം ഇത്യാദി.

പുലകുളിയുടെ അടുത്ത ദിവസം കഴിക്കപ്പെടുന്ന ഒരു അടിയന്തിരം പതിനേഴും, മരിച്ചിട്ട മാസം തികയുമ്പോൾ ഇരുപത്തെട്ട, നാല്പത്തൊന്നുകൾ ഒരു പ്രത്യേക ശേഷക്രിയയും പട്ടക്കാരെയും മററും ചേൎത്തു കഴിക്കുമാറാകുന്നു. ആണ്ടുചാത്തം മററു പ്രതിവത്സരം നടത്തപ്പെടുന്ന ചാത്തങ്ങളുടെ പ്രാരംഭവും ആണ്ടടിയന്തിരത്തിൽ പ്രഥമസ്ഥാനം വഹിക്കുന്നതിനാലും ഇതിനു ചില അസാധാരണഘോഷം കൂട്ടുക പതിവുണ്ടു്. മേല്പറഞ്ഞ ശേഷക്രിയകൾ പൂൎവ്വികമായി കത്തോലിക്കസുറിയാനികുടുംബങ്ങളിൽ മരിച്ചവരുടെ സ്മരണയ്ക്കായിട്ടും അവരുടെ ആശ്വാസത്തിനായും നടത്തിവരുന്നു. നേർച്ചകൾ, ഞായറാഴ്ചഊട്ടു്, അന്നീദാചാത്തം, ഇത്യാദികളും ഓരോ പ്രത്യേക കാൎയ്യസാദ്ധ്യത്തിനായും മരിച്ചവരുടെ ആനുകൂല്യത്തിനായിട്ടും നടത്തിവരുന്ന ഭക്തികൃത്യങ്ങൾ ആകുന്നു.

൧൦. കല്യാണാഘോഷങ്ങൾ.

പുരുഷനും സ്ത്രീയും തമ്മിലുള്ള ആദ്യവിവാഹം പവദീസായിൽവച്ചു നടത്തപ്പെട്ടതാണു്, അന്നുമുതൽ സ്വഭാവപ്രമാ

ണം അനുസരിച്ച് അനേകം വിവാഹങ്ങൾ നടത്തിട്ടുണ്ട്. മിശിഹാകാലം മുതൽക്കാണ് വിവാഹകർമ്മം ഒരു കൂദാശയുടെ നാമത്തിൽ മഹത്വപ്പെട്ടത്തിട്ടുള്ളത്. ശ്രു കത്തോലിക്കാപ്പള്ളിയുടെ നിയമങ്ങൾക്കനുസരണമായ വിവാഹ ഉടമ്പടി ഒരു കൂദാശയായിരിക്കുന്നതിനാൽ ഇതുവഴിയായി അനേകനന്മകൾ വധൂവരന്മാർക്ക ലഭിക്കാവുന്നതാണ്. വിവാഹഅന്തസ്സ് തിരിഞ്ഞെടുക്കുന്ന സ്ത്രീപുരുഷന്മാർ സുകൃതജീവിതം, വംശം, ധനം, സൌഖ്യം, വയസ്സ് ഇത്യാദിഗുണങ്ങളെ നോക്കിയാണ് കല്യാണങ്ങളുടമ്പടിക്ക ആലോചിക്കുന്നത്. സ്ത്രീധനം, പൂർവ്വകാലത്തിൽ സ്ഥാവരവസ്തുക്കളായിട്ടും പിന്നീട് പണമായിട്ടും സ്ത്രീയുടെ വീട്ടുകാർ അവൾക്ക കൊടുക്കുന്ന ഒരു മുതലാണ്. ഇതിന്റെ ഉദ്ദേശം സ്ത്രീക്കു അന്യാശ്രയംകൂടാതെ മാന്യമായി കാലക്ഷേപം കഴിക്കണമെന്നുള്ളതാണ്. അതിനാൽ തന്റെ കുടുംബത്തിലുള്ള മററു അംഗങ്ങൾ എങ്ങനെ മാന്യമായി നടക്കുന്നുവോ അപ്രകാരം അവൾ ഒരു നിർദ്ധനനായ ഭർത്താവിന്റെ വീട്ടിലായിരുന്നാലും നടക്കേണ്ടതാണ് എന്നു സ്ത്രീയുടെ രക്ഷകർത്താക്കൾ വിചാരിക്കണം. സ്ത്രീധനസംഖ്യ കാലസ്ഥിതിയും സാമാനവിലയും അനുസരിച്ച് കൂടിയും കുറഞ്ഞും ഇരിക്കുന്നതും ജീവനാംശം ബന്ധിച്ചതുമായ കാര്യമാകയാൽ അഭിമാനം, സമാവകാശം, അവസ്ഥ ഇത്യാദി ഒന്നും ഇതിൽ നോക്കേണ്ടതില്ല. ഇങ്ങനെയുള്ള സ്ത്രീധനകാര്യങ്ങളും മററു സാഹചര്യങ്ങളും ക്രമപ്പെടുത്തിയശേഷം വിവാഹത്തിന്റെ പരിശുദ്ധതയ്ക്കും വേർപിരിയാത്ത സഹവാസത്തിനും യോജിക്കാത്ത വല്ല തടസ്സങ്ങളും ഉണ്ടോയെന്നറിയുന്നതിനു മനസ്സുചോദ്യം, ഒത്തുകല്യാണം, മൂന്നുതവണ പള്ളിയിൽ വിളിച്ചുചൊല്ലുകയൊക്കയും മുൻകൂട്ടി നടക്കുന്നു. സുറിയാനിക്കാരുടെ മുറയ്ക്കു കല്യാണം സാധാരണയായി ചെറുക്കന്റെയും ചില സ്ഥലങ്ങളിൽ പെണ്ണിന്റെയും ഇടവകയിൽ ഘോഷിക്കാറുണ്ട്. പൂർവകാലത്തിൽ ചെറിയ തോബിയാസു ഗബേലിന്റെ പക്കൽ കടം പിരിക്കുന്നതിനായി പോയ വേളയിൽ മാലാകായുടെ ഉപദേശപ്രകാരം സ്വവംശത്തിൽനിന്നും ഒരു വിവാഹം നടത്തി. ആ കല്യാണവിരു

ന്നിന്റെ മുറയെ അനുസരിച്ചുകൊണ്ടും മൂന്നു ദിവസത്തെ ആഘോഷങ്ങളും ഇസഹാക്കിന്റെ ഭാര്യയുടെ തലയിൽ വിരിപ്പാവു ഇട്ടു മൂടിയപ്രകാരം സുറിയാനിക്കാരുടെ വിവാഹകർമ്മത്തിലും വിരിപ്പാവു്, താലി, കൊന്ത ഇത്യാദി വെഞ്ചരിച്ചു ഭർത്താവു് ഭാര്യയെ അണിയിക്കുന്നു. പിന്നെയും കല്യാണാവസരങ്ങളിൽ നടക്കുന്ന പല ചടങ്ങുകളും പൂർവ്വികമായി അനുസരിച്ചുവരുന്നുണ്ടു്. പൂർവ്വസുറിയാനിക്കാർ അനുസരിച്ചുവരുന്ന അടിയന്തിരചടങ്ങുകൾ മിക്കവാറും ഭാരതീയബ്രാഹ്മണരുടെ മുറയനുസരിച്ചാണെങ്കിലും അവർ സത്യവിശ്വാസം അനുസരിച്ച കാലംമുതൽ വേദമുറയ്ക്കു ഭംഗം നേരിടുന്നതിനെ മാററിയും മററു ഭാഗങ്ങളെ ആത്മീയാർത്ഥമുള്ളവയായി പകർത്തിയും വേദചട്ടങ്ങൾക്കനുസരണമായിട്ടുമാണു് നടത്തിവരുന്നതു്. ഭക്തിജന്യമായതും ജാതീയമായതുമായ ടി ക്രമങ്ങളുടെ സ്മരണ നിലനിറുത്തത്തക്കവണ്ണം മേലാലും നടക്കേണ്ടതാണെന്നുള്ള ബോധം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണു്.

## സൂചനം.

മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾ അവരുടെ വിളിപ്പും അവസ്ഥയുമനുസരിച്ചു തക്ക പ്രായത്തിൽ അന്തസ്സ് തിരിഞ്ഞെടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം. ഇന്നയന്തസ്സിൽ പ്രവേശിക്കണമെന്നു അവർ നിർബന്ധിക്കേണ്ടതില്ല. സന്യാസഅന്തസ്സോ വിവാഹജീവിതമോ തങ്ങൾക്കു യോജിക്കുന്നതെന്നു ദൈവാനുഗ്രഹം അപേക്ഷിച്ചശേഷം ഒന്നിനെ ആഗ്രഹംപോലെ തിരിഞ്ഞെടുക്കുന്നതിനു ഉപദേശിക്കണം. വിവാഹം കഴിക്കുന്നതിനുള്ള പ്രായം വി. ത്രേന്തോസ് സൂനഹദോസിലെ നിശ്ചയപ്രകാരം പുരുഷനു ൧൪-ം, സ്ത്രീക്കു ൧൨-ം വയസ്സു തികഞ്ഞിരിക്കണമെന്നാണ്. മതക്രമത്തനുസരിച്ചു ചെറുക്കനു ൧൭-ം, പെണ്ണിനു ൧൫-ം വയസ്സു പ്രായം ഉണ്ടായിരിക്കണം. പുതിയ കാനോൻപ്രകാരം വരനു ൧൬-ം വധുവിനു ൧൪-ം കഴിഞ്ഞിരിക്കണം. നമ്മുടെ രാജ്യചട്ടപ്രകാരം ൧൮ വയസ്സു തികഞ്ഞാൽ പ്രായപൂർത്തിയായി. ആ പ്രായത്തിൽതന്നെ അന്തസ് തിരിഞ്ഞെടുക്കുന്നതുത്തമമാണ്. അതുകഴിഞ്ഞു തക്ക കാരണമില്ലാതെയും അനാവശ്യമായും സ്വാരമായ ഈ അവസരത്തെ ദീർഘിപ്പിക്കുന്നതു അനുചിതവും അപ

കടവും പ്രയാസവും പൂവ്വനടപ്പിനു വിരോധവും ആയിരിക്കുന്നതുമല്ലാതെ സന്മാൎഗ്ഗത്തിനു പ്രതികൂലവും കുടുംബത്തിനു ഭാരവും മിക്കവാറും അപകീൎത്തിക്കു കാരണവുമായിരിക്കും.

# അനുബന്ധം ഫ

## 1. കത്തോലിക്കമതതത്വങ്ങൾ.

എ. ആകാശവും ഭൂമിയും ഇല്ലായ്മയിൽനിന്നും സൃഷ്ടിച്ച്; പരിപാലനം ചെയ്തുകൊണ്ടിരിക്കുന്ന സവ്വശക്തനായ ഒരു ദൈവം മാത്രമേ ഉള്ളുയെന്നും, ഒരേക ദൈവത്തിൽ തന്നെ സ്വഭാവത്തിലും ശക്തിയിലും സമന്മാരും തമ്മിൽ വേവ്വെറെയായിരിക്കുന്നവരുമായ ബാവാ, പുത്രൻ, റൂഹാദക്കുദിശാ എന്ന മൂന്നു ദൈവാളുകൾ ഉണ്ടെന്നും, ഈ പരിശുദ്ധ തമത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാൻ മനുഷ്യരേവരുടേയും രക്ഷയ്ക്കു വേണ്ടി, മാനുഷാവതാരമെടുത്തുയെന്നും, സവ്വനീതിദയാപരനായ ദൈവം നല്ലവൎക്കു രക്ഷയും ദുഷ്ടന്മാൎക്കു ശിക്ഷയും നല്കുന്നവനാണെന്നും, നാമെല്ലാവരും വിശ്വസിക്കേണ്ടിയിരിക്കുന്നു. ദിവ്യരക്ഷകനായ ഈശോമിശിഹാ എല്ലാ ജാതി മനുഷ്യൎക്കും രക്ഷയുടെ മാൎഗ്ഗമായിരിക്കത്തക്കവണ്ണം ദൃശ്യമായതും സാവ്വത്രികമായതുമായ ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അതിപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും പടൎന്നുകിടക്കുന്ന കത്തോലിക്ക (റോമ്മാ) സഭയാകുന്നു. ഈ സഭയിൽ പ്രവേശിച്ച് അതിന്റെ ചട്ടങ്ങൾക്കനുസരണമായി നടക്കാത്ത യാതൊരുത്തനും നിത്യരക്ഷയില്ലെന്നുള്ളതു് ഈ സഭയുടെ പഠനമാകുന്നു. പാപവിമോചനവും ദൈവവരപ്രസാദങ്ങളും നമുക്കു ലഭിക്കുന്നതിനായിട്ട് ഈശോമിശിഹാ സ്ഥാപിച്ചിട്ടുള്ള ഏഴു ദിവ്യകൂദാശകളും കത്തോലിക്കസഭയ്ക്കു മിശിഹാ പ്രദാനം ചെയ്തിട്ടുണ്ട്. കത്തോലിക്ക സത്യമതം നാനാജാതികളോടും പ്രസംഗിച്ച് അവരെ മാനസാന്തരപ്പെടുത്തി മാമ്മോദീസാ മുക്കുന്ന

തിനുള്ള അധികാരവും കത്തോലിക്കസഭയ്ക്കു മാത്രമേ സിദ്ധിച്ചിട്ടൊള്ളു. പുണ്യവാളന്മാരുടെ ഒരുമ്പാട്, പിഴകളുടെ പൊറുതി മരിച്ചവരുടെ ഉയർപ്പ്, നിത്യായുസ്സ് ഇത്യാദി തത്വങ്ങൾ കത്തോലിക്കസഭ സർവ്വദാ വിശ്വസിച്ചുവരുന്നു.

൬വി. ദൈവാരാധനയും, വിശുദ്ധന്മാരോടുള്ള വണക്കവും പ്രാത്ഥനയും പരിശുദ്ധ കന്യകമറിയത്തിനോടുള്ള പ്രത്യേക വണക്കവും മദ്ധ്യസ്ഥതയും വി. കത്തോലിക്കപള്ളിയുടെ വിശ്വാസസത്യങ്ങളിൽ ഉൾപ്പെട്ടതാകുന്നു. അപ്രകാരംതന്നെ നമ്മുടെ കർത്താവിൻെറയും വി. ദൈവജനനിയുടെയും മററു പുണ്യവാന്മാരുടെയും ഛായാപടങ്ങളേയും, കൊത്തുരൂപങ്ങളേയും അവ രൂപീകരിക്കുന്നവരുടെ വണക്കത്തിനും ബഹുമാനത്തിനുമായി ഉപയോഗിക്കുന്ന മുറയും, കത്തോലിക്കസഭയുടെ പാരമ്പര്യനടപടിയും വിശ്വാസസത്യവുമാകുന്നു.

ജ്ഞാപനം.

കൊത്തുരൂപങ്ങളേയും, വിഗ്രഹങ്ങളേയും, മററു സൃഷ്ടികളേയും ദൈവമായിട്ടു ആരാധിക്കുന്നവിധം അന്യജാതിക്കാരിൽ പൂവ്വകാലത്തിൽ പ്രബലപ്പെട്ടിരുന്നു. ദൈവവെളിപാടു ലഭിച്ചിട്ടില്ലാത്ത അജ്ഞാനികളേപ്പോലെയുള്ള ഈവിധവിഗ്രഹാരാധന ഒരിക്കലും ചെയ്യരുതായെന്നു ഇസ്രായേൽജനത്തോടും ദൈവം ശക്തിയായി പ്രമാണിച്ചിരുന്നു. ഗൌരവതരമായ ഈ കല്പനയെ അവഗണിച്ചു കാളക്കിടാവിനെ ഉണ്ടാക്കി ദൈവാരാധന നടത്തിയ യഹൂദജനത്തെ സീനാമലയടിവാരത്തുവെച്ചുതന്നെ കഠിനമായി ശിക്ഷിക്കയും ചെയ്തു. എന്നാൽ കല്ലുകൊണ്ടും മണ്ണുകൊണ്ടും മരംകൊണ്ടും ഉണ്ടാക്കുന്ന രൂപങ്ങളെ കത്തോലിക്കർ ദൈവങ്ങളായി ആരാധിക്കുന്നില്ല. തന്നെയുമല്ല, ഭംഗിക്കായിട്ടും ചില പ്രത്യേക സ്മരണക്കായിട്ടും മാലാഖാമാരുടെ രൂപങ്ങളേയും പിച്ചള സർപ്പത്തേയും ഉണ്ടാക്കി സ്ഥാപിക്കുന്നതിനു ദൈവം കല്പിച്ച സംഗതി കൂടി ആലോചിച്ചാൽ കൊത്തുരൂപനിമ്മാണത്തേക്കാൾ അതിൻെറ ഉപയോഗവും ആന്തരവുമാണ് അവിടുന്നു വീക്ഷിച്ചിരിക്കുന്നത് എന്നു കാണാവുന്നതാണ്. കത്തോലിക്കർ ഉണ്ടാക്കുന്ന കൊത്തുരൂപങ്ങൾ വെറും ബഹുമാനസൂചകമല്ലാതെ അവകളെ ആരാധിക്കാനല്ലയെന്നു എത്ര പറഞ്ഞാലും അന്യ

വകുപ്പുകാർ അതു സമ്മതിക്കാത്തതു് അവരുടെ ശാഠ്യംതന്നെയാണ്. തന്നെയുമല്ല രാജാക്കന്മാരുടെ നാണയങ്ങളേയും, ഛായാപടങ്ങളേയും മററു മഹാന്മാരുടെ പ്രതിമകളേയും തെരുവീഥികളിലും തോട്ടങ്ങളിലും മററും സ്ഥാപിച്ചു ബഹുമാനിക്കുന്ന പതിവു് ഇപ്പോഴും എല്ലാ ജാതിക്കാരുടെയിടയിലും സ്വീകാര്യമായിരിക്കുന്നുണ്ട്. അതു് വിഗ്രഹാരാധനയാണെന്നു യാതൊരു വകുപ്പുകാരും പറയുന്നില്ല.

സി. ഓർമ്മ, ബുദ്ധി, മനസ്സ് ഇത്യാദി വശങ്ങളോടുകൂടിയതും, അശരീരിയും, മരണമില്ലാത്തതു, നന്മതിന്മകൾക്കനുസരണമായി വർത്തിക്കുന്നതിനും, യോഗ്യത സമ്പാദിക്കുന്നതിനുമുള്ള സ്വാതന്ത്ര്യത്തോടുകൂടിയതുമായ ഒരാത്മാവു് മനുഷ്യനു ദൈവദത്തമായുണ്ടായിരിക്കുന്നതിനാൽ അവൻ തൻെറ സ്രഷ്ടാവായ ദൈവത്തെ അറിഞ്ഞ് ആത്മശരീരവശങ്ങൾ പ്രയോഗിച്ച് അങ്ങേ സ്നേഹിക്കുന്നതിനും അങ്ങേക്കിഷ്ടാനുസരണമായ ശുശ്രൂഷകൾ ചെയ്യുന്നതിനും പ്രകൃത്യാ കടപ്പെട്ടവനാണെന്ന് അറിയേണ്ടിയിരിക്കുന്നു.

ഡി. ദൈവതിരുമനസ്സറിഞ്ഞു് അങ്ങേ ആരാധിക്കുന്നതിനുള്ള ഏകമായതും സത്യമായതുമായ വഴി, യഥാവസരങ്ങളിൽ അങ്ങു് വെളിപ്പെടുത്തുകയും അത്യത്ഭുതങ്ങളാലും ദീർഘദർശനങ്ങളാലും ദൃശ്യമായുറപ്പിക്കയും ചെയ്തിട്ടുള്ള കത്തോലിക്കമതം ഒന്നു മാത്രമാണെന്നും, ഏകമായതും, സത്യമായതും; അപ്പസ്തോലിക്കയായതും, പരിശുദ്ധമായതുമായ പ്രസ്തുത കത്തോലിക്കമതാദർശങ്ങളെ യഥാസ്ഥിതിയിൽ കാത്താദരിച്ച് പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു കത്തോലിക്ക (റോമ്മ) സഭയാണെന്നും പൂർവ്വാപരവിരുദ്ധപാഠനങ്ങളടങ്ങിയ മററു വിവിധമതവിഭാഗങ്ങളും സഭകളും ദൈവപ്രകാശിതങ്ങൾ അല്ലെന്നും, അവ ശാശ്വതമായി നിലനിന്നിട്ടില്ലെന്നും പ്രതിദിനസംഭവങ്ങളും ചരിത്രങ്ങളും പ്രസ്പഷ്ടമാക്കുന്ന വാസ്തവമാണെന്നും എല്ലാവരും അറിയേണ്ടതാകുന്നു.

ഇ. മേൽ പ്രസ്താവിച്ച സത്യമതം അഥവാ വേദം ആദിമകാലത്തിൽ ഭൌമ്യപറുദീസായിൽ ഉത്ഭവിച്ചതും, സ്വഭാവപ്രമാണങ്ങളാൽ പാലിക്കപ്പെട്ടതും, മൂശനിവ്യാവഴി യഹൂദന്മാർക്കു

അറിയിക്കപ്പെട്ടതും ദൈവപുത്രനായ ഈശോമിശിഹായാൽ പുന:സ്ഥാപിക്കപ്പെട്ടതും എല്ലാ ജാതിമനുഷ്യർക്കും രക്ഷയുടെ മാർഗ്ഗമായിരിക്കത്തക്കവണ്ണം അങ്ങുതന്നെ പരിപൂർണ്ണപ്പെടുത്തിയതും ഇത:പര്യന്തം അതു് യാതൊരു മാററം കൂടാതെയിരിക്കുന്നുയെന്നു് തെളിവായി കാണാവുന്നതുമാണു്.

എഫ്. ഈശോമിശിഹായുടെ ലോകജീവിതഘട്ടത്തിൽ സത്യമതാവലംബികളായ അങ്ങേ ശിഷ്യഗണത്തെ ഒന്നിച്ചുകൂട്ടി ഒരു സഭയെ താൻ രൂപീകരിക്കയാണു് ആദ്യമായി ചെയ്തതെന്നു വേദചരിത്രത്തിൽ കാണുന്നു. ഈ സഭയാണു ക്രമേണ കത്തോലിക്കസഭയെന്നു പേർവിളിക്കപ്പെട്ടതു്. ഈ സഭയുടെ സ്ഥാപകനും തലവനും ഈശോമിശിഹാ തന്നെയാണു്. ഈ സഭയുടെ മതവിശ്വാസവും, സന്മാർഗ്ഗനിഷ്ഠസംബന്ധമായ പ്രമാണങ്ങളും യഹൂദന്മാർക്കു ദൈവം വെളിപ്പെടുത്തിയതുപോലെതന്നെ കാർക്കപ്പെടണം. യഹൂദന്മാരുടെയിടയിലുണ്ടായിരുന്ന ചില ജാതീയചടങ്ങുകളേയും മററുതാല്ക്കാലികനടപടികളേയും മാററംചെയ്തുകൊണ്ടു അതിൽ ഉപരിയായ വിധത്തിൽ ക്രിസ്ത്യാനിമതത്തെ താൻ ഉയർത്തി മനുഷ്യവർഗ്ഗത്തിനു രക്ഷയുടെ മാർഗ്ഗവും പാപവിമോചനത്തിനുവേണ്ടി അതിസ്വാഭാവികമായ അനവധി വരങ്ങളും അങ്ങു് നൽകുകയും ചെയ്തിരിക്കുന്നു. ആത്മശുദ്ധീകരണത്തിനായി മിശിഹാ സ്ഥാപിച്ച ഏഴുകൂദാശകളും കത്തോലിക്കസഭയ്ക്കു ദത്തമായിരിക്കുന്നു. കുറേക്കാലം ഈ സഭയുടെ ദൃശ്യമായ നേതൃത്വം മിശിഹാതന്നെ വഹിച്ചു. എന്നാൽ ഈശോമിശിഹാ സ്വർഗ്ഗാരോഹണം ചെയ്യേണ്ട ആവശ്യം നേരിടുകയും തന്റെ സഭ ലോകാവസാനം വരെ രക്ഷയുടെ മാർഗ്ഗമായിത്തന്നെ ഇരിക്കണമെന്നു അങ്ങു് തിരുമനസ്സാകയും ചെയ്തതിനാൽ ആലോചനയോടും മുൻകരുതലോടുംകൂടി അങ്ങേ ശിഷ്യരിൽ അഗ്രഗണ്യനായ വി. പത്രോസിനെ സഭയുടെ ദൃശ്യതലവനായിട്ടും അങ്ങേ പ്രതിനിധിയായിട്ടും അഭിഷേകം ചെയ്കയും അദൃശ്യമായവിധം അങ്ങേആദരവു് സഭയുടെമേലും പ്രത്യേകം വി. പത്രോസിന്റെമേലും

എപ്പോഴും ഉണ്ടായിരിക്കണമെന്നു അങ്ങ് വാഗ്ദാനംചെയ്കയും ചെയ്തു. വി. പത്രോസിന്റെ അധികാരാവകാശത്തിൽ പിൻതുടൎച്ചക്കാരായി റോമ്മാസിംഹാസനത്തിൽ ഇതുവരെയും ഇരുനൂററിഅറുപതിൽപ്പരം മാർപ്പാപ്പാമാർ ഏകഛത്രാധിപന്മാരായി സഭയെ ഭരിച്ചിട്ടുണ്ട്. ഇപ്പോൾതിരുസ്സഭയുടെ തലവനായിരിക്കുന്ന പതിനൊന്നാമത്തെ വി. പീയോസ്മാർപ്പാപ്പായും അതേ അധികാരത്തിൽതന്നെ സ്ഥിതിചെയ്യുന്നു വിശ്വാസത്തിലാകട്ടെ, സന്മാൎഗ്ഗപാഠനങ്ങളിലാകട്ടെ, മതനിഷ്ഠയിലാകട്ടെ യാതൊരു മാററവും കൂടാതെ ഇത്ര ദീൎഘമായി നടത്തപ്പെടുന്ന യാതൊരു മതപ്രസ്ഥാനവും ഇന്നു ലോകത്തിൽ ഇല്ല. ഈ സഭ ഇനിയും യാതൊരു മാററവും മറിച്ചിലും കൂടാതെ ലോകാവസാനംവരെ നിലക്കുമെന്നു സധൈര്യം പറയാവുന്നതുമാണ്. അതിനാൽ എല്ലാവരും നിത്യരക്ഷയുടെമാൎഗ്ഗമായിരിക്കുന്ന ഈ കത്തോലിക്കാമതത്തിന്റെ അഥവാ സഭയുടെ അംഗങ്ങളായശേഷം അതു പഠിപ്പിക്കുന്ന വിശ്വാസമുറയും പ്രമാണങ്ങളും സ്വീകരിക്കണമെന്നുള്ള സഭാസ്ഥാപകനായ മിശിഹായുടെ ഉപദേശങ്ങളെത്തന്നെ സഭ ഇപ്പോഴും പഠിപ്പിച്ചുകൊണ്ടുതന്നെയിരിക്കുന്നു.

കത്തോലിക്കസഭയുടെ തുടൎച്ചയായതും അഭിവൃദ്ധിയോടു കൂടിയതുമായ നിലനിൽപ്പും അതിശീഘ്രമായ അതിന്റെ പ്രചാരവും അതിലേക്കു ഏവനെയും ആകർഷിക്കത്തക്കതും ആ സത്യമതത്തിനുവേണ്ടി ഇഹലോകജീവനെക്കൂടെ പരിത്യജിക്കത്തക്കതുമായ മനഃസ്ഥിതിയെ പ്രദാനംചെയ്യുന്നതുമായ ഒരു അദൃശ്യശക്തി ഇതിനുള്ളതുതന്നെ ഈ സഭ രക്ഷയുടെ ഏകമാൎഗ്ഗമാണെന്നു കാണിക്കുന്ന ഒരു മഹാ വലിയ അത്ഭുതമാകുന്നു.

# അനുബന്ധം. V.

## 2. ക്രൈസ്തവേതരമായി നടപ്പിലിരിക്കുന്ന പ്രധാന മതവിഭാഗങ്ങൾ.

### എ. ഹിന്ദുമതം.

മിശിഹാകാലം 1500 വത്സരങ്ങൾക്കുമുമ്പായി ഗ്രീസ്, ഇററലി, ജമ്മനി മുതലായ പ്രദേശങ്ങളിലും തെക്കേഇൻഡ്യായിലും കുടിയേറിത്താമസിച്ച ആര്യവംശജന്മാരുടെ വേദത്തോടു യോജിക്കുന്ന ഒരു മതം—വിവിധവിഭാഗങ്ങളോടുകൂടി ഇപ്പോൾ പരിഷ്കാരത്തിലിരിക്കുന്നമതം ഹിന്ദുമതം എന്നു പറയാം. പ്രാചീനമതം ഋഗ്വേദം, സാമവേദം, യജുർവ്വേദം, അധർവ്വേദം, ഉപനിഷത് ഇത്യാദി കൃതികളിൽ വിവരിക്കുന്ന വേദസിദ്ധാന്തങ്ങൾ ശ്രുതിപ്പെട്ടവതന്നെ. ആദിമകാലങ്ങളിൽ ഏക ദൈവവിശ്വാസവും, സഹോദരത്വവും കാർക്കപ്പെട്ടിരുന്നതിനാൽ സാമുദായികജീവിതം വളരെ സ്വാതന്ത്ര്യതരമായിരുന്നു. വിവാഹം കാലാനുസൃതവും ഹിതാനുസരണവും ആയിരുന്നു. 'സതി' എന്ന ദുരവസ്ഥയുടെ കേൾവി അന്നു ഇല്ലായിരുന്നു. തീനും കുടിയും ഇഷ്ടംപോലെ സസ്യമൂലാദികളും മത്സ്യമാംസാദികളും അനുവദിക്കപ്പെട്ടിരുന്നു. ഏകദൈവവിശ്വാസം പരിഷ്കരിച്ച് അങ്ങേ സൃഷ്ടികളായ പഞ്ചഭൂതങ്ങളെയും, സൂര്യചന്ദ്രനക്ഷത്രങ്ങളെയും, രാജാക്കന്മാരെയും, പരാക്രമികളായ യുദ്ധവീരന്മാരെയും ത്രിമൂർത്തികളായ ബ്രഹ്മാ, വിഷ്ണു, മഹേശ്വരന്മാരെയും, രാക്ഷസന്മാരെയും, ഋഷികളെയും, താപസന്മാരെയും മററു ശ്രുതിപ്പെട്ടവരെയും ദേവകളായി ആരാധിപ്പാൻ തുടങ്ങി. പഴയഗ്രേക്കർ, റോമ്മാക്കാർ, ഈജിപ്തുകാർ, ഇൻഡ്യാക്കാർ മുതലായവർ മുപ്പത്തുമുക്കോടി ദേവന്മാരെ ആരാധിക്കുന്നതായി പറയപ്പെടുന്നു. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നുള്ളവിഭാഗവും പിന്നീടുണ്ടായിട്ടുള്ളതാണ്. പഴയ മറയനുസരിച്ചാൽ ഹിന്ദുമതനിരൂപണകർത്താവ് മി. ദാമോദരൻപിള്ള പറയുംപ്ര

കാരം മി. ഗാന്ധിയും ഒരു കാലത്തു ദേവന്മാരുടെ ഗണത്തിൽ പെടുന്നതിന്നു വളരെ എളുപ്പമുണ്ട്. ഇദ്ദേഹത്തിൻെറ ജീവിതം മേൽപ്രസ്താവിച്ച ചില ദേവന്മാരുടേതിൽ എത്രയോ നല്ലതാകുന്നു.

ബി. ബുദ്ധമതം.

ഗൌതമശാക്യമുനി മിശിഹാക്കാലത്തിന്നു 500 വത്സരങ്ങൾക്കുമുമ്പായി ഹിന്ദുമതസിദ്ധാന്തങ്ങളെ കുറെ പരിഷ്കരിച്ചു സകലതും നിരുപണയിൽ ലയിച്ചുപോകും എന്ന തത്വം രൂപീകരിച്ച് ഒരു മതം ഉണ്ടാക്കി താൻ ബുധാ യെന്നു പേരും എടുത്തു. ഇങ്ങനെ ബുദ്ധമതം ഉണ്ടായി.

സി. മഹമ്മദമതം.

മഹമ്മദുമതസ്ഥാപകനായ മഹമ്മദ് എന്നയാൾ ക്രിസ്താബ്ദം 568—ൽ മെക്കായിൽ ജനിച്ചു; സമ്പന്നയായ ഒരു വിധവയാൽ വളർത്തപ്പെട്ടു. 608—ൽ അദ്ദേഹത്തിന്നു 40 വയസ്സു പൂർത്തിയായപ്പോൾ താൻ ദൈവത്താൽ നിയോഗിക്കപ്പെട്ട നിബിയാണെന്നു സ്വയമേ വാദിക്കയും ഏകദൈവവിശ്വാസം അറബികളുടെയിടയിൽ പ്രസംഗിക്കയും ചെയ്തു. വിശ്വാസവും നടപടിയും വളരെ വ്യത്യസ്ഥമായി കണ്ടു ശരീരസുഖേച്ഛകളേയും സ്ത്രീവിഷയാസക്തിയേയും വർദ്ധിപ്പിക്കുന്ന ബഹുഭാര്യാത്വം അനുവദിച്ചു. വധവും കവർച്ചയും ആദരിച്ചുള്ള വേദാന്തചട്ടങ്ങളെ നിർമ്മിച്ചു. സ്ഥലത്തെ അധികാരികൾ ഈയാളുടെ നവീന ശ്രമങ്ങളെ എതിർത്തതിനാൽ മഹമ്മദുനിബി മെദീനായിലേക്കു 622—ൽ ഓടിയൊളിച്ചു. അവിടെ സഹായികളും അനുചരന്മാരും കൂടുതലായി ലഭിച്ചു. ഈകാലഘട്ടംമുതലാണ് 'ഹെജിറാ' എന്ന ചന്ദ്രക്കണക്കു മഹമ്മദീയർ കൂട്ടുന്നത്. മതസംബന്ധമായ കൊറാൻ അഥവാ അല്ക്കോറാൻ എന്ന ഗ്രന്ഥം ഇവിടെവച്ചാണു രചിക്കപ്പെട്ടത്. മഹമ്മദ് മെദീനായിൽനിന്നു അനുചരന്മാരോടുകൂടി പുറപ്പെട്ട് മെക്കായെ ആക്രമിച്ചു. താൻതന്നെ രാജാവും നിയമജ്ഞനും അപ്പസ്തോലനും ആണെന്നു സ്വയമേ പ്രസ്താവിച്ചു. 632—ൽ തൻെറ 64-ാമത്തെ

വയസ്സിൽ മരണംപ്രാപിച്ചു. അബുബേക്കർ പിൻഗാമിയായി കാലീഫ് എന്ന സ്ഥാനത്തോടുകൂടി ടി മതക്കാരെ നയിക്കുന്നതിനു തുടങ്ങി. ഇപ്പോൾ കാലിഫ് എന്ന സ്ഥാനം ഇല്ലാതായിരിക്കയാണ്.

## 3. കത്തോലിക്കേതരരായ ക്രിസ്തീയ മതവിഭാഗങ്ങൾ.

### എ. ആരിയൂസ് മതം. (അഥവാ സഭ)

കത്തോലിക്ക ക്രിസ്ത്യാനിയായിരുന്ന ആരിയൂസ് പട്ടക്കാരൻ അധികാരപ്രിയം മൂഴ്ത്ത് അലക്സാന്ത്ര്യായിലെ മെത്രാൻ സ്ഥാനത്തിനുവേണ്ടി ഭഗീരഥപ്രയത്നം കഴിച്ചിട്ടും പരാജിതനാകയാണ് ഉണ്ടായതു്. അദ്ദേഹത്തിനു പകരം ടി സ്ഥാനത്തിനു ന്യായമായി തിരിഞ്ഞെടുക്കപ്പെട്ട മാർ അലക്സന്ത്രയോസ് മെത്രാൻെറ പഠനത്തെ എതിർക്കുമാറു് നമ്മുടെ കർത്താവീശോമിശിഹാ പിതാവിനോടു സ്വഭാവത്തിലും കാതലിലും ശരിസമാനനല്ലെന്നു പഠിപ്പിച്ചു. ഈ അബദ്ധപഠനത്തെ 325 ജൂൺമാസം 19-ാംനു 318 മെത്രാന്മാരടങ്ങിയതും മാർപ്പാപ്പായുടെ പ്രതിനിധിയായ മാർ ഓസിയോസിൻെറ അദ്ധ്യക്ഷതയിലും കൊൻസ്ഥന്തീൻ ചക്രവത്തിയുടെ ആദരവിലും കൂടിയതുമായ നിഖ്യായിലെ പൊതുസൂനഹദോസിൽവെച്ച് ശപിക്കയും ആരിയൂസിനെ സഭയിൽനിന്നു ബഹിഷ്ക്കരിക്കയുംചെയ്തു.

### (ബി. മക്കദോനിയാമതം (അഥവാ സഭ.)

മക്കദോനിയോസ് പരിശുദ്ധ തമത്രീതത്തിലെ മൂന്നാമാളായ റൂഹാദക്കുദിശാതമ്പുരാൻ ദൈവമല്ലെന്നു വാദിച്ചുകൊണ്ടു കോൺസ്റ്റാൻസീസ് എമ്പ്രദോരിൻെറ ശുപാർശയിൽ കോൻസ്തൻറീനോപ്പോളി സിംഹാസനത്തിൽ പ്രവേശിച്ചു. ഇയാളുടെ പഠനങ്ങളെ ശപിക്കുന്നതിനായി തേയോദോസിയൂസിൻെറ ആദരവിലും അലക്സാന്ത്ര്യാമെത്രാൻെറ വരുതിയിലും മാർ നെക്താറിയോസിൻെറ അദ്ധ്യക്ഷതയിലും നൂററമ്പതോളം മെത്രാന്മാർ 381-ൽ കോൺസ്റ്റൻറിനോപ്പോളിൽ കൂടി പരിശുദ്ധാത്മാവിൻെറ ദൈവികതത്തെ ഉറപ്പിക്കയും അബദ്ധപ

നത്തെ ശപിക്കയും മക്കദോനിയോസിനെ സഭയ്ക്കു പുറത്തു തള്ളുകയുംചെയ്തു. ദാമസോസ്മാർപ്പാപ്പാ ഈ സൂനഹദോസ് നിശ്ചയങ്ങളെ അംഗീകരിച്ചു.

സി. നെസ്തോറീസുമതം (അഥവാ സഭ)

കോൻസ്റ്റാൻറിനാപ്പോളി പാത്രിയർക്കീസ് സ്ഥാനം വഹിച്ച നെസ്തോറീസ് മിശിഹായിൽ വ്യത്യസ്തപ്പെട്ട ദൈവികവും മാനുഷികവുമായ രണ്ടു ആളുകൾ ഉണ്ടെന്നും ധാർമ്മികമായ യോജിപ്പല്ലാതെ കാതലായ യോജിപ്പില്ലെന്നും ദൈവസ്വഭാവം ഒരു ആലയത്തിലെന്നപോലെ മനുഷ്യസ്വഭാവത്തിൽ വസിക്കമാത്രം ചെയ്യുന്നുവെന്നും അതിനാൽ കന്യാസ്ത്രീമറിയം ദൈവത്തിൻെറയല്ല "മനുഷ്യൻെറ" അമ്മയാണെന്നും പഠിപ്പിച്ചു. സോഫിയായുടെ പള്ളിയിൽ ഈ അബദ്ധപഠനം പ്രസംഗം വഴിയായി ജനങ്ങളിൽ ഉൽബോധിപ്പിച്ചു. 431 ജൂൺമാസം 22-ാംനു എപ്പേസൂസിൽ കൂടിയ പൊതുസൂനഹദോസ് ഈ അബദ്ധപഠനത്തെ ശപിച്ചു നെസ്തോറീസിനെ പുറത്തുതള്ളി. ചെലസ്റ്റീനോസ് മാർപ്പാപ്പാ സ്ഥാനാപതികളെ അയക്കയുണ്ടായി. 200—ൽപ്പരം പിതാക്കന്മാർ ഇതിൽ സംബന്ധിച്ചു.

ഡി. എവുത്തിക്കൂസ് മതം (അഥവാ സഭ)

കോൺസ്റ്റാൻറിനോപ്പോളിലെ ഒരു ആബട്ടായ എവുത്തിക്കൂസ്, നെസ്തോറീസിൻെറ അബദ്ധങ്ങളെ ഖണ്ഡിക്കയിൽ മറെറാരു വലിയ അബദ്ധത്തിൽ ചെന്നു ചാടി. അതായത് "മിശിഹായിൽ രണ്ടാൾതത്വം ഉണ്ടെന്നു നെസ്തോറീസ് പഠിപ്പിച്ചു. എന്നാൽ എവുത്തിക്കൂസ് പറഞ്ഞു, മിശിഹായിൽ ആൾ ഒന്നുതന്നെ ശരി അതു ദൈവികയാൾ, പക്ഷേ മിശിഹായുടെ മാനുഷസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചുപോയതിനാൽ ദൈവസ്വഭാവം മാത്രം ശേഷിക്കുന്നു. അതു സാക്ഷാൽ പാടുപെടാനും മരിപ്പാനും പാടില്ല. അതിനാൽ കർത്താവിൻെറ മാനുഷജീവിതവും പാടുകളും മററും "കൺകെട്ടുവിദ്യതന്നെ" എന്നു പഠിപ്പിച്ചു. ഇതു മഹാവലിയ തെററ്. ഈ തെററിനെ

ദിയോസ്ക്കോറോസ് ആദരിച്ചു. ഇയാളും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. പ്രസ്തുത തെററിനെയും ഇതുസംബന്ധിച്ചുണ്ടായ മററു പല കുഴപ്പങ്ങളെയും പരിഹരിക്കുന്നതിനായി കൽക്കദോനിയായിൽ 630 മെത്രാന്മാരും മാർപ്പാപ്പായുടെ പ്രതിനിധികളും ചേന്നു് ഒരു പൊതുസൂനഹദോസ് മാർസിയോൻ ചക്രവത്തിയുടെ രക്ഷാധികാരത്തിൽ 451 ഒക്ടോബർ 1-ാംനു- കൂടുകയും ഈ തെററിനെ ശപിക്കയും തൽകത്താക്കളായ എവുത്തിക്കൂസിനേയും, ദിയോസ്ക്കോറോസിനെയും സഭയ്ക്കു് പുറത്തു തള്ളുകയും ചെയ്തു.

ഇ. പ്രോട്ടസ്റ്റൻറുമതം (അഥവാ സഭ.)

വി. ആഗ്രസ്തീൻസഭക്കാരനായിരുന്ന മാർട്ടിൻലൂത്തർ ദണ്ഡവിമോചനപ്രസിദ്ധികരണജോലി തൻെറ ആശയ്ക്കനുകൂലമായി ലഭിക്കാഞ്ഞതു കാരണത്താൽ ശുദ്ധ. മാർപ്പാപ്പായോടു മത്സരിച്ച് 1517-ാമാണ്ടിൽ ചില നവീനപാഠനങ്ങൾ പ്രസംഗിച്ചുതുടങ്ങി. ശു. പള്ളിയുടെ വിശുദ്ധ കൂദാശകളേയും, ദോഷപൊറുതികളേയും നിഷേധിക്കയും ദുരാശയ്ക്കു തക്ക ജീവിതമുറയെ ഉപദേശിച്ചുകൊടുക്കയും ചെയ്തു. അനേകർ അയാളെ പിൻചെന്നു. കാൽവിൻ, എട്ടാമത്തെ ഹെൻട്രി, മാർട്ടിൻ, ബ്യൂച്ചർ മുതലായവർ പ്രധാനികളാണ്. മാർപ്പാപ്പായുടെ അധികാരത്തെ അവഗണിച്ചുതുടങ്ങിയ ഈ പ്രോട്ടസ്റ്റൻറുമതം വിവിധമതങ്ങളായി പിരിഞ്ഞു ഓരോവിധ ഇടത്തൂടുകളെ പഠിപ്പിച്ചുവന്നു. 1545 ഡിസംബർ 13-ാംനു- കൂടിയ ത്രെന്തോസ് സൂനഹദോസിൽവച്ച് ഈ പതിതമതവും, ശാഖകളും ശപിക്കപ്പെട്ടു. തൽസ്ഥാപകന്മാരേവരേയും സ്ഥാനവലിപ്പം അവഗണിച്ചുകൊണ്ടു ശുദ്ധ. പള്ളി പുറത്തു തള്ളിക്കളഞ്ഞു.

എഫ്. യവനായമതം (അഥവാ ഗ്രിക്കുശീശ്മ)

ഈ ശീശ്മ പാശ്ചാത്യസഭയേയും പൌരസ്ത്യസഭയേയും ഭിന്നിപ്പിച്ച ഒരു വലിയ കണ്ടകോടാലിയാണ്. ക്കോൺസ്റ്റാൻറിനോപ്പോളി പാത്രിയക്കിസു സ്ഥാനം അപഹരിച്ച ഫോസിയൂ

സ്സ് എന്നയാൾ ആദ്യം ചക്രവത്തിയുടെ അധമേനി സെക്രട്ടറിയും ആറുദിവസത്തിനകം കോൺസ്റ്റൻറിനോപ്പിളിയിലെ പാത്രിയക്കീസും ആയിയെന്നു പറഞ്ഞാൽ ഇദ്ദേഹത്തിൻെറ കുശാഗ്രബുദ്ധി എത്രകണ്ടു കേമമായിരുന്നു എന്നു മനസ്സിലാക്കാം. ഈ മഹാൻ, മാർപ്പാപ്പായോടും, റോമ്മാസിംഹാസനത്തോടും, കത്തോലിക്കപഠനത്തോടും എതൃത്ത് അനേക നടപടികൾ നടത്തുകയും, അനേകരെ തെററിലുൾപ്പെടുത്തുകയും, പലരേയും സത്യവേദത്തെപ്രതി ഞെരുക്കുകയും ചെയ്തിട്ടുണ്ട്. 869 ഒക്ടോബർ 5-ാംനു- സോഫിയാപള്ളിയിൽ കൂടിയ സൂനഹദൊസ്സ് ഇയാളെ ശപിച്ചു. ഫോസിയൂസിൻെറ മരണശേഷം കുറേക്കാലത്തേക്കു യൌനായസഭ കത്തോലിക്കസഭയോടു യോജിച്ചുവെങ്കിലും പിൻഗാമിയായ മേതുലാരിയൂസ് എന്നവൻ ഗ്രീക്കശീശ്മയെ ഇടത്തൂടും അബദ്ധപഠനവുംകൊണ്ടു നിറച്ചു. റൂഹാദക്കുദിശായുടെ പുറപ്പാടിൻെറ സംഗതിയിൽ തെററു പഠിപ്പിച്ചു. ഇപ്പഴം യൌനായശീശ്മയും ഇടത്തൂടും പല ഭാഗങ്ങളായി പിരിഞ്ഞ്/ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടക്കുന്നു. "ഗ്രീക്കു് ഓൎത്തഡോക്ക്സ്" എന്നും പറയുന്നു.

ജി. യാക്കോബായ മതം (അഥവാ സഭ)

എവുത്തിക്കൂസ്, മിശിഹായുടെ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തിൽ ലയിച്ചു എന്നു പഠിപ്പിച്ചു. ദീയസ്ക്കോറോസ് മിശിഹായിൽ ദൈവസ്വഭാവം മാത്രമേയൊള്ളുയെന്നു പഠിപ്പിച്ചു. രണ്ടുപേരും വി. സഭയാൽ ശപിക്കപ്പെട്ടപ്പോൾ യാക്കോബുബ്ബൂർദാന എന്നയാൾ മിശിഹൈക്യസ്വഭാവം എന്ന പഠനത്തെ ഏദിസ്സമാക്കിക്കൊണ്ട് അന്ത്യോഖ്യായിലെ വി. ഇഗ്നാസിയോസിൻെറ കത്തോലിക്ക പാത്രിയക്കീസുസ്ഥാനം കൈക്കലാക്കുവാൻ ശ്രമിച്ചു. സാധിക്കാഞ്ഞതിനാൽ അതിനടുത്ത മൎദ്ദീനിൽ തൻെറ സ്ഥാനം ഉറപ്പിക്കയും അന്ത്യോഖ്യാപാത്രിയക്കീസ് പ്രസ്ഥാനം പ്രസിദ്ധീകരിക്കയും ചെയ്തു. കൂനൻകുരിശുസത്യത്തിനു മുമ്പായി ഒരു ജാതിയും മതവുമായി നടന്നുവന്ന മലങ്കര സുറിയാനിക്കാരുടെ ഒരു ഭാഗം സ്വജാതിയിൽ മെത്രാനെ

കിട്ടാത്തതിൽ നിരാശപ്പെട്ടും പറുങ്കിമെത്രാനെ സ്വീകരിക്കാൻ മനസ്സില്ലാഞ്ഞതിനാലും മട്ടാഞ്ചേരിൽവച്ചു കൂനൻകുരിശിൽ കയറുകെട്ടി പറുങ്കിമെത്രാനെ മേലാൽ സ്വീകരിക്കയില്ലെന്നു ശപഥം ചെയ്തു് ആദ്യം ഭിന്നിപ്പുണ്ടാക്കി പിരിയുകയും പുത്തൻകൂറ എന്ന പേരു ലഭിക്കയും ചെയ്തു. പുത്തൻകൂറായി പിരിഞ്ഞവർ കാലാന്തരത്തിൽ യാക്കോബുബുർദാനായെയും അദ്ദേഹത്തിന്റെ പഠനങ്ങളെയും സ്വീകരിച്ചതിനാൽ പുത്തൻകൂറുകാരായവർ യാക്കോബായ ഇടത്തുട്ടകാരായിത്തീർന്നു. ഈ മതവിഭാഗക്കാരെ ശുദ്ധ. പള്ളി തിരുസ്സഭയ്ക്കു പുറത്താക്കിയിരിക്കയാണ്.

## 4. മലങ്കര യാക്കോബായമതവിഭാഗങ്ങൾ.

### എ. യാക്കോബായ (അഥവാ സുറിയാനി പ്രോട്ടസ്റ്റൻറു്)

സി. എം. എസ്സ് കാരായ പ്രോട്ടസ്റ്റൻറുകാരുടെ വരവോടുകൂടി മലങ്കര നസ്രാണികളിൽനിന്നും പിരിഞ്ഞുപോയ പുത്തൻകൂറുകാർ ഒരു ഭാഗം ഇംഗ്ലീഷ് വിദ്യാഭ്യാസവും തന്മൂലം ലഭിക്കാവുന്ന സർക്കാരുദ്യോഗങ്ങളും, ഓരോ ലൌകികലാഭങ്ങളും, ഐശ്വര്യങ്ങളും, അധികാരബലവും ഇച്ഛിച്ചുകൊണ്ടു് പ്രോട്ടസ്റ്റൻറുകാരുമായി ഇടപെടുകയും അവരുടെ മതാചാരങ്ങളിൽ പഠിപ്പിക്കപ്പെടുകയും ചെയ്തതു കാരണം, പ്രോട്ടസ്റ്റൻറു സുറിയാനി എന്ന ഒരു മതവിഭാഗം അവരിലുണ്ടായി.

### ബി. മാർത്തോമ്മാ— നവീകരണക്കാർ.

മേൽപ്രസ്താവിച്ച പുത്തൻകൂറുകാരിൽ വേറൊരു വലിയ ഭാഗം അവരുടെ ഇടയിലുണ്ടായ ആഭ്യന്തരകലഹം മൂലം വേറൊരു കക്ഷിയായി തിരിഞ്ഞു. ഇവർ കൂടുതലായി പ്രോട്ടസ്റ്റൻറുകാരുടെ ശുപാർശ പിടിച്ചതിനാൽ ആ മതത്തോടു ഏകദേശം യോജിക്കുന്ന ഒരു പുതിയ സഭയായി പിരിഞ്ഞു. ഇവർ നവീകരണക്കാർ എന്നും "മാർത്തോമ്മാ" സുറിയാനിക്കാർ എന്നും പറയപ്പെടുന്നു. മെത്രാൻകക്ഷിയെന്ന പേർ ആദ്യമായി ഈ കൂട്ടർ എടുത്തു വി. കുർബാനയിലുള്ള നമ്മുടെ കർത്താവിന്റെ സാന്നിദ്ധ്യത്തെ നിഷേധിച്ചു ഇവരിൽ ചിലർ ഇപ്പോൾ സം

ശയിച്ച പ്രോട്ടസ്സൻറു മതപ്രകാരം തക്കാ പരിഷ്കാരത്തിനു ശ്രമിച്ചുവരുന്നു.

സി. യാക്കോബായ ബാവാകക്ഷി.

കത്തോലിക്ക നസ്രാണികളിൽനിന്നും കൂനൻകുരിശു സത്യംമുതൽ പിരിഞ്ഞുപോയ പുത്തൻകൂറുകാർ തമ്മിലുണ്ടായ പ്രമാദമായ കേസുകൾ മൂലവും മററും മെത്രാൻകക്ഷി പിരിഞ്ഞതിൽപിന്നെ അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിനെ സേവിച്ചും അനുസരിച്ചും നിന്ന കക്ഷി യാക്കോബായക്കാരിൽ ഭൂരിപക്ഷമായിരിക്കുന്നതിനാൽ അവർ ബാവാകക്ഷിയെന്ന നിലയിൽതന്നെ നിന്നു.

ഡി. യാക്കോബായ രണ്ടാമത്തെ മെത്രാൻകക്ഷി.

ബാവാകക്ഷിയായി നിന്ന പുത്തൻകൂറുകാർ പള്ളിഭരണക്കാര്യത്തിൽ അത്മേനിഭരണം പ്രധാനമായി ഗണിച്ചിരുന്ന അവസരത്തിലാണ് അബ്ദുള്ളാപാത്രിയർക്കീസ് അന്ത്യോഖ്യായിൽനിന്നും മലയാളത്തു വന്നത്. ആദ്യംതന്നെ അദ്ദേഹത്തെ ബാവാകക്ഷികൾ ഒന്നുചേന്നു കേമമായി സ്വീകരിച്ചു വലിയ എതിരേൽപ്പുകളും സല്ക്കാരങ്ങളും നല്കി. എന്നാൽ പള്ളിവസ്തുക്കളേയും തൽഭരണത്തേയും സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ കല്പനയെ ഒരുകൂട്ടർ ധിക്കരിക്കയും പത്രങ്ങളിലും മററും സ്തുതിച്ച പേനാകൾ കൊണ്ടുതന്നെ അദ്ദേഹത്തെ പരസ്യമായി ദൂഷിക്കയും മററും ചെയ്തു. ഇതിൽ ഒരു ഭാഗം മെത്രാൻകക്ഷിയും മറുഭാഗം പഴയ ബാവാകക്ഷിയുമായി പിരിഞ്ഞു. പിരിഞ്ഞവർ രണ്ടാമത്തെ മെത്രാൻകക്ഷി എന്നു പറയപ്പെടുന്നു.

ഇ. ക്രിസ്ത്യേതരരായ ചില്ലറ മതക്കാർ.

മേൽപ്രസ്താവിച്ച വമ്പിച്ച മതവിഭാഗങ്ങൾ കൂടാതെ ഇൻഡ്യാ, പേർസ്യാ, ജപ്പാൻ, ചൈനാ മുതലായ മററു പ്രദേശങ്ങളിലുമായി അനേകം അജ്ഞാനമതങ്ങൾ ഉള്ളതായി കാണാം. അവരിൽ ചിലർ ശിവനെ ഭജിക്കുന്നവരും, മററവർ വിഷ്ണുവിനേയും, ഒരുകൂട്ടർ ഗണേശനേയും, തീയേയും, കാ

ററിനേയും, വരുണനേയും, കാളിയേയും, ഭദ്രകാളിയേയും, സൂൎയ്യനേയും; ചന്ദ്രനേയും, ഗോക്കളേയും, പാമ്പിനേയും, ഗരുഡനേയും, ആനയേയും, സിംഹത്തേയും, കല്ലിനേയും, മരത്തേയും, ഭൂമിയേയും ആരാധിക്കുന്നതിനും പുറമേ യാതൊരുത്തൻ ദൈവമായി തിരിഞ്ഞെടുക്കുന്ന എല്ലാവറേറയും ദേവന്മാരായിട്ടു വിശ്വസിച്ചു സേവിച്ചുവരുന്നു.

ൻ. കത്തോലിക്കേതരരായ ചില്ലറ മതക്കാർ.

ക്രിസ്ത്യാനിമതത്തിൻേറയും കത്തോലിക്കാസഭയുടേയും പ്രവേശനപദവിയായിരിക്കുന്ന മാമ്മോദീസാ എന്ന കൂദാശയെ പള്ളിയുടെ നാമത്തിലും നിയോഗത്തിലും അല്ലാതെയും സ്വീകരിച്ചശേഷം ഓരോരുത്തനു തോന്നിയവിധം മതത്തെ സ്ഥാപിച്ചുകൊണ്ടും വ്യാഖ്യാനിച്ചുകൊണ്ടും നായകസ്ഥാനം സ്വയമേ സ്വീകരിച്ചുകൊണ്ടും ഓരോ മതവിഭാഗങ്ങൾ ഉണ്ടാക്കുക മുമ്പേതന്നെയുള്ള ഒരപമൎയ്യാദയാണ. വിശുദ്ധ ആഗുസ്തീനോസു മല്പാൻെറ കാലത്തുതന്നെ ഈവക സഭകൾ 200-ൽപ്പരമുണ്ടായിരുന്നു. നിമിഷത്തിൽതന്നെ അവ അധഃപതിക്കയും ചെയ്തു. പിന്നീടു ആയിരക്കണക്കിനുണ്ടാകയും വീഴുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മുടെ നാട്ടിലറിയപ്പെട്ടവ താഴെ ചേർക്കുന്നു. ലുത്തേർസഭ, കൽവിൻസഭ, പ്രസ്ബിത്തേരിയൻ, ഹൈച്ചർച്ച്, ലണ്ടൻമിഷ്യൻ, ഓത്തഡോക്ക്സ്, രക്ഷാസൈന്യം, യൂയോമതം, (അഞ്ചര) റസ്സൽമതം, നവീകരണം, മെത്തോഡിസ്റ്റ്, അനബപ്റ്റിസ്റ്റ്, പെൻറകോസ്ത, ബ്രദർമിഷ്യൻ, കേക്കർ, മിണ്ടാമാൎഗ്ഗം, രക്ഷിക്കപ്പെട്ടതു്, യോഹന്നാൻമതം, മാമ്മൻ, കുരുവിളവേദം, നരകം, സൂറായിമതം, ലോകാവസാനം, ആത്മികം, ശാരിരികം, മായവിദ്യ, നവീനത്വം ഇത്യാദി ഭാഗങ്ങൾതന്നെയാകുന്നു.

൧. സ്വതന്ത്രമതം അഥവാ സഭ.

പരിഷ്കാരം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നുയെന്നു വിചാരിക്കപ്പെടുന്ന ഈ ആധുനികകാലത്തു, ഓരോ ദേശക്കാരും

ജാതികളും മതത്തെ കേവലം അവഗണിച്ചിരിക്കുന്നുവെന്നു അനുദിന നടപടികൾ വിശദമാക്കുന്നുണ്ട്. ഇപ്പോൾ സ്വാതന്ത്ര്യജീവിതത്തെ അനുഷ്ഠിക്കുന്നതിനു് ഏവനും ആഗ്രഹിക്കുന്നു. ദൈവശക്തിക്കാകട്ടെ, മനുഷ്യശക്തിക്കാവട്ടെ, അധികാരത്തിനാവട്ടെ അവർ കീഴ്പ്പെടുന്നില്ല. സ്വാതന്ത്ര്യം, സമത്വം, സഹോദരത്വം എന്ന മുദ്രാവാചകത്തിന്റെ തണലിൽ നിന്നുകൊണ്ടു് അരാജകത്വം, അവിശ്വാസം, അക്രമം, അസന്മാർഗ്ഗികത്വം, കളവു്, കവർച്ച, കൊലപാതകം, മദ്യപാനം ഇത്യാദി ദുഷ്ടതകളെ അവസരംപോലെ രഹസ്യമായും പരസ്യമായും ചെയ്യുന്നതിനും ഈ കൂട്ടർ അശേഷം മടിക്കുന്നില്ല. അവർക്കു തോന്നിയവിധമുള്ള മതാനുഷ്ഠാനകർമ്മങ്ങൾ ചെയ്യുന്നുവെന്നു നടിക്കാതിരിക്കുന്നില്ല. സാക്ഷാൽ യാതൊരു മതത്തിന്റെയും ചട്ടങ്ങൾക്കും, ക്രമങ്ങൾക്കും യോജിക്കുംവണ്ണം അവർ പ്രവർത്തിക്കുന്നുമില്ല. എന്നാൽ ഭാവത്തിൽ ശ്രുതിപ്പെട്ട ഒരു മതാംഗമാണെന്നു് നിശ്ശങ്കം നടിക്കയും അതേസമയത്തുതന്നെ ആ മതത്തെ സ്വകൃത്യങ്ങളാൽ നിന്ദിക്കയും ചെയ്യും. "വയറു് അവരുടെ ദൈവം" എന്ന വാക്യത്തിനൊത്തവണ്ണം ലൌകികകാര്യങ്ങളല്ലാതെ യാതൊരു ആത്മികനന്മയും ആഗ്രഹിക്കാത്ത ഈ കൂട്ടർ സ്വാതന്ത്ര്യമതക്കാർ അഥവാ സഭക്കാർ ആകുന്നു. ഇവരേപ്പററി താഴെ വരുന്ന വേദവാക്യങ്ങൾ ന്യായമായി മനസ്സിലാക്കാവുന്നതാണ്. ദാവീദുനിവ്യാ—മസ്മോ: 25 വച. 1-3 "ദുഷ്ടൻ ദൈവം ഇല്ലായെന്നു അവന്റെ ഹൃദയത്തിൽ പറയുന്നു. അവരുടെ തിന്മയിൽ അവർ വഷളന്മാരും ദ്വേഷിക്കപ്പെട്ടവരുമാകുന്നു. നന്മപ്രവർത്തിക്കുന്നവൻ (അവരിൽ) ആരുമില്ല" വി. പൌലോസിന്റെ റോമ്മാക്കാർക്കുള്ള ലേഖനം ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന വാക്യങ്ങൾ ഈവക സ്വേച്ഛരാപ്രഭൃതികൾക്കു മിക്കവാറും യോജിക്കുന്നതാണ്.

എന്തെന്നാൽ അവർ ദൈവത്തെ അറിഞ്ഞിട്ടും ദൈവമായി അങ്ങേ അവർ സ്തുതിക്കയോ അങ്ങേയ്ക്കുപകാരസ്മരണ ചെയ്കയോ ചെയ്തില്ല. പ്രത്യുത അവരുടെ വിചാരങ്ങൾ വ്യർത്ഥ

മായതും അവരുടെ ഭോഷത്വഹൃദയം കുരുടത്വമുള്ളതുമായി ഭവിച്ചു. ജ്ഞാനികൾ എന്നു പ്രശംസിച്ചുകൊണ്ടു ഭോഷന്മാരായിചമഞ്ഞു. അശരീരിയായ ദൈവത്തിൻെറ മഹത്വത്തെ അവർ അഴിവുള്ള മനുഷ്യൻെറയും, പക്ഷികളുടെയും, നാല്ക്കാലികളുടെയും, ഇഴജന്തുക്കളുടെയും വിഗ്രഹമായി പകൎത്തി. തൻമൂലം അവരുടെ ഹൃദയവികാരങ്ങൾ അശുദ്ധതകൾക്കും ദുൎമ്മോഹങ്ങൾക്കും ആശകൾക്കും വശംവദമായി ഉപേക്ഷിക്കപ്പെട്ടു. ശപിക്കപ്പെട്ട അവരുടെ ഇന്ദ്രിയങ്ങൾ വഴിയായി അസ്വഭാവികവും, അസന്മാൎഗ്ഗികവുമായ പ്രവൃത്തികൾക്കു സ്ത്രീപുരുഷന്മാർ ഒരുപോലെ അധീനപ്പെട്ടു. ദൈവത്തെ അവർ മറന്നതിനാൽ ഏതുതരം നീചകൃത്യം ചെയ്യുന്നതിനും അവർ നിൎബ്ബന്ധിക്കപ്പെട്ടു. എല്ലാവക ദുഷ്ടതകളും പാപങ്ങളും ലുബ്ധ്, വ്യഭിചാരം, വേശ്യാപ്രവൃത്തി, പക, കൊലപാതകം, ചതിവു്, പിണക്കം, വൈരാഗ്യം, അവിശ്വാസം, അനുസരണമില്ലായ്ക, ഏഷണി, നിഗളം മുതലായ അനേകതരം കൎമ്മദോഷങ്ങൾക്കു അവർ അഴിച്ചുവിടപ്പെട്ടവരായിത്തീൎന്നു.

ജ്ഞാപനം.

ദൈവവിശ്വാസവും മതബോധവും സത്യസഭയുടെ അറിവും ഒരുത്തനുണ്ടായശേഷം സത്യത്തോടു മറുതലിച്ചു ശാഠ്യമായി നില്ക്കുന്നതായാൽ റൂഹാദക്കുദിശായുടെ അനുഗ്രഹം അവനു ഉണ്ടാകയില്ലെന്നും തൻമൂലം രക്ഷ ലഭിക്കുന്നതു വളരെ പ്രയാസത്തിലാണെന്നും മേൽ പ്രസ്താവിച്ച വേദവാക്യം സാക്ഷിക്കുന്നു.

൩. നിരീശ്വരത്വം.

മതം, അഥവാ വേദം ദൈവവും മനുഷ്യനുംതമ്മിലുള്ള ബന്ധത്തെ കാണിക്കുന്നതിനാൽ "ദൈവം ഇല്ല" എന്നു പറയുന്ന നിരീശ്വരത്വം ഒരു മതമായി ഗണിക്കപ്പെടാവുന്നതല്ല. എങ്കിലും ഇതു സ്വാതന്ത്ര്യമതത്തിൻെറ ഒരു വകഭേദമാണെന്നു പറയാം. "ദൈവം ഇല്ലാ എന്നു ദുഷ്ടൻ അവൻെറ ഹൃദയത്തിൽ പറയുന്നു" എന്ന വാക്യപ്രകാരം ലോകത്തിലെ അസംഖ്യം ജനങ്ങളുടെ ഇടയിൽ കൃതജ്ഞതയില്ലാത്ത ചില ദുഷ്ടന്മാർ

ദൈവം ഇല്ലെന്നു വാദിക്കുകയും അവരുടെ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കാത്തവയെ വിശ്വസിക്കാതിരിക്കയും ചെയ്യുന്നു. മനുഷ്യരായി ജീവിക്കുന്നു എന്നല്ലാതെ യാതൊരു മതനിഷ്ഠയും ഇവർക്കില്ല. ദൈവമില്ലെന്നുള്ള തിർശീലയ്ക്കുള്ളിൽ ഇരുന്നു സ്വാതന്ത്ര്യജീവിതത്തെ വിസ്തൃതമാക്കുന്ന ഒരു നവീന അഭിപ്രായത്തിൽ ഈലോകജീവിതം അവസാനിപ്പിച്ച് ദൈവം, വിധിയുടെ സമയം വരുമ്പോൾ അങ്ങേ അതിശയമായ സർവ്വശക്തിയ്ക്കു നീതിപ്രകാരം കീഴ്പ്പെടുന്നതിനു ഈ നിരീശ്വരന്മാരും നിർബന്ധപ്പെടുന്നു.

## അനുബന്ധം ൰.

### കത്തോലിക്കാ സഭയുടെ അവകാശവാദം.

ദിവ്യരക്ഷകനായ ഈശോമിശിഹാ രക്ഷയുടെ മാർഗ്ഗമായി ഒരു സഭയെ മാത്രം സ്ഥാപിച്ചിരിക്കുന്നതിനാൽ "ഒരു ദൈവം, ഒരു മാമ്മോദീസാ, ഒരു സഭ" എന്നു പറയപ്പെട്ടിരിക്കുന്നു. അതു് അപ്പസ്തോലികവും, പരിശുദ്ധവും, സാർവ്വത്രികവുമായിരിക്കുന്ന കത്തോലിക്കാസഭയാണെന്നു് ചരിത്രവും, യുക്തിയും, പാരമ്പര്യവും വിശദമായി കാണിക്കുന്നു. അതിനാൽ ഏകസഭയിൽ ആഭ്യന്തരവും, ബാഹ്യവുമായ കലഹങ്ങൾ ഉണ്ടാകുന്നതും ഭിന്നിതവും, വിവിധവും, നവീനവും, വിപരീതവുമായിരിക്കുന്ന പഠനങ്ങൾ അടങ്ങിയതുമായ പല മതങ്ങളും സഭകളും ഉണ്ടാകാൻ പാടില്ല. മിശിഹായുടെ സ്വന്ത ശിഷ്യന്മാർ പഠിപ്പിച്ചതിനു് വിപരീതമായി പഠിപ്പിക്കുന്ന "എല്ലാ സഭകളും തൽസ്ഥാപകന്മാരും ശപിക്കപ്പെട്ടവർ" എന്നു വേദവാക്യമായിരിക്കുന്നതിനാൽ രക്ഷയുടെ ഏകമാർഗ്ഗമായിരിക്കുന്നതിനുള്ള അർഹത കത്തോലിക്കാസഭയ്ക്കു മാത്രമേയുള്ളൂ. ഭിന്നതകളും ശീശ്മകളും വിവിധവേഷങ്ങളും ഉപദേശങ്ങളും ഉണ്ടായിരിക്കുന്നതുകൊണ്ടു കത്തോലിക്കാസഭ ഭയപ്പെടുന്നില്ല; പിൻമാറുന്നുമില്ല. കത്തോലിക്കാസഭാസ്ഥാപകനായ മിശിഹായുടേയും, അങ്ങേശിഷ

ഗണമായ അപ്പസ്തോലന്മാരുടെയും ഉപദേശങ്ങളെത്തന്നെ ഈ സഭ ഇപ്പോഴും പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഏക വിശ്വാസത്തിലും സന്മാർഗ്ഗനടപടിയിലും സ്ഥിരമായി നിൽക്കുന്നു. അവർ വിതച്ച വിത്തുകൾതന്നെ വിതച്ചുകൊണ്ടിരിക്കുന്നു. ഇനി ലോകാവസാനംവരെ അതിന്റെ വിശ്വാസത്തിൽനിന്നോ സന്മാർഗ്ഗനിഷ്ഠയിൽനിന്നോ മറ്റു പഠനങ്ങളിൽനിന്നോ ഒരിക്കലും വ്യതിചലിക്കുന്നതല്ല, മാറുന്നതല്ല; ഇളകുന്നതല്ല. കാരണം, "ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന ദിവ്യഗുരുവിന്റെ വാഗ്ദാനമാണ് കത്തോലിക്കസഭയുടെ നിലനില്പിനു അടിസ്ഥാനമായി നില്ക്കുന്നതു്. എന്നാൽ ഈശോമിശിഹായുടെ ശാപമേറ്റതും മുന്തിരിക്കൊടിയായിരിക്കുന്ന തന്നിൽനിന്നും വെട്ടപ്പെട്ടതുമായ എല്ലാ വിപരീതസഭകളും സ്ഥാപനങ്ങളും ഓരോന്നായി നശിച്ചിരിക്കുന്നു. ഇപ്പോൾ വിവിധവേഷധാരികളായി പുറപ്പെട്ടിരിക്കുന്ന വകുപ്പുകാരും ആഭ്യന്തരമായും ബാഹ്യമായും ഭിന്നിച്ചു വിവിധമതങ്ങളായി തിരിഞ്ഞ് ഇല്ലാതെയാകുന്ന ഈ കാലത്തുതന്നെ കത്തോലിക്കസഭ രക്ഷയുടെ ഏക മാർഗ്ഗമായി ലോകത്തിൽ പ്രകാശിച്ച് അതിന്റെ അവകാശത്തെ ഉറപ്പിച്ചുകൊണ്ടുതന്നെയിരിക്കും. കത്തോലിക്കസഭയുടെ ഈ അവകാശത്തെ അപഹരിക്കുമാറു് ഇനിവോട്ടുകൂടെ തങ്ങൾ സ്ഥാപിച്ചിരിക്കുന്നതോ, നവീകരിച്ചിരിക്കുന്നതോ, ചേർന്നിരിക്കുന്നതോ ആയ സഭകൾക്കു രക്ഷയുണ്ടെന്നു പറഞ്ഞാൽ അതു് വെറും നാട്യമാണെന്നു കാണിക്കാവുന്നതാണ്. ഇഹലോകഐശ്വര്യങ്ങളേയും സുഖാദികളേയും സ്വതന്ത്ര ജീവിതത്തേയും മാത്രം ലാക്കാക്കി നടക്കുന്ന സ്വതന്ത്രമതക്കാരും നിരീശ്വരന്മാരും ആത്മരക്ഷയുടെയും നിത്യഭാഗ്യത്തിന്റെയും കാര്യം തൽക്കാലത്തേക്കെങ്കിലും മാററിവച്ചിരിക്കുന്നതായി അനുഭവം കാണിക്കുന്നതിനാൽ അവർ ആത്മരക്ഷയുടെ കാര്യത്തെക്കുറിച്ചു വാദിക്കയും പറയുകയുംചെയ്യുന്നില്ല. ഇവരെ ഒഴിച്ചാൽ മറ്റെല്ലാ മതവിഭാഗക്കാരും കത്തോലിക്കാമതം രക്ഷയുടെ മാർഗ്ഗമാണെന്നു സമ്മതിക്കുന്നു; എങ്കിലും തങ്ങളുടെ മതങ്ങളിലും രക്ഷയുണ്ടെന്നു അ

വർ പറയുന്നു. എന്നാൽ സംഗതിയുടെ വാസ്തവം ഗ്രഹിക്കാതെയോ അഥവാ ഗ്രഹിച്ചിട്ട വകവയ്ക്കാതെയോ അപ്രകാരം പറയുന്നുഎന്നു് ഏതു സ്ഥിതിക്കാരനും മനസ്സിലാക്കാവുന്ന ന്യായങ്ങൾ ഉണ്ടു്. ഒന്നിനെമാത്രം തൽക്കാലം താഴെച്ചേർക്കുന്നു. അതായതു ദൈവം ഒരുവൻ മാത്രമേയുള്ളു. അങ്ങു് നിതിസ്വരൂപിയും പരമസത്യവാനുമാകുന്നു. ദൈവം ഒരുനാളും ആരെയും തട്ടിക്കാനും യാതൊരുത്തനാൽ തട്ടിക്കപ്പെടാനും വഹിയാ. പൂർവ്വാപരവിരുദ്ധങ്ങളായ പഠനങ്ങളടങ്ങിയ വിവിധമതവിഭാഗങ്ങൾ അവിടുന്നു പഠിപ്പിച്ചാൽ ഒരുകൂട്ടക്കാരെ തട്ടിക്കുന്നതായി വരും. അങ്ങനെ ദൈവത്തെക്കുറിച്ചു ഊഹിക്കാൻകൂടി നമുക്കു പാടില്ലാത്തതാകുന്നു. അതിനാൽ വിപരീതപഠനങ്ങളടങ്ങിയ മതങ്ങൾ ഉണ്ടായിക്കൂടാ. കുറേക്കൂടി തെളിവായി പറഞ്ഞാൽ, ഞായറാഴ്ച ശുദ്ധമായി കാർക്കണമെന്നു ഒരു കൂട്ടരോടു ദൈവം കല്പിക്കുമ്പോൾ അതേസമയംതന്നെ അതു വേണ്ടായെന്നു സത്യമായിവേറൊരുത്തനോടു എങ്ങനെ പറയും? അധികാരത്തിനു കീഴ്പ്പെടണമെന്നു ഒരു വകുപ്പുകാരോടു ദൈവം കല്പിക്കുമ്പോൾ ഒരു കൂട്ടർക്കു എല്ലാ അധികാരങ്ങളേയും ധിക്കരിക്കുന്നതിനു കല്പിക്കുന്നതെങ്ങനെ? ഏകദൈവത്തെ മാത്രം ആരാധിക്കണമെന്നും അങ്ങേയ്ക്കു മാത്രം ഊഴിയം ചെയ്യണമെന്നും കല്പിക്കുന്ന ദൈവം ഒരു കൂട്ടക്കാരോടു മുപ്പത്തിമുക്കോടി ദേവന്മാരെ സേവിക്കുന്നതിനു പ്രമാണിക്കുന്നതെങ്ങിനെ? വിശ്വാസവും അതനുസരിച്ചുള്ള പ്രവൃത്തികളും ഒരു മതക്കാരോടു ആവശ്യപ്പെടുന്ന ദൈവം വേറൊരു സഭക്കാർക്കു വിശ്വാസം മാത്രം മതിയെന്നു പറയുന്നതെങ്ങിനെ? വിശുദ്ധപള്ളിയോടും അതിൻെറ തലവനോടും അനുസരണയുള്ളവരാകണം എന്നു കല്പിക്കുന്ന ദൈവം മററുകൂട്ടരോടു് ശു. പള്ളിയേയും അതിൻെറ ഭരണകർത്താക്കന്മാരെയും ദ്വേഷിക്കണമെന്നു പഠിപ്പിക്കുന്നതു എങ്ങിനെ? മേൽ പ്രസ്താവിച്ച വ്യത്യാസങ്ങൾ എല്ലാം വന്നുകൂടുന്നതും നിസ്സാരകാര്യത്തിലല്ല. നാമെല്ലാവരുടെയും നിത്യരക്ഷയുടെ ഏററം ഗൌരവമായ സംഗതിയിലാണെന്നും ഈ അവസരത്തിൽ ഗാഢമായിനാം ചിന്തിക്കണം.

# പ്രത്യേകം സൂക്ഷിക്കണം.

a. കത്തോലിക്കമതം ഏക ദൈവത്തിൽ വിശ്വസിക്കുന്നു. ഹിന്തുമതവും മററു് അജ്ഞാനമതങ്ങളും ബഹു ദേവന്മാരിൽ വിശ്വസിക്കുന്നു.

b. കത്തോലിക്കമതം വിശ്വാസത്തേയും സന്മാർഗ്ഗനടപടിയേയും അധികാരത്തെയും ആദരിക്കുന്നു.

c. മററു പല സഭകളും വിശ്വാസത്തിലാകട്ടെ, സന്മാർഗ്ഗപാഠങ്ങളിലാകട്ടെ, അധികാരാജ്ഞയിലാകട്ടെ യാതൊരു ആദരവും കാണിക്കുന്നില്ല. നേരേമറിച്ച് അവയെ ദ്വേഷിക്കുന്നു.

d. കത്തോലിക്കസഭയുടെ സ്ഥാപനം മിശിഹാകാലത്തുതന്നെ നടന്നുയെന്നു തെളിവുകൾ ഉണ്ട്. മററു സഭകൾക്കു അങ്ങിനെയുള്ള ഒരു പൂർവ്വികത്വം ചൂണ്ടിക്കാണിക്കുന്നില്ല.

e. കത്തോലിക്കസഭയുടെ തലവനെ നിശ്ചയിച്ചതു് മിശിഹാ നേരിട്ടുതന്നെയാണ്. പ്രസ്തുത അധികാരം അങ്ങേ നിശ്ചയപ്രകാരം തുടർച്ചയായി മാർപ്പാപ്പാമാരിൽ സ്ഥിതിചെയ്യുന്നു. ആദ്യവസാനം തലസ്ഥാനത്തിൽ യാതൊരു മാററമില്ലാത്തതായ നേതാക്കന്മാരുടെ ഇത്ര ദീർഘമായ ഒരു പട്ടിക കാണിക്കുന്നതിനു യാതൊരു ഇതരസഭകൾക്കും സാധിക്കുന്നതല്ല.

f. സകല ജാതികളോടും സത്യവേദം പ്രസംഗിക്കുന്നതിനായി വി. ശ്ലീഹന്മാർവഴി കത്തോലിക്കസഭാനേതാക്കന്മാൎക്കു മിശിഹായിൽനിന്നു ലഭിച്ചിരിക്കുന്ന പരമ്പരയായ അധികാരം പിന്നീട് ഉണ്ടായ ഭിന്നിത സഭകൾക്കു ഉണ്ടായിരിക്കുന്നില്ല. അവർക്കു് ഇങ്ങനെ ഒരധികാരം ലഭിച്ചതായി ഒരു ലക്ഷ്യം കാണിക്കുന്നതിനുമില്ല.

N. B. കത്തോലിക്കമതതത്വങ്ങളും അന്യ മതതത്വങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഇനിയും വിവരിച്ചുപറയാനുണ്ടെങ്കിലും ഈ ചെറിയ ഗ്രന്ഥത്തിൽ കൂടുതൽ പറയുന്നതിനു സാധിക്കയില്ല; പ്രത്യേക പ്രബന്ധങ്ങൾ നോക്കി മനസ്സിലാക്കിക്കൊള്ളണം.

### അനുമാനം.

ലോകത്തിൻെറ നാനാഭാഗത്തുമായി പ്രചരിക്കപ്പെട്ടിരിക്കുന്ന കത്തോലിക്കസഭാനടപടികളും അങ്ങുമിങ്ങുമായി മുളച്ചുവരുന്ന വിപരീതസഭകളുടെ പ്രസ്താവനകളും തമ്മിൽ എത്രയോ വലിയ വ്യത്യാസമുണ്ടായിരിക്കുന്നുയെന്ന് അവ ഓരോന്നിൻെറ തത്വങ്ങളേയും, ചരിത്രരേഖകളേയും നിഷ്പക്ഷമായി ഒന്നു പരിശോധിച്ചാൽ എളുപ്പത്തിൽ കാണാവുന്നതാണ്. ഇത്തരത്തിലുള്ള വിപരീതപഠനങ്ങളും തത്വങ്ങളും അടങ്ങിയ സഭകളെല്ലാം ദൈവം സ്ഥാപിച്ച രക്ഷാമാർഗ്ഗങ്ങളാണെന്നു വാദിക്കുന്നത് ദൈവനീതിയേയും സത്യത്തേയും നിഷേധിക്കുകതന്നെയാണ്. അഥവാ രണ്ടും രണ്ടും എട്ടാണെന്നോ, നട്ടുച്ച പാതിരാവാണെന്നോ പറയുന്നതുപോലെയാകുന്നു സംഗതിയുടെ വാസ്തവം. ഇപ്രകാരമിരിക്കയാലും കത്തോലിക്കമതത്തിൽ രക്ഷയുണ്ടെന്നു എല്ലാ മതാനുസാരികളും ഒന്നുപോലെ സമ്മതിക്കുന്നതിനാലും മററു മതങ്ങളുടെ പഠനങ്ങൾ മിക്കവാറും അവ തമ്മിൽതന്നെ നോക്കിയാലും കത്തോലിക്കമതത്തോടു ഒപ്പിച്ചു നോക്കിയാലും അവതമ്മിൽ വ്യത്യാസപ്പെടുന്നതിനും പുറമെ കത്തോലിക്കമതത്തോടു പ്രത്യേകിച്ചാവട്ടെ പൊതുവിലാകട്ടെ യോജിക്കുന്നില്ലെന്നു മാത്രമല്ല വളരെ വ്യത്യാസപ്പെട്ടിരിക്കുന്നതിനാലും പൂർവ്വീകവും, പരിശുദ്ധവും, സാർവ്വത്രികവും യാതൊരു മാററമില്ലാത്തതുമായ കത്തോലിക്കമതം അഥവാ സഭ രക്ഷയുടെ ഏകമാർഗ്ഗമാണെന്നു സുബോധമുള്ള ഏവനും മനസ്സിലാക്കാവുന്നതാണ്.

അതിനാൽ ലോകനിയന്താവായ ദൈവത്തിൻെറ തിരുമനസ്സും അങ്ങേ പ്രിയപുത്രനും നമ്മുടെ രക്ഷകനുമായ ഈശോമിശിഹായുടെ അത്യാശയും 'ദാഹവും' എല്ലാ മനുഷ്യരും രക്ഷയുടെ ഏക മാർഗ്ഗമായ കത്തോലിക്കമതത്തിൽ ചേരണമെന്നും കത്തോലിക്കക്രിസ്ത്യാനികളെല്ലാവരും അവർ ചേർന്നിരിക്കുന്ന സഭയുടെ ചട്ടങ്ങൾക്കനുസരണയുള്ളവരായിരിക്കണമെന്നുമാകുന്നു. ഈ സംഗതി എല്ലാവരും അറിഞ്ഞു ശിരസാവഹിച്ചുകൊണ്ടുനടക്കേണ്ടതാകുന്നു.

1. നാമംകൊണ്ടല്ല നടപടികൊണ്ടു കത്തോലിക്കനാകണം.

2. പ്രമാണങ്ങളുടെ പഠനവും പ്രസംഗവും കേൾവിയും നമ്മെ ശുദ്ധീകരിക്കയില്ല. അവസ്ഥാനുസരണമായ ജീവിതമുറയും പ്രവൃത്തികളും മാത്രം രക്ഷയ്ക്കുപകരിക്കും.

# വേദപ്രചാരവേല.

മലങ്കര കത്തോലിക്കസുറിയാനികർമ്മലീത്താസഭക്കാരുടെ മാതൃകൊവേന്തയായ മാന്നാനം മാർ യൌസേപ്പുപിതാവിൻെറ ആശ്രമദേവാലയത്തിൽവച്ചു 1855—ൽ പതിനൊന്നു് പെ. ബ. പിതാക്കന്മാർ അവരുടെ സന്യാസവ്രതങ്ങൾ നിത്യമായി ദൈവത്തിനു സമർപ്പിച്ചു. മാന്നാനം ആശ്രമദേവാലയത്തിൽ 1868-ൽ വേദപ്രചാരവേല തുടങ്ങുകയും പുലയർ, പറയർ, ഈഴവർ ആദിയായ അന്യ മതക്കാരെ മാമ്മോദീസാ മുക്കുകയും ആദ്യമായി ആശ്രമദേവാലയത്തിൽതന്നെ അവർക്കു പ്രവേശനം നൽകുകയും ചെയ്തു. ആ കാലങ്ങളിൽതന്നെ മററു ചില കർമ്മലീത്താആശ്രമങ്ങളിലും വേദപ്രചാരവേല നടത്തുകയുണ്ടായി. പെ: ബ: പൂർവ്വപിതാക്കന്മാർ വേദപ്രചാരവേലയിലും, മിസ്സവേലയിലും അനുഷ്ഠിച്ച ചില ക്രമങ്ങൾ താഴെ ചേർക്കുന്നു.

## 1. വേദപ്രചാരം.

### എ. മാമ്മോദീസാ മുങ്ങുവാൻ വരുന്ന പ്രായപൂർത്തിയായവർ പഠിക്കേണ്ടതു്.

1. ശുദ്ധമാന സ്ലീബായുടെ അടയാളം.
2. ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ.
3. നന്മനിറഞ്ഞമറിയം,
4. വിശ്വാസത്തിൻെറ തലപ്പെട്ട രഹസ്യങ്ങൾ രണ്ടു്
5. വിശ്വസിക്കുന്നേൻ എന്ന നമസ്കാരം.
6. വേദപ്രമാണങ്ങൾ പത്തു്.
7. മാമ്മോദീസാ എന്ന കൂദാശ എന്തു്?

8. പാപം എന്തു്? പൊറുതി എങ്ങനെ?

9. മനസ്താപം.

11. ദൈവനീതി, അനുഗ്രഹം, കുററക്കാരെ ശിക്ഷിക്കും. നല്ലവർക്കു സമ്മാനം നൽകും. ഇവ മനസ്സിലാക്കണം.

ജ്ഞാപനം.

പഠിക്കുന്നതിനു തക്ക പ്രായവും ത്രാണിയുമുള്ളവർ മററു സാഹചര്യങ്ങൾകൊണ്ടു തടയപ്പെടുന്നില്ലാത്തപക്ഷം മേൽപ്രസ്താവിച്ച എല്ലാ നമസ്കാരങ്ങളും പഠിക്കണം. വേണ്ടതായ മനഃസ്താപം വരുത്തുന്നതിനുള്ള പ്രകരണങ്ങളെ ചൊല്ലിക്കൊടുത്തു ഒരുക്കിയശേഷം മാമ്മോദീസാ കൊടുക്കണം. എന്നാൽ ഏതെങ്കിലും തക്ക കാരണത്താൽ എല്ലാം മനപ്പാഠം പഠിക്കുന്നതിനു കഴിയാതെവന്നാൽ അത്യാവശ്യം വേണ്ട വിശ്വാസരഹസ്യങ്ങളേയും സത്യങ്ങളേയും മനസ്സിലാക്കി പാപത്തെക്കുറിച്ചുള്ള മനസ്താപം വരുത്തി മാമ്മോദീസാ മുക്കുകയും ചെയ്യാം.

ബി. കുമ്പസാരം, കുർബാന എന്ന കൂദാശകളെ കൈക്കൊള്ളേണ്ടവർ പഠിക്കേണ്ടതു്.

1. എ. അക്കത്തിൽ കാണിച്ചിരിക്കുന്ന എല്ലാ വിഷയങ്ങളും.

2. കുമ്പസാരമെന്ന കൂദാശ എന്തു്?

3. നല്ല കുമ്പസാരം ചെയ്യുവാൻ വേണ്ടുന്ന കാര്യങ്ങൾ അഞ്ചു്.

4. ശുദ്ധ. പള്ളിയുടെ കല്പനകൾ അഞ്ചു്.

5. ഞാൻ പിഴയാളി.

6. മുഴുവൻ തേററം.

7. കുർബാന എന്ന കൂദാശ എന്തു്?

8. ശു. കുർബാന യോഗ്യതയോടുകൂടി കൈക്കൊള്ളുവാൻ വേണ്ടുന്ന കാര്യങ്ങൾ മൂന്നു്.

9. ശുദ്ധ. കുർബാന കൈക്കൊണ്ടാലുള്ള വിശേഷഫലങ്ങൾ.

10. കർത്താവിൻെറ മാലാഖാ, പരലോകരാജ്ഞി എന്ന ത്രികാലജപങ്ങൾ.

സി. മുമ്പിലത്തെ ഒപ്പ്ശ്മാ കൈക്കൊള്ളുന്നവർ പഠിക്കേണ്ടതു്.

1. എ. ബി. അക്കങ്ങളിൽ കാണിച്ചിരിക്കുന്ന എല്ലാ വിഷയങ്ങളും.

2. മുമ്പിലത്തെ ഒപ്പ്ശ്മാ എന്ന കൂദാശ എന്തു്?

3. റൂഹാദക്കുദിശാതമ്പുരാൻെറ ദാനങ്ങൾ ഏഴ്.

4. റൂഹാദക്കുദ്ശാതമ്പുരാൻെറ ഫലങ്ങൾ പന്ത്രണ്ടു്.

5. റൂഹാദക്കുദ്ശാതമ്പുരാനോടു മറുത്തുള്ള ദോഷങ്ങൾ ആറു്.

6. വിശ്വാസം, ശരണം, ഉപവി എന്ന മൂന്നു ദൈവഗുണങ്ങൾ ഏവ?

7. ശുദ്ധ. പള്ളി എന്തു്?

8. തിരുസ്സഭയുടെ അധികാരികളെപ്പററി വേണ്ട അറിവുകൾ.

9. സത്യവേദത്തെക്കുറിച്ചു മരിച്ച അനേക വേദസാക്ഷികളുടെ ധീരത.

10. വിശ്വാസത്തിൻെറ ഉറപ്പു്, പ്രവൃത്തികളാൽ കാണിക്കയും തികഞ്ഞ ക്രിസ്ത്യാനികളാകയും വേണം. ഇത്യാദി തെളിവായി പഠിപ്പിക്കണം.

ഡി. വിവാഹ അന്തസ്സുകാർ പഠിക്കേണ്ടതു്.

1. എ. ബി. സി. അക്കങ്ങളിൽ കാണിച്ചിരിക്കുന്ന എല്ലാ വിഷയങ്ങളും.

2. നമസ്കാരം മുപ്പത്തിമൂന്നു കൂട്ടങ്ങളും.

3. പരിശുദ്ധ കൊന്തമാതാവിൻെറ പ്രാർത്ഥന നൂററി അമ്പത്തിമൂന്നുമണിജപം.

4. നമ്മുടെ കർത്താവിൻെറ അഞ്ചു തിരുമുറിവുജപം.

5. ശു. ഉത്തരിയമാതാവിൻെറ ജപം.

6. ശു. വ്യാകുലമാതാവിൻെറ ജപം.

7. ശു. യൌസേപ്പുപിതാവിൻെറ ജപം.

8. ശുദ്ധീകര ആത്മാക്കളുടെയും മാലാകാമാരോടുള്ളതുമായ ജപങ്ങൾ.

9. തിരുഹൃദയജപമാല, മററു കൊന്തകൾ.

10. ഉഷഃകാലജപം, രാത്രിജപം.

11. വേദോപദേശം എട്ടു പാഠങ്ങൾ.

12. വിവാഹം എന്ന കൂദാശ എന്തു്? അതിൻെറ മഹത്വം, ദമ്പതിമാരുടെ മുമതലകൾ ഇത്യാദി.

ഈ. മുഴുവൻ ധ്യാനമുറ.

a. ഓരോ ഇടവകകളിൽനിന്നോ, മിസ്സങ്ങളിൽനിന്നോ ധ്യാനിപ്പിക്കുന്നതിനായി ക്ഷണിക്കപ്പെട്ടമ്പോൾ നമ്മുടെ പൂർവ്വപിതാക്കന്മാർ ന്യായപ്രമാണമുറയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തശേഷം, ധ്യാനം നടത്തേണ്ട സ്ഥലത്തു് മുൻപുകൂട്ടിത്തന്നെ ഹാജരാകുക. സാധാരണയായി ഞായറാഴ്ച കാലത്തെ പൊതുകുർബാനയ്ക്കുശേഷം പ്രാരംഭജപങ്ങൾ ചൊല്ലുന്നു. പിന്നീട്ടു ധ്യാനത്തിൻെറ ഗുണം, ആവശ്യം, ധ്യാനം കഴിക്കേണ്ട വിധം ഇത്യാദി വിഷയങ്ങളെപ്പററിയും, അടുത്തുതന്നെ തുടങ്ങുന്ന ധ്യാനത്തിനു എല്ലാവരും കൂടേണ്ടതിൻെറ ആവശ്യത്തെ കാണിച്ചുകൊണ്ടും ഒരു പ്രസംഗം ചെയ്ക പതിവാണ്. ധ്യാനസ്ഥലത്തു് ഒരു തൂങ്ങപ്പെട്ട രൂപം സ്ഥാപിക്കുന്നു. സൌകര്യംപോലെ ശ്രൂ. വ്യാകുലമാതാവിൻെറയും, വി. മിഖായേൽമാലാഖായുടേയും കൊത്തുരൂപങ്ങളും എല്ലാവർക്കും കാണത്തക്കവണ്ണം അൾത്താരകളിൽ വെക്കുന്നു.

b. ധ്യാനദിവസം കാലത്തു കൊന്തനമസ്കാരം, പിന്നീട്ടു് ഉപദേശം, അതുകഴിഞ്ഞു ധ്യാനപ്രസംഗം, കുറേനേരം ധ്യാനം, മനസ്താപപ്രകരണവും സുകൃതജപങ്ങളും ചൊല്ലി ധ്യാനം അവസാനിപ്പിക്കുന്നു. ഉച്ചയ്ക്കു മുൻപുതന്നെ ചിലപ്പോൾ കുമ്പസാരപ്രസംഗം ഉണ്ടായിരിക്കുന്നതാണ്.

c. ധ്യാനദിവസം ഉച്ചകഴിഞ്ഞു കൊന്ത രണ്ടാം ഭാഗം അഥവാ, വിയാസാക്രാ, ഉപദേശം, ധ്യാനപ്രസംഗം, ധ്യാനം, പ്രാത്ഥനകൾ ശ്രു. കു. വിസിത്ത.

N. B. സ്നേഹക്കൊന്ത, അനുഗ്രഹക്കൊന്ത, തിരുഹൃദയജപമാല മുതലായ ജപങ്ങൾ ഇടയ്ക്കും പ്രത്യേകം ശുദ്ധ. കർബാന കൈക്കൊ

ള്ളുന്ന അവസരങ്ങളിലും കൂട്ടമായി ചൊല്ലുന്നതു് ഉത്തമമായിട്ടുള്ളതാണ്.

d. ധ്യാനത്തിനു ചേരുന്നവരുടെ പേരുകൾ എഴുതി ചിട്ടികൊടുക്കും. എന്നാൽ വല്ല സംഗതിവശാൽ കുമ്പസാരത്തിനു തടസ്സപ്പെടുന്നവർക്കു പ്രത്യേക ചിട്ടി വേണ്ടിയിരിക്കുന്നു.

e. ധ്യാനാവസരത്തിൽ ഇടവകക്കാർ എല്ലാവരും കൂടണം. കുമ്പസാരിച്ചു ശുദ്ധ കുർബാനകൈക്കൊള്ളണം. ഓരോരുത്തനിലുള്ളതും അയൽക്കാർതമ്മിലുള്ളതുമായ എല്ലാ വിഷ്ടകളേയും കുററങ്ങളേയും ഈയവസരത്തിൽ പരസ്പരം പറഞ്ഞുതീർക്കയും പരിഹരിക്കയുംവേണം. വഴക്കുതർക്കങ്ങൾ പറഞ്ഞുതീർക്കണം. ഉത്തരിപ്പുകടങ്ങൾ കഴിയുംവിധം കൊടുത്തുതീർക്കണം. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള തെററിധാരണകളും വഴക്കുകളും തീർത്തു രഞ്ജിപ്പമാകണം. ഉപവിയും സമാധാനവും കുടുംബങ്ങളിലും ഇടവകയിലും ഉണ്ടാകണം. കടശി ദൈവത്തിനു ഉപകാരസ്മരണചെയ്തു ധ്യാനം അവസാനിപ്പിക്കുന്നു. ശു. കുർബാനയുടെ വാഴ്‌വും ശു. മാർപ്പാപ്പായുടെ ആശീർവ്വാദവും അവസരംപോലെ കൊടുക്കും.

f. കുട്ടികളുടെ ധ്യാനം സാധാരണയായി നാലു ദിവസംകൊണ്ടു അവസാനിപ്പിക്കുന്നു. ഈ അവസരങ്ങളിൽ അവരെ ആദ്യമായി കുമ്പസാരിപ്പിക്കയും യോഗ്യതയുള്ളവർക്കു ആഘോഷമായവിധത്തിൽ ശു. കുർബാന കൊടുക്കയും ചെയ്യുന്നു. ആവശ്യപ്പെട്ട വേദപാഠങ്ങൾ അവർക്കു പറഞ്ഞുകൊടുക്കുന്നതു പ്രത്യേക സംഗതിയാണ്.

ആദ്യകുർബാന കൈക്കൊള്ളുന്ന ബാലന്മാരെ പ്രത്യേകം ഒരുക്കി ഉടുപ്പു്, ഷർട്ടു് മുതലായ വസ്ത്രങ്ങൾ ധരിപ്പിച്ചും തലയിൽ പൂമുടികൾ ചാർത്തിയും തിരികൾ കത്തിച്ചുപിടിച്ചും പ്രദക്ഷിണം കഴിക്കുന്നു. ഒരു തൂങ്ങപ്പെട്ട രൂപവും തിരികൾ ഇരുവശവും കത്തിച്ചുപിടിച്ചും മുമ്പായി പോകയും കുട്ടികൾ വരിയായി നടന്നു നല്ല പാട്ടുകൾ പാടിക്കൊണ്ടു ഘോഷയാത്ര പള്ളിയിൽ പ്രവേശിക്കയും ചെയ്യുന്നു. ആദ്യം ശു. കുർബാനയുടെ മഹത്വം, കൈക്കൊള്ളേണ്ട യോഗ്യതസംബന്ധിച്ചു ചുരുങ്ങിയ ഉ

പദേശം കർബാനകഴിഞ്ഞ് ശ്രു. കർബാന കൊടുക്കുന്നു. ആ സ്ഥപ്പാട്ടുജപങ്ങൾ ഒരാൾ നടുവിൽനിന്ന് ഉച്ചത്തിൽ വായിക്കണം. ന ക. തിരുഹൃദയജപമാല ശ്രു. കർബാന കൈക്കൊള്ളുന്നയവസരത്തിൽ കൂട്ടമായി ചൊല്ലണം.

കുട്ടികളുടെ കർബാനകൈക്കൊള്ളലും ഉപകാരസ്മരണയും കഴിഞ്ഞശേഷം മാമ്മോദീസാപറഞ്ഞൊപ്പ് പുത്തനാക്കുന്ന സംഗതിയെക്കുറിച്ചും മേലാൽ കുടുംബങ്ങളിൽ എങ്ങനെയുള്ള ജീവിതമുറയനുസരിക്കണമെന്നും മററും ഒരു ചെറിയ ഉപദേശം രക്ഷകർത്താക്കളെക്കുറിച്ചി ആകർഷിക്കത്തക്കവിധം പറയണം. പിന്നീട്ട മാമ്മോദീസാപറഞ്ഞൊപ്പ പുത്തനാക്കുന്ന ജപം ചൊല്ലുന്നു. ഒരു ചെറിയ മേശയിൽ ഒരു തൂങ്ങപ്പെട്ടരൂപം രണ്ടു കത്തുസാൾ കത്തിച്ച് ഇടവും വലവും വെക്കുന്നതു കൂടാതെ ഒരു ഏവൻഗേലിപ്പുസ്തകവും മേശയിൽതന്നെ വെക്കണം. ധ്യാനഗുരു അഥവാ വികാരി കസേരയിൽ ഇരുന്നുകൊണ്ടു സൌകര്യംപോലെ നാലോ അതിലധികമോ ബാലന്മാരെക്കൊണ്ട് ആദ്യം ഏവൻഗേലിപ്പുസ്തകത്തിന്മേൽ വലത്തുകൈ വെച്ചുകൊണ്ട് താഴെ വരുന്ന വാചകത്തിനു ഉത്തരം പറയിപ്പിക്കുന്നു.

ഗുരു—പിശാചിനെ നീ ഉപേക്ഷിക്കുന്നോ?

ഉത്തരം—ഞാൻ ഉപേക്ഷിക്കുന്നു.

ഗു—അവൻെറ ആഘോഷങ്ങളെ നീ ഉപേക്ഷിക്കുന്നോ?

ഉ—ഞാനുപേക്ഷിക്കുന്നു.

ഗു—അവൻെറ പ്രവൃത്തികളെ നീ ഉപേക്ഷിക്കുന്നോ?

ഉ—ഞാനുപേക്ഷിക്കുന്നു.

ഗു—ആരുടെ മകനായി നടപ്പാൻ നീ മനസ്സാകുന്നു?

ഉ—ദൈവത്തിൻെറ മകനായി ജീവിപ്പാൻ ഞാൻ മനസ്സാകുന്നു

ഗു—എത്രനാളത്തേക്ക്?

ഉ—എന്നന്നേക്കും.

ഗു—കൊള്ളാം സമാധാനത്തിൽ പോകാം.

ആൺകുട്ടികളുടെ ക്രമം അവസാനിച്ചശേഷം പെൺകുട്ടികളും മേൽ പ്രസ്താവിച്ചപ്രകാരം ചെയ്യുന്നു.

N. B. ആദ്യകുർബാന കൈക്കൊണ്ടവൎക്ക് ഈ അവസരത്തിൽ സൌകൎയ്യംപോലെ പടങ്ങളും സാക്ഷിപത്രങ്ങളും ഓൎമ്മയ്ക്കായി കൊടുക്കും. ചിലപ്പോൾ പള്ളിക്കായ്ക്കത്തിൽനിന്നോ, ഔദാൎയ്യശീലന്മാരിൽനിന്നോ കുട്ടികൾക്ക് ഒരു ലഘുഭക്ഷണവും കൊടുക്കാറുണ്ട്.

---

# അനുബന്ധം ൪.

---

## കുടുംബക്രമം.

1. സൎവ്വശക്തനും ദയാപരനുമായ നല്ല ദൈവം ആദിപിതാക്കന്മാരെ ഭൌമ്യപറുദീസായിൽ ഒരു കുടുംബമായി രൂപീകരിച്ച് അവർ കാക്കേണ്ട ചില ചട്ടങ്ങളും അങ്ങു കല്പിച്ചു നല്കുകയുണ്ടായി. കുടുംബജീവിതം സമുദായത്തിന്റെയും ജാതിയുടെയും അടിസ്ഥാനമായിരിക്കുന്നതിനാൽ അതിന്റെ സ്വീകരണവും, ക്രമീകരണവും പരിശുദ്ധതയും ഒഴിച്ചുകൂടാത്ത ഒന്നാണെന്ന് സ്വഭാവംതന്നെ പഠിപ്പിക്കുന്നു. ക്രമമായ കുടുംബജീവിതം, കരകളേയും, നാട്ടുകളേയും പ്രദേശങ്ങളേയും യോജിപ്പിക്കുന്നതിനും, ദൈവസ്നേഹവും പരസ്നേഹവും കാക്കപ്പെടുന്നതിനും വളരെ ഉപകാരപ്രദമായിട്ടുള്ളതാണ്. അതിനാൽ കത്തോലിക്ക് "മതപഠന" പ്രബന്ധത്തിന്റെ പൂൎത്തീകരണത്തിനായി ചുരുക്കം ചിലതുകളെ താഴെചേൎക്കുന്നു.

2. ഈശോമറിയം യൌസേപ്പ് എന്ന വിശുദ്ധ അംഗങ്ങളടങ്ങിയ നസ്രസ്സിലെ തിരുക്കുടുംബം ഏതു നിലയിലും ഏതെല്ലാംവിധത്തിലും അനുകരണീയമായി ശോഭിച്ചിരുന്നോ അതേവിധത്തിൽതന്നെ കഴിയുംവിധം നമ്മുടെ കുടുംബങ്ങളേയും നടത്തിക്കൊണ്ടുപോകുന്നതിനു കുടുംബനേതാക്കന്മാർ ഒത്തൊരുമിച്ചു ശ്രമിക്കേണ്ടതാണ്.

3. ഭാര്യാഭർത്താക്കന്മാർ പരസ്പരവിശ്വാസവും, സ്നേഹവും ഉള്ളവരായിരിക്കണം. അന്യോന്യം സഹായസഹകരണത്തോടുകൂടി വർത്തിക്കണം. ഭർത്താവു് വീടിൻെറ യജമാനനും, ഭാര്യ അതിലെ നാഥയുമായിരിക്കണം. ഭർത്താവു് സ്വന്തം കുടുംബകാര്യങ്ങളിൽ പുറമേയുള്ള ഏർപ്പാടുകൾ നടത്തുകയും ഭാര്യ അകമേനിന്നുകൊണ്ടു വേണ്ടവിധം സൂക്ഷിക്കയും കൈകാര്യങ്ങൾ ചെയ്കയും വേണം.

4. ആദിപിതാവായ ആദത്തിനു ഒരു തുണയും, കൂട്ടും ആയിരിക്കത്തക്കവണ്ണം ഹാവായെ ദൈവം സൃഷ്ടിച്ചിരിക്കയാൽ അവളെ ഒരടിമയെപ്പോലെ അദ്ദേഹം വിചാരിച്ചിട്ടില്ലെന്നു കരുതേണ്ടിയിരിക്കുന്നു. അപ്രകാരം ഭർത്താവും ഭാര്യയെ വെറും ഒരു ശുശ്രൂഷിയുടെയോ അടിമയുടെയോ നിലയിൽ ഒരിക്കലും വിചാരിക്കേണ്ടതല്ല. അതു കത്തോലിക്കാനയവുമല്ല. പ്രത്യുത, ഒരു തുണയും കൂട്ടുകാരിയുമാകുന്നുയെന്ന ഭാവത്തിൽ അവളോടു പെരുമാറണം. എന്നാൽ സ്ത്രീയും അവൾ ഭർത്താവിനു സദാ കീഴ്പ്പെടേണ്ടവളാണെന്നുള്ളതു വിസ്മരിച്ചു സംസാരിക്കയൊ പ്രവർത്തിക്കയൊ ചെയ്യരുതാത്തതാണ്. ഓരോത്തൻ അവനവൻെറ നിലയേയും, വിലയേയും, പദവിയേയും വിടാതെ സൂക്ഷിക്കണം. അമിതസ്നേഹവും അധികമായ ദ്വേഷവും വർജ്ജിക്കണം.

5. കുടുംബാംഗങ്ങൾ തമ്മിൽ ആലോചിച്ചു വർത്തിക്കുന്നതു സമാധാനത്തിനും, ഉപവിക്കും, ഐകമത്യത്തിനും, മനോരമ്യത്തിനും വളരെ ഉപകരിക്കുന്നതാണെങ്കിലും, വീട്ടെജമാനൻെറ കല്പനാശക്തിയേയും, കീഴുള്ളവരുടെ ആജ്ഞാനുസരണയേയും അനാദരിച്ചും അവഗണിച്ചും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു.

6. പരസ്പരദോഷാരോപണത്തിനു് തക്കതായ ദുർഗ്ഗുണങ്ങൾ ഉണ്ടാകാതെ ഇരുകൂട്ടരും സൂക്ഷിക്കണം. വല്ലതും ഉണ്ടായാൽതന്നെയും ഒരുത്തൻ മററാളെ ഭാഷിച്ചും ദുഷിച്ചും കൊണ്ടും വഴക്കുണ്ടാക്കാതെ ഇരുകൂട്ടരും ക്ഷമിക്കതന്നെ ചെയ്യണം.

7. സ്വന്ത കുടുംബാവസ്ഥയെ അന്യരെ അറിയിക്കയും

അന്യരുടെ വൎത്തമാനങ്ങളെ അന്വേഷിച്ചു അറികയും വേണ്ടാ. സ്വ ഭരണീയരുടെ വീഴ്ചകളെ പരിഹരിച്ചു ശരിപ്പെടുത്തി നട ത്തുന്നതിനു പകരം അതിനെപ്പററി അന്യരോടു് എന്നാൽ പ്ര ത്യേകം യാതൊരു നിവൃത്തിമാൎഗ്ഗവും ഉണ്ടാക്കുന്നതിനു വശമില്ലാ ത്തവരോടു സങ്കടം പറയുന്ന ഭരണകൎത്താവു് തന്നത്തന്നെ താഴ്ത്തുകയും സ്വന്തം വശഹീനതയെ അറിയിക്കുകയും ചെയ്യു ന്നു. ഭയത്തോടുകൂടിയുള്ള കുടുംബഭരണം ശരിയാകയില്ല.

8. കുടുംബത്തലവൻ തന്റെ കീഴുള്ളവരിൽ ദൈവഭയ മുണ്ടാക്കുന്നതിനും അവരെ ഭക്തിമാന്മാരാക്കുന്നതിനും ശ്രമി ക്കണം. കുടുംബാംഗങ്ങൾ എല്ലാവരുംകൂടി തക്ക സമയത്തു ഉ ഷഃകാലജപം, മററു നമസ്കാരങ്ങൾ, ജപമാല ഇത്യാദി പതി വുള്ള ഭക്തികൃത്യങ്ങൾ ചെയ്യുന്നതിനും പള്ളിയിൽ പോയി ദി വ്യപൂജ കാണുക, ദിവ്യകൂദാശകളെ യഥാവിധി കൂടെക്കൂടെ കൈക്കൊള്ളുക ഇത്യാദി നിറവേററുന്നതിനും മററും ഉത്സാഹി പ്പിക്കണം.

9. ഭാൎയ്യാഭൎത്താക്കന്മാർ ജീവിതത്തിൽ ക്രമമുള്ളവരും അ ടക്കം, വിനയം, പരസ്പരസ്നേഹം, മിതവ്യയം, പരിശ്രമശീലം, നീതി, ക്ഷമ ഇത്യാദി സൽകൃത്യങ്ങളിൽ നല്ല മാതൃകകളായി കു ടുംബത്തിൽ ശോഭിക്കണം. മക്കളുടെ വിദ്യാഭ്യാസം, പ്രത്യേകം മതപാഠനം, സുകൃതജീവിതം, നല്ലവരോടുള്ള സംസൎഗ്ഗം മുതലാ യവയിൽ ശ്രദ്ധിക്കണം.

10. ഈ ദേശവാസികളായ വിവിധജാതിക്കാരെ വേൎതി രിക്കത്തക്കവണ്ണമുള്ള ജീവിതമുറയും, നടപടികളും, വസ്ത്രധാര ണവും പൂൎവ്വീകമായി എല്ലാവരും തന്നെ അനുസരിച്ചു വന്നിട്ടു ള്ളതാണു്. ഇപ്പോഴാകട്ടെ വിവിധവേഷധാരികളും, ആഡംബ രപ്രിയന്മാരും രസികന്മാരുമായ യുവാക്കന്മാരുടെ കൂട്ടത്തിൽ ഹിന്ദുവിനെയും, അഹിന്ദുവിനെയും, കത്തോലിക്കക്രിസ്ത്യ നെയും, അകത്തോലിക്കനെയും, വലിയവനെയും, സാധാരണ നെയും അവർ വഹിക്കുന്ന ബാഹ്യചിഹ്നങ്ങൾകൊണ്ടു മന സ്സിലാക്കാൻ പാടില്ലാതെ വന്നിരിക്കുന്നു. തന്നെയുമല്ല സംഭാ ഷണരീതിയും, മൎയ്യാദയും, ആചാരോപചാരങ്ങളും മിക്കവാറും

മേൽ വിവരിച്ച നടപടികൾ യോജിച്ചതുമായിരിക്കും. അതിനാൽ കുടുംബപാലകന്മാർ അവരുടെ സംരക്ഷണയിലുള്ള ബാല്യ വിദ്യാർത്ഥികളെയും, വിദ്യാർത്ഥിനികളെയും, യുവതീയുവാക്കന്മാരെയും, സ്വദേശാചാരത്തിനും, മര്യാദക്കും, പൂർവ്വനടപടികൾക്കും, ദേശകാലാവസ്ഥക്കും യോജിക്കുംവണ്ണം അവരുടെ നടപടികളെ ക്രമപ്പെടുത്തുന്നതിന് പ്രത്യേകം പഠിപ്പിക്കണം. പൂർവ്വന്മാരുടെ സാധാരണമായതും, വിനയമുള്ളതും, സദാചാരത്തെ പ്രദർശിപ്പിക്കുന്നതുമായ നടപടികൊണ്ടും, വസ്ത്രധാരണംകൊണ്ടും അവരുടെയോ, തങ്ങളുടെ കുടുംബങ്ങളുടെയോ നന്മക്കും, കീർത്തിക്കും യാതൊരു ഭംഗവും വന്നതായി കേട്ടിട്ടില്ല. പ്രസ്തുത പരിഷ്കാരഭ്രമക്കാരും ശാസനയിലിരിക്കാത്തവരുമായ "ശീമത്തര"ക്കാരാണ് കുടുംബങ്ങളുടെ യശസ്സിനെ മലിനപ്പെടുത്തുന്നത് എന്ന് ഓർക്കേണ്ടതാണ്. വേഷംകൊണ്ടെന്നതിനേക്കാൾ സദാചാരം, മര്യാദ, വിനയം, സാഭാഷണരീതി ഇത്യാദി സൽമാതൃകകളാൽ യാതൊരുത്തൻ അവൻെറ വിശേഷഗുണങ്ങളെ വിശദീകരിക്കുന്നതു ഫലപ്രദമായിരിക്കും. സ്ത്രീകൾ സാധാരണമായി കുടുംബത്തിൽതന്നെ താമസിക്കണം. തക്ക ആവശ്യംകൂടാതെ പുറമെ അലഞ്ഞുനടക്കരുത്. അവിവാഹിതകളായ ചെറുപ്പക്കാർ ഈ സംഗതിയിൽ പ്രത്യേകം സൂക്ഷിക്കണം. പ്രായംചെന്ന സ്ത്രീകളും വീടുകളിൽതന്നെ ആയിരുന്നാലും ദേഹം മറച്ചിരിക്കണം. പുറമെ സഞ്ചരിക്കുമ്പോൾ പ്രത്യേകം ദേവാലയത്തിലും മററു സദസ്സുകളിലും തല മൂടിയിരിക്കണം.

## ജ്ഞാപനം.

വിദ്യാർത്ഥികളേയും, വിദ്യാർത്ഥിനികളേയും വിവാഹപ്രായംവരെ മാതാപിതാക്കന്മാരുടെ ശാസനയിൽ വെച്ചു പഠിപ്പിക്കയും മേൽപ്പറഞ്ഞ പ്രായം തികയുന്നതിനോടുകൂടി അവക്കു ചേരുന്ന അവസ്ഥയിൽ പ്രവേശിപ്പിച്ചു സെമ്നാരി, കൊവേന്ത, കന്യകാമഠം മുതലായ വൈദികസ്ഥാപനങ്ങളിൽ ചേക്കയും, വിവാഹം കഴിക്കുന്നവരെ കുടുംബവേലയിൽ ഏർപ്പെടുത്തുകയും ചെയ്യുന്ന പാരമ്പര്യം സ്തുത്യർഹമായിരുന്നു. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിക്കു കുറെ മാററങ്ങൾ ഉണ്ടായിരിക്കുന്നതിനാലും, ഉന്നതവിദ്യാഭ്യാസത്തിനായി അനേ

ക്കം വിദ്യാൎത്ഥിവിദ്യാൎത്ഥിനികൾ പോകുന്നതിനാലും കുടുംബത്തലവന്മാരും അവരുടെ രക്ഷകൎത്താക്കളും പ്രായംചെന്ന പെൺകുട്ടികൾ, സ്വാതന്ത്ര്യമായി നടന്നു പഠിക്കുന്നതിനിടവരുത്താതെ വല്ല ബാലികാമഠങ്ങളിലും താമസിപ്പിച്ചു് പഠിപ്പിക്കേണ്ടതു ഇപ്പോഴത്തെ കാലസ്ഥിതിക്കു അത്യാവശ്യമാണ്. തന്നെയുമല്ല, ദൂരസ്ഥലങ്ങളിൽ പഠിക്കുന്നവരുടെ സ്വഭാവം, പഠനം, പണച്ചിലവു് ഇത്യാദി സംബന്ധിച്ചു അന്വേഷിക്കണം. പഠനത്തിലും സ്വഭാവഗുണത്തിലും അഭിവൃദ്ധിയില്ലാത്തവരെ വിളിച്ചുവരുത്തി വീട്ടുജോലിയിൽ ഏർപ്പെടുത്തേണ്ടതാകുന്നു. പ്രസ്തുത സംഗതിയിൽ ഉദാസീനന്മാരും നിഷ്പക്ഷക്കാരുമായ രക്ഷകൎത്താക്കൾ ദൈവതിരുമുമ്പാകെ കടക്കാരായിരിക്കുന്നതു കൂടാതെ ഇഹത്തിലും ദുഃഖിക്കേണ്ടിവരും.

11. ഓരോരുത്തന്റെ സ്ഥിതിക്കനുസരണമല്ലാത്ത നടപടിയും, മോടിയും, ആഡംബരങ്ങളും, വിരുന്നുകളും, സല്ക്കാരങ്ങളും, ആഘോഷങ്ങളും ചേരുന്നതല്ല. ചിലർ കല്യാണാഘോഷങ്ങൾ നടത്തിയും, പെരുനാളുകൾ കഴിച്ചും, പുരകളും, മേടകളും പണിതും, കച്ചവടങ്ങൾ നടത്തി കടം കയറിയും നശിച്ചതായി കേട്ടിട്ടുണ്ടു്. തന്നെയുമല്ല, ഈ പരിഷ്കാരകാലത്തു് ആൺകുട്ടികളെയും, പെൺകുട്ടികളെയും ഉന്നതവിദ്യാഭ്യാസത്തിനയച്ചും ചില വിദ്യാൎത്ഥികൾ ദുർവ്യയംചെയ്തും, ചിലർ ചിരകാലം തോൽവികൊണ്ടും രക്ഷകൎത്താക്കളെ നഷ്ടപ്പെടുത്താറുണ്ടു്. ചിലർ വമ്പിച്ച തുക സ്ത്രീധനം കൊടുത്തും വിഷമത്തിൽ വന്നിട്ടുണ്ടു്.

12. കത്തോലിക്കവിവാഹം ഒരു കൂദാശയാകയാൽ ഭാൎയ്യാഭൎത്താക്കന്മാർ അതിന്റെ മാഹാത്മ്യത്തേയും അന്ത്യത്തേയും അതിന്റെ ചുമതലകളേയും നല്ലപോലെ മനസ്സിലാക്കി അതിനനുസരണമായി കുടുംബജീവിതത്തെ ക്രമപ്പെടുത്തണം. വെറും രാഷ്ട്രീയതത്വങ്ങളെയൊ, ചട്ടങ്ങളെയൊ, ലൌകികശാസ്ത്രങ്ങളെയോ, ശരീരശാസ്ത്രങ്ങളെയൊ മാത്രം നോക്കി ഒരിക്കലും പ്രവൎത്തിക്കേണ്ടതില്ല. കത്തോലിക്ക മതതത്വങ്ങൾ ഈ സംഗതിയിൽ എന്തു പഠിപ്പിക്കുന്നുയെന്നു നോക്കിയാൽ മതിയാകുന്നതാണു്. വിവാഹബന്ധം ദമ്പതിമാർ ഒന്നിച്ചു താമസി

ക്കണമെന്നും പരസ്പരവിശ്വാസത്തിലും സ്നേഹത്തിലുമുള്ള പൊരുതിയിലും താമസത്തിലുംനിന്നു ദൈവാനുഗ്രഹമായി അവർക്കു ലഭിക്കുന്ന കുഞ്ഞുങ്ങളെ, നല്ല മതനിഷ്ഠയുള്ളവരാക്കുന്നതിനും അവർ വേണ്ട ശ്രമങ്ങൾ ചെയ്യേണം എന്നുള്ളതാണ്. അവരുടെ കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനുള്ള സ്വത്തുകുറവിനെ കുറിച്ചും, അവരുടെ ശക്തിയില്ലായ്മയെക്കുറിച്ചും "എന്തു ഭക്ഷിക്കും"? എന്നൊക്കെ വിചാരിച്ചു ദുഃഖിക്കേണ്ടതില്ല. ലോകത്തിലെ കോടാകോടി മനുഷ്യരേയും വിവിധതരപക്ഷിപറവകളേയും മൃഗങ്ങളേയും പുല്ലുപുഷ്പാദികളേയും തീററിവളർത്തുന്നതും, മോടിപിടിപ്പിക്കുന്നതും ലോകനിയന്താവും സർവ്വശക്തനുമായ ദൈവമാണെന്നു വിശ്വസിക്കയും കണ്ടുബോധിക്കയും ചെയ്താൽ മതി. അന്യഥാ പ്രവർത്തിക്കേണ്ടതില്ല. സകലത്തേയും വേണ്ടവണ്ണം നിയന്ത്രിക്കുന്നതിനും നടത്തുന്നതിനും അങ്ങേയ്ക്കു വിട്ടുകൊടുത്തുകൊണ്ട് അങ്ങേ തിരുമനസ്സ് ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കണം. അങ്ങേ കല്പനകളെ അനുസരിക്ക. സ്വയമായ നിയന്ത്രണത്തെപ്പററി ആലോചിച്ചു ബദ്ധപ്പെടേണ്ട, സമാധാനമുണ്ടാകും.

13. കാരണവന്മാർ തങ്ങളുടെ മക്കൾ യാതൊരു ജോലിയും ചെയ്യാതെ അലസന്മാരായി നടക്കുന്നതിനനുവദിക്കരുത്. നെററിയിലെ വിയർപ്പുകൊണ്ടു അപ്പത്തെ ഭക്ഷിക്കണമെന്ന സൃഷ്ടിതാവിൻെറ കല്പന അനുസരിക്കുന്നതു്, ശരീരസൌഖ്യത്തിനും ആത്മികസമാധാനത്തിനും വളരെ ഉപകരിക്കുന്നതിതിനും പുറമെ ഉപജീവനമാർഗ്ഗത്തിനു, വഴിയും ഉണ്ടാകുന്നതിനിടവരുത്തും കൃഷി, കൈത്തൊഴിൽ, കച്ചവടം ഇത്യാദി കാര്യങ്ങളിൽ എല്ലാവരും യഥോചിതം ഏർപ്പെട്ടിരിക്കണം. അദ്ധ്യാത്മികനടപടികളേയും പ്രത്യേകം ഗൌനിക്കേണ്ടതാണ്. ധനവാന്മാരായ വീട്ടുജമാനന്മാർ അവ്രുടെ മക്കളുടെ പരിശ്രമത്തിനായി ഒരു ഭാഗം വസ്തു അവർക്കു വിട്ടുകൊടുക്കയും പലരുണ്ടായിരുന്നാൽ പ്രത്യേക ഭവനങ്ങൾ ഉണ്ടാക്കി താമസിപ്പിക്കയും വേണം.

14. മാതാപിതാക്കന്മാരുടെ മരണശേഷം വഴക്കുകളും, തക്കങ്ങളും ഉണ്ടാകാതിരിപ്പാൻവേണ്ടി വസ്തുക്കൾ സംബന്ധിച്ച് ഒരു വിൽപ്പത്രം എഴുതി രജിസ്റ്റാക്കി സൂക്ഷിക്കണം. പൂർവ്വന്മാരുടെ ആത്മികചുമതലകളേയും തങ്ങൾ നിശ്ചയിക്കുന്ന പ്രത്യേക കടങ്ങളേയും വിശദപ്പെടുത്തിയിരിക്കണം. വല്ല ധർമ്മസ്ഥാപനങ്ങൾക്കായിട്ടും സ്വത്തിൻെറ ഒരംശം മാററിവക്കുന്നതും സ്തുത്യർഹവും യോഗ്യത സിദ്ധിക്കുന്നതുമായ നല്ല മുറയാണ്.

15. തുടർച്ച്വാവകാശക്കാരരായി വരുന്ന മക്കൾ കാരണവന്മാരുടെ എല്ലാ നിശ്ചയങ്ങളേയും കൃത്യമായി നിർവ്വഹിക്കണം. കൂടാതെയും യജമാനന്മാർ തങ്ങളുടെ ആശ്രയത്തിൽ നില്ക്കുന്ന വേലക്കാർ, ജോലിക്കാർ, കീഴ് ഉദ്യോഗസ്ഥന്മാർ മുതലായവരുടെ ആത്മികവും, ശാരീരികവുമായ സംഗതികൾ അന്വേഷിക്കേണ്ടതാണ്. മതസംബന്ധമായ എല്ലാ സംഗതികളിലും അവർക്കു സ്വാതന്ത്ര്യം കൊടുക്കണം. കത്തോലിക്കമതാവലംബികളെ സത്യ മതാനുഷ്ഠാനത്തിനു തക്കവണ്ണം നടത്തണം. അന്യ മതക്കാരെ സത്യമതത്തിൽ ചേർക്കുന്നതിനു ശ്രമിക്കണം. വേലക്കാർ യാതൊരുവിധത്തിലും പ്രമാണങ്ങൾ ലംഘിച്ച പാപത്തിൽ വീഴുന്നതിനു കാരണം കൊടുക്കരുത്. ലഹരിസാധനങ്ങൾ പാടെ വർജ്ജിക്കണം. ന്യായമായ കൂലി വേലക്കാർക്കു തക്കസമയത്തും ആവശ്യം അനുസരിച്ചും കൊടുക്കണം. "കൂലിക്കാരൻെറ ശമ്പളം (അവൻെറ സമ്മതം കൂടാതെ) ഒരു രാത്രി നിൻെറ പെട്ടിയിൽ സൂക്ഷിച്ചുകൂടാ" എന്നുള്ള ദിവ്യവാക്യത്തെ ഓത്തുകൊള്ളണം. വേലക്കാരും "മിശിഹായിക്കു ശുശ്രൂഷ ചെയ്യുന്നു" എന്ന വാക്യം മനസ്സിൽ വച്ചുകൊണ്ട് യജമാനന്മാരോടു ഇടപെടേണ്ടതാണ്. "ആകാവീട്ടിൽ പോകരുത്, ആകാത്തവരോടിടയരുത്, ആകാവചനം പറയരുത്, തല്ലരുത്, തല്ലുകൊള്ളരുത്" ഈ പഴഞ്ചൊൽ സാരമായ ഉപദേശത്തെ നല്കുന്നൊന്നാണ്. അനാവശ്യവാക്കുതക്കങ്ങൾ, ഭവനപ്രവേശനങ്ങൾ, "കേഡി"ത്തരങ്ങൾ, പരോപദ്രവകരമായ വചനങ്ങൾ, പ്രവൃത്തികൾ ഒക്കയിൽനിന്നും ദൂരെ മാറിക്കൊള്ളണം. എ

ല്ലാ വസ്തുക്കളേക്കാൾ ദൈവത്തേയും നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും നീ സ്നേഹിക്കണം. നിന്റെ വചനങ്ങളും പ്രവൃത്തികളും എപ്പോഴും നീതിയോടുകൂടിയതായിരിക്കണം. നിന്റെ സഹോദരന്നെ ഒരിക്കലും നീ മനോവേദനപ്പെടുത്തരുത്. ഭിക്ഷക്കാരനോടു ദയവായി സംസാരിക്കണം. വശംപോലെ ധർമ്മംകൊടുക്കണം. നല്ല മനസ്സോടുകൂടെ അല്പമായിരുന്നാലും കൊടുത്തു വേഗത്തിൽ അവനെ പിരിച്ചുവിടണം.

16 ലഹരിസാധനങ്ങളായി അറിയപ്പെടുന്നതും, മനസ്സിനും ദേഹത്തിനും താല്ക്കാലിക ഉന്മേഷം കൊടുക്കുന്നതും, ക്രമേണ ശരീരത്തിൽ സുഖപ്പെടാത്ത പല രോഗങ്ങളും വരുത്തിക്കൂട്ടുന്നതും, ആത്മാവിനും കുടുംബത്തിനും ദോഷംവരുത്തുന്നതും, മാനത്തെയും, സ്വത്തിനെയും, നശിപ്പിക്കുന്നതുമായ ബ്രാണ്ടി, വിസ്കി, ചാരായം, കള്ള്, പുകല, ചുരുട്ട, വീഡി, സിഗററ്റ് മുതലായവയുടെ ഉപയോഗം, ചെറുപ്രായക്കാർക്കും വലിയവർക്കും ഓരോവിധത്തിൽ ദോഷകരമാകയാൽ ഇതിനെ എല്ലാവരും വർജ്ജിക്കണം. സുബോധത്തെ കെടുത്തി മൃഗത്തെക്കാൾ അധമമാക്കുന്ന മദ്യപാനം നരകശിക്ഷയ്ക്കു യോഗ്യതയുള്ള മഹാപാപമാണ്. ഈവിധം മദ്യപാനത്തെ എല്ലാ അധികാരികളും വിലക്കുന്നു. എന്നാൽ ഈ മഹാപാപത്തിൽ വീഴുന്നതിനു പലപ്പോഴും കാരണമാകുന്ന സാധാരണയുള്ളതും സ്വല്പമായതുമായ മദ്യപാനവാസനയിൽനിന്നും എല്ലാവരും ഓടി മാറേണ്ടതാണ്. ഓരോ കുടുംബങ്ങളിലും, കരകളിലും, താലൂക്കുകളിലും മദ്യപാനം കാരണത്താൽ ഉണ്ടാകുന്ന വഴക്കുകൾ, കൊലപാതകങ്ങൾ, ആൾനാശം, വസ്തുനാശം, കീർത്തിദോഷം ഇത്യാദി എന്തുമാത്രമാണെന്നു അനുദിനസംഭവങ്ങൾ വിളിച്ചുപറയുന്നു. കള്ളുവില്പന, കള്ളുകുത്തുക, പനചെത്ത് മുതലായ നീചകൃത്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറേണ്ടതാണ്.

17 കുടുംബങ്ങളിൽ ആൾ, സ്വഭാവം, സമയം എന്നിവ നോക്കാതെ ആരും പ്രവേശിക്കുന്നതിനും താമസിക്കുന്നതിനും അനുവദിക്കരുത്. പ്രത്യേകം സ്ത്രീകൾ പുരുഷന്മാർ വീട്ടിൽ ഇല്ലാതെയിരിക്കുമ്പോൾ അന്യർ വന്നാൽ ഉപചാരവാക്ക

കൾ പറഞ്ഞും അകത്തുതന്നെ നിന്നു സംസാരിച്ചുകൊണ്ടും സമാധാനത്തിൽ പറഞ്ഞുവിടുന്നതാണ് നല്ലത്. സ്വാതന്ത്ര്യമായ സംഭാഷണം ദോഷങ്ങൾക്കു കാരണമാകാവുന്നതാണ്. അപ്രകാരംതന്നെ പുറമെ നടക്കുന്ന കളികൾ, നാടകങ്ങൾ, വിനോദങ്ങൾ, യോഗങ്ങൾ മുതലായവയ്ക്കും സ്ത്രീകൾ സ്വാതന്ത്ര്യമായി പുറത്തു പോകുന്നതും, പ്രത്യേകം രാത്രിയിൽ നടക്കുന്ന ആഘോഷങ്ങൾക്കും, ചന്തകളിലും, കമ്പോളങ്ങളിലും നടക്കുന്ന ഇടപാടുകൾക്കും അവരെ സംബന്ധിപ്പിക്കുന്നതും വളരെ ആലോചിച്ചും വേണ്ട ബന്ധവസ്സോടുകൂടിയും ആയിരിക്കേണ്ടതാണ്. ഈ സംഗതികൾ എല്ലാം എത്രയും സൂക്ഷ്മമായി കാക്കണമെന്നു പറയുന്നത് അവരുടെ സന്മാർഗ്ഗജീവിതത്തെ ഭംഗം കൂടാതെ സൂക്ഷിക്കുന്നതാണെന്നുള്ള ബോധം എല്ലാവർക്കും ഉണ്ടായിരിക്കണം.

18. മക്കൾ മാതാപിതാക്കന്മാരുടെ വാർദ്ധക്യത്തിൽ അവർക്കു വേണ്ട സഹായങ്ങൾ ചെയ്യണം. അവരുടെ ആത്മികചിഷ്ടതികൾ പ്രത്യേകം ശ്രദ്ധിച്ചു നടത്തണം. മരണസമയത്ത് എല്ലാ സഹായങ്ങളും സന്തോഷത്തോടെയും ഇളക്കം കൂടാതെയും ചെയ്തുകൊടുക്കണം. അവരുടെ നൽമനസ്സാലെയുള്ള ആശീർവ്വാദം വാങ്ങിക്കണം. അവർ മരിച്ചാൽ അവസ്ഥയ്ക്കനുസരണമായ ധർമ്മപ്രവൃത്തികളും ശേഷക്രിയകളും നടത്തണം. പൂർവ്വമര്യാദയ്ക്കനുസരണമായും കത്തോലിക്കമതതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയും പുല, പതിനേഴ്, ചാത്തം, നാല്പത്തൊന്ന് മുതലായ അടിയന്തിരങ്ങളും കഴിക്കണം ധനശക്തിയില്ലാത്തവർ മരിച്ച സംബന്ധക്കാരുടെ ആത്മാനുകൂലത്തിനായി ചില അവധികളിൽ കുർബാനചൊല്ലിക്ക, കാണുക, ശ്രു. കുർബാന ഉൾക്കൊണ്ടു കാഴ്ചവെയ്ക്കു, മററു ധർമ്മക്രിയകൾ ഇത്യാദി നടത്തണം.

19. ഓരോ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും സർക്കാർഉദ്യോഗം, വക്കീൽജോലി, വാദ്ധ്യാർവേല മുതലായ ഉത്തരവാദിത്വമുള്ളതും സാധാരണമായതുമായ ചുമതലകളെ വഹിക്കുന്നവരും അവരുടെ ജോലിക്കനുസരണമായ നീതി, സ

ത്യം, വിനയം, വിവേകം, അനുസരണ, സമഭാവന, വിശ്വസ്ത ഇത്യാദി ഗുണങ്ങൾ ഉള്ളവരായിരിക്കണം. നീതിയേയും, സത്യത്തേയും, സ്നേഹത്തേയും അവഗണിക്കുന്നതു ആത്മനാശത്തിനും, ഉത്തരിപ്പുകടത്തിനും, കാരണമാകുന്നതുമായ യാതൊരു ലാഭവും ഇച്ഛരിച്ചു വർത്തിക്കരുത്. ഉദ്യോഗം, കച്ചവടം, കൃഷി, സർക്കാർജോലി, അനുചിതമായ ചില (കൺട്രാക്ട്) ഉടമ്പടി ഇവയിൽനിന്നും കിട്ടുന്ന ആദായം നമ്മുടെ ആത്മാവിൻെറ വിലയ്ക്കു ഇടയാകുന്നതല്ല. കുടുംബത്തിൻെറ ഭംഗിയായ ഭരണവും മക്കളുടെ ശരിയായ വളർത്തലും, വിവാഹജീവിതഭാരത്തെ ലഘൂകരിക്കുന്നതും മാധുര്യമാക്കുന്നതുമാണ്. അതിനാൽ വീട്ടെജമാനന്മാർ പ്രത്യേകം സൂക്ഷിച്ചു എല്ലാക്കാര്യങ്ങളും നടത്തുകയും എല്ലാ ഭക്തികൃത്യങ്ങൾക്കും അവർ മുമ്പന്മാരായിരിക്കയും, സൽമാതൃക കാണിച്ചുകൊടുക്കയും വേണം. കീഴുള്ളവരിൽ കാണുന്ന വീഴ്ചകളെ ഉടനടി സൌകര്യംപോലെ രഹസ്യമായിട്ടും പരസ്യമായിട്ടും പറഞ്ഞുതിരുത്തണം. കുററങ്ങൾ ചെയ്തശേഷം തിരുത്തുന്നതിനേക്കാൾ നല്ലതു് തെററുകൾ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളേയും കാരണങ്ങളേയും മുൻകരുതലോടുകൂടിയും വിവേകത്തോടുകൂടിയും തടുക്കുന്നതാണെന്നും ഓർമ്മയിലിരിക്കണം. പ്രായം തികഞ്ഞുവരുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സന്മാർഗ്ഗജീവിത നടപടിയിൽ കാരണവന്മാർ പ്രത്യേകം ശ്രദ്ധിക്കണം. വിവാഹപ്രായം നീട്ടിവയ്ക്കുന്ന അഭിപ്രായത്തെ അനാദരിക്കുന്നവരുടെയും പൂർവ്വമര്യാദയെ മുറുകിപ്പിടിക്കുന്നവരുടെയും പ്രത്യേക ഉദ്ദേശം യുവാക്കന്മാരുടെ പരിശുദ്ധജീവിതമാണെന്നു ന്യായമായി വിചാരിക്കാവുന്നതാണ്. ശിശുത്വം, ബാല്യപ്രായം, യൌവ്വനം, പുരുഷത്വം, വാർദ്ധക്യം എന്നീ ജീവിതഘട്ടങ്ങളിൽവെച്ച് ഏററം അപകടമുള്ള ദശയാണ് യൌവ്വനക്കാർക്കു സങ്കല്പിക്കേണ്ടതു് എന്നു അനുഭവം സാക്ഷിയാകുന്നു. 16-ം, 14-ം മുതൽ 25 വയസ്സുവരെയുള്ള ജീവിതഘട്ടം മേല്പറഞ്ഞ കൂട്ടരുടെ "നല്ലകാലം" തന്നെ. സോദോംഗോമോറാപട്ടണങ്ങൾ എങ്ങനെ ശിക്ഷിക്കപ്പെട്ടു എന്നു് ഓർക്കണം. അതിനാൽ അവരുടെ കീഴംശത്തെ അമർത്തുന്നതിനും ആ

ത്മികവിചാരങ്ങളെ ബലവത്താക്കുന്നതിനുമുള്ള ഒരു വഴിയാണു ഈ ദുർദശയുടെ പ്രാരംഭത്തിലൊ അതിനടുത്ത 18 വയസ്സിലൊ അന്തസ്സ് തിരിഞ്ഞെടുപ്പ് എന്ന ചങ്ങലകളാൽ ബന്ധിക്കപ്പെടണം എന്നു വച്ചുന്നത്. ജഡത്തെ ഉദ്ദേശിക്കുന്നതും മൃഗീയജീവിതത്തെ അടിസ്ഥാനപ്പെടുത്തുന്നതുമായ യാതൊന്നും ഭവിക്കാതെ സൂക്ഷിക്കണം. പൂർവ്വകാലത്തിൻെറയും ആധുനികകാലത്തിൻെറയും സ്ഥിതിഗതികൾ വളരെ വ്യത്യസ്ഥമായിട്ടാണിരിക്കുന്നത് എന്നു കുടുംബനായകന്മാർ മനസ്സിലാക്കണം. പൂർവമര്യാദപ്രകാരം വിവാഹം കഴിച്ചിരുന്ന ബാലദമ്പതിമാർ പരിശുദ്ധമായ ജീവിതമുറയെ വിടാതെ സഹോദരങ്ങളെപ്പോലെ വർത്തിക്കയും പ്രായപൂർത്തിയിങ്കൽ മാത്രം സഹവാസമുറയനുഭവിക്കയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ മുറ മിക്കവാറും അങ്ങനെയല്ല. അതിനാൽ വിവാഹസമയം പ്രായപൂർത്തിയോടൊത്തിരിക്കയും അതു കടക്കാതിരിക്കയും ചെയ്യുന്നതിനു പ്രത്യേകം അവർ സൂക്ഷിക്കയും വേണം.

20 "അധികാരം മുഴുവനും ദൈവത്തിൽനിന്നാകുന്നു" അതിനാൽ ഈ ലോകാധികാരികളെയും മേല്പട്ടക്കാരെയും അവനവൻെറ സ്ഥാനമുറയനുസരിച്ചു കീഴുള്ളവർ ബഹുമാനിക്കേണ്ടതാണ്. "ദൈവഭക്തി, പിതൃഭക്തി, മാതൃഭക്തി, രാജഭക്തി, ഗുരുഭക്തി" ഇത്യാദി ഗുണങ്ങൾ സ്വാഭാവികമായി എല്ലാ ജാതികളും അറിഞ്ഞനുസരിക്കുന്ന സത്യമാണ്. ഇതനുസരിച്ചും ദൈവപ്രമാണങ്ങളും പള്ളിയുടെ ചട്ടങ്ങളും രാജ്യനിയമങ്ങളും നാം കാക്കേണ്ടിയിരിക്കുന്നു. ന്യായമായ അധികാരത്തെ എതൃക്കുന്നതും സിവിൽനിയമത്തെ ലംഘിക്കുന്നതുമായ യാതൊരു കൂട്ടുകെട്ടിലും യാതൊരുത്തൻെറ ഉപദേശത്തിലും യോജിച്ചു വർത്തിച്ചുകൂടാത്തതാണ്. ഈവക ദുരുപദേശക്കാരെ വെറുക്കേണ്ടതാണ്. ലോകത്തിൽ സർവ്വാധിപത്യം വഹിക്കുന്നതിനു് മിശിഹായുടെ വികാരിയുമായിരിക്കുന്ന ശ്രു. മാർപ്പാപ്പായെ കണ്ടുമുട്ടുമ്പോൾ ആ പരിശുദ്ധപിതാവിൻെറ കാലുകളെ ചുംബനം ചെയ്തും, പള്ളിയുടെ മററു പുരോഹിതശ്രേഷ്ഠന്മാരുടെ കൈകളും മോതിരങ്ങളും മുത്തിക്കൊണ്ടും മുട്ടുകുത്തി ആചരിച്ചുകൊണ്ടും അവരു

ടെ ആശീർവ്വാദം വാങ്ങിക്കുന്നതു് അവരെ ബഹുമാനിക്കുന്നതിൻെറ ബാഹ്യ അടയാളമാകുന്നു. നാട്ടുവാഴികളായ രാജാക്കന്മാരോട്ടം മററു അധികാരികളോട്ടം നാട്ടാചാരപ്രകാരമുള്ള വന്ദനം കാണിക്കണം. ബ. വൈദികരെ കാണുമ്പോൾ തല കുനിച്ചും കൈ കൂട്ടിപ്പിടിച്ചും "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" എന്നു ചൊല്ലണം. അപ്രകാരം മാതാപിതാക്കന്മാരോട്ടം തമ്മിൽ കാണുമ്പോഴും വൈകിട്ട പ്രാർത്ഥന അവസാനത്തിലും സ്തുതി പറയണം. സഹോദരങ്ങൾ തമ്മിലും സ്നേഹിതന്മാരുമായിട്ട കണ്ടുമുട്ടുമ്പോഴും മംഗളാശംസയുള്ള ഉത്ത വചനങ്ങളായി സ്വാഗതം പറയണം. ചിലർ "സലാം, ചിലർ സ്ലാം അലയ്ക്ക്, ചിലർ സ്വാഗതം" എന്നു പറയാറുണ്ട്—ഈവക കുശലപ്രശ്നങ്ങൾ പൂർവ്വമറയും പരിഷ്ക്കാരത്തിനു യോജിക്കുന്നതുമാണു്. അധികാരികളും, കീഴുള്ളവരും, സ്നേഹിതന്മാരും തമ്മിൽ കാണുമ്പോഴും യാത്രചൊല്ലിപ്പിരിയുമ്പോഴും പിടിച്ചുതഴുകി ആലിംഗനം ചെയ്യുന്ന പതിവും ഉണ്ടായിരിക്കുന്നു.

21. ജ്ഞാനത്തിൻെറ പ്രാധാന്യം ദൈവഭയത്തിൽ സ്ഥാപിക്കേണ്ടതാണെന്നു ദീർഘദർശി പറയുന്നു. ആകയാൽ കുടുംബവാസികൾ എല്ലാക്കാര്യങ്ങളിലും വച്ചു പ്രധാനമായി കരുതേണ്ടതു് ദൈവഭയത്തെ ഉളവാക്കുന്ന പോംവഴികളെ കണ്ടുപിടിച്ചു അതുകളെ പ്രവൃത്തികളാൽ നിറവേററണമെന്നുള്ളതാണ്. ദൈവത്തിൻെറനേരെയുള്ള കടമ, അവനവൻെറ നേരെയുള്ള ചുമതല, കൂടപ്പിറപ്പുകളുടെനേരെയുള്ള നിതി ഇത്യാദികടമകളെ അറിഞ്ഞു പ്രവർത്തിക്കണം. ഞായറാഴ്ചയും കടമുള്ള തിരുനാളുകളിലും കുർബാന കാണുക, ആണ്ടുകുമ്പസാരം, മാസക്കുമ്പസാരം കഴിക്ക, ഭക്തസഭകളിൽക്കൂടി ക്രമമായി ജീവിക്ക മുതലായ ആത്മീയകൃത്യങ്ങൾ ചെയ്യുന്നതിനു ഉത്സാഹകരായിരിക്കണം. പരസ്പരസ്നേഹമുള്ളവരും സൽമാതൃക കാണിക്കുന്നവരും, സ്വാർത്ഥതയേക്കാൾ സഹോദരങ്ങളുടെയും പൊതുവായതുമായ ഗുണങ്ങളെ കൂടുതലായി മതിച്ചു് പ്രവർത്തിക്കുന്നവരുമായിരിക്കണം. കുടുംബക്രമത്തിൽ വിവരിക്കേണ്ട അനേക സംഗതികൾ ഇനിയും ചേർക്കുന്നതിനായിട്ടുണ്ട്. വിസ്താരമാ

യി "മതപാഠനം" രണ്ടാംഭാഗത്തിൽ വിവരിക്കുന്നതാണ്. ചു
രുക്കത്തിൽ ഒന്നുകൂടി പറഞ്ഞാൽ മനുഷ്യശരീരത്തിനു പ്രധാ
നമായ ശിരസ്സും മററു ശരീരാംഗങ്ങളുമുള്ളതുപോലെ കുടുംബ
ത്തിൽ ശിരസ്സു വീട്ടെജമാനനും കീഴിലുള്ള അംഗങ്ങൾ വീട്ടിലു
ള്ള ഭാൎയ്യ, മക്കൾ മുതലായവരും ആകുന്നു. തല ആവശ്യപ്പെടു
ന്നതിൽ അംഗങ്ങൾ കീഴ്പെട്ടു മനുഷ്യപ്രവൃത്തിയെ പൂൎത്തീകരി
ക്കയും നന്നാക്കുകയും ചെയ്യുന്നതുപോലെ കുടുംബത്തിൽ എ
ല്ലാവരും ഒത്തൊരുമിച്ചും ഏകാഭിപ്രായത്തിലും സഹകരണ
ത്തിലും ഇരിക്കേണ്ടതും അയൽക്കാരോടു സ്നേഹപൂൎവ്വം വൎത്തി
ക്കുന്നതിനും, ന്യായമായ അധികാരങ്ങൾക്കു വഴക്കമുള്ളവരും
അധികാരികളെ ബഹുമാനിക്കുന്നവരും ആയിരിക്കേണ്ടതും
ആകുന്നു. അയൽക്കാരനോടു നാം ചെയ്യുന്നതു ദൈവം സൂക്ഷി
ച്ചിരിക്കുന്നുയെന്നും അതിനെപ്പററി അന്ത്യ പൊതുവിധി പ്ര
സ്താവനയിൽ പ്രത്യേകം കല്പന പുറപ്പെടുവിക്കുമെന്നും നാം
വിശ്വസിക്കേണ്ടിയിരിക്കുന്നു.

ഒന്നാംഭാഗം സമാപ്തം.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിൽ തന്നെയിരിക്കുന്നതാണ്.

# കത്തോലിക്കമതപഠനം.

## ഒന്നാംഭാഗം.

## വിഷയ വിവരണം.

### പ്രസ്താവന.

1. നമസ്കാരങ്ങൾ 33. പുറം


| | |
|---|---|
| 1. ശു. സ്ലീവായുടെ അടയാളം | 1 |
| 2. ആകാശങ്ങളിലിരിക്കുന്ന ജപം | 1 |
| 3. നന്മനിറഞ്ഞമറിയം | 2 |
| 4. ശു. ത്രീത്വസ്തുതി | 2 |
| 5. വിശ്വാസത്തിൻെറ തല. രഹ. 2 | 2 |
| 6. വിശ്വാസപ്രമാണം | 2 |
| 7. വേദപ്രമാണങ്ങൾ 10 | 3 |
| 8. ശു. പള്ളിയുടെ കല്പനകൾ 5 | 4 |
| 9. ശു. കൂദാശകൾ 7 | 4 |
| 10. നല്ലകുമ്പസാ. വേണ്ട കാര്യം 5 | 4 |
| 11. കുമ്പസാ. പ്രകാരം. ഞാൻപിഴയാളി | 5 |
| 12. തമ്പു. ലക്ഷ. പ്രധാ. ലക്ഷ. 6 | 5 |
| 13. തലപ്പെട്ട ദോഷങ്ങൾ 7 | 6 |
| 14. രാജകന്യക | 6 |
| 15. ദൈവത്തിനടുത്തഗുണങ്ങൾ 3 | 6 |
| 16. നല്ല വ്യാപാ. പ്രധാന. പുണ്യ 4 | 6 |
| 17. വിശ്വാസത്തിൻെറ പ്രകാരം | 7 |
| 18. ശരണത്തിൻെറ പ്രകാരം | 7 |
| 19. ഉപവിയുടെ പ്രകാരം | 8 |
| 20. മുഴുവൻതേററത്തിൻപ്രകാരം | 8 |
| 21. എത്രയും ദയയുള്ള മാതാവ് | 8 |
| 22. റൂഹാദക്കുദിശാതമ്പുരാൻെറദാനങ്ങൾ 7 | 9 |

23. റൂഹാദക്കുദ്ശാതമ്പുരാൻെറ ഫലങ്ങൾ 12 9
24. റൂഹാദക്കുദ്ശാതമ്പുരാൻെറ മരുത്തു ദോ. 6 9
25. ദൈവതിരു. അന്ന്യായപ്പെ. ദോ. 4 10
26. മനഗ്ഗുണപ്രവൃത്തികൾ 14 10
27. തലപ്പെട്ട നന്മപ്രവൃത്തി 3 11
28. എവൻഗേലിക്കടുത്ത വി. ബു. 3 11
29. തലപ്പെട്ട എതി. പുണ്യ. 7 11
30 എവൻഗേലി. ഭാഗ്യങ്ങൾ 8 11
31. മനുഷ്യൻെറ ഒടുക്കങ്ങൾ 4 12
32. ശു. കുർബാന യോ. കൈ. 3. 12
33. രാത്രിജപം 12


## II. പ്രാത്ഥനകൾ.


34. { എ. കാലത്തെ എഴ്നേല്ക്കുമ്പോൾ ചൊല്ലേണ്ടതു് 14
ബി. ഉഷർകാലജപം. 15 }
35. രാത്രിജപം. 18
35. എ. അമ്പത്തുമൂന്നുമണിജപം 22
36. മിശിഹാ ക. അഞ്ച് തിരുമുറിവുജപം 35
37. ഉത്തരിയമാതാ. ജപം 38
38 പരി. മാ. വ്യാകുലജപം 41
39. ടി. ടി. പ്രാത്ഥന 45
40. ശു. യൌസേപ്പ് എഴ വ്യാ. ജപം. 50
41. ശു. യൌസേപ്പ് മഹിമവണ്ണന 54
42. മാർ യൌസേപ്പ് ത്രീത്വ. ജപം 55
43. മാർ യൌസേപ്പ് ലുത്തിനിയാ 56
44. തിരുഹൃദയജപമാല 61
45. ദൈവസ്നേഹകൊന്ത 62
46. അനുഗ്രഹകൊന്ത 64
47. ഉണ്ണിഈശോ കൊന്ത 65
48. അമലോത്ഭവകൊന്ത 65
49. ശുദ്ധീകര ആത്മ. പ്രാർത്ഥന 66

50. കാർക്കളന്ന മാലാക്കായോട്ട ജപം 68
51. ടി ടി ലുത്തിനിയാ 70
52. കാവൽമാലാക്കായോട്ട ജപം 73
53. അമ്പത്തുമൂന്നുമണി ചെറിയത്തു് 73
54 ശ്രൂ. വ്യാകുലമാതാ. ജപമാല 77
55. മാസാദ്യവെള്ളി പ്രതിഷ്ഠാജപം 80
56. തിരുഹൃദയലുത്തിനിയാ 82
57. ശുദ്ധീകര ആത്മ. ലുത്തിനിയാ 85
58. സകല പുണ്യവാളന്മാരുടെ ലുത്തിനിയാ 90


III ലക്ഷണോക്തികൾ.


59. ദൈവം 96
60. മാലാക്കാമാർ 96
61 പിശാചുക്കൾ 96
62. മനുഷ്യൻ 97
63. മനുഷ്യാത്മാവു് 97
64. മനുഷ്യശരീരം 97
65. മതം 97
66. കത്തോലിക്കമതം 98
67. വേദപുസ്തകം 98
68. പഴയനിയമ പുസ്തകങ്ങൾ 99
69. പുതിയനിയമപുസ്തകങ്ങൾ 99
70. പാരമ്പര്യം—മാമൂൽ 101
71. കത്തോലിക്കസഭയുടെ പാരമ്പര്യം 101
72. ആരാധന 101
73. പൂജ 101
74. കുർബ്ബാനയെന്ന പൂജ 101
75. സുകൃതം—പുണ്യം 102
76. വിശ്വാസം 102
77. ശരണം 103
78. ഉപവി 103
79 വിവേകം 103

| | | |
|---|---|---|
| 80 | നെറിവു് | 103 |
| 81 | ആത്മശക്തി | 104 |
| 82 | അടക്കം | 104 |
| 83 | എളിമ | 104 |
| 84 | കീഴ്വഴക്കം— അനുസരണ | 104 |
| 85 | ദാരിദ്ര്യം- അഗതിത്വം | 104 |
| 86 | കന്യാവ്രതം | 105 |
| 87 | ദാനധൎമ്മം | 105 |
| 88 | വാഗ്ദത്തം—നേൎച്ച | 105 |
| 89 | വാഗ്ദാനം—പറഞ്ഞൊപ്പു് | 105 |
| 90 | സത്യം | 105 |
| 91 | ജപം - പ്രാൎത്ഥന | 106 |
| 92 | പുണ്യവാളന്മാർ | 106 |
| 93 | നിവ്യന്മാർ -ദീർഘദർശികൾ | 106 |
| 94 | സഹദേന്മാർ-വേദസാക്ഷികൾ | 106 |
| 95 | തിരുശേഷിപ്പുകൾ | 107 |
| 96 | ഹനാൻവെള്ളം | 107 |
| 97 | വെഞ്ചരിപ്പു് | 107 |
| 98 | പരിശുദ്ധന്മാരോടുള്ള വണക്കം | 108 |
| 99 | പരിശുദ്ധ കന്യക. പ്രത്യേക വണക്കം | 108 |
| 100 | ശുദ്ധ. പള്ളി | 108 |
| 101 | ശുദ്ധ പള്ളി ഏകമാകുന്നു | 109 |
| 102 | ശുദ്ധ പള്ളി പരിശുദ്ധമാകുന്നു | 109 |
| 103 | ശുദ്ധ പള്ളി കത്തോലിക്ക ആകുന്നു | 109 |
| 104 | ശുദ്ധ പള്ളി ശ്ലീഹായ്ക്കടുത്തതാകുന്നു | 109 |
| 105 | ശുദ്ധ പള്ളി കത്തോലിക്കാ റോമ്മാപ്പള്ളി | 110 |
| 106 | ശുദ്ധ പള്ളിയുടെ തലവൻ | 111 |
| 107 | ശുദ്ധ മാർപ്പാപ്പാ | 111 |
| 108 | ശുദ്ധ പള്ളിയുടെഅംഗങ്ങൾ | 112 |
| 109 | ജയംഘോഷിക്കുന്ന സഭ | 112 |
| 110 | ശുദ്ധീകരിക്കപ്പെടുന്ന സഭ | 113 |

| | | |
|---|---|---|
| 111 | പോരാട്ടുന്ന സഭ | 113 |
| 112 | പഠിപ്പിക്കുന്ന സഭ | 113 |
| 113 | പഠിക്കുന്ന സഭ | 113 |
| 114 | ശ്ലൂ. പള്ളിയുടെ ജീവനുള്ള അംഗങ്ങൾ | 114 |
| 115 | ശ്ലൂ. പള്ളിയുടെ നിർജ്ജീവ അംഗങ്ങൾ | 114 |
| 116 | തിരുസഭയുടെ ആത്മാവു് | 114 |
| 117 | തിരുസഭയുടെ ശരീരം | 114 |
| 118 | കത്തോലിക്കപള്ളിയുടെ ഹിയരാക്കി | 115 |
| 119 | പുണ്ണ്യവാളന്മാരുടെ ഒരുമ്പാട്ട് | 116 |
| 120 | ശ്ലൂ. മാർപ്പാപ്പായുടെ തെററാവരം അഥവാ അപ്രമാദിത്വം | 117 |
| 121 | പ്രമാണം | 117 |
| 122 | സ്വഭാവപ്രമാണം | 117 |
| 123 | ദൈവപ്രമാണം | 117 |
| 124 | വേദപ്രമാണം | 118 |
| 125 | ശ്ലൂ. പള്ളിയുടെ പ്രമാണം | 118 |
| 126 | രാജചട്ടങ്ങൾ | 118 |
| 127 | ഉപവിയുടെ പ്രമാണങ്ങൾ | 119 |
| 128 | ആഗമനകാലം | 119 |
| 129 | നോമ്പ്—ഉപവാസം | 120 |
| 130 | പെസഹാകാലം | 120 |
| 131 | മനസ്സാക്ഷി | 121 |
| 132 | സ്വാതന്ത്ര്യം | 121 |
| 133 | മനുഷ്യശത്രുക്കൾ | 122 |
| 134 | പാപം—ദോഷം | 122 |
| 135 | ഉത്ഭവദോഷം | 122 |
| 136 | കർമ്മദോഷം | 122 |
| 137 | ചാവുദോഷം | 123 |
| 138 | പാപദോഷം | 123 |
| 139 | അവിശ്വാസം—അജ്ഞാനത്വം | 123 |
| 140 | വിഗ്രഹാരാധന | 123 |

| | | |
|---|---|---|
| 141 | മതത്യാഗം | 124 |
| 142 | കാര്യപ്രവൃത്തി | 124 |
| 143 | ശകുനം | 124 |
| 144 | മഷിനോട്ടം | 125 |
| 145 | മായവിദ്യ-മജിയാ | 125 |
| 146 | വശീകരണം | 125 |
| 147 | കപടഭക്തി | 125 |
| 148 | ദൈവദൂഷണം | 125 |
| 149 | ദൈവദോഷം | 126 |
| 150 | ദൈവപരീക്ഷ | 126 |
| 151 | കള്ളസത്യം | 126 |
| 152 | കള്ളസാക്ഷി | 126 |
| 153 | നിഗളം — അഹംഭാവം | 127 |
| 154 | മോഹം | 127 |
| 155 | ചരസം | 127 |
| 156 | കൊലപാതകം | 127 |
| 157 | ആത്മഹത്യ | 127 |
| 158 | ഉതപ്പ് | 128 |
| 159 | മദ്യപാനലഹരി | 128 |
| 160 | ച്രാക്ക് | 128 |
| 161 | നുണ | 128 |
| 162 | കളവ് | 128 |
| 163 | കവച്ച | 129 |
| 164 | അപകീൎത്തി | 129 |
| 165 | ദൂഷണം | 129 |
| 166 | ഏഷണിപറച്ചിൽ | 129 |
| 167 | തണ്ട്യവിധി | 129 |
| 168 | അനീതി | 130 |
| 169 | പാപത്തിനു സഹകരണം | 130 |
| 170 | ആഭാസനാടകങ്ങൾ | 130 |
| 171 | കന്യാത്വത്തിനു വിരോധമായത് | 130 |

| | | |
|---|---|---|
| 172 | ശീശ്മ | 131 |
| 173 | ഇടത്തൂട് | 131 |
| 174 | പള്ളിയുടെ ശിക്ഷകൾ | 131 |
| 175 | പള്ളിമുടക്ക | 132 |
| 176 | മഹറോൻ | 132 |
| 177 | മരണം | 131 |
| 178 | തനതുവിധി | 133 |
| 179 | പൊതുവിധി | 133 |
| 180 | നരകം | 133 |
| 181 | ആകാശമോക്ഷം | 134 |
| 182 | ബെസ്പ്രുക്കാനാ | 134 |
| 183 | പാതാളം | 134 |
| 184 | മരിച്ചവരുടെ ഉയർപ്പ് | 135 |
| 185 | നിരാശ | 135 |
| 186 | പ്രാർത്ഥന (ജപം) | 135 |
| 187 | ധ്യാനം | 136 |
| 188 | ഉച്ചാരണപ്രാർത്ഥന | 136 |
| 189 | അന്ത്യം | 136 |
| 190 | നിയോഗം | 137 |
| 191 | യോഗ്യത | 138 |
| 192 | ആത്മശോധന | 138 |
| 193 | മനസ്താപം | 138 |
| 194 | ഉത്തമമനസ്താപം | 139 |
| 195 | അടിമമനസ്താപം | 139 |
| 196 | പ്രതിജ്ഞ | 139 |
| 197 | കുമ്പസാരം | 140 |
| 198 | മുഴുവൻകുമ്പസാരം | 140 |
| 199 | കൂദാശ | 140 |
| 200 | മാമ്മോദീസാ എന്ന കൂദാശ | 140 |
| 201 | മുമ്പിലത്തെ ഒപ്പ്ശ്മാ ടി | 140 |
| 202 | കുർബാന ടി | 141 |

| | | |
|---|---|---|
| 203 | കുമ്പസാരം ടി | 141 |
| 204 | ഒട്ടുക്കത്തെ ഒപ്രേശ്ശാ ടി | 141 |
| 205 | പട്ടമെന്ന കൂദാശ | 141 |
| 206 | പെണ്ണുകെട്ട് ടി | 141 |
| 207 | പൂജ. ബലി | 142 |
| 208 | കുർബാനയെന്ന പൂജ | 142 |
| 209 | ദോഷപൊറുതി | 142 |
| 210 | മുഴുവൻദോഷപൊറുതി | 143 |
| 211 | അപൂർണ്ണദണ്ഡവിമോചനം | 143 |
| 212 | ജൂബിലിദണ്ഡവിമോചനം | 143 |
| 213 | തോസിയസ് ക്വോസിയസ് | 144 |
| 214 | വിസീത്ത | 145 |
| 215 | ശുദ്ധകുർബാ. ആരാധന | 146 |
| 216 | വിയാസാക്രാ | 147 |
| 217 | ഭക്തസഭകൾ | 147 |
| 218 | സഖ്യതകൾ | 148 |
| 219 | സന്ന്യാസികൾ | 148 |
| 220 | തിരുഹൃദയസഖ്യത | 149 |
| 221 | ജപ അപ്പസ്തോലാത്തുസ്സഖ്യം | 149 |
| 222 | ആരാധനസഖ്യത | 150 |
| 223 | അമലോത്ഭവസഖ്യത | 150 |
| 224 | വ്യാകുലസഖ്യത | 150 |
| 225 | വിശുദ്ധ യൌ: മരണാസഖ്യത | 151 |
| 226 | കൊന്തസഭ | 152 |
| 227 | കർമ്മലഉത്തരീയസഭ | 152 |

228 മൂന്നു "നന്മ" സഖ്യം 153
229 ശുദ്ധ ഫ്രാംസി. മൂന്നാംസഭ 154
230 ഗൃഹസ്ഥ: കര്മ്മ: മൂന്നാംസഭ 154
231 വേദപ്രചാരസംഘം 154
232 നോവേന (നവനാൾ) 156
233 സുകൃതജപങ്ങൾ 157
234 ദീനക്കാർക്കു് അന്ത്യകൂദാശസമയം ചെയ്യേണ്ടതു് 161
235 ദീനക്കാരെ കണ്ടാശ്വസിപ്പിക്ക 163
236 മരണവീട്ടിൽ വര്ത്തിക്കേണ്ടതു് 166
237 പൂർവ്വമര്യാദപ്രകാരമുള്ള അടിയന്തിരങ്ങൾ 168
അനുബന്ധം 1—കത്തോലിക്കമതതത്വങ്ങൾ 172
അനുബന്ധം 2—ക്രൈസ്തവേതരരായ മതവിഭാഗങ്ങൾ 177
ഹിന്ദുമതം 177
ബുദ്ധമതം 178
മഹമ്മദമതം 178
കത്തോലിക്കേതരരായ മതവിഭാഗങ്ങൾ 179
ആരിയൂസ് എടത്തൂട്ട് 179
മക്കദോനിയാ ടി 179
നെസ്തോറീസ് ടി 180
എവുത്തിക്കൂസ് ടി 180
പ്രോട്ടസ്റ്റൻറ് ടി 181
യൌനായ ടി 181
യാക്കോബായ ടി 181
മലങ്കര പുത്തൻകൂർവിഭാഗങ്ങൾ 182

മാർത്തോമ്മാ—നവീകരണം
ഒന്നാമത്തെ മെത്രാൻകക്ഷി 183

ഒന്നാമത്തെ ബാവാക്കക്ഷി 184

രണ്ടാമത്തെ മെത്രാൻകക്ഷി 184

ക്രിസ്ത്യേതരരായ ചില്ലറ മതക്കാർ 184

കത്തോലിക്കരല്ലാത്ത ചില്ലറ ഭിന്നസഭകൾ 185

സ്വാതന്ത്ര്യമതം 185

നിരീശ്വരമതം 187

അനുബന്ധം 3—കത്തോലിക്കസഭയുടെ

അവകാശവാദം 188

പ്രത്യേകം സൂക്ഷിക്കേണ്ടതു് 191

വേദപ്രചാരവേല 193

മുഴുവൻ ധ്യാനമുറ 196

അനുബന്ധം 4—കുടുംബക്രമം 199

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 200 Acc. No. 14086

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M 200
HIL-C

14086

ഹില്ലാര്യോസച്ചൻ
കത്തോലിക്ക മതപഠനം

KOTTAYAM PUBLIC LIBRARY

Call No M 200 Acc. No 14086

Author [illegible]

Title [illegible]